വിക്കേണ്ട ദീർഘകാല കരാർ ഉണ്ടാക്കിയിട്ടില്ല. ദീർഘകാല കരാർ ഉണ്ടാക്കുന്നതുവരെ പാലിക്കേണ്ട 1988-ലെ കരാർ വ്യവസ്ഥകൾ പാലിക്കുന്നില്ല. പുറത്തു നിർത്തിയിരിക്കുന്ന തൊഴിലാളികൾ പ്രവർത്തിച്ചിരുന്ന ഹാൻഡ് വെൻഡിംഗ് പോലുള്ള സെക്ഷനുകളും മേസൻ, കാർപെന്ററി വർക്കുകളുമൊന്നും കമ്പനിക്കകത്ത് നടക്കുന്നില്ല. ഇതൊരുതരം വഞ്ചനയാണ്. അതുകൊണ്ട് ദയവായി ബഹുമാനപ്പെട്ട വകുപ്പുമന്ത്രി വൈഗാ ത്രെഡ്സിൽ ഒരു ഔദ്യോഗിക സന്ദർശനം നടത്തണമെന്നും ഈ പ്രശ്നങ്ങൾക്ക് അടിയന്തിരമായി പരിഹാരം കാണണമെന്നും സബ്മിഷനിലൂടെ ഞാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (<u>ശ്രീമതി സുശീലാ ഗോപാലൻ</u>) : സർ, ഈ പ്രശ്നത്തിൽ ഞാൻ നിരന്തരമായി വൈഗാ ത്രെഡ്സുമായി ബന്ധപ്പെടുന്നുണ്ട്. ആദ്യബാച്ചായിട്ട് 426 തൊഴിലാളികളെ എടുത്ത് പ്രവർത്തനങ്ങൾ ആരംഭിച്ചിരിക്കുകയാണ്. വൈകാതെതന്നെ തൊഴിലാളികളുടെ എണ്ണം വർദ്ധിപ്പിക്കാൻ ആവശ്യമായ നടപടി കൈക്കൊള്ളും എന്നാണ് പറഞ്ഞിരിക്കുന്നത്. മില്ലിന്റെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാൻ കൂടുതൽ വൈദ്യുതി ആവശ്യമായിത്തീർന്നിരിക്കുന്നു. കൂടുതലായി 300 കെ.വി.എ. വൈദ്യുതി അനുവദിക്കണമെന്ന കമ്പനിയുടെ അപേക്ഷ ഇലക്ട്രിസിറ്റി ബോർഡിന്റെ പരിഗണനയിലാണ്. അടുത്തകാലത്ത് ഉണ്ടായ കറണ്ട് ചാർജ്ജ് വർദ്ധന കമ്പനിക്ക് കൂടുതൽ സാമ്പത്തിക ബാധ്യതയ്ക്ക് ഇടയാക്കി-യിട്ടുണ്ട്. പ്രസ്തുത വർദ്ധനവിൽനിന്നും മില്ലിനെ ഒഴിവാക്കാനായി സംസ്ഥാന വൈദ്യുതി മന്ത്രിയോട് കമ്പനി അപേക്ഷിച്ചിരിക്കുന്നുവെന്നാണ് അറിയാൻ കഴിഞ്ഞത്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിക്കു വേണ്ടിയുള്ള അപേക്ഷയും തീരുമാനം ആകാതെ ഇരിക്കുകയാണ്. 1998 നവംബറിൽ മില്ലിന്റെ പ്രവർത്തനം ആരംഭിച്ച വേളയിൽ ചില പ്രശ്നങ്ങളൊക്കെയുണ്ടായിരുന്നു, സത്യാഗ്രഹവുമൊക്കെയുണ്ടായിരുന്നു. ഇപ്പോൾ അതെല്ലാം മാറി, ഒരുവിധം നന്നായിട്ട് പ്രവർത്തനങ്ങൾ നടക്കുകയാണ്. സ്റ്റേജസായിട്ട് ആളുകളെ എടുത്ത് കമ്പനിയുടെ പ്രവർത്തനം പൂർണ്ണതോതിലാക്കണം എന്നാണ് പറഞ്ഞത്. ഒരു കോൺഫറൻസ് തന്നെ വിളിച്ച് ആവശ്യമായതു ചെയ്യാം. അസംബ്ലിയൊക്കെ കഴിഞ്ഞിട്ട് അവിടം സന്ദർശിക്കുന്ന കാര്യവും ആലോചിക്കാം.

IV. റിപ്പോർട്ട് സമർപ്പണം

പിന്നോക്ക സമുദായ ക്ഷേമ സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ട്

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u> : സർ, പിന്നോക്ക സമുദായ ക്ഷേമസമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

V. ധനകാര്യം

<u>1999-2000 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും</u>

ധനാഭ്യർത്ഥന നമ്പർ VI - ഭൂനികുതി, (95,98,96,000)

ധനാഭ്യർത്ഥന നമ്പർ XI - ജില്ലാഭരണവും പലവകയും (61,68,93,000)

ധനാഭ്യർത്ഥന നമ്പർ XXVI - പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് (86,17,33,000)

LIBRARY ARCHIVES Kerala Legislative Assembly

സഭയുടെ വോട്ടിനുവേണ്ടി സമർപ്പിക്കുന്ന ധനാഭ്യർത്ഥനകളുടെ ലിസ്റ്റ്
(1999 ജൂലായ് 6-ാം തീയതിയിലെ കാര്യവിവരപ്പട്ടിക കാണുക)

ധനാഭ്യർത്ഥന നമ്പർ	ധനാഭ്യർത്ഥനയുടെ പേര്	ബഡ്ജറ്റ് എസ്റ്റിമേറ്റ് 1999-2000				
		25.3.1999-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക		സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക		
		റവന്യൂ രൂപ	മൂലധനം രൂപ	റവന്യൂ രൂപ	മൂലധനം രൂപ	ആകെ രൂപ
(1)	(2)	(3)	(4)	(5)	(6)	(7)
VI	ഭൂനികുതി	47,99,48,000	...	95,98,96,000	...	95,98,96,000
XI	ജില്ലാഭരണവും പലവകയും	30,84,46,000	...	61,68,93,000	...	61,68,93,000
XXVI	പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന്	43,08,67,000	...	86,17,33,000	...	86,17,33,000

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടേയും ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടേയും പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടേയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കു നേരെ 7-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 1999-2000 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

ഡോ.എം.എ. കുട്ടപ്പൻ : സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 95,98,96,000 തുക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(സംസ്ഥാനത്തെ എല്ലാ കുടുംബങ്ങൾക്കും ഉടനടി റവന്യൂ കാർഡ് നൽകണമെന്ന് ആവശ്യപ്പെടുന്നതിന്)

ശ്രീമതി ശോഭനാ ജോർജ്ജ് : സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 95,98,96,000ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുറക്കുന്ന സമയത്തും എൻട്രൻസ് പരീക്ഷയുടെ അപേക്ഷ സമർപ്പിക്കേണ്ട സമയത്തും വരുമാന സർട്ടിഫിക്കറ്റും ലൊക്കേഷൻ സർട്ടിഫിക്കറ്റും ലഭിക്കുന്നതിനായി രക്ഷകർത്താക്കൾ വില്ലേജാ

LIBRARY ARCHIVES Kerala Legislative Assembly

ഫീസിലും താലൂക്കാഫീസിലും ചെല്ലുമ്പോൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ ഇല്ലെന്നു പറഞ്ഞ് അപേക്ഷകരെ ബുദ്ധിമുട്ടിക്കുന്നതായി പറയപ്പെടുന്ന സംഭവങ്ങൾ ഒഴിവാക്കണമെന്നും അപേക്ഷകർ വില്ലേജ് ഓഫീസറേയോ തഹസീൽദാരേയോ സമീപിക്കുന്ന അന്നുതന്നെ അവർക്കാവശ്യമായ സർട്ടിഫിക്കറ്റ് നൽകുന്ന നയം സ്വീകരിക്കണമെന്നും ആവശ്യപ്പെടുന്നതിന്)

<u>ശ്രീ. എം. മുരളി</u> : സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 95,98,96,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊളിഞ്ഞും മറ്റു വിധത്തിലും നാശമായിട്ടുള്ള റവന്യൂ രജിസ്റ്ററുകൾ അടിയന്തിരമായി പുതുക്കി എഴുതുന്നതിനുള്ള നയം സ്വീകരിക്കണമെന്നാവശ്യപ്പെടുന്നതിന്)

<u>ശ്രീ. കെ.പി. വിശ്വനാഥൻ</u> : സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 95,98,96,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(ഭൂവുടമകൾക്കും കർഷകർക്കും വഹിക്കുവാൻ പാടില്ലാത്ത വിധം ക്രമാതീതമായി വർദ്ധിപ്പിച്ചതായി പറയപ്പെടുന്ന ഭൂനികുതി കുറയ്ക്കുന്ന നയം സ്വീകരിക്കണമെന്നാവശ്യപ്പെടുന്നതിന്)

<u>ശ്രീ. കെ. മുഹമ്മദാലി</u> : ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 95,98,96,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്. (To demand that the policy of reducing unbearable land tax be adopted.)

ശ്രീ. മാമ്മൻ മത്തായി. ശ്രീ. കെ.എം. മാണി, ശ്രീ. ജോണി നെല്ലൂർ, ശ്രീ. കെ. ബാബു, ശ്രീ.കെ.എ. ചന്ദ്രൻ, ശ്രീ. കെ.സി. വേണുഗോപാൽ, ശ്രീ. ഡൊമിനിക് പ്രസന്റേഷൻ, ശ്രീ. ജി. കാർത്തികേയൻ, ശ്രീ. വി. ബാലറാം, ശ്രീ. പി.ജെ. ജോയി, ശ്രീ. ആര്യാടൻ മുഹമ്മദ്, ശ്രീ. കെ.കെ. നായർ, ശ്രീമതി രാധാ രാഘവൻ, ശ്രീ, ജോർജ്ജ് ജെ. മാത്യൂ, ശ്രീ. വി.ജെ. പൗലോസ്, ശ്രീ. എഴുകോൺ നാരായണൻ, പ്രൊഫ. സാവിത്രി ലക്ഷ്മണൻ, ശ്രീമതി റോസമ്മ ചാക്കോ, ശ്രീ. കെ. പി.എ. മജീദ്, ശ്രീ. സി. മൊയീൻകുട്ടി, ശ്രീ. പി.കെ.കെ. ബാവ, ശ്രീ. ഇസ്ഹാക് കുരിക്കൾ, ശ്രീ. സി.ടി. അഹമ്മദ് അലി, ശ്രീ. ചെർക്കളം അബ്ദുള്ള എന്നീ അംഗങ്ങൾ താഴെപ്പറയുംപ്രകാരം പ്രത്യേകം പ്രത്യേകം ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

ഭൂനികുതി എന്ന VI –ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 95,98,96,000 ക. യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

<u>നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ</u>

<u>ശ്രീമതി. ശോഭനാ ജോർജ്</u> : സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 61,68,93,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(എല്ലാ താലൂക്കുകളിലും ഘട്ടംഘട്ടമായുള്ള പരിപാടിയുടെ അടിസ്ഥാനത്തിൽ റവന്യൂ ടവർ നിർമ്മിക്കുന്നതിനുള്ള നയം സ്വീകരിക്കണമെന്നാവശ്യപ്പെടുന്നതിന്)

സൂചക വെട്ടിക്കുറയ്ക്കൽ

ശ്രീ. ചെർക്കളം അബ്ദുള്ള, ശ്രീ. സി.ടി. അഹമ്മദ് അലി, ശ്രീ. സി. മൊയീൻകുട്ടി, ശ്രീ. പി.കെ.കെ. ബാവ, ശ്രീ. ഇസ്ഹാക് കുരിക്കൾ, ശ്രീ. കെ. പി.എ. മജീദ്, പ്രൊഫ. സാവിത്രി ലക്ഷ്മണൻ. ശ്രീമതി റോസമ്മ ചാക്കോ, ശ്രീ. കെ. ബാബു, ശ്രീ. എഴുകോൺ നാരായണൻ, ശ്രീ. കെ.എ. ചന്ദ്രൻ, ശ്രീ. ജി. കാർത്തികേയൻ, ശ്രീ. വി. ബാലറാം, ഡോ. എം.എ. കുട്ടപ്പൻ, ശ്രീ. കെ.പി. വിശ്വനാഥൻ, ശ്രീ. ആര്യാടൻ മുഹമ്മദ്, ശ്രീ. വി.ജെ. പൗലോസ്, ശ്രീ. ഡൊമിനിക് പ്രസന്റേഷൻ, ശ്രീമതി രാധാ രാഘവൻ, ശ്രീ. ജോർജ്ജ് ജെ. മാത്യൂ, ശ്രീ. കെ.സി. വേണുഗോപാൽ, ശ്രീ. ജോണി നെല്ലൂർ എന്നീ അംഗങ്ങൾ താഴെപറയുംപ്രകാരം പ്രത്യേകം പ്രത്യേകം ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 61,68,93,000 ക. യിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ഡോ. എം.എ. കുട്ടപ്പൻ : പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 86,17,33,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്.

(പ്രകൃതിക്ഷോഭംമൂലം വീടു നശിക്കുന്നവർക്ക് പകരം വീടു വച്ചുകൊടുക്കുന്ന നയം സ്വീകരിക്കണമെന്നാവശ്യപ്പെടുന്നതിന്)

സൂചക വെട്ടിക്കുറയ്ക്കൽ

ശ്രീ. കെ.എ. ചന്ദ്രൻ, ശ്രീ. ആര്യാടൻ മുഹമ്മദ്, ശ്രീ. കെ.കെ. നായർ, ശ്രീ. ജി. കാർത്തികേയൻ, ശ്രീ. ഡൊമിനിക് പ്രസന്റേഷൻ, ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ, ശ്രീ. കെ.സി. വേണുഗോപാൽ, ശ്രീ. കെ. ബാബു, ശ്രീമതി റോസമ്മ ചാക്കോ, ശ്രീ. പി.ജെ. ഫ്രാൻസിസ്, പ്രൊഫ. സാവിത്രി ലക്ഷ്മണൻ, ശ്രീ. എഴുകോൺ നാരായണൻ, ശ്രീ. ജോർജ്ജ് ജെ. മാത്യൂ, ശ്രീമതി രാധാ രാഘവൻ, ശ്രീ. വി.ജെ. പൗലോസ്, ശ്രീമതി ശോഭനാ ജോർജ്ജ്, ശ്രീ. കെ.പി. വിശ്വനാഥൻ, ശ്രീ. കെ.പി.എ. മജീദ്, ശ്രീ. സി. മൊയീൻ കുട്ടി, ശ്രീ. പി.കെ.കെ. ബാവ, ശ്രീ. സി.ടി. അഹമ്മദ് അലി, ശ്രീ. ഇസ്ഹാക് കുരിക്കൾ, ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി, ശ്രീ. ചെർക്കളം അബ്ദുള്ള എന്നീ അംഗങ്ങൾ താഴെപറയുംപ്രകാരം പ്രത്യേകം പ്രത്യേകം ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 86,17,33,000 ക. യിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. വി. ജെ. പൗലോസ് : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തിയായി എതിർക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് ഏറ്റവും പ്രധാനപ്പെട്ട ഒരു വകുപ്പിലേയ്ക്കുള്ള ധനാഭ്യർത്ഥനയുടെ ചർച്ചയാണ് ഇന്നിവിടെ നടക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഈ വകുപ്പിന് കഴിഞ്ഞ കാലങ്ങളിൽ വളരെയേറെ സ്ഥാനവും അതോടൊപ്പം മാനവുമുണ്ടായിരുന്നു. ഇന്ന് സ്ഥാനം മാത്രമേയുള്ളൂ. മന്ത്രിസഭയിലെ രണ്ടാമത്തെ അംഗം എന്നുള്ള രീതിയിൽ ആ സ്ഥാനം ഇന്ന് നിലനിൽക്കുന്നുണ്ടെങ്കിലും ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ വന്നതിനുശേഷമുള്ള അതിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുമ്പോൾ ഈ വകുപ്പിനുണ്ടായിരുന്ന മുഴുവൻ മാനവും കളഞ്ഞുകുളിച്ചിരിക്കുകയാണ് എന്നു കാണുന്നു. നമ്മുടെ സംസ്ഥാനത്ത് മറ്റ് പല വകുപ്പുകളിൽ നിന്നും വ്യത്യസ്തമായി പല പ്പോഴും യുദ്ധകാലാടിസ്ഥാനത്തിൽ പ്രവർത്തിക്കേണ്ട സന്ദർഭങ്ങളുണ്ടാകുന്ന ഒരു വകുപ്പാണ് റവന്യൂ വകുപ്പ്. കാലവർഷവും ഉരുൾപൊട്ടലും കൊടുങ്കാറ്റും വരൾച്ചയും കേരളത്തിൽ എല്ലാവർഷവും ആവർത്തിക്കുന്ന പ്രകൃതിക്ഷോഭങ്ങളാണ്. ഇത്തരം സന്ദർഭങ്ങളിലെ സർക്കാരിന്റെ പ്രവർത്തനങ്ങളാണ് ഈ വകുപ്പിന്റെ കർമ്മശേഷി വിലയിരുത്താനുള്ള ഏറ്റവും വലിയ ഒരു അവസരമായി വന്നുചേരുന്നത്. പക്ഷേ നിർഭാഗ്യവശാൽ ഈ രംഗത്ത് ഈ സർക്കാർ ദയനീയമായി പരാജയപ്പെട്ടതുമൂലം ജനങ്ങൾക്ക് ദുരിതങ്ങളും പ്രയാസങ്ങളും അനുഭവിക്കേണ്ടിവന്ന സന്ദർഭങ്ങൾ നിരവധിയാണ്. ഞാൻ കൂടുതൽ ഉദാഹരണങ്ങൾ പറയുന്നില്ല. ഇപ്പോൾ വെള്ളപ്പൊക്കവും പ്രകൃതിക്ഷോഭവും ആരംഭിച്ചുകഴിഞ്ഞു. രണ്ടാമതൊരു പ്രകൃതിക്ഷോഭം ഇപ്പോൾ എല്ലാവരും പ്രതീക്ഷിക്കുകയാണ്. കാരണം മുൻവർഷങ്ങളിലെ കണക്കുകൾ പരിശോധിക്കുമ്പോൾ ജൂലൈ മാസത്തിൽ ശക്തമായ പ്രകൃതിക്ഷോഭമുണ്ടാകും എന്ന് കാണാം. അങ്ങനെ പ്രകൃതി ക്ഷോഭങ്ങളുടെ വക്കത്തു നിൽക്കുന്ന നമ്മുടെ സംസ്ഥാനത്ത് കഴിഞ്ഞ വർഷം രൂക്ഷമായ വെള്ളപ്പൊക്കക്കെടുതി ഉണ്ടായിട്ടും കേന്ദ്ര സർക്കാരിൽനിന്ന് സാമ്പത്തിക സഹായം ചോദിച്ചു വാങ്ങുന്നതിൽ ഈ സർക്കാർ വരുത്തിയ ഗുരുതരമായ വീഴ്ചയെ സംബന്ധിച്ചുള്ള വിമർശനങ്ങളുടെ ഒരു പ്രളയംതന്നെ ഇവിടെ ഉണ്ടായി. സഭയിൽ മാത്രമല്ല പുറത്തും, പത്രങ്ങളും അതിനെക്കുറിച്ച് ഗൗരവമായി എഴുതി. കേരളത്തിൽ വെള്ളപ്പൊക്കക്കെടുതികൾ ഉണ്ടായ അവസരത്തിൽ നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പാർട്ടി സമ്മേളനത്തിൽ പങ്കെടുക്കാൻ ഏതാനും ദിവസം കൽക്കത്തയിൽ ചെലവഴിച്ചതിനുശേഷം ഡൽഹിയിൽ രണ്ടു ദിവസം തങ്ങിയിരുന്നു. ആ സന്ദർഭത്തിലാണ് കേരളത്തിൽ രൂക്ഷമായ വെള്ളപ്പൊക്കക്കെടുതി ഉണ്ടായത്. മുഖ്യമന്ത്രി ഡൽഹിയിലുണ്ടായിരുന്ന സന്ദർഭത്തിൽ ആയിരുന്നിട്ടുപോലും കേരളത്തിലെ വെള്ളപ്പൊക്കക്കെടുതികളെ സംബന്ധിച്ച് പ്രധാനമന്ത്രിയേയും കേന്ദ്ര ഗവൺമെന്റിനേയും ബോധ്യപ്പെടുത്തുകയോ സഹായധനം ചോദിച്ചു വാങ്ങുകയോ ചെയ്യുന്ന കാര്യത്തിൽ ഗുരുതരമായ വീഴ്ചയാണ് വരുത്തിയിരിക്കുന്നത്. പ്രധാനമന്ത്രിയെ കാണാൻ കൂട്ടാക്കാതിരുന്നതിലൂടെ കേരളത്തിലെ ജനങ്ങളെ വഞ്ചിച്ച മുഖ്യമന്ത്രി, പ്രധാനമന്ത്രിയെ കണ്ടുവെന്ന് നുണപറയുകകൂടി ചെയ്തു. കേരള മുഖ്യമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും ഒന്നും വെള്ളപ്പൊക്കക്കെടുതികളെ സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിനെ അറിയിക്കാതിരുന്ന സന്ദർഭത്തിൽ കേരളത്തിലെ ജനങ്ങളോടുള്ള ഉത്തരവാദിത്വം നിർവഹിക്കുന്നതിന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പ്രധാനമന്ത്രിയെ കണ്ട് സംസാരിച്ചതിലൂടെ 50 കോടിരൂപ അനുവദിക്കാമെന്ന് ഉറപ്പുകൊടുക്കുകയും മുഖ്യമന്ത്രിയോ മറ്റാരുമോ ഈ കാര്യം പ്രധാനമന്ത്രിയെ അറിയിക്കാൻ സമീപിച്ചിട്ടില്ല എന്നുള്ള സത്യം അദ്ദേഹം വെളിപ്പെടുത്തുകയും ചെയ്തു. മുഖ്യമന്ത്രി കണ്ടില്ലായെന്നുള്ളതോ, പ്രതിപക്ഷനേതാവ് കണ്ടുവെന്നുള്ളതോ അല്ല പ്രശ്നം. മുഖ്യമന്ത്രി ഡൽഹിയിൽ ഉണ്ടായിരുന്നിട്ടും കേരളത്തിലെ രൂക്ഷമായ കാലവർഷക്കെടുതികളെ സംബന്ധിച്ച് പ്രധാനമന്ത്രിയെ ധരിപ്പിക്കാൻ, അദ്ദേ

LIBRARY ARCHIVES Kerala Legislative Assembly

ഹത്തെ കാണാൻ കൂട്ടാക്കാതിരുന്നതിലൂടെ അദ്ദേഹം പ്രകടിപ്പിച്ച ഉത്തരവാദിത്വമില്ലായ്മയാണ് ഇവിടെ അപലപനീയമായിട്ടുള്ളത്. ഈ ദിവസങ്ങളിൽ ആന്ധ്രായിലും കർണ്ണാടകത്തിലും വെള്ളപ്പൊക്കമുണ്ടായി. ഡൽഹിയിലുണ്ടായിരുന്ന മുഖ്യമന്ത്രി പ്രധാനമന്ത്രിയെ കാണാതിരുന്നപ്പോൾ ആന്ധ്രായിൽ നിന്നും പറന്നെത്തിയ അവിടത്തെ മുഖ്യമന്ത്രി ചന്ദ്രബാബു നായിഡുവും കർണാടക മുഖ്യമന്ത്രിയും അവരുടെ സംസ്ഥാനങ്ങളിലുണ്ടായ വെള്ളപ്പൊക്കക്കെടുതിയെ സംബന്ധിച്ച് കേന്ദ്രഗവൺമെന്റിനെ ബോധ്യപ്പെടുത്തി യഥാക്രമം 200 കോടി രൂപ, 50 കോടി രൂപ എന്നിങ്ങനെ വാങ്ങിയ വാർത്ത പത്രത്തിൽ വായിച്ചത് നമ്മളെയൊക്കെ നിരാശപ്പെടുത്തുന്നു. ഈ രീതിയിൽ യുദ്ധകാലാടിസ്ഥാനത്തിൽ പ്രവർത്തിക്കേണ്ടിവരുന്ന സന്ദർഭങ്ങളിൽ നമ്മുടെ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്ന ഗുരുതരമായ വീഴ്ച, മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നുമുണ്ടാകുന്ന ഗുരുതരമായ വീഴ്ച, റവന്യൂ വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടാകുന്ന ഗുരുതരമായ വീഴ്ച, ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്ന വീഴ്ച അതൊക്കെ ഈ സംസ്ഥാനത്തിന്റെ ഉത്തമമായ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്ന കാര്യത്തിൽ പല ബുദ്ധിമുട്ടുകളും ഉണ്ടാക്കുമെന്നുള്ള കാര്യം ഈ വൈകിയ സന്ദർഭത്തിലെങ്കിലും ഓർമ്മിക്കുന്നത് നന്നായിരിക്കും. റവന്യൂ വകുപ്പുമന്ത്രി കേൾക്കുന്നതിനാണ് ഞാൻ സംസാരിക്കുന്നത്. പറഞ്ഞിട്ട് കാര്യമില്ലെങ്കിലും അങ്ങ് കേൾക്കുന്നുവെന്ന് നടിക്കുന്നത് നന്നായിരിക്കും.

[*(അദ്ധ്യക്ഷവേദിയിൽ ശ്രീ. സി.പി. ബാലൻ വൈദ്യർ)*] ശ്രീ. പി.സി. ജോർജ്, ദയവായി അങ്ങ് അങ്ങയുടെ സീറ്റിൽ പോകണം. ആ സ്ഥിതിവിശേഷം മേലിൽ ആവർത്തിക്കാതിരിക്കുവാനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കണം. പ്രളയം ഉണ്ടാകുമ്പോഴും കെടുതികൾ ഉണ്ടാകുമ്പോഴും ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ഏർപ്പെടുക എന്നത് മാത്രമല്ല, വർഷംതോറും ഉണ്ടാകുന്ന പ്രളയവും കെടുതികളും പരിഹരിക്കുവാനായിട്ടുള്ള നടപടികളെ കുറിച്ച് ഗവൺമെന്റ് വളരെ ഗൗരവമായി ആലോചിക്കേണ്ടതുണ്ട്. വർഷംതോറും പ്രളയക്കെടുതിയിൽ ജീവഹാനി സംഭവിക്കുന്നു. അതേത്തുടർന്ന് പല പതിവ് പ്രഖ്യാപനങ്ങളും ദുരിതാശ്വാസ പ്രവർത്തനങ്ങളും നമ്മുടെ നാട്ടിൽ ഉണ്ടാകുന്നു. കാലവർഷം അടിസ്ഥാനപരമായി പറഞ്ഞാൽ കേരളത്തിൽ അനുഗ്രഹം തന്നെയാണ്. പ്രകൃതിക്ഷോഭങ്ങൾ സ്വാഭാവികമാണ്. പ്രളയം നിയന്ത്രിക്കുവാൻ ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതികളും പ്രവർത്തനങ്ങളുമാണ് നമ്മുടെ സംസ്ഥാനത്തിന് ഏറെ ആവശ്യമായിട്ടുള്ളത്. കേരളത്തിൽ പ്രകൃതിദുരന്തമായും പ്രളയക്കെടുതിയായും ചിത്രീകരിക്കപ്പെടുന്ന നാശനഷ്ടങ്ങളും ജീവഹാനിയും ഒരു നല്ല പരിധിവരെ ഭാവനാത്മകമായ ആസൂത്രണത്തിന്റെ അഭാവം മൂലം ഉണ്ടാകുന്നതാണ്. നാല് ദിവസം മഴപെയ്താൽ, കേരളത്തിലെ നദികളിൽ വെള്ളംപൊങ്ങിയാൽ, പ്രളയം സംഭവിക്കുന്നതിന്റെ കാരണങ്ങൾ അന്വേഷിക്കുവാൻ വിദഗ്ദ്ധരെ തേടേണ്ട ആവശ്യം നമ്മളെ സംബന്ധിച്ച് ഇല്ല. കാരണം നദികളുടെ ഉൽഭവസ്ഥാനത്ത് കാടുവെട്ടിത്തെളിച്ചും കൈയ്യേറ്റക്കുള്ളവൻ നദികൾ കൈയേറിയും തോടുകൾ നികത്തി വീടുകൾ നിർമ്മിച്ചും വെള്ളം വാർന്നൊലിച്ച് ഒഴുകിപ്പോകുന്ന ചാലുകൾ അപ്രത്യക്ഷമാക്കിയും വെള്ളപ്പൊക്കവും തന്മൂലം കെടുതികളും ഉണ്ടാകുന്ന സ്ഥിതിവിശേഷം നമ്മുടെ സംസ്ഥാനത്ത് സാർവത്രികമാണ്. ഇതിനെല്ലാം ഒരു പ്രതിവിധി ഉണ്ടാക്കേണ്ടത് അത്യാവശ്യമാണ്. ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കപ്പുറം ഭാവിയിൽ ഈ കെടുതികൾ ഉണ്ടാകാതിരിക്കുവാനുള്ള മുൻകരുതലുകൾ എടുക്കേണ്ടതുണ്ട്. നദികളും തോടുകളും ചാലു

LIBRARY ARCHIVES Kerala Legislative Assembly

കളും കുളങ്ങളും കിണറുകളും സംരക്ഷിക്കുന്നതിനായി ഒരു അതോറിറ്റി രൂപീകരിച്ച് അതിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് പ്രളയം നേരിടാൻ പദ്ധതി ഉണ്ടാക്കേണ്ടത് ഈ കാലഘട്ടത്തിന് ആവശ്യമാണെന്ന കാര്യം ഞാൻ ഈ സന്ദർഭത്തിൽ ഓർമ്മിപ്പിക്കുന്നു. റവന്യൂ ഡിപ്പാർട്ടുമെന്റ് വലിയൊരു മാറ്റം എന്ന രീതിയിൽ കൊണ്ടുവന്ന റവന്യൂബോർഡ് നിർത്തലാക്കൽ ഉൾപ്പെടെയുള്ള നടപടികൾ ഇന്ന് സംസ്ഥാനത്ത് വെള്ളാനയായി മാറിയിരിക്കുകയാണ്. റവന്യൂ ബോർഡ് നിറുത്തലാക്കി കുറെ തസ്തികകൾ ഇല്ലാതായി, അതോടൊപ്പം മറ്റൊരു തട്ടിലുള്ള ഫർക്ക ഇൻസ്പെക്ടർമാരുടെ ഓഫീസുകൾ നിർത്തലാക്കി. പക്ഷെ റവന്യൂ ബോർഡ് പുനർക്രമീകരണം നടപ്പിലാക്കിയപ്പോൾ യഥാർത്ഥത്തിൽ കേരളത്തിൽ സംഭവിച്ചത്, സർക്കാരിന്റെ കണക്ക് പ്രകാരം 1851 തസ്തിക നിർത്തലാക്കി 1812 തസ്തികകൾ പുനർക്രമീകരിക്കുകയാണ് ഉണ്ടായത്. എന്നുപറഞ്ഞാൽ 39 തസ്തികളുടെ കുറവ് റവന്യൂ പുനർക്രമീകരണംകൊണ്ട് ഉണ്ടായിട്ടുണ്ട്. പല വകുപ്പുകളിലെയും ഗ്രേഡുകൾ വർദ്ധിപ്പിച്ചതിന്റെ ഫലമായി ഭരണച്ചെലവ് വർദ്ധിച്ചു. ഉദാഹരണത്തിന് ഫർക്ക ഇൻസ്പെക്ടർ ഓഫീസ് നിറുത്തലാക്കിയ കൂട്ടത്തിൽ വില്ലേജ് ഓഫീസർമാരെ ഹെഡ് ക്ലാർക്കുമാരുടെ തസ്തികയിലേയ്ക്ക് മാറ്റിയതുമൂലം അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. താലൂക്ക് ഓഫീസുകളിൽ നേരത്തെ ഉണ്ടായിരുന്ന ഒരു തഹസീൽദാർക്കു പകരം രണ്ട് തഹസീൽദാറാക്കി. തഹസീൽദാർ തസ്തികകൾ വർദ്ധിച്ചിരിക്കുന്നു. അങ്ങനെ ഫലത്തിൽ ഭരണച്ചെലവ് ചുരുക്കാനും അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായും കൊണ്ടുവന്ന റവന്യൂ വകുപ്പിന്റെ പുനർക്രമീകരണം ഫലത്തിൽ ഭരണച്ചെലവ് വർദ്ധിപ്പിച്ചു എന്നല്ലാതെ മറ്റൊരു ഫലവും ഉണ്ടായിട്ടില്ല. എന്നുള്ളത് പരിശോധിച്ചാൽ മനസ്സിലാകും. ആ രീതിയിലാണ് ഇത് ക്രമീകരിച്ചിട്ടുള്ളത്.

നമ്മുടെ സംസ്ഥാനത്ത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ച താലൂക്ക് സഭകളുടെ പ്രവർത്തനം ഇന്ന് പേരിന് മാത്രം നടക്കുകയാണ്. അതിൽ പങ്കെടുക്കേണ്ട ഉദ്യോഗസ്ഥന്മാർ പങ്കെടുക്കുന്ന കാര്യത്തിൽ വീഴ്ച വരുത്തുന്നതുമൂലം, താലൂക്ക് സഭയിൽ പ്രശ്നങ്ങൾ ഗൗരവമായി ചർച്ച ചെയ്യണം എന്നുള്ള കാര്യത്തെ സംബന്ധിച്ച് ഗവൺമെന്റിന്റെ സമീപനത്തിൽ മാറ്റം ഉണ്ടായതുമൂലം, ഇന്നു അത് പേരിന് നടക്കുന്നു എന്നല്ലാതെ ഉദ്ദേശിച്ച ഒരു പ്രയോജനവും അതുകൊണ്ട് ഇല്ല. അതിന് മാറ്റം ഉണ്ടാക്കുവാൻ ഗവൺമെന്റ് മുൻകൈയെടുക്കണം. അതിൽ പങ്കെടുക്കേണ്ട ഉദ്യോഗസ്ഥന്മാർ ഏത് ഡിപ്പാർട്ടുമെന്റിലുള്ളവർ ആയാലും-പോലീസ് ഡിപ്പാർട്ടുമെന്റായാലും, വൈദ്യുതി ഡിപ്പാർട്ടുമെന്റായാലും എക്സൈസ് ഡിപ്പാർട്ടുമെന്റായാലും മറ്റേത് ഡിപ്പാർട്ടുമെന്റായാലും അവർ നിർബന്ധമായി താലൂക്ക് സഭകളിൽ പങ്കെടുക്കുകയും അവിടെ വരുന്ന പരാതികൾ ഗൗരവപൂർവ്വം ചർച്ചചെയ്യുകയും ആ പരാതികൾക്ക് അവിടെവച്ചുതന്നെ പരിഹാരം ഉണ്ടാക്കുവാൻ കഴിയുന്നതായ ഒരു അവസ്ഥാവിശേഷം ഉണ്ടാക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. താലൂക്കുകളും മറ്റ് സബ് ഡിവിഷനുകളുമൊക്കെ പുനർ സംഘടിപ്പിക്കുന്നത് സംബന്ധിച്ച് പല പ്രാവശ്യം ഗവൺമെന്റിന്റെ നയം വ്യക്തമാക്കിയിട്ടുണ്ട്. താലൂക്കുകൾ പുന:സംഘടിപ്പിക്കുമെന്ന് പറഞ്ഞു. അത് അനിവാര്യമാണ്, അത് ആവശ്യമാണ് എന്ന് നിങ്ങൾ പറയും. ഉദാഹരണത്തിന് എന്റെ നിയോജകമണ്ഡലത്തിലെ പല്ലാഴിമംഗലം പഞ്ചായത്ത് പൂത്താണിക്കാട്, വാഴപ്പെട്ട, കവളങ്ങാട്, മുട്ടമംഗലം എന്നീ വില്ലേജുകളിലായി കിടക്കുന്ന ഒരു പഞ്ചായത്താണ്. ആ പഞ്ചായത്ത് പ്രദേശത്തിനാകെ ഒരു വില്ലേജ് ഓഫീസുണ്ട്. വിവിധ വില്ലേജുക

LIBRARY ARCHIVES Kerala Legislative Assembly

ളുടെ കീഴിൽ പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന പ്രദേശങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട് താലൂക്കുകൾ പുന:സംഘടിപ്പിക്കുന്നതൊടൊപ്പം തന്നെ നമ്മുടെ വില്ലേജുകളും പുനർ ക്രമീകരിക്കണം. ഒരു പഞ്ചായത്തിന് ഒരു വില്ലേജ് എന്നുള്ള ആശയം നടപ്പാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം. പട്ടയം കൊടുക്കുന്ന കാര്യത്തെസംബന്ധിച്ചു പറയുകയാണെങ്കിൽ നിരവധി ആളുകൾ സർക്കാരിന്റെ പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നുണ്ട്, പുഴയോരത്ത് താമസിക്കുന്നുണ്ട്, റവന്യൂ പുറമ്പോക്കിൽ താമസിക്കുന്നുണ്ട്. അങ്ങനെ താമസിക്കുന്ന ആളുകൾക്ക് പട്ടയം കൊടുക്കുന്ന കാര്യത്തിൽ വളരെ ഉദാരമായ സമീപനം സർക്കാർ സ്വീകരിക്കുമെന്ന് പലവട്ടം പ്രഖ്യാപിച്ചു. പട്ടയം കൊടുക്കുന്ന കാര്യം ഒച്ചിഴയുന്ന വേഗതയിലാണ് മുന്നോട്ടുപോകുന്നത്. പല സാങ്കേതിക കാരണങ്ങളും പറഞ്ഞ് പട്ടയം കൊടുക്കുന്നതിനെ തടസ്സപ്പെടുത്തുന്നു. ഉദാഹരണത്തിന്, നിരവധി വർഷങ്ങളായി ഒരു വ്യക്തി താമസിക്കുന്ന സ്ഥലം പാറയായതുകൊണ്ട് അവരെ മാറ്റാൻ കഴിയുന്നില്ല, പാറയുടെ ആവശ്യം സർക്കാരിന് ഇല്ല, അവർക്ക് പോകുവാൻ മറ്റിടമില്ല, പാറയാണ്, എന്നുള്ള കാരണം ഉദ്യോഗസ്ഥന്മാർ ചൂണ്ടിക്കാണിച്ച് ഒരു സെന്റിലും രണ്ട് സെന്റിലും ഒന്നര സെന്റിലും താമസിക്കുന്നവർക്ക് മറ്റ് ഒരിടത്തും താമസിക്കുവാൻ ഇടമില്ലാത്തവർക്ക്പോലും പട്ടയം കൊടുക്കാത്ത സ്ഥിതി, ഈ സംസ്ഥാനത്ത് വ്യാപകമായിട്ടുണ്ട്. സാധ്യമായ മുഴുവൻ ആളുകൾക്കും ഈ സാങ്കേതികമായ കാര്യങ്ങൾ മാറ്റിവച്ചുകൊണ്ട് പട്ടയം കൊടുക്കുവാൻ ആവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കണം. അതുപോലെതന്നെ മലയോര കർഷകരുടെ ആവശ്യം.ഒരു കാലഘട്ടത്തിൽ മലയോര പ്രദേശങ്ങളിലേയ്ക്ക് കൃഷിക്കാരെ കടത്തിവിടാൻ സർക്കാർ മുൻകൈയെടുത്തിരുന്നു. അവരിൽ പലർക്കും പട്ടയം കിട്ടിയിട്ടില്ല. വീണ്ടും അനുമതി കൊടുക്കും, നിങ്ങൾ മലയോരമേഖലയിൽ പ്രവേശിച്ചുകൊള്ളൂ എന്നുപറഞ്ഞതുകേട്ട് അതിൽ ആകൃഷ്ടരായി പ്രവേശിച്ചിട്ടുള്ള ആളുകളെ സംബന്ധിച്ചിടത്തോളം അവരുടെ പ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം. നിരവധി വർഷങ്ങളായി കേരളത്തിൽ ചർച്ചചെയ്യപ്പെട്ട ഒരു വിഷയമാണ് ഇത്. പരമാവധി കൊടുക്കാവുന്ന ഏരിയയ്ക്ക് ഒരു പരിധി നിശ്ചയിച്ചുകൊണ്ട് പട്ടയം നൽകണം. 1977-ന് മുൻപ് മലയോരമേഖലയിൽ പ്രവേശിച്ച മുഴുവൻ കൈവശകൃഷിക്കാർക്കും പട്ടയം കൊടുക്കുന്ന നടപടിയെ സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ കഴിഞ്ഞ ഗവൺമെന്റുകൾ വളരെ ശക്തമായ സമ്മർദ്ദം ചെലുത്തിയതിന്റെ ഫലമായി കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. ചില ഉപാധികളുടെ അടിസ്ഥാനത്തിൽ അനുമതി ലഭിച്ച, മലയോരത്ത് താമസിക്കുന്ന, മണ്ണിലും മഴയിലും പ്രകൃതിയോട് പടവെട്ടുന്ന ഈ അദ്ധ്വാനികൾക്ക് കൈവശ ഭൂമിക്ക് പട്ടയം കൊടുത്തുകൊണ്ട് അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്ന കാര്യത്തിൽ ഗവൺമെന്റ് നടപടി സ്വീകരിക്കണം. വീഴ്ചവരുത്തിയെന്ന് ഞാൻ പറയുന്നില്ല. പക്ഷേ ഈ ഗവൺമെൻറ് അധികാരത്തിൽ വന്നിട്ട് മൂന്നുവർഷമായി, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ് ഉപാധികൾവച്ചത്, ആ ഉപാധികൾ ഉണ്ടായിട്ട് ഇപ്പോൾ 5 വർഷം കഴിഞ്ഞിരിക്കുന്നു. കേന്ദ്ര സർക്കാർ പറഞ്ഞ ഉപാധികൾ പാലിച്ചുകൊണ്ട് മലയോര മേഖലയിലെ കൃഷിക്കാർക്ക് പട്ടയം കൊടുക്കുന്ന കാര്യത്തിൽ ഇനിയും വീഴ്ചവരുത്തുന്നതിനെതിരെ ശക്തമായ നടപടികളുമായി മുന്നോട്ടു പോകണമെന്ന് ഒരിക്കൽക്കൂടി അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി എതിർക്കുന്നു

<u>ശ്രീ. പി.കെ. കുമാരൻ</u> : സർ, ഭൂനികുതി, ജില്ലാഭരണവും പലവകയും, പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസം എന്നിവയ്ക്കുവേണ്ടി ബഹുമാ

LIBRARY ARCHIVES Kerala Legislative Assembly

ന്യനായ മന്ത്രി ഇവിടെ അവതരിപ്പിച്ചിട്ടുള്ള ധനാഭ്യർത്ഥനകളെ ഞാൻ അഭിമാനപൂർവ്വം പിന്തുണയ്ക്കുകയാണ്. അപ്പുറത്തിരിക്കുന്ന ബഹുമാന്യ നേതാക്കൻമാരും സ്നേഹിതൻമാരും ഈ ഭാഗത്തുനിന്ന് എന്തു പറഞ്ഞാലും അതിനെ എതിർക്കുകയാണ്. നല്ല കാര്യം പറഞ്ഞാലും ഏതെങ്കിലും മോശപ്പെട്ട കാര്യം പറഞ്ഞാലും എതിർക്കുകയാണ്.എല്ലാം എതിർക്കാൻ മാത്രമേ അവർക്ക് അറിയാവൂ. ഇതൊരു പ്രതിപക്ഷത്തിന്റെ കടമയാണോ? എല്ലാത്തിനെയും എതിർക്കുകയാണ്.തീർച്ചയായും നമ്മുടെ നാട്ടിലെ മണ്ണിന്റെ മണമറിയാവുന്ന, മണ്ണിനെക്കുറിച്ച് അറിയാവുന്ന ആളുകളാണ് ഈ ഗവൺമെന്റിനെ നയിക്കുന്ന മുഖ്യമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും ഈ ഗവൺമെന്റുമെന്നു പറഞ്ഞാൽ അതാർക്കെങ്കിലും നിഷേധിക്കാൻ കഴിയുന്ന കാര്യമാണോ? ശ്രീ. കെ.സി. വേണുഗോപാലും പ്രതിപക്ഷത്തെ പ്രതിനിധീകരിക്കുന്ന ആളുകളും പാടത്തിന്റെ വരമ്പിലൂടെ നടന്നുപോയിട്ടേയുള്ളൂ. ഇപ്പുറത്തുള്ള ആളുകൾ ഈ മണ്ണിൽ പണിയെടുത്തിട്ടുള്ളവരാണ്...ബഹളം...വെട്ടി നിരത്തേണ്ടി വന്നാൽ ഇനിയും വെട്ടി നിരത്തും, യാതൊരു സംശയവും ആ കാര്യത്തിൽ വേണ്ട. ഇന്ത്യാ രാജ്യത്തിന്റെ ചരിത്രത്തിൽ തൊഴിലാളികളുടെ, കൃഷിക്കാരുടെ ന്യായമായ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി അപ്പുറത്തിരിക്കുന്ന ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണനടക്കമുള്ള എന്റെ ബഹുമാന്യ സുഹൃത്തുക്കൾ ആദ്യ കാലത്ത് പറഞ്ഞത് ഈ സന്ദർഭത്തിൽ ഓർക്കുന്നത് നല്ലതാണ്. 1930-36 കാലഘട്ടങ്ങളിൽ നമുക്കറിയാമല്ലോ കറാച്ചിയിലും മറ്റും നടന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ എ.ഐ.സി.സി. സമ്മേളനങ്ങളിൽ,ദേശീയ സ്വാതന്ത്ര്യ സമരം കൊടുംപിരിക്കൊള്ളുമ്പോൾ രാജ്യത്തിലെ തൊഴിലാളികളേയും കൃഷിക്കാരെയും സാധാരണ ജനങ്ങളേയുമാകെ ആ സമരത്തിനു പിന്നിൽ അണിനിരത്താൻ അന്നത്തെ ദേശീയ നേതൃത്വം വളരെ വ്യക്തമായി നടത്തിയിട്ടുള്ള പ്രഖ്യാപനങ്ങൾ. മണ്ണിൽ പണിയെടുക്കുന്നവന് മണ്ണിലുള്ള അവകാശം നൽകുമെന്ന് പറഞ്ഞു, അതുപോലെ വേല ചെയ്യുന്നവന് ന്യായമായ ജീവിതസൗകര്യങ്ങൾ ഉറപ്പാക്കുമെന്നു പറഞ്ഞു. അതിനു വേണ്ടി ദേശീയ സ്വാതന്ത്ര്യ സമരത്തിനു പിന്നിൽ അണിചേരണമെന്ന ആഹ്വാനം അന്നത്തെ ദേശീയ നേതൃത്വത്തിൽ നിന്നുമുണ്ടായി. അതുവല്ലതും ഇന്നുണ്ടോ? ഇന്ന് നമ്മുടെ മുന്നിൽ കാണുന്നവർ അങ്ങനെയുള്ളവരാണോ. അതാണ് ഞാൻ പറഞ്ഞത്, അപ്പുറത്തുള്ളവർ വരമ്പിലൂടെ നടന്നുപോയപ്പോൾ ഇവിടെ തൊഴിലാളികളുടെയും കൃഷിക്കാരുടെയും കൂടെ നിന്ന് അവരുടെ ഭൂമിക്കുവേണ്ടി, അവരുടെ തൊഴിലിനുവേണ്ടി, അവരുടെ തൊഴിലവകാശങ്ങൾക്കുവേണ്ടി ശക്തമായ പോരാട്ടത്തിലൂടെ വളർന്നുവന്ന രാഷ്ട്രീയ നേതൃത്വവും അതിലൂടെ രൂപം കൊണ്ട ഗവൺമെന്റും ആ ഗവൺമെന്റിനെ പ്രതിനിധീകരിക്കുന്നവരുമാണ് ശ്രീ.ഇ.കെ.നായനാരും, ശ്രീ. കെ.ഇ. ഇസ്മയിലും ഇവിടെയുള്ള മറ്റു മന്ത്രിമാരും. തീർച്ചയായും അഭിമാനത്തോടുകൂടി പറയുന്നു, കഴിഞ്ഞ മൂന്നു വർഷക്കാലത്തിനുള്ളിൽ കേരളത്തിന്റെ റവന്യൂ ഭരണം സുതാര്യമാക്കാൻ ശ്രമിച്ചിട്ടുള്ള ഒരു ഗവൺമെന്റാണിത്. ശ്രീ.വി.ജെ.പൗലോസ് ഇവിടെ സ്ഥാനത്തിന്റെയും മാനത്തിന്റെയും കാര്യം പറഞ്ഞല്ലോ, എന്താണിവിടെ കുഴപ്പം? സ്ഥാനവും മാനവുമുണ്ട്. അന്തസ്സായി പോവുകയാണ്. റവന്യൂ ബോർഡ് എന്നു പറയുന്നത് വെള്ളാനയാണെന്ന് കഴിഞ്ഞ നാൽപതിലേറെ വർഷക്കാലമായി അപ്പുറത്തും ഇപ്പുറത്തുമിരിക്കുന്നവർ പറഞ്ഞതാണ്. ആ വെള്ളാനയെ തൊടാൻ ആരും മനസ്സ് കാണിച്ചിരുന്നില്ല. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ആ വെള്ളാനയെ തൊട്ടു, ഇപ്പോൾ ആ വെള്ളാനയില്ല. വളരെ അഭിമാനത്തോടുകൂടി സൂചിപ്പിക്കാവുന്നതല്ലേ അത്? നമ്മുടെ നാട്ടിലെ പാവപ്പെട്ട ആദിവാസികളുടെ ഭൂമി സംരക്ഷി

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നതിന് എത്രയോ സന്ദർഭങ്ങളിലായി ബഹുമാനപ്പെട്ട ഹൈക്കോടതി മാറി മാറി വന്ന ഗവൺമെന്റുകളോടെല്ലാം പറഞ്ഞല്ലോ. ആരെങ്കിലും നടപടി സ്വീകരിച്ചോ? ഈ മുന്നണിയുടെ ഗവൺമെന്റ് കേരളത്തിലെ പാവപ്പെട്ട ആദിവാസികൾക്ക് നഷ്ടപ്പെട്ട ഭൂമി തിരിച്ചു നൽകുവാൻ, വീടില്ലാത്തവർക്ക് വീട് ഉണ്ടാക്കിക്കൊടുക്കുവാൻ നിയമത്തിൽ ആവശ്യമായ ഭേദഗതി കൊണ്ടുവന്ന് ശക്തമായി നടപ്പാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അതിൽ എന്തെങ്കിലും സംശയമുണ്ടോ? സ്ഥാനവും മാനവും അതുപോലെതന്നെ ഇച്ഛാശക്തിയുമുള്ള ഗവൺമെന്റിലെ ഒരു മന്ത്രിയാണ് ശ്രീ. കെ.ഇ. ഇസ്മയിൽ. ഞാൻ അഭിമാനത്തോടുകൂടി പറയുന്നു, കേരളത്തിലെ പാവപ്പെട്ട തൊഴിലാളികൾക്ക്, കൃഷിക്കാർക്ക് രാജ്യത്തു ഭൂനിയമം വന്നതിന്റെ അടിസ്ഥാനത്തിൽ, വളരെ വ്യക്തമായ, പട്ടയം നൽകുമെന്നു പറഞ്ഞു. കഴിഞ്ഞ കാലങ്ങളിൽ പട്ടയം നൽകുന്നതിൽ വീഴ്ചയുണ്ടായി. ഈ ഗവൺമെന്റിന്റെ കാലത്ത് പട്ടയം നൽകുന്നതിൽ അഭിമാനപൂർവ്വമായ വിജയം കൈവരിച്ചില്ലേ? നിഷേധിക്കാൻ കഴിയുമോ? കഴിഞ്ഞ മൂന്നു വർഷക്കാലത്തിനുള്ളിൽ ഏകദേശം ഒരു ലക്ഷത്തോളം പാവപ്പെട്ട ആളുകൾക്ക്, കുടികിടപ്പുകാർക്ക്, കൈവശ കൃഷിക്കാർക്ക്, ലക്ഷം വീട് കോളനികളിലും നാലു സെന്റു കോളനികളിലും താമസിക്കുന്ന ആളുകൾക്ക്, പുഴപുറംപോക്കിലും റോഡ് പുറംപോക്കിലുമെല്ലാം താമസിക്കുന്ന ആളുകൾക്ക്, റെയിൽവെ കോംപൗണ്ടിൽ താമസിക്കുന്ന ആളുകൾക്ക്, ഈ സമൂഹത്തിന്റെ ഏറ്റവും പിന്നണിയിൽ കഴിയുന്ന, അടിത്തട്ടിൽ കഴിയുന്ന, പാവപ്പെട്ട ആളുകൾക്ക്-ഇവർക്കെല്ലാം കുടിലു വയ്ക്കാൻ രണ്ടു സെന്റ്, മൂന്നു സെന്റ്, നാലുസെന്റ് ഭൂമിക്കു പട്ടയം കൊടുക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞില്ലേ? കഴിഞ്ഞ മൂന്നുവർഷക്കാലത്തിനുള്ളിൽ ഏറ്റവും ചുരുങ്ങിയത് ഒരു ലക്ഷത്തോളം ആളുകൾക്ക് പട്ടയം കൊടുക്കാൻ കഴിഞ്ഞ റവന്യൂ വകുപ്പാണിത്. പട്ടയത്തിന്റെ വിതരണമെല്ലാം പൂർത്തിയായി എന്ന് ഞാൻ അവകാശപ്പെടുന്നില്ല.ഇനിയും പട്ടയം കൊടുക്കാനുള്ള ആളുകളുണ്ട്. വളരെ വേഗത്തിൽ പട്ടയം കൊടുക്കാനുള്ള നടപടികൾ ഇനിയുമുണ്ടാകണം. സംസ്ഥാനത്തെ വെള്ളപ്പൊക്കത്തിന്റെ കാര്യം ബഹുമാനപ്പെട്ട വി.ജെ.പൗലോസ് സൂചിപ്പിച്ചല്ലോ? നമ്മുടെ സംസ്ഥാനത്ത് ആണ്ടിൽ രണ്ടു തവണ വെള്ളപ്പൊക്കമുണ്ടാകാറുണ്ട്. ഈ രണ്ടു തവണ വെള്ളപ്പൊക്കമുണ്ടാകുമ്പോഴും വൻപിച്ച കെടുതികൾ അനുഭവിക്കുന്നവരാണ് കേരളീയർ. തുലാ വർഷത്തിലും ഇടവപ്പാതിയിലും നമ്മുടെ സംസ്ഥാനത്ത് വെള്ളപ്പൊക്കമുണ്ടാകുമ്പോൾ ഈ പാവപ്പെട്ട ആളുകളെ സംരക്ഷിക്കുന്നതിന് യുദ്ധകാലാടിസ്ഥാനത്തിലുള്ള നടപടികൾ സ്വീകരിക്കാൻ ഈ ഗവൺമെന്റിനു കഴിഞ്ഞിട്ടുണ്ടെന്ന് പറയുന്നത് തെറ്റാണോ? തീർച്ചയായും ആ നിലയിൽ യുദ്ധകാലാടിസ്ഥാനത്തിലുള്ള ആശ്വാസ നടപടികൾ.....

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, വെള്ളപ്പൊക്ക കെടുതികൾക്ക് നിവാരണമുണ്ടാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ ഈ ഗവൺമെന്റ് നടപ്പാക്കിയതിനെ അങ്ങ് പ്രശംസിച്ചു. ഞാനും അങ്ങും കൂടി ഒരുമിച്ചു പങ്കെടുത്ത, പത്തനംതിട്ട കളക്ടർ വിളിച്ചുകൂട്ടിയ യോഗത്തിൽ അന്ന് അങ്ങ് പറഞ്ഞത് ഈ ഗവൺമെന്റിന്റെ പ്രവർത്തനം ഒട്ടും തൃപ്തികരമല്ലെന്നാണ്. ആ അഭിപ്രായത്തിൽ നിന്നും അങ്ങ് ഇപ്പോൾ മാറിയിട്ടുണ്ടോ?

<u>ശ്രീ. പി.കെ. കുമാരൻ</u> : ബഹുമാന്യനായ ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ മുഖത്ത് നോക്കി ഇങ്ങനെ പറയുമെന്ന് ഞാൻ കരുതിയില്ല. കാരണം ഞാനും ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണനും മാത്രമാണ് പത്ത

LIBRARY ARCHIVES Kerala Legislative Assembly

നംതിട്ട ജില്ലാ കളക്ടർ വിളിച്ച സമ്മേളനത്തിൽ പങ്കെടുത്തത്. മറ്റാരും വന്നില്ല, ആ സമ്മേളനത്തിൽ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ സംസാരിച്ചു കഴിഞ്ഞതിനുശേഷമാണ് ഞാൻ സംസാരിച്ചത്. ഞാൻ വളരെ വ്യക്തമായി പറഞ്ഞു, കഴിഞ്ഞ കാലങ്ങളിൽ നിന്നും വ്യത്യസ്തമായി വളരെ അഭിമാനകര മായ രീതിയിലാണ് ജില്ലാ ഭരണകൂടം പ്രവർത്തിച്ചിരുന്നതെന്ന്. അന്ന് ബഹു മാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ അനുകൂലിച്ചതാണ്. പക്ഷെ ഇന്ന് അദ്ദേഹം എന്റെ മുഖത്ത് നോക്കി തിരിച്ചാണ് പറഞ്ഞത്. വെള്ളപ്പൊക്കം മൂലം ദുരിതമനുഭവിക്കുന്ന ജനങ്ങളെ അവരുടെ താമസസ്ഥലത്തുനിന്നും മാറ്റി താമസിപ്പിച്ച് അവർക്ക് ഭക്ഷണം കൊടുക്കാൻ യുദ്ധകാലാടിസ്ഥാനത്തി ലുള്ള സമീപനം ഈ ഗവൺമെന്റ് സ്വീകരിച്ചു. കളക്ടറും ആർ.ഡി.ഒ.യും തഹസീൽദാർമാരും വില്ലേജ് ഓഫീസർമാരും പോയി അവിടെയുള്ള ജനപ്ര തിനിധികളുമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ ദുരിതാശ്വാസ ക്യാമ്പുകൾ തുറന്നു, അവർക്ക് ഭക്ഷണം കൊടുക്കുന്നതിനുള്ള സംവിധാനമു ണ്ടാക്കി. ആ സമയത്തുള്ള ദുരിതമകറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. പക്ഷെ നമ്മുടെ സംസ്ഥാനത്തെ വെള്ളപ്പൊക്ക കെടുതികളിൽ നിന്ന് രക്ഷി ക്കാൻ, ശാശ്വത പരിഹാരം കാണാനുള്ള പദ്ധതികളെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ആലോചിക്കണം എന്നാണ് എന്റെ അഭിപ്രായം. കാരണം ആറ്റിൻ തീരത്ത് താമസിക്കുന്ന ആളുകളുടെ വീട് ഇടിഞ്ഞുപോകുന്നു, അവരുടെ ജീവൻതന്നെ നഷ്ടപ്പെടുകയാണ്. ഫലവൃക്ഷങ്ങളുൾപ്പെടെയുള്ള കാർഷിക വിളകൾ നഷ്ട പ്പെടുന്നു. അങ്ങനെ കർഷകരും നാട്ടുകാരും വൻപിച്ച തോതിലുള്ള നഷ്ടം സഹിക്കുന്നതൊടൊപ്പം ഇതിനുവേണ്ടി ഖജനാവിൽ നിന്നും ഓരോ വർഷവും തുക ചെലവായിക്കൊണ്ടിരിക്കുന്നു.ആ നഷ്ടം നികത്തുന്നതിനുള്ള അടിസ്ഥാന പരമായ നടപടി നമ്മുടെ സംസ്ഥാനത്തുണ്ടാകേണ്ടതുണ്ട്. അതുപോലെ തന്നെ നമ്മുടെ സംസ്ഥാനത്ത് കഴിഞ്ഞ മൂന്നുവർഷക്കാലത്തിനിടയിൽ അഴിമതി ഇല്ലാത്ത, ഏറ്റവും നല്ല റവന്യൂ ഭരണം കാഴ്ചവയ്ക്കാൻ സാധിച്ചതിലൂടെ ഒട്ടേറെ അടിസ്ഥാനപരമായ നല്ല സമീപനങ്ങൾ സ്വീകരിച്ചു മുന്നോട്ടുപോകാൻ ഈ ഗവൺമെന്റിനു കഴിഞ്ഞു.

<u>ശ്രീ. എം.കെ. മുനീർ</u> : ഇന്ന് പ്രസംഗിക്കുന്നവർക്ക് Flood list-ൽ പ്രത്യേക പരിഗണനയുണ്ടോ?

<u>ശ്രീ. പി.കെ. കുമാരൻ</u> : അദ്ദേഹം ഇപ്പുറത്തിരുന്നപ്പോൾ സ്വീകരിച്ച സമീപനമാണത്. 1996 ന് മുൻപ് ശ്രീ. കെ.എം. മാണിക്കും, ശ്രീ. മാമ്മൻ മത്താ യിക്കുമൊക്കെ അവരവരുടെ മണ്ഡലങ്ങളിൽ കിട്ടിയിട്ടുള്ളതിനെപ്പറ്റി പറയ ണമോ? അന്ന് മുനീറിനു കിട്ടാത്തതിന്റെ വിഷമമല്ലേ? ലിസ്റ്റിന് വേണ്ടിയല്ല? നമ്മുടെ സംസ്ഥാനത്ത് തെളിമയാർന്ന ഒരു റവന്യൂ ഭരണമാണ് നടക്കുന്നത്,...

<u>ശ്രീ. ടി.എസ്. ജോൺ</u> : Flood list-ൽ അന്ന് മന്ത്രിക്ക് തോന്നുന്നവർക്ക് മാത്രമാണ് കൊടുത്തിരുന്നത്. എന്നാൽ ഇന്ന് അങ്ങനെയല്ല, പ്രതിപക്ഷക്കാ രുടെ നിയോജകമണ്ഡലങ്ങളിലും ഭരണപക്ഷക്കാരുടെ നിയോജകമണ്ഡല ങ്ങളിലും ഉള്ളവർക്ക് കൃത്യമായി, തുല്യമായി കൊടുക്കുന്നു എന്നുള്ളത് അങ്ങേയ്ക്ക് അറിയാമോ?

<u>ശ്രീ. പി.കെ. കുമാരൻ</u> : അത് വളരെ ശരിയാണ്. ഭരണ പ്രതിപക്ഷവ്യ ത്യാസമില്ലാതെ ജനപ്രതിനിധികളെ മാനിക്കുകയും ആദരിക്കുകയും ആവശ്യ ങ്ങളെന്താണെന്നറിഞ്ഞ് മനസ്സിലാക്കി പ്രവർത്തിക്കുകയും ചെയ്യുന്ന തെളിമ യാർന്ന റവന്യൂ ഭരണമാണ് കേരളത്തിൽ നടക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി.ജെ. പൗലോസ് : അങ്ങ് ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ച പ്പോൾ രണ്ടു പ്രധാനപ്പെട്ട കാര്യങ്ങൾ പറഞ്ഞു.അതിൽ ഒന്ന് ഇനിയും വെട്ടിനിരത്തുമെന്ന് പറഞ്ഞു. വെട്ടിനിരത്തലിനെക്കുറിച്ചു പണ്ടു വെട്ടിനിര ത്തുന്നവന്റെ കൈവെട്ടുമെന്നു ശ്രീ. ടി. ശിവദാസമേനോൻ പറഞ്ഞു. എന്താണ് അതിനെക്കുറിച്ചുള്ള അങ്ങയുടെ അഭിപ്രായം, രണ്ട്, യുദ്ധകാലാടി സ്ഥാനത്തിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് നടപടി സ്വീകരിച്ചുവെന്നു പറഞ്ഞു. കഴിഞ്ഞ വെള്ളപ്പൊക്കമുണ്ടായ കാലഘട്ടത്തിൽ മുഖ്യമന്ത്രി ഡൽഹിയിലുണ്ടായിരുന്നിട്ടും കേന്ദ്ര ഗവൺമെന്റിനു ഒരു നിവേദനം പോലും കൊടുക്കാത്തതിനെക്കുറിച്ച് എന്ത് പറയുന്നു?

ശ്രീ. പി. രാഘവൻ : ബഹുമാനപ്പെട്ട ശ്രീ.പി.കെ.കുമാരൻ സംസാരിച്ച പ്പോൾ വെട്ടിനിരത്തുമെന്ന് പറഞ്ഞത് പ്രതിപക്ഷം ഈ നിലയിൽ പോയാൽ പ്രതിപക്ഷത്തിനെയാകെ വെട്ടിനിരത്തുമെന്നാണ് പറഞ്ഞത്, അല്ലേ.?

ശ്രീ. പി.കെ. കുമാരൻ : ബഹുമാനപ്പെട്ട പി.രാഘവൻ പറഞ്ഞതാണ് ഞാൻ ഉദ്ദേശിച്ചത്. നേരത്തേ പറഞ്ഞത് ശ്രീ.മാമ്മൻ മത്തായിയാണ്. ശ്രീ. ശിവദാസമേനോൻ അല്ല.

വളരെ തെളിമയാർന്ന ഒരു റവന്യൂ ഭരണമാണ് ഈ ഗവൺമെന്റ് കാഴ്ചവച്ചിട്ടുള്ളത്. തൊഴിലാളികൾ, കൃഷിക്കാർ, അതുപോലെ പാവപ്പെട്ട ആളുകൾ എന്നിവരുടെ ദുരിതങ്ങൾ എന്താണെന്ന് ഈ ഗവൺമെന്റ് മനസ്സി ലാക്കി അതനുസരിച്ചു മുന്നോട്ടുപോകുകയാണ് ചെയ്തിട്ടുള്ളത്. പാവപ്പെട്ട രോഗികളെയും പാവപ്പെട്ട ആളുകളെയും സഹായിക്കുന്ന ഒരു ഗവൺമെന്റാ ണിത്. കാൻസർ രോഗികളും കിഡ്നി രോഗം ബാധിച്ചവരും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് സഹായത്തിന് അപേക്ഷിച്ചാൽ വളരെയേറെ കാലതാമസമുണ്ടാകും. റവന്യൂ വകുപ്പാണ് ഇത് കൈകാര്യം ചെയ്യുന്നത്, അവർക്ക് രണ്ടു മാസത്തിനുള്ളിൽ സഹായധനം നൽകുന്നതിനുള്ള അടി സ്ഥാനപരമായ ഒരു സമീപനം റവന്യൂ ഡിപ്പാർട്ട്മെന്റിൽ ബഹുമാനപ്പെട്ട മന്ത്രി നടപ്പിലാക്കി.അതുപോലെതന്നെ പാവപ്പെട്ട ആളുകൾ ബാങ്കിൽ നിന്നും സർക്കാരിൽ നിന്നും ലോൺ എടുത്തത് കൃത്യസമയത്ത് അടയ്ക്കാൻ കഴി യാതെ വിഷമിക്കുമ്പോൾ ബഹുമാനപ്പെട്ട മന്ത്രിയേയോ ബന്ധപ്പെട്ട ആളുക ളേയോ സമീപിച്ചാൽ തുക അടയ്ക്കുന്നതിന് വളരെക്കുറച്ചു സാവകാശമേ കൊടുക്കാറുള്ളൂ. ഗഡുക്കളുടെ എണ്ണം വർദ്ധിപ്പിക്കുകയും, അടയ്ക്കേണ്ട സംഖ്യയുടെ തോത് കുറച്ചുകൊടുക്കുകയും ചെയ്തെങ്കിൽ മാത്രമേ അവർ വീണ്ടും കടക്കാരായി മാറാതിരിക്കുകയുള്ളൂ. ആ നിലയിൽ കുറെക്കൂടി ഉദാര മായ ഒരു സമീപനം ആ കാര്യത്തിൽ സ്വീകരിക്കണം. നമ്മുടെ സംസ്ഥാനത്ത് ഭൂമി സംബന്ധമായ പട്ടയം കൊടുക്കുന്ന നടപടികൾ കുറെക്കൂടി വേഗതയിൽ ആക്കാൻ കഴിയണം. പ്രകൃതിക്ഷോഭ ദുരിതങ്ങൾ ഉണ്ടാകുമ്പോൾ കഴിഞ്ഞ വെള്ളപ്പൊക്കക്കാലത്ത് സ്വീകരിച്ചതുപോലെ വളരെ ആത്മാർത്ഥതയോടെ, താഴേക്കിറങ്ങി ബഹുജനങ്ങളെ സഹായിക്കാനുള്ള നടപടി സ്വീകരിക്കണം. കർമ്മപഥത്തിലേയ്ക്കിറങ്ങി സംസ്ഥാനത്തെ ജനങ്ങളെ നയിക്കുന്ന കാര്യ ത്തിൽ ബഹുമാനപ്പെട്ട മന്ത്രിയും ഈ ഗവൺമെന്റും ഇനിയും മുന്നോട്ടുപോകുമെന്ന് ആത്മാർത്ഥമായ ഉറച്ച വിശ്വാസത്തോടെ ഞാൻ ഈ ധനാഭ്യർത്ഥനകളെ പിൻതാങ്ങുന്നു.

ശ്രീ. സി. മൊയീൻകുട്ടി : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ശ്രീ.പി.കെ.കുമാരൻ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ, വെട്ടിനിര ത്തിയിട്ടുണ്ട്, ഇനിയും വേണ്ടിവന്നാൽ വെട്ടിനിരത്തുമെന്നു പറഞ്ഞു. ശ്രീ.പി. രാഘവൻ കറക്റ്റ് ചെയ്തത് നല്ലതായി. എന്തായാലും ശരി അതിനെ സംബ

ന്ധിച്ചു റവന്യൂ വകുപ്പുമന്ത്രിയുടെ നയപരമായ തീരുമാനം വ്യക്തമാക്കണമെന്നാണ് എനിക്ക് ആദ്യമായി പറയുവാനുള്ളത്. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറഞ്ഞ ആ കാര്യത്തിൽ ഗവൺമെന്റിന്റെ സമീപനം വ്യക്തമാക്കണമെന്നുള്ളതാണ്.

റവന്യൂ വകുപ്പിന്റെ അടിസ്ഥാന ശിലയായിട്ടുള്ള വില്ലേജ് ഓഫീസുകളിൽ സ്വാതന്ത്ര്യം കിട്ടി. അൻപത് കൊല്ലം കഴിഞ്ഞിട്ടുപോലും ഇനിയും നിരവധി കാര്യങ്ങൾ ചെയ്യേണ്ടതായിട്ടുണ്ട്. 1598 വില്ലേജ് ഓഫീസുകളിൽ 277 ഓളം വില്ലേജ് ഓഫീസുകളുടെ കെട്ടിടം പണി പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്. കെട്ടിടം പണി പൂർത്തീകരിക്കുന്നതിൽ തടസ്സമായി നിൽക്കുന്ന അടിസ്ഥാനപരമായിട്ടുള്ള പ്രശ്നങ്ങൾ പരിഹരിച്ചതിനുശേഷം പുതിയ പ്രവർത്തനങ്ങൾക്ക് രൂപം കൊടുത്താൽ മതി എന്നാണ് എനിക്ക് പറയുവാനുള്ളത്. വില്ലേജ് ഓഫീസുകളിൽ കംപ്യൂട്ടർ സ്ഥാപിക്കുന്നതിനും, പ്രവർത്തനരഹിതമായി കിടക്കുന്ന കംപ്യൂട്ടറുകൾ പ്രവർത്തന ക്ഷമമാക്കുന്നതിനും തയ്യാറാകണം. വൈദ്യുതി മന്ത്രി വില്ലേജ് ഓഫീസുകളിൽ വൈദ്യുതി കൊടുക്കാൻ തയ്യാറാകണം. വില്ലേജ് ഓഫീസർമാരുടെ അധികാരങ്ങളെക്കുറിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പലതവണ പറഞ്ഞതാണ്. എന്തൊക്കെയാണ് അവരുടെ അധികാരങ്ങളെന്ന് ഇതുവരേയും വ്യക്തമായിട്ടില്ല. വില്ലേജ് ഓഫീസുകളിൽ നിന്നും 11 സർട്ടിഫിക്കറ്റുകളും, തഹസീൽദാരിൽ നിന്നും പന്ത്രണ്ടോളം സർട്ടിഫിക്കറ്റുകളുമാണ് ഇന്ന് നൽകിവരുന്നത്. ഇവ ലഭിക്കുന്നതിനുള്ള കാലതാമസവും ബുദ്ധിമുട്ടുകളും ഒഴിവാക്കി, നടപടിക്രമങ്ങൾ കുറേക്കൂടി സുതാര്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്. തഹസീൽദാർ നൽകുന്ന heirship certificate കിട്ടുന്നതിനുള്ള കാലതാമസം ചെറുതല്ല. മാത്രമല്ല അതു സംബന്ധിച്ച് പല പരാതികളും സർക്കാർ പരിഗണിക്കുന്നുമില്ല. പ്രധാനമായും അതിന് നിശ്ചയിച്ചിട്ടുള്ള വരുമാന പരിധി ഉയർത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. നമ്മൾ ഒരുപാട് പഠനങ്ങളും ഗവേഷണങ്ങളും നടത്തിക്കൊണ്ടുവന്ന. റവന്യൂ കാർഡ് സമ്പ്രദായം അടിയന്തിരമായി പ്രാവർത്തികമാക്കുന്നതിനുവേണ്ടിയുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണം. കുറെയേറെ ആശ്വാസം ആ രംഗത്ത് ഉണ്ടാകുമെന്നാണ് എനിക്ക് അതുസംബന്ധിച്ച് പറയാനുള്ളത്. റവന്യൂ ബോർഡ് നിർത്തലാക്കിയിട്ട് ഒരു വർഷം കഴിഞ്ഞു. എന്തു നേട്ടമാണ് അതുമൂലം സാധാരണക്കാരെ സംബന്ധിച്ച് ഉണ്ടായിട്ടുള്ളതെന്ന് ഇനിയും വ്യക്തമായിട്ടില്ല. പതിറ്റാണ്ടുകളായി നിലനിൽക്കുന്ന സംവിധാനം മാറി, ഒരു ബദൽ സംവിധാനം ആ രംഗത്ത് വന്നുവെന്നതൊഴിച്ചാൽ സാധാരണക്കാർക്ക് എന്ത് നേട്ടമാണ് ഉണ്ടായിട്ടുള്ളത്? റവന്യൂബോർഡ് എന്ന വെള്ളാന ഇന്ന് കമ്മിഷണറേറ്റ് എന്നുള്ള വെള്ളാനയായി മാറി. ജനങ്ങളെ സംബന്ധിച്ചിടത്തോളം ഭരണസ്തംഭനം ഉണ്ടാക്കുന്ന പ്രശ്നമല്ലാതെ അത് സംബന്ധിച്ചുള്ള പരിഹാരം എന്താണെന്നുള്ളതിനെ സംബന്ധിച്ച് വ്യക്തമാക്കണമെന്നാണ് എനിക്കു പറയാനുള്ളത്. കളക്ടർക്കോ താഴെത്തട്ടിലേയ്ക്കോ കാര്യമായ ഒരു അധികാരവും വിട്ടുകൊടുത്തിട്ടില്ല. കളക്ടർമാർക്ക് നിസ്സാരമായ കാര്യങ്ങൾക്കുപോലും കമ്മിഷണറേറ്റിനെ ബോദ്ധ്യപ്പെടുത്തേണ്ട അല്ലെങ്കിൽ അവരുടെ ഉപദേശം തേടേണ്ട സാഹചര്യമാണ് ഇന്നും നിലവിലുള്ളത്. ഇവിടെ ഡോ. എം.കെ. മുനീർ സൂചിപ്പിച്ചതുപോലെ ഫ്ളഡ് ലിസ്റ്റ് നൽകുന്ന സമയത്ത് അങ്ങ് നല്ലവനാണ്, പക്ഷേ ക്രൂരനാകരുതെന്നാണ് എനിക്ക് വിനീതമായി ചൂണ്ടിക്കാണിക്കാനുള്ളത്. വളരെ വലിയ ക്രൂരതയാണ് അങ്ങ് ഈ നാട്ടിലെ ജനങ്ങളോടു കാണിക്കുന്നത്. ഞങ്ങളെയൊക്കെ പത്തു

LIBRARY ARCHIVES Kerala Legislative Assembly

നാല്പതു ശതമാനമെങ്കിലും പരിഗണിക്കണം; അങ്ങ് പരിഗണിക്കുന്നില്ല എന്നു പറയേണ്ടിവന്നതിൽ എനിക്ക് ദു:ഖമുണ്ട്. റവന്യൂ ഡിപ്പാർട്ടുമെന്റ് പോലീസ് ഡിപ്പാർട്ടുമെന്റിനെപ്പോലെ ഒരു അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റാണ് എന്ന് അങ്ങ് ഒരു ചോദ്യത്തിന് ഉത്തരമായി നിയമസഭയിൽ പറഞ്ഞിട്ടുണ്ട്. ത്രിതല പഞ്ചായത്തുകൾക്ക് കാര്യമായി ഒന്നും കൊടുക്കേണ്ടതില്ലായെന്നാണ് അങ്ങ് പറയുന്നത്. 1994-ലെ ഭരണഘടനാ ഭേദഗതിക്കുശേഷം രാജ്യത്തുണ്ടായിട്ടുള്ള മാറ്റങ്ങളിൽ തീർച്ചയായും ഞങ്ങൾ സന്തുഷ്ടരാണ്. അതേസമയം ലോക്കൽ അഡ്മിനിസ്ട്രേഷൻ മന്ത്രി സ്വീകരിക്കുന്നതുപോലെ ഉദാരമായ സമീപനം അങ്ങയുടെ വകുപ്പ് സ്വീകരിക്കുന്നുണ്ടോ? ഇല്ല. കേവലം ഒരു വെൽഫെയർ സ്കീം വിതരണം ചെയ്യുന്ന പോസ്റ്റുമാന്റെ ജോലി അല്ലാതെ അങ്ങ് കാര്യമായി ആ രംഗത്ത് എന്താണ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കണം. അധികാരത്തെക്കുറിച്ച് നിരന്തരമായി പ്രസംഗിക്കുകയാണ്. പക്ഷേ കാര്യമായിട്ട് ഒന്നും ഈ രംഗത്ത് വിട്ടുകൊടുക്കാൻ അങ്ങ് തയ്യാറാകുന്നില്ല. ഇത് പറയുമ്പോൾ സ്വാഭാവികമായും അപ്പുറത്തുള്ളവർ ചോദിക്കും, ഇത് കൊണ്ടുവന്നത് ഞങ്ങളല്ലേയെന്ന്. അല്ല. 1967-ൽ സഖാവ് നമ്പൂതിരിപ്പാടിന്റേയും വന്ദ്യനായ അഹമ്മദ് കുരിക്കളുടേയും കാലത്താണ് ഇതിന് ആദ്യമായി ചലനങ്ങൾ തന്നെ ദൃശ്യമായിട്ടുള്ളത്. പോലീസിന്റെ ചുമതലകൾവരെ ജില്ലാ പരിഷത്തിന് വിട്ടുകൊടുക്കണമെന്നുള്ള ഒരു സമീപനം അന്ന് സ്വീകരിച്ചിരുന്നു. അതുകൊണ്ട് എനിക്ക് പറയാനുള്ളത് റവന്യൂ ഡിപ്പാർട്ടുമെന്റ് അധികാരങ്ങൾ എല്ലാംകൂടി കൂട്ടിക്കെട്ടി വച്ചിരിക്കുന്നതിനുപകരം കുറെയൊക്കെ താഴേത്തട്ടിലേയ്ക്ക് വിട്ടുകൊടുക്കാൻ അങ്ങ് തയ്യാറാകണം. ജില്ലാ ഭരണാധികാരി എന്നുള്ള നിലയ്ക്ക് ക്രമസമാധാനം ഉറപ്പുവരുത്താൻ സി. ആർ.പി.സി.യിലെ ഒട്ടേറെ വകുപ്പുകൾ കളക്ടർമാർക്ക് പ്രയോഗിക്കേണ്ടതായിവരും. പക്ഷേ ഇന്ന് പോലീസിനുമേൽ കളക്ടർമാർക്ക് കൺട്രോൾ ഒന്നുമില്ല. ഇന്നത്തെ ഗുരുതരമായ അവസ്ഥാവിശേഷം കണ്ടുകൊണ്ട് പോലീസിന്റെ മേൽ കൂടി കളക്ടർമാർക്ക് ഒരു കൺട്രോൾ ഉണ്ടാകുന്ന സാഹചര്യം ഉണ്ടാകണം. പണ്ടൊക്കെ ഉണ്ടായിരുന്നതുപോലെ പോലീസ് സൂപ്രണ്ടിന്റെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് എഴുതുന്നതിനുള്ള അധികാരം കളക്ടർക്ക് നൽകണമെന്നാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്.

റീസർവേ ആരംഭിച്ചിട്ട് ഏതാണ്ട് 35 കൊല്ലക്കാലമായി. റീസർവേ 790 വില്ലേജുകളിൽ മാത്രമാണ് പൂർത്തിയായത്. അവശേഷിക്കുന്ന വില്ലേജുകളിൽ പൂർത്തിയായിട്ടില്ല എന്നു മാത്രമല്ല 652 വില്ലേജുകളിലെ റിക്കോർഡുകൾ മാത്രമാണ് റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ളത്. കൈമാറിയവയിൽത്തന്നെ എന്തെല്ലാം തെറ്റുകളാണുള്ളത്; അയൽക്കാരന്റെ ഭൂമി എന്റെ പേരിൽ, എന്റെ ഭൂമി അയൽക്കാരന്റെ പേരിൽ, തുടങ്ങിയുള്ള നിരവധി ക്രമക്കേടുകൾ ഈ രംഗത്ത് ഉണ്ട്. അദാലത്തുകൾ തീർച്ചയായും ഗവൺമെന്റിന്റെ നല്ല പ്രഖ്യാപനങ്ങളാണ്. അത് ഫലപ്രദമായി, വ്യവസ്ഥാപിതമായി നടക്കുന്നുണ്ടോയെന്ന് ഗവൺമെന്റ് പരിശോധിക്കാറുണ്ടോ? ഗവൺമെന്റ് ഉദ്യോഗസ്ഥരുടെ നിസ്സഹകരണം കാരണം ഗവൺമെന്റിന്റെ പ്രഖ്യാപിത നയങ്ങളും ലക്ഷ്യങ്ങളും പ്രാവർത്തികമാകുന്നില്ലായെന്നു മാത്രമല്ല പലപ്പോഴും ഈ അദാലത്തുകൾ വിജയകരമായി നടക്കുന്നില്ല എന്നുള്ളതാണ് സത്യം. ആ കാര്യം ഗവൺമെന്റ് ഗൗരവമായി എടുക്കണം. റീസർവേ നടത്താൻ ഇനിയും ഒരുപാട് സ്ഥലം ബാക്കിയുണ്ട്. അവിടെ റീസർവേ ഉടൻ നടത്തണം.

താലൂക്കുകളും വില്ലേജുകളും വിഭജിക്കുമെന്ന് അങ്ങ് പറയുകയുണ്ടായി. അങ്ങയുടെ മനസ്സിൽ പട്ടാമ്പിയല്ലാതെ മറ്റേതെങ്കിലും താലൂക്കിനെ

LIBRARY ARCHIVES Kerala Legislative Assembly

ക്കുറിച്ച് വല്ല ഓർമ്മയുമുണ്ടോ? ഒരുപാട് നിവേദനങ്ങൾ ഈ രംഗത്ത് വന്നിട്ടുണ്ട്. എന്റെ മണ്ഡലത്തിൽ കൊടുവള്ളി ആസ്ഥാനമായി ഒരു താലൂക്ക് രൂപീകരിക്കണമെന്ന് ഞാൻ പലപ്പോഴായി ആവശ്യപ്പെട്ടിട്ടുണ്ട്. എന്നെപ്പോലുള്ള നിരവധി എം.എൽ.എ.മാർ പല താലൂക്കിന്റെയും കാര്യം ആവശ്യപ്പെട്ടിട്ടുണ്ട്. ഞങ്ങളൊക്കെ പ്രതിനിധീകരിക്കുന്ന മണ്ഡലങ്ങളെക്കുറിച്ച് ഞങ്ങൾക്കും എന്തെങ്കിലും പറയാൻ ഉണ്ടാവുകയില്ലേ? മൂന്നു വർഷം കഴിഞ്ഞിട്ടും ഇന്നും "പഠിച്ചുകൊണ്ടിരിക്കുന്നു" എന്നാണ് പറയുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഒറ്റ കുടിയേറ്റ കർഷകനും പട്ടയം നൽകിയിട്ടില്ല എന്ന് അങ്ങ് പറഞ്ഞു. ആ രംഗത്ത് ഗുരുതരമായ വീഴ്ചയാണുള്ളത്. ബഹുമാനപ്പെട്ട മന്ത്രി നൽകിയ ഉത്തരം എന്റെ പക്കലുണ്ട്, വേണമെങ്കിൽ തരാം. ഇതു സംബന്ധിച്ച് കോടതിയിൽ സ്റ്റേയും കാര്യങ്ങളുമുണ്ട്; ഞാൻ അത് നിഷേധിക്കുന്നില്ല. പക്ഷേ അതൊക്കെ പരമാവധി എളുപ്പത്തിൽ വെക്കേറ്റ് ചെയ്യിക്കാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയാൻ ഈ സഭയ്ക്ക് താൽപര്യമുണ്ട്. അതുകൊണ്ട് ശ്രീ.പി.പി. സുലൈമാൻ റാവുത്തർ, ശ്രീ. വി.ജെ. പൗലോസ് എന്നീ അംഗങ്ങൾ ഉൾപ്പെടെ അപ്പുറത്തും ഇപ്പുറത്തുമുള്ള അംഗങ്ങളുടെ വികാരങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ആ രംഗത്ത് നിതാന്തജാഗ്രത പാലിച്ചുകൊണ്ട്, പാവപ്പെട്ട കർഷകർക്ക് പട്ടയം കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. പതിനൊന്നായിരത്തിൽ ചില്ലാനം ഏക്കർ മിച്ചഭൂമിയുണ്ട്. കേസുകളിലും മറ്റ് ഗുലുമാലുകളിലും പിടിച്ച ഭൂമി ഒഴിച്ച് ആയിരത്തിൽ ചിലാനം ഏക്കർ മിച്ചഭൂമിയേയുള്ളൂവെന്ന് അങ്ങ് ഒരു ചോദ്യത്തിന് ഉത്തരമായി പറയുകയുണ്ടായി. ഈ സ്ഥലം എന്തുകൊണ്ട് വിതരണം ചെയ്യുന്നില്ല എന്നുള്ളകാര്യംകൂടി വ്യക്തമാക്കണം. ജനകീയാസൂത്രണത്തിന്റെ ഭാഗമായി നമ്മുടെ പഞ്ചായത്തുകൾക്കും നഗരസഭകൾക്കും ഭൂമി ആവശ്യമുണ്ട്. ഭൂരഹിത കർഷക തൊഴിലാളികൾക്കും, ഭൂമി ആവശ്യമുണ്ട്. ഇപ്പോൾ ആവശ്യമുള്ള ഭൂമി പൊന്നും വിലയ്ക്കാണ് എടുക്കുന്നത്. അപ്പുറത്തും ഇപ്പുറത്തുമുള്ള ആളുകൾ ഭരിക്കുന്ന പഞ്ചായത്തുകളിൽ ഈ രംഗത്ത് ഒരുപാട് അഴിമതികൾ നടക്കുന്നുണ്ട്. അതുകൊണ്ട് ഉള്ള ഭൂമി ഇത്തരം ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ കഴിയണം. ഭൂരഹിത കർഷക തൊഴിലാളികൾക്ക്, ഭൂമിയില്ലാത്തവർക്കൊക്കെ ഭൂമിവേണം. ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ ഉണ്ടാക്കിക്കൊടുക്കുന്നതിനുവേണ്ടി ഭൂമിനൽകാൻ സാധിക്കുന്നില്ല.

കാലവർഷക്കെടുതിയിൽ നിരവധി പേർക്ക് ജീവഹാനി ഉണ്ടായിട്ടുണ്ട്, 13,000-ൽ ചില്ലാനം വീടുകൾ ഭാഗികമായി തകർന്നു; 741 വീടുകൾ പൂർണ്ണമായും തകർന്നു. കേന്ദ്രസഹായമായി ഒരു രൂപയെങ്കിലും വാങ്ങിയെടുക്കുന്നതിന്, ഇക്കാര്യം എഴുതിയ ഒരു ഇൻലൻഡ് എങ്കിലും കേന്ദ്ര ഭരണാധികാരികൾക്ക് അയയ്ക്കുന്നതിൽ അങ്ങയുടെ ഗവൺമെന്റ് പരാജയപ്പെട്ടിരിക്കുന്നു. മറ്റ് സംസ്ഥാനങ്ങളൊക്കെത്തന്നെ കോടിക്കണക്കിന് രൂപ ഈ രംഗത്ത് വാങ്ങിയപ്പോൾ നമ്മുടെ സംസ്ഥാനത്തിന് പത്തു പൈസപോലും വാങ്ങിയെടുക്കുന്നതിന് കഴിഞ്ഞിട്ടില്ല. ഇതു സംബന്ധിച്ച് ആരൊക്കെ എന്തൊക്കെ വിശദീകരിച്ചാലും ശരി ഇത് ഗുരുതരമായ അനാസ്ഥയാണ് കൃത്യവിലോപമാണ് എന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. നികുതിയിനത്തിൽ ഒരു കോടി രൂപ കിട്ടാനുണ്ട്. കുടിശ്ശിക പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നമ്മുടെ ഐ.എ.എസ്. ഉദ്യോഗസ്ഥൻമാർ തമ്മിൽ പരസ്പരമുള്ള കള്ളക്കളി അവസാനിപ്പിക്കണം. റവന്യൂ റിക്കവറിയുടെ ഭാഗമായി കളക്ടറുടെ കാറ് പിടിച്ചെടുത്ത സംഭവം അപമാനകരമാണ്. റവന്യൂ വരുമാനം വർദ്ധിപ്പിക്കാൻ ഉദ്യോഗസ്ഥൻമാർ എങ്ങനെ ജോലി ചെയ്യും? അതു സംബന്ധിച്ച് ഗവൺമെന്റിന് വ്യക്തമായ ഒരു നയം ഉണ്ടാകണമെന്നാണ് എനിക്ക്

LIBRARY ARCHIVES Kerala Legislative Assembly

പറയാനുള്ളത്. എതിർക്കാതിരിക്കാൻ നിവൃത്തിയില്ല; ഈ ധനാഭ്യർത്ഥനകളെ ഞാനും എതിർക്കുകയാണ്.

[12 Noon] ശ്രീ. ജോസ് ബേബി : സർ, ഭൂനികുതി, ജില്ലാ ഭരണവും പലവകയും, പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്നിവയ്ക്കുവേണ്ടിയുള്ള ഡിമാന്റുകളെ ഞാൻ അനുകൂലിക്കുകയാണ്. ഇവിടെ പ്രതിപക്ഷത്തുനിന്ന് പ്രസംഗിച്ച രണ്ടു മെമ്പർമാർ, ശ്രീ. വി.ജെ. പൗലോസും ശ്രീ. മൊയീൻകുട്ടിയും സംസാരിക്കുന്നതു കേട്ടപ്പോൾ അവർ ഏതു ലോകത്തുനിന്നു വന്ന ആളുകളാണ് എന്ന് ഞാൻ അത്ഭുത പ്പെട്ടുപോയി. ശ്രീ. വി.ജെ. പൗലോസും ശ്രീ. മൊയീൻകുട്ടിയും പറഞ്ഞ പല കാര്യങ്ങളും ഈ നിയമസഭയിൽ ഇതിനു മുൻപ് സംസ്ഥാന റവന്യൂമന്ത്രി ഉൾപ്പെടെയുള്ള ആളുകൾ നൽകിയ മറുപടിയിൽ ഉള്ള വസ്തുതകളിൽ നിന്ന് വ്യത്യസ്ഥമാണ്; യാഥാർത്ഥ്യ ബോധത്തോടുകൂടിയുള്ളവയല്ല. നിയമസഭാ വേദി യഥാർത്ഥത്തിൽ പലപ്പോഴും നമുക്ക് എന്തും പറയാനുള്ള വേദിയൊ ക്കെയാണെങ്കിൽപ്പോലും, യാഥാർത്ഥ്യമല്ലാത്ത കാര്യങ്ങൾ എപ്പോഴും പറയു ന്നത് ദു:ഖകരമാണ്. കേരളപ്പിറവിക്കുശേഷം കാര്യമായ പുന:സംഘടനയൊ ന്നും നടക്കാത്ത ഒരു വകുപ്പാണ് നമ്മുടെ റവന്യൂ വകുപ്പ്. വില്ലേജ് ആഫീസ് മുതൽ റവന്യൂ ബോർഡുവരെ പല തട്ടുകളുള്ള റവന്യൂ ഭരണം കൂടുതൽ സുതാര്യവും ജനങ്ങൾക്ക് കൂടുതൽ ഫലപ്രദവുമാക്കുകയെന്ന ലക്ഷ്യബോധത്തിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോൾ നമ്മുടെ സംസ്ഥാനത്ത് ഇതിന്റെ പുന:സംഘടന നടത്തിക്കൊണ്ടിരിക്കുന്നത്. ജനാധിപത്യ ഭരണവു മായി പൊരുത്തപ്പെടാത്ത റവന്യൂബോർഡ് നിർത്തലാക്കുന്നതിന് നമ്മുടെ നിയമസഭ 1998 ജൂലൈ മാസം 1-ാം തീയതി ബിൽ കൊണ്ടുവന്നതിന്റെ അടി സ്ഥാനത്തിൽ അതിന്റെ പ്രവർത്തനങ്ങൾ കമ്മിഷണറേറ്റിന് നൽകികൊണ്ടിരി ക്കുന്നു. ആ അടിസ്ഥാനത്തിലുള്ള നടപടി ക്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. നമ്മുടെ സംസ്ഥാനത്ത് അഴിമതി നടത്തുന്ന ഉദ്യോഗസ്ഥൻമാർക്കെതിരെ നട പടി സ്വീകരിക്കുന്നതിനും അഴിമതി തടയുന്നതിനുമായി കർക്കശമായ ചില നടപടികൾ റവന്യൂ വകുപ്പ് ഇക്കാലത്ത് നടത്തിക്കൊണ്ടിരിക്കുന്നു. സംസ്ഥാ നത്ത് ഇപ്പോൾ തിരുവനന്തപുരം, തൃശൂർ ജില്ലകൾ കേന്ദ്രമാക്കി രണ്ട് വിജി ലൻസ് സെല്ലുകൾ പ്രവർത്തനം ആരംഭിച്ചുകൊണ്ട് നിരവധി പരാതികൾ പരി ശോധിച്ച് അവയ്ക്കുമേൽ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

ഇവിടെ പറഞ്ഞല്ലോ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒരാൾക്കുപോലും പട്ടയം കൊടുത്തില്ലാ യെന്ന്. പട്ടയത്തിന്റെ കഥയെന്താണ്? 9.4.1994-ലെ മലയാള മനോരമ പത്ര ത്തിൽ 'പട്ടയമേള മാറ്റി, ഇന്ന് എം.എൽ.എ.മാർ സത്യാഗ്രഹം നടത്തും.' മുൻ റവന്യൂ വകുപ്പ് മന്ത്രി ശ്രീമാൻ മാണിസാർ ഈ വകുപ്പിന്റെ ചുമതല ഏറ്റെ ടുത്ത സന്ദർഭത്തിൽ അന്നുണ്ടായ രാഷ്ട്രീയ സംഭവങ്ങളിൽ മുഖ്യമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും തമ്മിലുള്ള തർക്കങ്ങൾ നമുക്കൊക്കെ അറിയാ വുന്നതാണ്.

ശ്രീ. ജോണി നെല്ലൂർ : അങ്ങ് 1994-ൽ, മുൻ റവന്യൂ വകുപ്പുമന്ത്രിയുടെ കാലത്ത് 'പട്ടയമേള മാറ്റി, എം.എൽ.എ.മാർ സത്യാഗ്രഹത്തിൽ' എന്നുള്ള പത്രവാർത്തയെപ്പറ്റി പറഞ്ഞല്ലോ. അന്നത്തെ ഗവൺമെന്റ് ചെയ്ത ആ തെറ്റി നെതിരെ റവന്യൂവകുപ്പു മന്ത്രിയുടെ പാർട്ടിയിൽപ്പെട്ട എം.എൽ.എ. മാർ തന്നെയാണ് സമരം സംഘടിപ്പിച്ചതെന്ന് അങ്ങേക്ക് അറിയാമോ?

ശ്രീ. പി.സി. ജോർജ് : ഈ സമര വേലയൊന്നും കാണിച്ചിട്ടു കാര്യ മില്ല. ശ്രീ. കരുണാകരന്റെ കാലത്ത് ശ്രീ. കരുണാകരനും ശ്രീ. മാണിയും കൂടി

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞത് ഏപ്രിൽ 1-ാം തീയതി പട്ടയം കൊടുക്കുമെന്നാണ്. നിങ്ങളുടെ മുഖ്യമന്ത്രിയായിരുന്ന കരുണാകരൻ പറഞ്ഞതാണ് അത്.

ശ്രീ. ജോസ് ബേബി : ഞാൻ അതിന്റെ വിശദാംശത്തിലേക്ക് വരുകയായിരുന്നു. "മുഖ്യമന്ത്രിയും റവന്യൂ മന്ത്രിയും തമ്മിലുള്ള തർക്കം മൂലം അലസിയ പട്ടയമേള അസ്വസ്ഥതക്ക് ആക്കം കൂട്ടി. പട്ടയ മേളക്കു പാര വച്ചതായുള്ള കേരളാ കോൺഗ്രസ് (എം) ആരോപണം ഐക്യജനാധിപത്യമുന്നണിയിലെ അസ്വസ്ഥതയ്ക്കു ആക്കം കൂട്ടും. ഇതുവരെ മുരണ്ടു കഴിഞ്ഞ കേരളാ കോൺഗ്രസ് (എം) ചങ്ങല പൊട്ടിച്ചാലും അത്ഭുതപ്പെടാനില്ല." മലയാള മനോരമ 11.4.1994 അതിനുശേഷം മലയാള മനോരമയിലെ ശ്രീ. ജോണി പറഞ്ഞ വിഷയം ഉണ്ടല്ലോ. അതിൽത്തന്നെ പറഞ്ഞിട്ടുണ്ട്. "പട്ടയമേള മാറ്റി ഇന്ന് എം.എൽ.എ.മാർ സത്യാഗ്രഹം നടത്തും. ഇടുക്കി നെടുംകണ്ടത്ത് ഇന്ന് നടത്താനിരുന്ന പട്ടയമേള അവസാനനിമിഷം മാറ്റിവച്ചു. റവന്യൂ മന്ത്രിയോട് ആലോചിക്കുകപോലും ചെയ്യാതെയുള്ള ഈ തീരുമാനത്തിന് എതിരെ കേരളാ കോൺഗ്രസ് (എം) ശക്തിയായി പ്രക്ഷോഭം തുടരുന്നു. രാവിലെ 11 മണിക്ക് പട്ടയമേള ചടങ്ങിനുവേണ്ടി ജില്ലാ പ്രസിഡന്റും മുൻ എം.എൽ.എ. യുമായ ശ്രീ. തോമസ് ജോസഫിന്റെ അനിശ്ചിതകാല സത്യാഗ്രഹം തുടരും. എം.എൽ.എ.മാരായ ശ്രീ. തോമസ് ചാഴികാടൻ, ശ്രീ. മാമ്മൻ മത്തായി, ശ്രീ. ജോയി എബ്രഹാം എന്നിവർ അതിനുശേഷം സത്യാഗ്രഹം തുടരും." ഇത് മലയാള മനോരമയിൽ വന്ന വാർത്തയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുണ്ടായ സംഭവമാണിത്. കഴിഞ്ഞ കാലങ്ങളിൽ നമ്മൾ ഈ സംസ്ഥാനത്ത് ചർച്ച ചെയ്തിട്ടുള്ള വിഷയങ്ങളാണ് ഇത്. അങ്ങനെയുള്ള സംഭവങ്ങളൊക്കെ മറച്ചു വച്ചുകൊണ്ട് ഈ ഗവൺമെന്റ് ഇപ്പോൾ കേരളത്തിൽ ഒരു ലക്ഷം ആളുകൾക്ക് പട്ടയം കൊടുക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുകയും ഇനിയും കൊടുക്കാനുള്ള മറ്റു നിയമനടപടികളുമായി പോയിക്കൊണ്ടിരിക്കുകയും ചെയ്യുന്നത് കണ്ടിട്ട് അത് കണ്ടില്ലായെന്ന് നടിക്കുന്ന ആ സമീപനം ഉണ്ടല്ലോ, അത് കണ്ണടച്ച് ഇരുട്ടാക്കുന്നതിനെക്കാൾ ഉപരി വളരെ ബോധപൂർവ്വമായ അപവാദ പ്രചരണത്തിന്റെ ഭാഗമാണ്. മറ്റു കാര്യങ്ങളിലേക്ക് ഞാൻ കടക്കുന്നില്ല. റോഡ്, പുഴ തുടങ്ങിയവയുടെ പുറമ്പോക്കിൽ കഴിയുന്ന കാൽ ലക്ഷത്തോളം ആളുകൾക്ക് കൈവശ രേഖ കൊടുക്കാൻ ആവശ്യമായ നടപടികൾ എടുത്തു കഴിഞ്ഞിരിക്കുന്നു. ഒട്ടേറെ പരാതികൾക്ക് ഇട നൽകുന്ന ഒരു വകുപ്പാണ് സർവ്വേ വകുപ്പ്. ആ സർവ്വേയുടെ കാര്യം പരിശോധിക്കുമ്പോൾ കാണുന്നത്, നമ്മുടെ സംസ്ഥാനത്ത് സർവ്വേ നടന്നത് പലപ്പോഴും ഏകപക്ഷീയമായിട്ടാണ് എന്നതാണ്. ഏകപക്ഷീയമായി നടക്കുന്നതുകൊണ്ട് നമ്മുടെ നാട്ടിൽ സർവ്വേയുടെ ഉദ്യോഗസ്ഥൻമാർ പോയി സർവ്വേ നടത്തുമ്പോൾ പാവപ്പെട്ട ആളുകൾക്ക് അതിർത്തി പ്രശ്നങ്ങൾ ഉണ്ടാകുന്നു. അതിർത്തി തർക്കം പരിഹരിക്കപ്പെടുന്നില്ല. എന്നാൽ ഇപ്പോൾ ഗവൺമെന്റ് ആ തീരുമാനം മാറ്റി, കാലഹരണപ്പെട്ട സർവ്വേ സമ്പ്രദായത്തിന് ഒരു മാറ്റം വരുത്തിക്കൊണ്ട് ഇപ്പോൾ ആധുനിക രീതിയിലുള്ള ഇലക്ട്രോണിക്സ് സമ്പ്രദായം ഉപയോഗിച്ചു മാത്രമേ സർവ്വേ നടത്താൻ പാടുള്ളൂവെന്നും അങ്ങനെയൊരു സർവ്വേ നടത്തുമ്പോൾ ചുറ്റുമുള്ള ആളുകൾക്ക് വിവരം കൊടുക്കണമെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പോലും അവിടെ ഈ വിവരം അറിയിച്ചിരിക്കണമെന്നും ഗവൺമെന്റ് തീരുമാനം എടുത്തിരിക്കുന്നു. അതിന്റെ നടപടിക്രമങ്ങളുമായി മുന്നോട്ടു പോകുന്നുണ്ട്. റവന്യൂ വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുവാൻ വില്ലേജാഫീസു മുതൽ സെക്രട്ടേറിയറ്റു വരെ കമ്പ്യൂട്ടർ ശൃംഖല സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു. അതിന്റെ ഭാഗ

LIBRARY ARCHIVES Kerala Legislative Assembly

മായി സെക്രട്ടേറിയറ്റും ജില്ലാ കളക്ടറേറ്റും ജില്ലാ താലൂക്ക്-കേന്ദ്രങ്ങളും ഇപ്പോൾ കമ്പ്യൂട്ടർവൽക്കരിച്ചിരിക്കുന്നു. കേരളത്തിലെ നിരവധി വില്ലേജ് ആഫീസുകളും, കമ്പ്യൂട്ടർവൽക്കരിക്കാൻ ആവശ്യമായ നടപടികളുമായി മുന്നോട്ടു പോവുകയാണ്. ഇന്ന് നമ്മുടെ സംസ്ഥാനത്ത് എല്ലാ ആവശ്യങ്ങൾക്കും വില്ലേജ് ഓഫീസുകളെ ആശ്രയിക്കണം. ഇന്ന് 24 ഇനം സർട്ടിഫിക്കറ്റുകൾ വില്ലേജാഫീസിൽ നിന്നും കൊടുക്കണം. അങ്ങനെ 24 ഇനം സർട്ടിഫിക്കറ്റുകൾ കൊടുക്കുമ്പോൾ പലപ്പോഴും താഴെത്തട്ടിലുള്ള ആളുകൾ പല ആവശ്യങ്ങൾക്കും വില്ലേജാഫീസിൽ പോകുമ്പോൾ അവിടെ അഴിമതിയുടേയും കൈക്കൂലിയുടേയും പല സംഭവങ്ങളും ഉണ്ടാകുന്നു. അതിന് പരിഹാരം ഉണ്ടാക്കുവാൻ ഒരു കുടുംബത്തിന്റെ പ്രശ്നങ്ങൾ, കുടുംബത്തിന്റെ അംഗസംഖ്യ, ഒരു കുടുംബത്തിന്റെ വരുമാനം, അതുപോലെ ഭൂസ്വത്ത്, ജാതി തുടങ്ങിയ എല്ലാ വിവരങ്ങളും അടങ്ങിയിട്ടുള്ള റവന്യൂ കാർഡ് ഏർപ്പെടുത്തുന്നതിനാവശ്യമായ നടപടികളുമായി ഈ ഗവൺമെന്റ് മുന്നോട്ടു പോകുന്നത്. പ്രതിപക്ഷം ചെറുതായി കാണുന്ന സമീപനം തിരുത്തേണ്ടതാണ്, കേരളത്തിലെ ആദിവാസി ഭൂസംരക്ഷണ നിയമം കേരള നിയമസഭ 1975-ൽ പാസ്സാക്കിയതാണ്. ആദിവാസികളുടെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചുനൽകുന്നതിന് ഈ നിയമസഭ ഏകകണ്ഠമായി പാസ്സാക്കിയ നിയമത്തിന് പ്രസിഡന്റിന്റെ അംഗീകാരം കിട്ടാതിരുന്നപ്പോൾ പിന്നീട് ഈ നിയമസഭയിൽ ഒരു നിയമം കൊണ്ടുവരുകയും ഭൂമിയില്ലാത്ത മുഴുവൻ ആദിവാസികൾക്കും ഒരേക്കർ ഭൂമി വീതം കൊടുക്കുന്നതിനുള്ള നടപടികളുമായി ഈ ഗവൺമെന്റ് മുന്നോട്ട് പോകുകയും ചെയ്യുന്നു. കർഷകരാണെങ്കിൽപ്പോലും രണ്ട് ഏക്കറിനു മുകളിൽ ആദിവാസികളുടെ ഭൂമി കൈവശപ്പെടുത്തിയിരിക്കുന്നത്, ഭൂമി അവർ കൈവശം വച്ചിട്ടുണ്ടെങ്കിൽ അതെടുത്ത് ഈ ആദിവാസികൾക്ക് കൊടുക്കാൻ തീരുമാനിച്ചിരിക്കുന്നു. അങ്ങനെയുള്ള ഭൂമി വിതരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം വരുന്ന 10-ാം തീയതി അഗളിയിൽവച്ച് സംസ്ഥാന മുഖ്യമന്ത്രി നിർവഹിക്കാൻ പോവുകയാണ്. മറ്റൊന്ന്, ഭൂപരിഷ്കരണ നിയമം നടപ്പാക്കുന്നതിനെ തുടർന്ന് കേരളത്തിലെ നിരവധി പ്രദേശങ്ങളിലെ കർഷകർ വളരെയേറെ ബുദ്ധിമുട്ടുന്നു. പലപ്പോഴും ജൻമിമാർ, അവർ വിറ്റ ഭൂമിതന്നെ പിന്നീട് മിച്ചഭൂമിയായി എഴുതിയെടുക്കുന്നതിനെത്തുടർന്ന് കേരളത്തിന്റെ പല പ്രദേശങ്ങളിലും പാവപ്പെട്ട കർഷകർ ഇപ്പോൾ കുടിയൊഴിപ്പിക്കൽ ഭീഷണി നേരിട്ടുകൊണ്ടിരിക്കുകയാണ്. അതിന് പരിഹാരം കാണാൻ ആവശ്യമായ ചില നിയമനിർമ്മാണങ്ങൾ ഉണ്ടാക്കണം. ഇപ്പോൾ പ്രത്യേകമായി ജോലിയൊന്നും ഇല്ലാത്ത നിരവധി ലാന്റ് ട്രിബ്യൂണൽ ആഫീസുകൾ സംസ്ഥാനത്ത് നിർത്തലാക്കി. എന്നാൽ നമ്മുടെ കേരളത്തിലെ പല പ്രദേശങ്ങളിലും ഇപ്പോഴും ലാന്റ് ട്രിബ്യൂണൽ കൈകാര്യം ചെയ്യുന്ന കേസുകൾ ഉള്ളതുകൊണ്ട് ആ കേസുകൾ കൈകാര്യം ചെയ്യുന്നതിന് സിറ്റിംഗ് ഏർപ്പെടുത്താമെന്ന് നിയമസഭയിൽ മന്ത്രി ഉറപ്പു നൽകിയതാണ്. അത് കാലതാമസം കൂടാതെ നടപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം. നിരവധി കർഷകർ ഇപ്പോൾ ബുദ്ധിമുട്ടുകയാണ്. അതിനൊരു പരിഹാരം ഉണ്ടാകണം. അതിനാവശ്യമായ നടപടികൾ ഗവൺമെന്റ് ഭാഗത്തുനിന്നും ഉണ്ടാകണം. . സർവ്വേയിൽ ചില അപാകതകൾ ഉണ്ട്. ഇപ്പോൾ നമ്മുടെ സംസ്ഥാനത്ത് സർവ്വേ നടപടികൾ നടക്കുമ്പോൾ താലൂക്ക് സർവ്വേ, ജില്ലാ സർവ്വേ അതുപോലെയുള്ള സർവ്വേകളുടെ നടപടികൾ ആ സർവ്വേയിൽ പരാതിയുണ്ടെങ്കിൽ ആ പരാതിയിൽ അപ്പോൾ അപ്പീൽ കൊടുക്കുവാനുള്ള സംവിധാനമില്ല. പരാതിയുള്ള ആളുകൾ നേരെ കോടതിയിൽ പോകണം. പാവപ്പെട്ട 50 സെന്റുകാരൻ, ഒരേക്കറു

LIBRARY ARCHIVES Kerala Legislative Assembly

കാരൻ, രണ്ട് ഏക്കറുകാരൻ ഇവരൊക്കെ കേസുകൾക്ക് കോടതിയിൽ പോയി പരിഹാരം ഉണ്ടാക്കി തിരിച്ചു വരുകയെന്ന് പറയുമ്പോൾ പ്രായോഗികമായി ബുദ്ധിമുട്ടുണ്ട്. അത് പരിഹരിക്കുവാൻ ആവശ്യമായ ഒരു സംവിധാനം ഉണ്ടാക്കുവാനും ഗവൺമെന്റ് ആലോചിക്കണം. സർ, മറ്റൊന്ന് ലീഗൽ മെട്രോളജി ഡിപ്പാർട്ടുമെന്റിനെക്കുറിച്ചാണ്. ലീഗൽ മെട്രോളജിയെ കുറിച്ച് പറയുമ്പോൾ നമ്മുടെ സംസ്ഥാനത്ത് ലീഗൽ മെട്രോളജിയുടെ ഉദ്യോഗസ്ഥൻമാരും, കച്ചവടക്കാരും യോജിച്ചു നടത്തുന്ന ചില തട്ടിപ്പുകളെക്കുറിച്ച് ഇതിനോടകംതന്നെ പോലീസിലെ വിജിലൻസ് സെല്ലിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. അവർ അന്വേഷിച്ച സമയത്ത് പല സ്ഥലങ്ങളിലും ലീഗൽ മെട്രോളജി ഉദ്യോഗസ്ഥരും കച്ചവടക്കാരും തമ്മിൽ യോജിച്ചുകൊണ്ട് ജനങ്ങളെ ചൂഷണം ചെയ്യുന്ന ഒരു ഏർപ്പാടുണ്ട് എന്ന് മനസ്സിലായി. അതിനൊരു പരിഹാരമുണ്ടാകണം. ലീഗൽ മെട്രോളജിയിലെ ഉദ്യോഗസ്ഥൻമാരുടേയും കച്ചവടക്കാരുടേയും യോജിച്ചുള്ള ഒത്തുകളി അവസാനിപ്പിക്കുവാൻ ലീഗൽ മെട്രോളജിയിൽ നിർബന്ധിതമായ ഒരു വിജിലൻസ് സംവിധാനം ഉണ്ടാക്കണം. അങ്ങനെ ഒരു വിജിലൻസ് സംവിധാനം കൂടി ഉണ്ടാക്കി ഈ പാവപ്പെട്ട ജനങ്ങളെ ചൂഷണം ചെയ്യുന്ന സമീപനത്തിന് എതിരായി ശക്തമായ ചില നടപടികളുമായി ഗവൺമെന്റ് മുന്നോട്ടുപോകണം. അങ്ങനെയാണെങ്കിൽ മാത്രമേ കേരളത്തിലെ ജനങ്ങൾക്ക് പ്രയോജനപ്രദമായ, ജനങ്ങൾക്ക് ഗുണകരമായ ചില നടപടികളുമായി ഗവൺമെന്റ് മുന്നോട്ടു പോയി എന്ന് ജനങ്ങൾക്ക് വിശ്വാസമുണ്ടാകൂ. മറ്റൊരു കാര്യം എനിക്ക് പറയാനുള്ളത്, പ്രതിപക്ഷത്തെ മെമ്പർമാർ എല്ലാ പ്രശ്നത്തേയും രാഷ്ട്രീയവൽക്കരിക്കാതെ, സത്യം സത്യമായി അംഗീകരിക്കാൻ തയ്യാറാകണം എന്നാണ്. ബഹുമാനപ്പെട്ട പി.സി. ജോർജ്ജ് പറഞ്ഞതുപോലെ കഴിഞ്ഞ കാലങ്ങളിൽ ചില പ്രദേശങ്ങളെ മാത്രം കേന്ദ്രീകരിച്ചുകൊണ്ട് റവന്യൂ വകുപ്പിന്റെ ചില വികസന പ്രവർത്തനങ്ങളും ഫണ്ടും ഉൾപ്പെടെ കിട്ടിക്കൊണ്ടിരുന്ന സ്ഥിതിക്ക് മാറ്റം വരുത്തിക്കൊണ്ട് സംസ്ഥാനത്തെ എല്ലാ മണ്ഡലങ്ങളും തുല്യമായി കാണുന്ന ഒരു സമീപനവുമായി മുന്നോട്ടുപോകുന്ന റവന്യൂ വകുപ്പുമന്ത്രി അവതരിപ്പിച്ച ഈ ധനാഭ്യർത്ഥനകളെ അനുകൂലിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. മാമ്മൻ മത്തായി : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഭരണപക്ഷത്തു നിന്ന് ബഹുമാന്യരായ കുമാരനും ജോസ് ബേബിയും റവന്യൂ വകുപ്പിന്റെ പ്രവർത്തനങ്ങളെ അഭിനന്ദിച്ചുകൊണ്ട് ഇവിടെ പ്രസംഗിക്കുകയുണ്ടായി. ശ്രീ. കുമാരനെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് ചെയ്ത കാര്യങ്ങൾ ഒന്നും പറഞ്ഞില്ലെങ്കിൽപ്പോലും ചില കാര്യങ്ങൾ ചെയ്യാൻ ശ്രമിക്കുന്നു എന്ന് അദ്ദേഹം സൂചിപ്പിച്ചു. മാത്രമല്ല അദ്ദേഹം പറഞ്ഞ ഒരു കാര്യം റയിൽവേ പുറംപോക്കിനുവരെ പട്ടയം കൊടുത്ത ഒരു മന്ത്രിയാണ് ഇതെന്നാണ്. ഞാൻ അതിനെപ്പറ്റിയുള്ള ബാക്കി കാര്യങ്ങളൊന്നും പറയുന്നില്ല. അദ്ദേഹത്തിന്റെ പ്രസംഗത്തെ ആ രൂപത്തിൽ കണ്ടാൽ മതി എന്നു മാത്രമേ എനിക്ക് പറയാനുള്ളൂ. ശ്രീ. ജോസ് ബേബി സൂചിപ്പിച്ചത് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മലയോര കർഷകർക്ക് പട്ടയം കൊടുക്കുന്ന കാര്യത്തിൽ വളരെയധികം നടപടികൾ സ്വീകരിച്ചു എന്നാണ്. ഒരു ചുക്കും നിങ്ങൾ ചെയ്തിട്ടില്ല. നിങ്ങൾക്കറിയാമല്ലോ കേന്ദ്ര വനം സംരക്ഷണ നിയമം രണ്ടാം വകുപ്പ് അനുശാസിക്കുന്ന നടപടി ക്രമങ്ങൾ മുഴുവൻ പൂർത്തിയാക്കി. 28,000 എക്കർ സ്ഥലത്തിന് പട്ടയം കൊടുക്കുന്നതിനുള്ള കേന്ദ്രാനുമതി വാങ്ങിയെടുത്തത് കഴിഞ്ഞ ഐക്യ ജനാധിപത്യമുന്നണി ഗവൺമെന്റാണ്. 15,000 പേർക്ക് പട്ടയം കൊടുക്കുവാൻ ഐക്യജനാധി

LIBRARY ARCHIVES Kerala Legislative Assembly

പത്യ മുന്നണി ഗവൺമെന്റിൽ അന്നത്തെ റവന്യൂ വകുപ്പുമന്ത്രിയായിരുന്ന ശ്രീ.കെ.എം.മാണി സാറിനു കഴിഞ്ഞു. തുടർന്ന് സ്റ്റേ ഉണ്ടായതുകൊണ്ട് കൊടുക്കാൻ കഴിഞ്ഞില്ല. ഈ ഗവൺമെന്റു വന്നതിനുശേഷം മൂന്നു വർഷമാ യല്ലോ കോടതിയിൽ കിടക്കുന്ന സ്റ്റേ മാറ്റാൻ എന്തു നടപടിയാണ് നിങ്ങൾ സ്വീകരിച്ചത്? വെറുതെ നിന്ന് മലയോര കർഷകർക്ക് പട്ടയം കൊടുത്തു, തോടു പുറംപോക്കിലും, കുളം പുറംപോക്കിലും കിടക്കുന്നവർക്ക് പട്ടയം കൊടുത്തു എന്ന് പറഞ്ഞാൽ ബഹുമാന്യനായ മന്ത്രി ഒന്നു വെരിഫൈ ചെയ്യണം. എത്ര തോടുപുറംപോക്കിലും, കുളം പുറംപോക്കിലും റോഡു പുറംപോക്കിലും കിടക്കുന്നവർക്ക് നിങ്ങൾ പട്ടയം കൊടുത്തു എന്ന്. പല സ്ഥലങ്ങളിലും പട്ടയം കൊടുത്തു എന്നുള്ള കാര്യം ഞാൻ അംഗീകരിക്കുന്നു. പക്ഷെ തോട്, പുഴ, റോഡ് ഈ പുറം പോക്കിൽ താമസിക്കുന്ന എത്രപേർക്ക് പട്ടയം കൊടുത്തുവെന്ന് വെരിഫൈ ചെയ്തു നോക്കണം. കേരളം ഒട്ടുക്ക് നോക്കിയാൽ വെറും 100-ൽ താഴെ ആയിരിക്കും അത് എന്ന് അറിയാമോ? നമ്മുടെ സംസ്ഥാന ഗവൺമെന്റിൽനിന്നും റവന്യൂ വകുപ്പിൽ നിന്നും കുത്തക പാട്ടത്തിന് സ്ഥലമെടുത്ത പാവങ്ങളായ ആളുകളുണ്ട്. തിരുവല്ലായിൽ ഒരു കോളനിയുണ്ട്. അഞ്ചുസെന്റു വീതമുള്ള സ്ഥലമാണ്. ഇന്ന് പാട്ട വ്യവസ്ഥ കൾ മാറ്റിക്കൊണ്ട് മാർക്കറ്റ് വിലയുടെ 10 ശതമാനം ആണ് താമസക്കാർ കൊടുക്കേണ്ടത്. അതായത് 5 സെന്റ് ഭൂമി കുത്തകപ്പാട്ടത്തിന് എടുത്തു താമ സിക്കുന്നവർ ഒരു വർഷം നാലായിരവും, അയ്യായിരവും രൂപ ഗവൺമെന്റി ലേക്ക് അടയ്ക്കേണ്ട ഒരു സാഹചര്യം ഉണ്ട്. അത് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. രണ്ടു സെന്റ് ഭൂമി കുത്തക പാട്ട ത്തിന് എടുത്തവന് ഒരു പെട്ടിക്കടയാണെങ്കിൽ അതിന് 25% തുക കൊടുക്കണം. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി യുക്തമായ നടപടി സ്വീകരിക്കണം. കഴിഞ്ഞ കാലങ്ങളിലെന്നപോലെ കുത്തക പാട്ടത്തിന് തുച്ഛ മായ സംഖ്യ ഗവൺമെന്റിൽ കൊടുത്ത് കച്ചവടം നടത്തുകയും, താമസിക്കു കയും ചെയ്യുന്ന പാവപ്പെട്ടവരുടെ കാര്യമെങ്കിലും അങ്ങ് ശ്രദ്ധിക്കണം എന്ന് പറയാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്.

റവന്യൂ ബോർഡിന്റെ കാര്യം ഇവിടെ സൂചിപ്പിച്ചു. അതു സംബന്ധിച്ചു 20-6-98 ൽ 331/98/ആർ.ഡി. എന്ന ഉത്തരവുണ്ടായി, കമ്മീഷണറേറ്റ് ഉണ്ടായി. പിന്നെ എന്തുണ്ടായി? പിന്നെ അങ്ങോട്ട് മുന്നോട്ട് പോകാൻ കഴിഞ്ഞോ? റവന്യൂ വകുപ്പ് പുനഃസംഘടിപ്പിക്കുന്നു എന്നു പറഞ്ഞു, അത് സംബന്ധിച്ച് ഉത്തരവുണ്ടായി. ഒരു പുനഃസംഘടനയും നടന്നില്ല, കുറെ ഫർക്കാ ഇൻസ്പെ ക്ടർമാരുടെ പോസ്റ്റുകൾ നിർത്തലാക്കി. ഇന്ന് ഓഫീസുകളിൽ ചെന്നാൽ പാവപ്പെട്ടവന്റെ സ്ഥിതി എന്താ? നിരവധി സർട്ടിഫിക്കറ്റുകൾ കൊടുക്കേണ്ട ഒരു വകുപ്പാണ് പൊതുഭരണ വകുപ്പ്. ഇന്ന് വില്ലേജ് ഓഫീസർമാർ എഴു തുന്ന റിപ്പോർട്ടുകൾ ഡെപ്യൂട്ടി തഹസീൽദാർ വെരിഫൈ ചെയ്തിട്ടുവേണം സർട്ടിഫിക്കറ്റ് കിട്ടാൻ. ഇന്നും കര,മുറി,വില്ലേജ്,ഫർക്ക,താലൂക്ക് സംവിധാനം നിലനിൽക്കുകയാണ്. അതുകൊണ്ട് സർട്ടിഫിക്കറ്റുകൾ കിട്ടാൻ വളരെയ ധികം കാലതാമസം നേരിടുന്നു. ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് ഫർക്ക റവന്യൂ ഓഫീസർ എന്നുള്ള പോസ്റ്റ് ഉണ്ടാക്കി സാധാരണക്കാരന്റെ ഈ പ്രശ്നത്തിനു പരിഹാരം കാണുവാൻ അങ്ങ് ശ്രമി ക്കണം എന്നാണ്. വെള്ളപ്പൊക്ക കെടുതികളുടെ കാര്യം ഇവിടെ സൂചിപ്പിക്കു കയുണ്ടായി, ബഹുമാനപ്പെട്ട മന്ത്രിയോട് ഞാനും ഒരു പ്രാവശ്യം സംസാരിച്ച താണ്. ഗവൺമെന്റിൽ നിന്ന് ആ തുക സമയത്തിന് കൊടുത്തോ, ഇല്ലയോ എന്ന് എനിക്ക് അറിയാൻ പാടില്ല. ഏതായാലും ഞാൻ ഒന്നുപറയട്ടെ, ജൂൺ

LIBRARY ARCHIVES Kerala Legislative Assembly

ഒന്നാം തീയതി വെള്ളപ്പൊക്കം തുടങ്ങിയിട്ട് താലൂക്കാഫീസുകളിൽ പണം വന്നത് ജൂൺ 13-ാം തീയതിക്കുശേഷമാണ്. തഹസീൽദാരുടെ ഗതികേട് ഞാൻ കണ്ടു. ക്യാമ്പുകളിൽ താമസിക്കുന്നവർക്ക് പച്ചക്കറി കൊടുക്കുവാൻ കടകളിൽ പോയി തെണ്ടി പിരിക്കുകയാണ്. ഇവിടെ നിയമ വകുപ്പുമന്ത്രി കഴിഞ്ഞദിവസം പറയുകയുണ്ടായി. ആഹാരം പാകം ചെയ്ത് കൊടുക്കുന്ന ഏർപ്പാട് ഉണ്ടെന്ന്. എവിടെയാണ് കൊടുത്തിരിക്കുന്നത്? നമുക്ക് എല്ലാ വർക്കുമറിയാം, എല്ലാ വർഷവും പ്രളയമുണ്ടാകും. പ്രളയക്കെടുതി വരുമ്പോൾമാത്രം നാം അതിനെ നേരിടാനുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുകയാണ്. ആർ.ഡി.ഒ.യ്ക്കോ, കളക്ടർക്കോ ഉദാരമതികളായ ആളുകളിൽനിന്നും സംഭാവന വന്നിട്ടുപോലും കാര്യങ്ങൾ ചെയ്യാൻ കഴിയുന്നില്ല. അതുകൊണ്ട് അവർക്ക് ഒരു ഫണ്ട് എത്തിച്ചുകൊടുത്ത്, ഉദാരമതികളായ ആൾക്കാരിൽ നിന്നും മേടിച്ച് ഇതിനുവേണ്ടി ചെലവഴിക്കുന്ന ഒരു സംവിധാനം വേണം. തിരുവല്ലാ താലൂക്കിനെ സംബന്ധിച്ച് പറയാം. ഗവൺമെന്റ് 5 ലക്ഷം രൂപ കൊടുത്തപ്പോൾ തിരുവല്ലാ, മാർത്തോമ സമിതി 5 ലക്ഷം രൂപ കൊടുത്തു. ഒരു വ്യക്തി ഒരു ലക്ഷം കൊടുത്തു, ആറു ലക്ഷം രൂപാ അവർ കൊടുത്തതുവച്ചാണ് അവിടെ ഭാഗീകമായി കാര്യങ്ങൾ നടത്തുവാൻ കഴിഞ്ഞത്. മറ്റൊന്ന് പുനഃസംഘടനയെത്തുടർന്ന് 100-ഓളം തഹസീൽദാർമാരുടേയും, 300-ഓളം ഡെപ്യൂട്ടി തഹസീൽദാർമാരുടേയും പോസ്റ്റുകൾ ഒഴിഞ്ഞുകിടക്കുകയാണ്. പത്തനംതിട്ട ജില്ലയിൽ മാത്രം 10 തഹസീൽദാർമാരുടെ പോസ്റ്റുകൾ ഒഴിഞ്ഞുകിടപ്പുണ്ട്. ഇതിനൊരു പരിഹാരം വേണ്ടേ? കാരണം അധികാര വികേന്ദ്രീകരണത്തിന്റേയും പുനഃസംഘടനയുടേയുമൊക്കെ ഫലമായി ധാരാളം ജോലികൾ ഇന്ന് വില്ലേജ് ഓഫീസർമാർക്കുണ്ട്. അതിന് അടിയന്തിരമായി ഒരു പരിഹാരം കാണുന്നതിന്, ഈ ഒഴിവുകൾ നികത്തുന്നതിനാവശ്യമായ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണം. അതുപോലെതന്നെ ഭൂനികുതി. ഇന്ന് ഒരു വർഷത്തെ ഭൂനികുതി മാത്രമേ നമുക്ക് ഒരുമിച്ച് അടയ്ക്കാൻ നിവൃത്തിയുള്ളൂ. അതുകൊണ്ട് ഉണ്ടാകുന്ന ബുദ്ധിമുട്ട് എന്നുപറയുന്നത് അത്യാവശ്യത്തിന് ടാക്സ് റിസീപ്റ്റിന് ചെന്നാൽ അവിടെ കൊടുക്കേണ്ട കൈക്കൂലിയുടെ വ്യാപ്തി വളരെ കൂടുതലാണ്. കുറഞ്ഞത് രണ്ടു വർഷത്തേയോ, മൂന്നു വർഷത്തേയോ നികുതി ഒരുമിച്ച് മേടിക്കുവാനുള്ള സൗകര്യം ഉണ്ടാകണം. ഒരു കാര്യത്തിൽ മാത്രം സന്തോഷമുണ്ട്, ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ച, അല്ലെങ്കിൽ തുടക്കം കുറിച്ച ചില പദ്ധതികൾ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. റവന്യൂ കാർഡ് ഐക്യജനാധിപത്യ മുന്നണിയുടെ കുഞ്ഞാണ്, അത് ശ്രീ. മാണി സാറിന്റെ കുഞ്ഞാണ്; യാതൊരു സംശയവും വേണ്ട. നിങ്ങളുടെയൊന്നുമല്ല, നിങ്ങൾ ഒന്നും ഭാവനയിൽപോലും കണ്ടതല്ല. ആണെന്നു പറയാൻ കഴിയുമോ?

സർ, അസംബ്ലി പ്രൊസീഡിംഗ്സ് എടുത്തുനോക്കണം. അതിൽ റവന്യൂകാർഡ് എന്നുപറയുന്നത് ഐക്യജനാധിപത്യ മുന്നണിയുടെ കുഞ്ഞാണ്. കെ.എം. മാണിസാറാണ് ഈ നിയമസഭയിൽ അത് കൊണ്ടുവന്നത് എന്നു കാണാം. ബഹുമാനപ്പെട്ട മന്ത്രി അത് നടപ്പിലാക്കാൻ ശ്രമിക്കുന്നതിൽ എനിക്കു സന്തോഷമേയുള്ളൂ. ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് ഏതെല്ലാം നല്ല പരിപാടികൾ കൊണ്ടുവന്നാലും അതു മുഴുവൻ നിങ്ങൾ നശിപ്പിച്ചു കളഞ്ഞിട്ടുണ്ട്. അതിൽനിന്നു വ്യത്യസ്തമായി റവന്യൂ കാർഡ്, മലയോരകർഷകരുടെ കൈവശഭൂമിക്ക് പട്ടയം-ഇക്കാര്യങ്ങളിലൊക്കെ ബഹുമാനപ്പെട്ട മന്ത്രി നടപടിയുമായി പോകുന്നതിൽ സന്തോഷമുണ്ട്, പക്ഷേ അതു പൂർത്തിയാക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ദുരിതാശ്വാസ പ്രവർത്തനങ്ങളെപ്പറ്റി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ജോർജിന് എന്താ ജോർജേ പറയാൻ അവകാശം? ജോർജിനെ വെല്ലുവിളിച്ചു ഞാൻ പറയാം. പൊതുമരാമത്ത് വകുപ്പിൽ ഈ കൊല്ലത്തിൽ നിങ്ങൾ കൊടുക്കുന്ന വർക്കുകൾ ധൈര്യമുണ്ടോ നിങ്ങൾക്ക് പുറത്തു പറയാൻ? ഞങ്ങളുടെയൊക്കെ നിയോജകമണ്ഡലത്തിൽ ഒരു വർക്കുപോലും ഇല്ലാത്തപ്പോൾ നിങ്ങളുടെ ഒറ്റ നിയോജകമണ്ഡലത്തിൽ ഒരു കോടി രൂപയുടെ വർക്കുണ്ട്. എന്നിട്ട് മാറിയിരുന്ന് താങ്ങുകയാണ് പുള്ളികൾ, നാണമില്ലേ; (ബഹളം).....ഞങ്ങളും അതിനാണ് നടക്കുന്നത്, ജോർജ് പറയരുത്, ജോൺസാർ പറയരുത്, ഡോക്ടർ കെ.സി. ജോസഫ് പറയരുത്, മറ്റാരെങ്കിലും പറഞ്ഞാൽ ഞങ്ങൾ കേൾക്കാൻ തയ്യാറാണ്. ഞങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് സൂചിപ്പിക്കാനുള്ളത് വെള്ളപ്പൊക്കത്തിന്റെ കെടുതികൾ ഏറ്റവും കൂടുതൽ അനുഭവിച്ചത് പത്തനംതിട്ട ജില്ല, തിരുവല്ല താലൂക്ക് എന്നിവയാണ്; അങ്ങനെ അനുഭവിച്ച താലൂക്കുകളിൽ അടിയന്തിരമായി റോഡുകൾ നന്നാക്കുന്നതിനും ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തുന്നതിനുമായി വെള്ളപ്പൊക്ക ദുരിതാശ്വാസ നിധിയിൽനിന്നും 25 ലക്ഷം രൂപ വീതം എം.എൽ.എ.മാർക്ക് അനുവദിക്കണം എന്ന നിർദ്ദേശം ഞാൻ വയ്ക്കുകയാണ്. ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് തുടങ്ങിവച്ച പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ ശ്രമിക്കണം. റവന്യൂ ബോർഡ് നിർത്തലാക്കിയതിനെ തുടർന്നുണ്ടായിരിക്കുന്ന ബുദ്ധിമുട്ടുകൾ, റവന്യൂ വകുപ്പ് പുനഃസംഘടിപ്പിക്കാതെ മുന്നോട്ടു പോകുന്നതിലുള്ള ബുദ്ധിമുട്ടുകൾ എന്നിവ പരിഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം. ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

<u>ശ്രീ. പി.സി. ജോർജ്</u> : സർ, ഞാൻ ഈ ഡിമാന്റുകളെ അനുകൂലിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ.ഇ. ഇസ്മയിലിന്റെ നേതൃത്വത്തിൽ റവന്യൂ വകുപ്പു നാളിതുവരെ ഇല്ലാത്ത രീതിയിൽ നല്ലവണ്ണം പ്രവർത്തിച്ചു മുന്നോട്ടു പോകുന്നു എന്നു കാണുന്നതിൽ സന്തോഷമുണ്ട്. പ്രതിപക്ഷത്തിന്റെ പ്രസംഗങ്ങൾ കേൾക്കുകയുണ്ടായി. ആർക്കും ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രവർത്തനങ്ങളെപ്പറ്റി പരാതിയൊന്നും പറയാനില്ല. കോൺഗ്രസിന്റെയും, ലീഗിന്റെയും, മാണി ഗ്രൂപ്പിന്റെയും അംഗങ്ങൾ ഇവിടെ സംസാരിച്ചു. ശ്രീ. മാമ്മൻ മത്തായി അവസാനം പാലാ മെംപർ വന്നപ്പോൾ ഇത്തിരി ശക്തികൂട്ടിയെന്നല്ലാതെ ഒരു പ്രശ്നവും ഉണ്ടായില്ല. വളരെ സൗമ്യമായി കാര്യങ്ങൾ പറഞ്ഞുകൊണ്ടിരുന്നതാണ്. പാലാ മെംപർ വന്നു; ശക്തിയും കൂടി. വേറെ കുഴപ്പമൊന്നും ഇല്ല. ശ്രീ. മാമ്മൻ മത്തായി പറഞ്ഞ കാര്യമെന്താണ്? ജൂൺ ഒന്നാം തീയതി വെള്ളപ്പൊക്കമുണ്ടായിട്ട് ജൂൺ 13-ാം തീയതിയാണ് താലൂക്കിൽ പണം വരുന്നത് എന്നല്ലേ? വലിയ സംഭവമായിപ്പോയി? എനിക്കു ചിരി വന്നു. കാരണമെന്താണ്? അദ്ദേഹത്തിന്റെ നേതാവ് റവന്യൂ മന്ത്രിയായിരുന്ന 1993 ൽ ഞാൻ ഈ സഭയിൽ മുൻപ് പറഞ്ഞതാണ്. പൂഞ്ഞാർ തെക്കേക്കര പഞ്ചായത്തിൽ അടിവാരമെന്നുപറയുന്ന സ്ഥലത്ത് ഉരുൾപൊട്ടി ബഹുമാനപ്പെട്ട എ.കെ. ആന്റണിയുടെ അനുയായിയായ ടോമിയുടെ പിതാവ് മരിച്ചതുൾപ്പെടെയുള്ള വേദനാജനകമായ സംഭവമുണ്ടായിട്ട് അവിടെ നഷ്ടപരിഹാരം കൊടുത്തത് എപ്പോഴാണെന്നറിയാമോ? കഴിഞ്ഞയാഴ്ചയാണ്. എന്നിട്ട് ഇരുന്നു പ്രസംഗിക്കുകയാണ്. നാണം വേണ്ടേ? എവിടെയായിരുന്നു നിങ്ങൾ? ഒന്നു ആലോചിക്കണം. ഞാൻ അതിലേക്ക് വരുന്നതിനു മുൻപ് ബഹുമാനപ്പെട്ട മന്ത്രിയോടു ഒന്നു രണ്ടു കാര്യങ്ങൾ പറയാനുണ്ട്. പറഞ്ഞാൽ അത് നടപ്പിലാക്കുന്നവനാണ്. കാര്യങ്ങൾ ചെയ്യാൻ തന്റേട

LIBRARY ARCHIVES Kerala Legislative Assembly

മുള്ളവനാണ്. മുഖം നോക്കാതെ കാര്യങ്ങൾ ചെയ്യുന്നവനാണ് എന്നു ബോധ്യമുള്ളതുകൊണ്ടാണ് ചില കാര്യങ്ങൾ അദ്ദേഹത്തോട് പറയുന്നത്. കേൾക്ക്, നിങ്ങൾക്കു കൂടി വേണ്ട കാര്യങ്ങളാണ്. സർ, ഞാൻ കൃഷിക്കാരുടെ മേഖലയിലെ ജനപ്രതിനിധിയാണ്. അതുകൊണ്ടാണ് പറയുന്നത്. സർ, രാജാക്കൻമാർ കൊടുത്ത ഭൂമിയുണ്ട്. ഇതുവരെ പട്ടയം കൊടുക്കാൻ പറ്റിയിട്ടില്ല. നടന്നില്ല, അതുകൊണ്ടാണ്. ഏകദേശം അൻപതിനായിരത്തോളം ഏക്കർ ഭൂമിക്ക് പട്ടയം കൊടുക്കാനുണ്ട്; കൂടുതലും കോട്ടയം ജില്ലയിലാണ്. കോട്ടയം ജില്ലയിലേക്ക് ഞാൻ പറയണ്ടേ, അതുകൊണ്ടാണ് പറയുന്നത്. നിർബന്ധമായും എത്രയും വേഗം പട്ടയം കൊടുക്കാനുള്ള നടപടി സ്വീകരിക്കണം. പട്ടയം കൊടുക്കാനുണ്ട്. ഏറ്റവും കൂടുതൽ കോട്ടയം ജില്ലയിലാണ്. അതുപോലെ മിച്ചഭൂമി മുപ്പതിനായിരം ഹെക്ടർ വിതരണം ചെയ്യാനുണ്ട്. എന്തുകൊണ്ട് അത് വിതരണം ചെയ്യാൻ കഴിയുന്നില്ല.? പ്രത്യേക കോടതിയിൽ അതു സംബന്ധിച്ച് കേസ് ഉണ്ടെന്നാണ് പറയുന്നത്. കാരണം ആ കോടതി കേസൊക്കെ മാറ്റി വയ്പിച്ചുകൊണ്ട് എത്രയും വേഗം ആ മിച്ചഭൂമി വിതരണം ചെയ്യാനുള്ള സംവിധാനം ഉണ്ടാക്കണം.

മറ്റൊരു കാര്യം റീസർവ്വേയുടെ കാര്യമാണ്. ശ്രീ. ജോസ് ബേബി ഇവിടെ ചൂണ്ടിക്കാണിച്ചു. റീ സർവെയുടെ കാര്യത്തിൽ വന്നിരിക്കുന്ന കുഴപ്പം പരാതി പോലും കൊടുക്കാൻ കഴിയുകയില്ല എന്നതാണ്. പരാതി കോടതിയ്ക്കേ കൊടുക്കാൻ പറ്റൂ എന്നുള്ളതാണ്. നിയമത്തിൽ മാറ്റം വരുത്തിക്കൊണ്ട് സർവെ ഡയറക്ടർക്ക് പരാതി കൊടുക്കാനും റീ-സർവേയിലുള്ള അപാകതകൾ തിരുത്താനും ഉള്ള സംവിധാനം സൃഷ്ടിക്കണം.അത് ഇപ്പോൾ മന്ത്രി എഴുതി വയ്ക്കണം. ഒരു സംശയവും വേണ്ട. അതിനു തീരുമാനമുണ്ടാക്കിയാലേ പറ്റൂ. ഇവിടെ ഇപ്പോൾ ധാരാളം വസ്തു തർക്കങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. കോടതിയിൽ പോയാലേ പറ്റൂ. അതിനു കഴിയാത്ത പാവപ്പെട്ട മനുഷ്യരുണ്ട്. വസ്തുവില്ല, ആധാരം കൈയിലുണ്ട്, ആ ഗതിയാണ് പല ആളുകൾക്കും. അതുകൊണ്ട് കോടതിയിൽ പോകേണ്ട ഗതികേട് മാറ്റി ഗവൺമെന്റു തന്നെ ഒരു തീരുമാനമുണ്ടാക്കണം. ആ നല്ല മനുഷ്യൻ ചെയ്തുവച്ചതാ, പാവം കുനിഞ്ഞിരിക്കുന്നത് കണ്ടില്ലേ. നമ്മളെങ്കിലും നന്നാകണ്ടേ. കൃഷിക്കാരോടുള്ള സ്നേഹം കാണിക്കണ്ടേ. ഇവിടെ പട്ടയത്തിന്റെ കാര്യം ശ്രീ. മാമ്മൻ മത്തായി പറഞ്ഞു. ആരാണ് പട്ടയത്തിന് കോടതിയിൽ പോയി സ്റ്റേ മേടിച്ചത്? ശ്രീ. മാമ്മൻ മത്തായി പറയണം. കൃഷിക്കാരനെ ചുറ്റിച്ചുകൊണ്ടല്ലേ ജീവിതം. നാളിതുവരെ പട്ടയം കൊടുക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ? നിങ്ങളുടെ കാലത്ത് ശ്രീ. കരുണാകരൻ പറഞ്ഞത് എന്താണ്. ശ്രീ. ജോസ് ബേബി സംസാരിച്ചപ്പോൾ ഇത് പറഞ്ഞു പട്ടയത്തിനുവേണ്ടി സമരം നടക്കുകയാണ്.അപ്പോൾ കരുണാകരൻ പറഞ്ഞു. പട്ടയം കൊടുക്ക്. എന്നിട്ട് തിരിഞ്ഞ് അന്നത്തെ റവന്യൂ വകുപ്പുമന്ത്രിയായ പാലാ മെമ്പറുടെ മുഖത്ത് നോക്കിയിട്ട് പറഞ്ഞു. ഏപ്രിൽ ഒന്നാം തീയതി എന്താ? അഖിലാ ലോക വിഡ്ഢി ദിനം. കൃഷിക്കാരെ വിഡ്ഢിയാക്കി കരുണാകരന്റെ കൂട്ടത്തിൽ അഞ്ചു വർഷമിരുന്നു ഭരിച്ചിട്ടാണ് വർത്തമാനം പറയുന്നത്. ഒരു പട്ടയം കൊടുക്കാൻ നിങ്ങൾക്ക് കഴിഞ്ഞോ? ആരാ കേസ് കൊടുത്തത്? നേച്ചർ ലവേഴ്സ്.

<u>ശ്രീ. കെ.എം. മാണി</u> : സർ, ഞാനൊരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുകയാണ്. സർ, നിയമസഭയ്ക്കകത്ത് വസ്തുതകൾ ഇല്ലാതെ ഇങ്ങനെ തുടരെ തുടരെ പറയുക എന്ന ഒരു നടപടിക്രമം ശരിയല്ല. ഞാൻ പറയട്ടെ,

LIBRARY ARCHIVES Kerala Legislative Assembly

സർ, ഞാൻ റവന്യൂ മന്ത്രിയായിരുന്നപ്പോൾ ഫോറസ്റ്റ് കൺസർവേഷൻ ആക്ടിലെ രണ്ടാം വകുപ്പ് അനുസരിച്ചുള്ള നടപടിക്രമങ്ങൾ മുഴുവൻ പൂർത്തിയാക്കി. കേന്ദ്ര ഗവൺമെന്റിൽ നിന്ന് പട്ടയം കൊടുക്കുന്നതിനുള്ള അനുമതി വാങ്ങിച്ചതിനുശേഷം എന്റെ കൈകൊണ്ട് പതിനയ്യായിരത്തോളം പേർക്ക് പട്ടയം കൊടുത്തിട്ട് ഒരാൾക്ക് പട്ടയം കൊടുത്തോ എന്ന് ഈ നിയമ സഭയിലിരുന്ന് ചോദിക്കുന്നത്, ഞാൻ ചുമ്മാ ആടിനെ പട്ടിയാക്കുക, വെറുതെ കള്ളത്തരങ്ങൾ പറയുക, ഇത് ഓർഡറിലാണോ..... (ബഹളം).....

<u>ശ്രീ. പി.സി. ജോർജ്ജ്</u> : ഒരു പോയിന്റ് ഓഫ് ഓർഡറുമായി ഏറെ സമയമെടുത്ത് പ്രസംഗിക്കുക. അതിന്റെ മര്യാദയെന്താ? റവന്യൂ മന്ത്രിയായി അഞ്ചുകൊല്ലമിരുന്നിട്ട് പതിനയ്യായിരം പേർക്ക് പട്ടയം കൊടുത്തെന്ന്, വലിയ ആനക്കാര്യം. ഏപ്രിൽ ഒന്നാം തീയതി പട്ടയം കൊടുത്തു എന്നു പറഞ്ഞില്ലേ? അതിന്റെ കാസറ്റ് ഇവിടെ ഇരുപ്പുണ്ട്. എന്നിട്ടു കരുണാകരൻ ചിരിച്ചുകൊണ്ടു ഫൂൾ ആക്കുകയാണ്. അതിനു ഓശാന പാടിയ കക്ഷിയാണ്, എന്നിട്ട് പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുവാൻ നടക്കുകയാണ്. നിങ്ങൾ പട്ടയം കൊടുത്തോ? കോടതിയിൽ പോയിട്ടാണ് പട്ടയം കൊടുത്തതെന്നു പറഞ്ഞു. ഞാൻ ചോദിക്കട്ടെ, കോടതിയിൽ പോയത് ആരാ? നിങ്ങളുടെ മുന്നിലിരിക്കുന്ന കോൺഗ്രസ് പ്രവർത്തകരല്ലേ കോടതിയിൽ പോയത്? കോടതിയിൽ പോയ് നേച്ചർ ലവേഴ്സ് ഫാറം ആരാണ്? മാണിക്ക് സിന്താബാദ് വിളിക്കുന്ന പാലായിലെ കോൺഗ്രസ്സുകാരാണ് കോടതിയിൽപോയി സ്റ്റേ വാങ്ങിയത്. സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ.ഇ. ഇസ്മയിൽ വേണ്ട പരിശ്രമം നടത്തി ആ കേസ്സിനെ എതിർക്കുന്നതിനുവേണ്ടി ഫുൾ ബഞ്ച് കോൺസ്റ്റിറ്റ്യൂട്ട് ചെയ്തിരിക്കുകയാണ്. അത് അവർ അറിഞ്ഞില്ലായെന്ന് തോന്നുന്നു. (ബഹളം)..... വെറുതെ വർത്തമാനം പറയാതെ. ഇപ്പോൾ ആ കേസ് പോസ്റ്റ് ചെയ്തിരിക്കുകയാണ്. രണ്ടു മാസത്തിനകം കേസ് പോസ്റ്റ് ചെയ്തിരിക്കുന്നതിനെപ്പറ്റി മന്ത്രി പറയട്ടെ; ഞാൻ പറയേണ്ടല്ലോ, ആ കേസ് പോസ്റ്റ് ചെയ്തു കഴിഞ്ഞിരിക്കുന്നു ആ കേസ് ലൊക്കേറ്റ് ചെയ്തിരിക്കുന്നു. ഈ സംസ്ഥാനത്തെ പാവപ്പെട്ട കൃഷിക്കാർ വർഷങ്ങളായി കാത്തിരുന്ന ആ പട്ടയമുണ്ടല്ലോ ഈ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് തന്റേടത്തോടുകൂടി കൊടുത്തുതീർക്കും. നിങ്ങൾ ഇവിടെയിരുന്നു ഇങ്ങനെ വർത്തമാനം പറഞ്ഞുകൊണ്ടിരിക്കും. അങ്ങ് അതു കൊടുക്കും. ഞങ്ങൾ ജനങ്ങളോട് പറഞ്ഞ വാക്കു പാലിക്കാൻ വേണ്ടി അധികാരത്തിൽ വന്ന ഗവൺമെന്റാണ്. ഒരു സംശയവും വേണ്ട നിങ്ങൾ പട്ടയം കൊടുക്കുകയില്ല. പട്ടയം കൊടുക്കാമെന്നു പറഞ്ഞു പശുവിനെ ചക്കമടൽ കാണിച്ചുകൊണ്ട് നടത്തിക്കുന്നതുപോലെ പാവപ്പെട്ട കൃഷിക്കാരനെ കൊണ്ടു നടക്കണം അതാണ് നിങ്ങളുടെ ആഗ്രഹം. ഞങ്ങൾ അതല്ല ആഗ്രഹിക്കുന്നത്. ഞങ്ങൾ ആഗ്രഹിക്കുന്നത് പറയുന്ന കാര്യങ്ങൾ ചെയ്യണമെന്നാണ്. അതുകൊണ്ട് പട്ടയം കൊടുക്കും ഒരു സംശയവും വേണ്ട. ആ പട്ടയമേളയിൽ മിസ്റ്റർ മാമ്മനെക്കൂടി പങ്കെടുപ്പിക്കും. മാമ്മന്റെ നേതാവിനെ വിളിച്ചാലും വരുകയില്ല എന്ന് എനിക്ക് അറിയാം. ഒരു സംശയവും വേണ്ട.

സർ, നിക്ഷിപ്ത വനഭൂമിയുടെ പ്രശ്നമുണ്ട്.ബഹുമാനപ്പെട്ട മന്ത്രിയോടു ഒരു കാര്യം പറയാനുണ്ട്. 1971-ൽ പണം കൊടുക്കാതെ എടുത്ത ഭൂമിയാണ്. അത് മുഴുവൻ കൃഷിഭൂമിയാണ്. എന്ന് സുപ്രീംകോടതി വിധി പറഞ്ഞപ്പോൾ പണം കൊടുക്കാതെ എടുത്തതാണ്. സുപ്രീം കോടതിക്ക് കൊടുത്ത

LIBRARY ARCHIVES Kerala Legislative Assembly

സത്യവാങ്മൂലത്തിൽ ഒരു കാര്യമുള്ളത്, ഇത് കൃഷിഭൂമിയാണ് കൃഷിക്കാർക്ക് കൊടുക്കുമെന്ന് പറഞ്ഞിട്ടുണ്ട്. ഇവിടത്തെ പാവപ്പെട്ട ട്രൈബ് ഉൾപ്പെടെയുള്ള ആദിവാസികൾക്ക് ആ ഭൂമി കൊടുക്കണം. വനം വകുപ്പ് ഇനിയും ആ ഭൂമി വച്ചുകൊണ്ടിരിക്കുന്നതിൽ ഒരു നീതീകരണവുമില്ല. അത് ശരിയല്ല.ആ ഭൂമി ഏറ്റെടുത്ത് പാവപ്പെട്ട കൃഷിക്കാർക്ക് വിതരണം ചെയ്യാനുള്ള നടപടി ഈ ഗവൺമെന്റ് സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

സർ, വേറൊരുകാര്യം കൂടി പറയാനുണ്ട്. നമ്മുടെ പ്രധാനമന്ത്രിയെ പോയി കണ്ടിട്ട് 50 കോടി രൂപ വെള്ളപ്പൊക്ക ദുരിതാശ്വാസത്തിന് വാങ്ങിച്ചത് പ്രതിപക്ഷ നേതാവിന്റെ ശ്രമം കൊണ്ടാണെന്ന് ശ്രീ. വി.ജെ. പൗലോസ് പറഞ്ഞു. ഈ ഗവൺമെന്റ് വന്നതിനുശേഷം പ്രളയദുരിതക്കെടുതിക്കുവേണ്ടി ഒരു പൈസ കൂടുതലായി കിട്ടിയിട്ടുണ്ടോ എന്ന് അദ്ദേഹം ചോദിച്ചു. 65 കോടി രൂപയുണ്ട്. വെറുതെ ഈ സഭയിൽ വന്ന് ഇങ്ങനെ പറയുന്നതിൽ എന്താണ് അർത്ഥം? 50 കോടി രൂപ പ്ലാൻ ഫണ്ടിൽ നിന്നാണ് കിട്ടിയത്. ഈ സഭയിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവൊക്കെ എത്ര പ്രാവശ്യം എഴുന്നേറ്റ് നിന്ന് ശബ്ദമുണ്ടാക്കിയതല്ലേ? ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. പ്ലാൻ ഫണ്ടിൽ നിന്നല്ലേ കിട്ടിയത്? അഡീഷണലായിട്ട് ഒരു പൈസ കിട്ടിയോ?

സർ, വേറെ ഒരു കാര്യം അങ്ങേയ്ക്ക് എഴുതിതന്നിട്ടുണ്ട്. ഞാൻ വെറുതെ പറയുന്നതല്ല. ഒരു ആരോപണവും ഉന്നയിക്കുകയല്ല. റവന്യൂ വകുപ്പുമന്ത്രിയോട് എനിക്ക് ഒരു അഭ്യർത്ഥനയുണ്ട്. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ശ്രീ. ജോൺ ഫെർണാണ്ടസ് ഒരുകാര്യം പറഞ്ഞു. അദ്ദേഹം പറഞ്ഞത് തിരുവനന്തപുരം ജില്ലയിലെ ചെറുവയ്ക്കൽ വില്ലേജിൽ ഉള്ള ഭൂമിയെപ്പറ്റിയാണ്. ഞാൻ ആരോപണം ഉന്നയിക്കുകയല്ല. പക്ഷെ, അദ്ദേഹം എഴുതിക്കൊടുത്തുന്നയിച്ച ആരോപണമാണ്. ഞാൻ ആരെയും അപമാനിക്കാൻ പറയുന്നതല്ല. തിരുവനന്തപുരം ജില്ലയിലെ ചെറുവയ്ക്കൽ വില്ലേജിൽ മെഡിക്കൽ കോളേജിനു തൊട്ടടുത്തുള്ള ക്ഷയരോഗാശുപത്രിയോടു ചേർന്ന് പുറകിൽ കിടക്കുന്ന 4 ഏക്കർ സ്ഥലം നിലമാണ്. അത് വെറും 5,000 രൂപ വില വച്ച് വാങ്ങിയിട്ട് നികത്തി. കൃഷി ഭൂമി നികത്തിയത് തെറ്റ്. ഏതു ഭരണകാലത്താണ്? യു.ഡി.എഫിന്റെ ഭരണകാലത്താണ്. അന്ന് ഇന്നത്തെ പ്രതിപക്ഷനേതാവ് മുഖ്യമന്ത്രിയായിരുന്നു. ആ വസ്തു 10 സെന്റ്, 15 സെന്റ് എന്ന് പ്ലോട്ട് പ്ലോട്ടായി തിരിച്ചു. ഇവിടെ നിങ്ങൾ എല്ലാവരും പറയുന്ന പ്രളയ ദുരിതാശ്വാസ ഫണ്ട് ആദ്യം രണ്ടു ലക്ഷം രൂപയും പിന്നീട് 1.5 ലക്ഷം രൂപയും അന്നത്തെ കാലത്തെ മന്ത്രി അനുവദിച്ചു കൊടുത്തു. ആ ഫണ്ട് ഉപയോഗിച്ചു 10 ഉം 15 ഉം സെന്റുകളായി പ്ലോട്ടു തിരിച്ചു. അങ്ങ് പോയി കാണണം. പ്രതിപക്ഷ നേതാവ് പോയി കാണണം. അങ്ങനെ 10 ഉം 15 ഉം സെന്റ് വെച്ച് തിരിച്ചിട്ട് ആ വസ്തു സെന്റിന് 70,000 രൂപ മുതൽ ഒരു ലക്ഷം രൂപ വരെ വില വച്ച് വിറ്റിരിക്കുന്നു. അത് ഏതു കാലത്താണ്. അത് അഴിമതിക്കെതിരെ ശക്തമായി പ്രതികരിക്കുകയും ശബ്ദമുയർത്തുകയും പ്രവർത്തിക്കുകയും ചെയ്യുന്ന പ്രിയങ്കരനായ നമ്മുടെ പ്രതിപക്ഷനേതാവ് ശ്രീ. എ.കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന 5 വർഷക്കാലത്തിനിടയിലാണെന്ന് അങ്ങ് മനസ്സിലാക്കണം. വാട്ടർ അതോറിറ്റിക്ക് ഉണ്ടായിരുന്ന സ്ഥലമുണ്ട്. കുളം 69 സെന്റാണ്. അത് നികത്തി; പട്ടയവും വാങ്ങിച്ചു. ഒന്ന് ആലോചിക്കണം. ഇത് ചെയ്ത മഹാൻ ആരാണ്? ഇമ്മാനുവേൽ എന്ന് പറയുന്ന വ്യക്തിയാണ്. ആ ഇമ്മാനുവേൽ ആരാണ്? അന്നത്തെ റവന്യൂ വകുപ്പുമന്ത്രിയുടെ സ്വന്തം ജ്യേഷ്ഠസഹോദരന്റെ മകനാണ്. ഇത് ആരോപണമല്ല, സത്യം പറയുകയാണ്. മാത്രമാണോ ഇമ്മാനുവേലിന്റെയും ഇമ്മാനുവേലിന്റെ ഭാര്യയുടെയും

LIBRARY ARCHIVES Kerala Legislative Assembly

പേരിലാണ് വസ്തു വാങ്ങിയത്. ഇത് മര്യാദയാണോ? ശ്രീ. ജോൺ ഫെർണാണ്ടസ് ഉന്നയിച്ച ആരോപണം സത്യമാണോ? അതിനകത്ത് ഗവൺമെന്റിനു നഷ്ടമുണ്ടായിട്ടുണ്ടോ? ഗവൺമെന്റിന്റെ ഭൂമി അനധികൃതമായി പോയിട്ടുണ്ടോ? ഈ വസ്തു കച്ചവടത്തിൽ തെറ്റുകളുണ്ടോ? അതുപോലെ തന്നെ വാട്ടർ അതോറിട്ടിയുടെ ഭൂമി അനധികൃതമായി വിറ്റിട്ടുണ്ടോ? ഇത് ആര് ചെയ്തു? മൂന്നര ലക്ഷം രൂപയുടെ ഫ്ളഡ് റിലീഫ് ഫണ്ട് അനധികൃതമായി പോയിട്ടുണ്ടോ. ഈ കാര്യങ്ങൾ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി അന്വേഷിച്ചേ മതിയാകൂ. ഇത് ആരാണ് ചെയ്തത്? ഇത് എങ്ങനെ സംഭവിച്ചു. ഇതിനെക്കുറിച്ച് അന്വേഷിക്കുകയും അന്വേഷണത്തിൽ കുറ്റക്കാർ ഉണ്ടെങ്കിൽ അവരുടെ പേരിൽ നടപടി സ്വീകരിക്കുകയും ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ഞാൻ ആരുടെയും പേര് എടുത്ത് പറയുന്നില്ല. അങ്ങനെ ശക്തമായ നടപടികൾ സ്വീകരിച്ചുകൊണ്ട് ഗവൺമെന്റ് മുന്നോട്ടു പോകണം. റവന്യൂ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു.

<u>ശ്രീ. കെ.എം. മാണി</u> : സർ, എനിക്ക് ഇക്കാര്യത്തിൽ, ചർച്ച കഴിയുമ്പോൾ, പേഴ്സണൽ എക്സ്പ്ലനേഷൻ നടത്താൻ സമയം തരണം.

<u>മി. ചെയർമാൻ (ശ്രീ. സി.പി. ബാലൻ വൈദ്യർ)</u> : തീർച്ചയായും അതിനു സമയം തരും.

<u>ശ്രീ. ജോണി നെല്ലൂർ</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഈ ധനാഭ്യർത്ഥനകളെ എതിർത്തു കൊണ്ട് സംസാരിക്കുമ്പോൾ ഭരണപക്ഷത്തുള്ള റവന്യൂ വകുപ്പു മന്ത്രി ശ്രീ. ഇസ്മയിലിന്റെ പേരിനെ അന്വർത്ഥമാക്കുന്ന വിധത്തിൽ നല്ല സ്മൈലിംഗ് ആണ് അദ്ദേഹത്തിന്റെ മുഖത്ത് കാണുന്നത്. അത് ഞാൻ അംഗീകരിക്കുന്നു. ഇവിടെ റവന്യൂ വകുപ്പിലെ ചർച്ചകളിൽ ഇപ്പോൾ ഏറ്റവും കാലോചിതമായത് കാലവർഷക്കെടുതികളാണ്. അതിനെക്കുറിച്ച് അപ്പുറത്തും ഇപ്പുറത്തും ഒക്കെ പറഞ്ഞു. ഞാൻ അങ്ങയോട് ചോദിക്കട്ടെ, നമ്മുടെ സംസ്ഥാനത്ത് ഇപ്രാവശ്യം ഉണ്ടായ കാലവർഷക്കെടുതി എത്രയോ രൂക്ഷമാണ്. അങ്ങ് 22/6/99-ൽ നിയമസഭയിൽ നൽകിയ ഉത്തരം അനുസരിച്ച് 39 പേർ മരണപ്പെട്ടു; 53 പേർക്ക് പരിക്ക് പറ്റി; 749 വീടുകൾ പൂർണ്ണമായി തകർന്നു; 13,865 വീടുകൾ ഭാഗികമായി തകർന്നു. നഷ്ടം ഉണ്ടായത് കോടിക്കണക്കിനു രൂപയാണ്. ഈ സംഭവം കേന്ദ്ര ഗവൺമെന്റിന് ഒരു റിപ്പോർട്ടായി കൊടുക്കാനോ കേന്ദ്രത്തിൽ നിന്ന് ഇതിനാവശ്യമായ സഹായം ചോദിക്കാനോ അങ്ങ് തയ്യാറായോ? അങ്ങയുടെ വകുപ്പ് തയ്യാറായോ? മാത്രമല്ല, അങ്ങയുടെ ഒരു പ്രസ്താവന പത്രത്തിൽ വായിച്ചപ്പോൾ കുറേനേരം ഹൃദയം പൊട്ടി നിന്നു; മരിച്ചില്ലന്നേയുള്ളു. എന്താണ് പറഞ്ഞതെന്നറിയാമോ? കേന്ദ്രസഹായം ആവശ്യമില്ല എന്നാണ്. പ്രകൃതിക്ഷോഭംമൂലമുണ്ടായ ഇപ്രാവശ്യത്തെ കാലവർഷക്കെടുതിക്ക് നഷ്ടപരിഹാരം കൊടുക്കാൻ ഈ ഘട്ടത്തിൽ കേന്ദ്ര സഹായം ആവശ്യമില്ല-റവന്യൂ വകുപ്പു മന്ത്രി ശ്രീ. ഇസ്മയിൽ എന്താണ് സർ? ഇത്രമാത്രം രൂക്ഷമായ കാലവർഷക്കെടുതിയുണ്ടായി. കേരളത്തിലെ 38-ഓളം പേർ മരണപ്പെട്ടു, പതിനായിരത്തോളം പേർക്ക് ഭാഗികമായി വീടുകൾ നഷ്ടപ്പെട്ടു. 800-ഓളം പേർക്ക് പൂർണ്ണമായി വീടുകൾ നഷ്ടപ്പെട്ടു. ഇത്ര രൂക്ഷമായ പ്രകൃതിക്ഷോഭം ഉണ്ടായപ്പോൾ കേന്ദ്രത്തിൽ നിന്ന് ധനസഹായം ചോദിക്കാൻ എല്ലാ രാഷ്ട്രീയ കക്ഷികളും ആവശ്യപ്പെട്ടപ്പോൾ അങ്ങയുടെ പ്രസ്താവന കേന്ദ്രത്തിന്റെ സഹായം ഈ ഘട്ടത്തിൽ ആവശ്യമില്ല; അതുകൊണ്ട് ഞാൻ ചോദിച്ചില്ല എന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly

അത് ശരിയാണോ സർ? അങ്ങ് ആലോചിക്കണം. ഞാൻ അക്കാര്യത്തെക്കുറിച്ച് പറഞ്ഞത് ഇവിടെ നിറുത്തുകയാണ്.

സർ, ഇവിടെ നമ്മുടെ വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് പറയുമ്പോൾ ഒട്ടേറെ കാര്യങ്ങൾ പറയാനുണ്ട്. സമയമില്ലാത്തതുകൊണ്ട് ഞാൻ ദീർഘമായി പറയുന്നില്ല. പട്ടയത്തെക്കുറിച്ച് തന്നെ പറയാം. ഇവിടെ കുറെ പട്ടയം കൊടുത്തു. ഞാൻ അംഗീകരിക്കുന്നു. കഴിഞ്ഞ കാലത്തെ ഗവൺമെന്റ് കൊടുത്തില്ലെന്ന് ഒക്കെ അപ്പുറത്തുള്ള ആളുകൾ പറഞ്ഞു. അത് അറിവില്ലായ്മകൊണ്ട് പറയുന്നതാണ്. ഞാൻ അത് വിടുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഇവിടെ നടന്ന കാര്യങ്ങളെക്കുറിച്ച് ഒന്നുകിൽ അറിവില്ലായ്മ കൊണ്ടുപറയുന്നു; അല്ലെങ്കിൽ അജ്ഞത നടിക്കുന്നു. ഉറങ്ങുന്നവരെ വിളിച്ചുണർത്താം. പക്ഷേ, ഉറക്കം നടിക്കുന്നവരെ വിളിച്ചുണർത്താൻ കഴിയുമോ? കഴിഞ്ഞ ഗവൺമെന്റ് 15,000-ൽ അധികം പട്ടയം കൊടുത്തകാര്യം ഇവിടെ റവന്യൂ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. കെ.എം. മാണി തന്നെ സൂചിപ്പിച്ചു. വസ്തുത അതായിരിക്കെ അങ്ങേയ്ക്ക് അത് നിഷേധിക്കാൻ കഴിയുമോ? അപ്പുറത്തുള്ള ആളുകൾ പറയുമ്പോൾ അങ്ങ് അവരെ നിയന്ത്രിക്കണം. ഇതുപോലെ കളവ് പറയാനുള്ള വേദിയാണോ നിയമസഭ? അങ്ങ് പട്ടയം കൊടുത്തു. ഞാൻ അത് അംഗീകരിക്കുന്നു. ഇനിയും ധാരാളം പട്ടയം നമുക്ക് കൊടുക്കേണ്ടതായിട്ടുണ്ട്. എന്റെ നിയോജകമണ്ഡലത്തിലെ ഏറ്റവും വലിയ ഒരു പട്ടികജാതി കോളനിയുണ്ട്-മണിയന്ത്രം കോളനി. ആ കോളനി സംബന്ധിച്ച് ഞാൻ ഈ മൂന്നു വർഷക്കാലമായിട്ട് അങ്ങേയ്ക്ക് തന്നിരിക്കുന്ന പരാതികളും നിവേദനങ്ങളും എത്രയാണെന്ന് അങ്ങേയ്ക്ക് അറിയാമല്ലോ. ശ്രീ. കെ.എം. മാണിയും ശ്രീ. പി.ജെ. ജോസഫും റവന്യൂ വകുപ്പ് കൈകാര്യം ചെയ്തപ്പോഴും നടന്നില്ല. ഞങ്ങൾ ചെയ്യാത്തത് ചെയ്യാനല്ലേ നിങ്ങൾ അധികാരത്തിൽ വന്നത്? അതുകൊണ്ടാണ് ഞാൻ പറയുന്നത്.

സർ, ആ മണിയന്ത്രം കോളനി പട്ടികജാതി വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് അനുവദിച്ചു കൊടുത്തിരിക്കുന്ന ആ ജില്ലയിലെ ഏറ്റവും വലിയ കോളനിയാണ്. അവിടെയുള്ള ആളുകൾക്ക് പട്ടയം കൊടുക്കണം. അതുപോലെ തന്നെ 30 ഏക്കർ കോളനി. അങ്ങ് എന്നോട് പറഞ്ഞു. അവിടെ ഒരു പ്രത്യേക യോഗം വിളിക്കുമെന്ന്. മൂന്നു കൊല്ലമായി. അങ്ങ് ഇതുവരെ യോഗം വിളിച്ചിട്ടില്ല. അടിയന്തിരമായി അതിന് അങ്ങ് സമയം കണ്ടെത്തണം.

സർ, പട്ടയത്തെക്കുറിച്ച് പറയുമ്പോൾ നമ്മുടെ സംസ്ഥാനത്ത് പാറപതിച്ചു കൊടുക്കാൻ പാടില്ലെന്നാണല്ലോ നിയമം. അങ്ങ് ഒരു പക്ഷെ അറിയുന്നുണ്ടോയെന്ന് എനിക്ക് അറിയുകയില്ല. നമ്മുടെ സംസ്ഥാനത്ത് പാറ പതിച്ചു കൊടുക്കുന്ന ഏർപ്പാട് നിയമവിരുദ്ധമായി ഇപ്പോൾ നടക്കുന്നു. അങ്ങ് അന്വേഷിക്കാൻ വേണ്ടി ഒരു ഉദാഹരണം ഞാൻ പറയുകയാണ്. അങ്ങയെ ചീത്തയാക്കാൻ ഒരു പക്ഷെ അങ്ങയുടെ പാർട്ടിയിൽപ്പെട്ട ആളുകൾ ആരെങ്കിലും ചെയ്യുന്നതാണോയെന്ന് എനിക്ക് അറിയുകയില്ല. അങ്ങ് അതിന് കൂട്ടു നിൽക്കരുത്. നമ്മുടെ തിരുവനന്തപുരത്ത് നെയ്യാറ്റിൻകര താലൂക്കിൽ നേമത്ത് പള്ളിച്ചൽ വില്ലേജിൽ മൂക്കുന്നിമല വളരെ മനോഹരമാണ്. ആ മൂക്കുന്നിമലയുടെ പ്രാധാന്യം അങ്ങേയ്ക്ക് അറിയാമല്ലോ. അവിടെ നമ്മുടെ മിലിട്ടറി റേഞ്ചുള്ള സ്ഥലമാണ്. എയർഫോഴ്സിന്റെ റഡാർ സെക്ഷൻ പ്രവർത്തിക്കുന്ന സ്ഥലമാണ്. അതിനോട് ചേർന്ന് അവിടെ പാറപൊട്ടിക്കലുണ്ട്. കോടതിയുടെ സ്റ്റേ ഉണ്ട്. ആ സ്റ്റേ ലംഘിച്ചു കൊണ്ട് നിർബാധമായി പാറപൊട്ടിക്കൽ

LIBRARY ARCHIVES Kerala Legislative Assembly

നടക്കുകയാണ്. വൻ വെടിമരുന്നു ശേഖരം അവിടെയുണ്ട്. ഈ വെടിമരുന്നു ഉപയോഗിച്ച് പാറ പൊട്ടിക്കുന്നതുകൊണ്ട് അവിടത്തെ കുട്ടികൾക്ക് സിലിക്കോസിസ് എന്ന രോഗം ഉണ്ടാകുന്നു. പാറപൊട്ടിക്കുന്നത് എവിടെയാണെന്ന് അറിയാമോ? കോടതിയുടെ നിരോധനമുള്ള സ്ഥലമാണ്. ആരാണ് ഇതിന്റെ പിന്നിൽ? അങ്ങ് അന്വേഷിക്കണം. അങ്ങയുടെ പാർട്ടിയുടെ ആ പ്രദേശത്തുള്ള പ്രാദേശിക നേതാക്കന്മാരുടെ മൗനാനുവാദം അതിന്റെ പിന്നിലുണ്ടെന്നാണ് അവിടെ പറഞ്ഞു കേൾക്കുന്നത്. അതു മാത്രമല്ല, പള്ളിച്ചൽ വില്ലേജിൽ പാറയുള്ള ഈ ഭൂമി ചിലയാളുകൾക്ക് പതിച്ചു കൊടുത്തത് അങ്ങ് അന്വേഷിക്കണം. നേമത്തെ കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ ചില ഭാരവാഹികളുടെ, ഏരിയാ കമ്മിറ്റി സെക്രട്ടറിയുടെ നേതൃത്വത്തിലാണ് ഇത് നടക്കുന്നതെന്നാണ് പറഞ്ഞു കേൾക്കുന്നത്. എനിക്ക് അറിയുകയില്ല. പാറ പതിച്ചു കിട്ടിയ ആളുകളുടെ പേരുകൾ ഞാൻ പറയാം. ഭാസ്കരമന്ദിരത്തിൽ കൃഷ്ണൻ നായർ, മുക്കുന്നിമല സുരേഷ് ബാബു, കലാഭവൻ കൃഷ്ണനാശാരി, സോമൻകുട്ടി, ഈ നാലുപേർ ആരൊക്കെയാണെന്ന് അങ്ങ് അന്വേഷിക്കണം. അവർക്ക് പതിച്ചുകൊടുത്ത ഭൂമി ഏതാണെന്ന് അങ്ങ് അന്വേഷിക്കണം. നിയമപരമായി പാറ പതിച്ചു കൊടുക്കാൻ കഴിയുമോ? പാറയുള്ള ഭൂമി പതിച്ചുകൊടുത്തതിന് പിന്നിൽ ആരാണ്? അങ്ങ് ഇത് അറിഞ്ഞിട്ടുണ്ടോ? അങ്ങയുടെ വകുപ്പിൽപ്പെട്ട കാര്യമായതു കൊണ്ട് ചോദിക്കുകയാണ്. നിയമവിരുദ്ധമായി ഈ പതിച്ചു കൊടുക്കൽ നടന്നിട്ടുണ്ടെങ്കിൽ അത് റദ്ദു ചെയ്യാൻ അങ്ങ് തയ്യാറാകുമോ?

സർ, ഇവിടെ താലൂക്കിന്റെ പുനഃസംഘടനയെക്കുറിച്ച് അങ്ങ് എപ്പോഴും പറയാറുണ്ട്. ഞാൻ ഓർക്കുന്നു, ഒൻപതാം നിയമസഭാസമ്മേളനം നടക്കുമ്പോൾ ഞാനും അങ്ങും ഒരേ ദിവസം നിയമസഭയിൽ സബ്മിഷൻ കൊണ്ടു വന്നു. അങ്ങ് പട്ടാമ്പി താലൂക്കിനു വേണ്ടിയും ഞാൻ കൂത്താട്ടുകുളം താലൂക്കിനു വേണ്ടിയും സബ്മിഷൻ കൊണ്ടു വന്നു. ഞാൻ ഭരണപക്ഷത്തിരുന്നുകൊണ്ട് അന്നത്തെ റവന്യൂ വകുപ്പു മന്ത്രിയായിരുന്ന ശ്രീ. കെ.എം. മാണി സാറിനെ നോക്കി പറഞ്ഞു, ഇത് അനുവദിച്ചു തന്നില്ലെങ്കിൽ ഞാൻ നിയമസഭയുടെ കവാടത്തിൽ സത്യാഗ്രഹം ആരംഭിക്കുമെന്ന്. അതിനുശേഷമാണ് അങ്ങ് സബ്മിഷൻ കൊണ്ടു വന്നത്. അങ്ങ് പറഞ്ഞു. പട്ടാമ്പി താലൂക്ക് അനുവദിച്ചില്ലെങ്കിൽ ഞാൻ xxx*** ചെയ്യുമെന്ന്. അത് അങ്ങ് പറഞ്ഞ വാചകമാണ്. അത് നിയമസഭയുടെ രേഖയിലുണ്ട്. അപ്പോൾ നമ്മൾ രണ്ടു പേരും അന്ന് ഒരുമിച്ച് പോരാടിയ കാര്യമാണ്. അങ്ങയുടെ കൈയിൽ ഈ വകുപ്പ് കിട്ടിയപ്പോൾ ഞാൻ സന്തോഷിച്ചു. പട്ടാമ്പി താലൂക്ക് രൂപീകരിക്കും; xxxxxxx ഏതായാലും ഉണ്ടാവുകയില്ല എന്ന്. അതു കൊണ്ട് ഈ പാവപ്പെട്ട എന്റെ.....

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ): സർ, ബഹുമാനപ്പെട്ട മന്ത്രി കെ.ഇ. ഇസ്മയിൽ xxxxx ചെയ്യുമെന്ന് പറഞ്ഞതായിട്ട് എനിക്ക് ഓർമ്മയില്ല. രേഖ പരിശോധിക്കണം. ഇല്ലെങ്കിൽ അദ്ദേഹം അത് പിൻവലിക്കണം.

ശ്രീ. ജോണി നെല്ലൂർ : രേഖയിൽ ഇല്ലെങ്കിൽ ഞാൻ ഇപ്പോൾത്തന്നെ പിൻവലിച്ചേക്കാം. ഞാൻ കേട്ട കാര്യമാണ് പറഞ്ഞത്. ഏതായാലും അത്ര മാത്രം പട്ടാമ്പി താലൂക്കിനുവേണ്ടി പോരാടിയ ആളാണ് അദ്ദേഹം എന്നാണ് ഞാൻ പറഞ്ഞത്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) :ഇതേ പ്രശ്നം കഴിഞ്ഞ റവന്യൂവകുപ്പിന്റെ ഡിമാന്റിന്റെ ചർച്ചയിലും ശ്രീ. ജോണി നെല്ലൂർ ഉന്നയിച്ച

*** സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം നീക്കം ചെയ്തു

LIBRARY ARCHIVES Kerala Legislative Assembly

താണ്. ഇത്തരം വാസ്തവവിരുദ്ധമായ പ്രസ്താവനകൾ ചെയ്യരുതെന്ന് അന്നു തന്നെ ഞാൻ അദ്ദേഹത്തെ ഓർമ്മപ്പെടുത്തി. അത് വീണ്ടും ആവർത്തിക്കുകയാണ്. അതുകൊണ്ടാണ് ഞാൻ അത് മുഖവിലയ്ക്ക് എടുക്കാത്തത്. അടിസ്ഥാനരഹിതമായ ഇത്തരം വർത്തമാനങ്ങൾ സഭയിൽ പറയുന്നത് ആർക്കും നല്ലതല്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി xxxx*** ചെയ്യുമെന്ന് ശ്രീ. ജോണിനെല്ലൂർ പറഞ്ഞത് രേഖയിൽ നിന്ന് നീക്കിയിരിക്കുന്നു.

ശ്രീ. ജോണി നെല്ലൂർ : അങ്ങ് രേഖയിൽ നിന്ന് നീക്കുന്നതിനുമുൻപ് അന്നത്തെ രേഖ പരിശോധിക്കണം. അന്നത്തെ രേഖ പരിശോധിച്ച് ആ നിയമ സഭയിൽ ബഹുമാന്യനായ കെ.ഇ. ഇസ്മയിൽ പ്രതിപക്ഷത്തിരുന്നു കൊണ്ട് ഞാൻ പറഞ്ഞകാര്യം പറഞ്ഞിട്ടില്ലെങ്കിൽ രേഖയിൽ നിന്ന് നീക്കം ചെയ്തുകൊള്ളൂ. എനിക്ക് കുഴപ്പമില്ല. കൂത്താട്ടുകുളം താലൂക്കിന്റെ കാര്യം അങ്ങേയ്ക്കറിയാം. അങ്ങയുടെ മുൻഗാമി, കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതാവായിരുന്ന സഖാവ് പി.എസ്. ശ്രീനിവാസൻ 1987-ലെ ഗവൺമെന്റിൽ റവന്യൂ വകുപ്പ് കൈകാര്യം ചെയ്യുന്ന സമയത്ത് ആ താലൂക്ക് അനുവദിച്ചുകൊണ്ട് ഉത്തരവ് ഇടാനിരുന്ന ദിവസം ആ ഗവൺമെന്റ് പോയി. അത് അനുവദിച്ചു കിട്ടിയില്ല. അദ്ദേഹത്തിന്റെ പിൻഗാമിയെന്നുള്ള നിലയിലെങ്കിലും അങ്ങ് കൂത്താട്ടുകുളം താലൂക്ക് രൂപീകരിച്ച് ആ പ്രദേശത്തെ ആളുകളെ രക്ഷിക്കണം.

സർ, എറണാകുളം ജില്ലയുടെ കിഴക്കൻ മേഖലയാണ് മൂവാറ്റുപുഴ. മൂവാറ്റുപുഴ, കോതമംഗലം, പിറവം, പെരുമ്പാവൂർ തുടങ്ങിയ പ്രദേശങ്ങൾ ഗ്രേറ്റർ കൊച്ചിൻ ഡെവലപ്പ്മെന്റ് അതോറിറ്റിയുടെ മേഖലയിലല്ല. ആ പ്രദേശത്ത് വരുന്ന വികസന പ്രവർത്തനങ്ങൾക്ക് അനുവദിക്കുന്ന തുക മുഴുവൻ ചെലവഴിക്കുന്നത് ജി.സി.ഡി.എ. യുടെ പരിധിയിൽ വരുന്ന മേഖലകളിലാണ്. മെട്രോ പൊളിറ്റൻ സിറ്റിയല്ലാത്ത മൂവാറ്റുപുഴയും കോതമംഗലവും പിറവവും പെരുമ്പാവൂരുമൊക്കെ അവഗണന നേരിടുകയാണ്. അതുകൊണ്ട് ഈ അവഗണനയ്ക്ക് പരിഹാരമുണ്ടാക്കാൻ ഈ കിഴക്കൻ മേഖല, കാർഷികമേഖലയെല്ലാം കൂടെ ഒരുമിപ്പിച്ചുകൊണ്ടു മൂവാറ്റുപുഴ കേന്ദ്രമാക്കി ഒരു റവന്യൂ ജില്ല രൂപീകരിക്കണമെന്ന ആവശ്യം വളരെക്കാലമായി ഉള്ളതാണ്. അങ്ങയുടെ ഈ കാലാവധി തീരുന്നതിനുമുൻപ് മൂവാറ്റുപുഴ കേന്ദ്രമാക്കി ഒരു റവന്യൂ ജില്ല അനുവദിച്ച് ആ പ്രദേശത്തിന്റെ പുരോഗതിയിൽ അങ്ങ് കാര്യമായി സഹായിക്കണമെന്നുമാത്രം പറഞ്ഞുകൊണ്ട്, ഞാൻ ഇവിടെ പറഞ്ഞ കാര്യങ്ങൾ അങ്ങയുടെ വകുപ്പു കുറെക്കൂടെ കുറ്റമറ്റ നിലയിൽ മുന്നോട്ടുകൊണ്ടു പോകാനുള്ള നിർദ്ദേശങ്ങൾ മാത്രമായി കണ്ടുകൊണ്ട്, അതിനെക്കുറിച്ച് അന്വേഷിക്കണമെന്ന് പറഞ്ഞുകൊണ്ട്, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. നമ്മുടെ റവന്യൂ സംവിധാനം പുനഃസംഘടിപ്പിച്ചുകൊണ്ടും റവന്യൂ ഭരണം ശക്തമാക്കിക്കൊണ്ടും അഴിമതിവിമുക്തമാക്കിക്കൊണ്ടും നികുതി പിരിവ് ഊർജ്ജിതമാക്കിക്കൊണ്ടും വളരെ കാര്യക്ഷമമായിട്ടാണ് മുന്നോട്ടുപോകുന്നത്. റവന്യൂബോർഡ് നിറുത്തലാക്കുകയും റവന്യൂ ഇൻസ്പെക്ടർ തസ്തിക നിറുത്തലാക്കുകയും അതുപോലെ അനാവശ്യമായിട്ടുള്ള ഒട്ടേറെ ഓഫീസുകൾ നിറുത്തലാക്കുകയും ചെയ്തുകൊണ്ട് ഈ ഗവൺമെന്റ് വളരെ കാര്യക്ഷമമായി മുന്നോട്ടു പോവുകയാണ്. ആദിവാസിക

*** സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

ളുടെ ഭൂമിപ്രശ്നം പരിഹരിക്കാനുള്ള, റവന്യൂ കാർഡ് സമ്പ്രദായം ഏർപ്പെടുത്താനുള്ള നടപടികളെല്ലാം ഈ വകുപ്പിന്റെ നിറുകയിൽ ചാർത്താവുന്ന തൂവലുകളാണ്. ഭൂനികുതിയെക്കുറിച്ച് പറയുമ്പോൾ ഭൂനികുതിയും തോട്ടം ഭൂമിയുടെ നികുതിയും കാര്യക്ഷമമായി പിരിക്കാൻ നമുക്ക് കഴിയുന്നുണ്ടെങ്കിൽപ്പോലും ഈ നികുതി ഘടനയിൽ കുറെ മാറ്റങ്ങൾ വരുത്തണമെന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്. ഭൂമി ഉപജീവനത്തിനുവേണ്ടിയും ഒരു വ്യവസായം എന്ന നിലയിലും ഇന്ന് ഉപയോഗപ്പെടുത്തുന്നുണ്ട്. വ്യാവസായികാടിസ്ഥാനത്തിൽ ഉപയോഗപ്പെടുത്തുന്ന ഭൂമിയ്ക്കും, അതുപോലെ നിശ്ചിത വരുമാനത്തിൽ കൂടുതലുള്ള ആളുകളുടെ കൈവശമുള്ള ഭൂമിയും വളരെ ഉയർന്ന തോതിൽ നികുതി ചുമത്തിക്കൊണ്ട് നമ്മുടെ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം വർദ്ധിപ്പിക്കാനുള്ള കാര്യക്ഷമമായ നീക്കം ഉണ്ടാകണം. നമ്മുടെ കേരളത്തിലെ തോട്ടമുടമകൾ വർഷങ്ങളായി അനർഹമായി കൈവശം വച്ചുകൊണ്ടിരിക്കുന്ന പതിനായിരക്കണക്കിന് ഏക്കർ ഭൂമിയുണ്ട്. ഈ ഭൂമി അളന്നു തിട്ടപ്പെടുത്തി ആ തോട്ടമുടമകളിൽ നിന്ന് തിരിച്ചു പിടിക്കാനുള്ള സത്വരമായ നടപടിയുണ്ടാകണം.

സർ, കണ്ണൻ ദേവൻ, ടാറ്റാ ഫിൻലേ എന്നീ കമ്പനികളുടെ അധീനതയിൽ കണക്കിൽപ്പെട്ട 60,000 ഏക്കർ ഭൂമിയുണ്ട്. അധീനതയിൽ കണക്കിൽപ്പെടാത്ത എത്രയോ ആയിരം ഏക്കർ ഭൂമി ടാറ്റാ ഫിൻലേയുടെ കൈവശമുണ്ട്. ആ ഭൂമി അളന്നു തിട്ടപ്പെടുത്തി മിച്ചമുള്ള ഭൂമി ഏറ്റെടുക്കാൻ കഴിയണം. ആ ഭൂമി അളക്കാൻ പോയ സർവ്വേ ഉദ്യോഗസ്ഥൻമാർ ഇപ്പോൾ തിരിച്ചു വന്നതായിട്ടാണ് അറിയുന്നത്. ആരാണ് സ്വാധീനിച്ചത്? ആരുടെ സ്വാധീനമുണ്ടായാൽപ്പോലും അതിനെ മറികടന്നുകൊണ്ട് ടാറ്റാ ഫിൻലേയുടെ ഭൂമി അളന്നു തിട്ടപ്പെടുത്താൻ നമുക്ക് കഴിയണം. ടാറ്റായുടെ അധീനതയിലുള്ള ഭൂമിക്ക് ഏക്കറിന് 5 രൂപയാണ് പാട്ടമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

സർ, കഴിഞ്ഞ സമ്മേളനത്തിൽ ബഹുമാനപ്പെട്ട വനംവകുപ്പുമന്ത്രി ലീസ് തുക വർദ്ധിപ്പിക്കുന്നതിന് ഒരു ബിൽ കൊണ്ടുവരികയുണ്ടായി. ഇവിടെ ഗവൺമെന്റിന്റെ ഭാഗമായുള്ള കോർപ്പറേഷനിൽ ഒരു ഹെക്ടറിന് 1300 രൂപയാണ് പാട്ടത്തുക. എന്തുകൊണ്ട് ടാറ്റാ ഫിൻലേയുടെ കൈവശമുള്ള ഭൂമിയുടെ പാട്ടത്തുക വർദ്ധിപ്പിക്കാൻ കഴിയുന്നില്ല? ആ പാട്ടത്തുക വർദ്ധിപ്പിക്കാൻ കഴിഞ്ഞാൽ ഒരു വർഷം ഏതാണ്ട് ഏഴുകോടി രൂപ ഈ ഇനത്തിൽ നമ്മുടെ ഖജനാവിലേയ്ക്ക് വരുന്ന സാഹചര്യമുണ്ടാകും. ഈ കാര്യങ്ങളെക്കുറിച്ച് ഗൗരവമായി നാം പരിശോധിക്കണം.

സർ, ജില്ലാഭരണം മെച്ചപ്പെടുത്തുന്ന കാര്യത്തിൽ ഈ ഗവൺമെന്റിന് ഒരു നയമുണ്ടാകണമെന്നാണ് എന്റെ അഭിപ്രായം. ഇന്ന് ജനകീയാസൂത്രണ പദ്ധതികൾ നടപ്പിലാക്കുന്ന സാഹചര്യത്തിൽ ഒരു മാസം പത്തും പതിനഞ്ചും ദിവസം ജില്ലയിലെ എല്ലാ ഉദ്യോഗസ്ഥന്മാരും ജില്ലാ ഭരണ ആസ്ഥാനത്ത് എത്തുകയാണ്. എത്രയോ ജില്ലകളിൽ ജില്ലയുടെ വിവിധ ഭാഗങ്ങളിലായി ഓഫീസുകൾ ചിതറികിടക്കുന്നു. ഞാൻ ഈ പ്രശ്നങ്ങൾ മുമ്പും ഈ സഭയിൽ ഉന്നയിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിലെ പ്രധാനപ്പെട്ട ഓഫീസുകൾ പലതും തൊടുപുഴയിലാണ് സ്ഥിതി ചെയ്യുന്നത്. ഇടുക്കി ജില്ലയുടെ ആസ്ഥാനം നാമമാത്ര ആസ്ഥാനം മാത്രമാണ്. ഇടുക്കി ജില്ലയുടെ അപ്രഖ്യാപിത തലസ്ഥാനമായി തൊടുപുഴ നിലനിൽക്കുകയാണ്. ഈ ഗവൺമെന്റ് എത്രയോ പദ്ധതികൾക്ക് ഭരണാനുമതിയും സാമ്പത്തികാനുമതിയും കൊടുത്തു. ഇടുക്കി ജില്ലയുടെ ആസ്ഥാനത്തു വരേണ്ട നിരവധി ഓഫീസുകൾ തൊടുപുഴയിൽ സ്ഥാപിക്കാൻ ഭരണാനുമതിയും സാമ്പത്തികാനുമതിയും കൊടുക്കുമ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

ഈ ഗവൺമെന്റിനുണ്ടാകുന്ന നഷ്ടത്തെക്കുറിച്ച് ആലോചിക്കാൻ കഴിഞ്ഞോ? ആ രംഗത്തെപ്പറ്റി ഗൗരവതരമായി ചിന്തിക്കണം.

പ്രകൃതിക്ഷോഭത്തിനുള്ള ദുരിതാശ്വാസത്തിനുവേണ്ടി വളരെ മെച്ചപ്പെട്ട നിലയിൽ പ്രവർത്തനം നടത്തുന്നുണ്ടെങ്കിലും അതിൽ ചില ബാദ്ധ്യതകൾ നിലനിൽക്കുകയാണ്. അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് എനിക്കറിയില്ല. ഇടുക്കി ജില്ലയിൽ ഉടുമ്പൻചോല താലൂക്കിൽ നെടുങ്കണ്ടത്ത് 1997-ൽ പ്രകൃതിക്ഷോഭമുണ്ടായതിനുള്ള ആശ്വാസമെത്തിക്കാൻ മുപ്പത്തിനാലു ലക്ഷം രൂപ കൂടി ഗവൺമെന്റ് കൊടുക്കേണ്ടതുണ്ട്. ഉടുമ്പൻചോല തഹസീൽദാർ പറയുന്നത് മുപ്പത്തിനാലു ലക്ഷം രൂപ, ഒന്നു രണ്ടു വർഷം മുൻപ് കിട്ടേണ്ട പണം, കിട്ടാത്തതുകൊണ്ട് അതു വിതരണം നടത്താൻ കഴിയുന്നില്ലെന്നാണ്. റവന്യൂ വകുപ്പുമന്ത്രി അതു പരിശോധിക്കണം. രണ്ടു വർഷം മുൻപുള്ള മുപ്പത്തിനാലു ലക്ഷം രൂപ കുടിശ്ശിക കൊടുക്കാനുണ്ടെങ്കിൽ അത് ഗുരുതരമായ വീഴ്ചയാണ്. അതു പരിശോധിക്കണം. അതുപോലെ ആ കാലയളവിൽ പറഞ്ഞിട്ടുള്ള ചില കാര്യങ്ങൾ നടപ്പാക്കാൻ നമുക്കു കഴിഞ്ഞിട്ടില്ല. വളരെ വേഗതയിൽ പോകേണ്ട പല കാര്യങ്ങളും അത്ര വേഗതയിൽ പോകുന്നില്ല. അപകടമേഖലയിൽ അധിവസിക്കുന്ന ആളുകളെ പുനരധിവസിപ്പിക്കുമെന്നു പറഞ്ഞിട്ടുണ്ട്. പഴമ്പള്ളിച്ചാലിൽ ഇരുപത് ആളുകളുടെ മരണമുണ്ടായപ്പോൾ റവന്യൂ വകുപ്പുമന്ത്രി ഉൾപ്പെടെയുള്ളവർ നേരിട്ട് വന്ന് അവിടെയുള്ളവരെ സമാശ്വസിപ്പിച്ചതാണ്. അവരെ പുനരധിവസിപ്പിക്കുമെന്ന്. ആ അപകടമേഖലയിൽ താമസിക്കുന്ന ആളുകളെ പൂർണ്ണമായും പുനരധിവസിപ്പിക്കാനുള്ള നടപടി സ്വീകരിക്കാൻ നമുക്കു കഴിയുന്നില്ല. എന്റെ മണ്ഡലത്തിലെ വാഴത്തോപ്പ് പഞ്ചായത്തിലെ മുളകുവള്ളിയിൽ കഴിഞ്ഞ വർഷമുണ്ടായ അപകടം ഞാൻ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അവിടെ അപകടമേഖലയിൽ താമസിക്കുന്ന ഒട്ടേറെ ആളുകളെ മാറ്റി പാർപ്പിക്കേണ്ടതാണ്. ഭൂമി പൂർണ്ണമായി നഷ്ടപ്പെട്ട ആളുകൾക്ക് പകരം ഭൂമി കൊടുക്കാനുള്ള നടപടിയുമായി മുന്നോട്ടുപോകാൻ കഴിയുന്നില്ല. കഴിഞ്ഞ മൂന്നു നാലു വർഷമായി ഭൂമി തൊണ്ണൂറു ശതമാനവും നഷ്ടപ്പെട്ട ആറേഴു കർഷകർക്കു പകരം ഭൂമി കൊടുക്കാൻ കഴിയണം. ഈ രംഗത്ത് മെച്ചപ്പെട്ട പ്രവർത്തനം നടത്തുന്നതോടൊപ്പം ഉണ്ടായിട്ടുള്ള പോരായ്മകൾ പരിശോധിച്ച് അവ പരിഹരിക്കാനുള്ള നീക്കങ്ങളും ഉണ്ടാകണം. ഈ കുറവുകൾ പരിഹരിച്ചുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി അദ്ദേഹത്തിന്റെ കാര്യക്ഷമമായ, കർമ്മനിരതമായ പ്രവർത്തനങ്ങൾ കൂടുതൽ നന്നായി മുന്നോട്ടു കൊണ്ടുപോകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്.

<u>ശ്രീ. ബാബു ദിവാകരൻ</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. കഴിഞ്ഞ മൂന്നു വർഷക്കാലത്തെ എൽ.ഡി.എഫ് ഗവൺമെന്റിന്റെ ഭരണത്തിൽ ഉണ്ടായിട്ടുള്ള ഗുണപരമായ നേട്ടങ്ങൾ നമ്മുടെ നാട്ടിലെ എല്ലാ ജനങ്ങളും അംഗീകരിക്കുന്നുണ്ട്. വർഷങ്ങളായി ഈ നിയമസഭയിൽ റവന്യൂ വകുപ്പിന്റെ ചർച്ചയിൽ ഉയർന്നു വന്നിരുന്ന ആവശ്യമാണ് റവന്യൂ ബോർഡ് നിർത്തലാക്കൽ. അത് ഒരിക്കലും നടക്കുകയില്ല എന്ന് എല്ലാവരും വിധി എഴുതിയിരുന്നു. ആ ബോർഡ് നിറുത്തലാക്കിക്കൊണ്ട് ആ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടത്താൻ ഈ ഗവൺമെന്റിനു കഴിഞ്ഞിരിക്കുന്നു. ഈ വകുപ്പിന്റെ താഴെ തട്ടുവരെയുള്ള ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കിത്തീർക്കാൻ ഇനിയും നമുക്ക് ബഹുദൂരം പോകേണ്ടതുണ്ട്. ജനകീയാസൂത്രണത്തിന്റെയും മറ്റ് വകുപ്പുകളുടെയും വിപുലീകരണം ഒക്കെ കഴിഞ്ഞപ്പോൾ ഭരണത്തെ സംബന്ധിച്ച് കഴിഞ്ഞ കുറേ വർഷങ്ങളായി കാര്യമായ

LIBRARY ARCHIVES Kerala Legislative Assembly

ശ്രദ്ധ പതിപ്പിക്കുമായിരുന്നില്ല. ആ രംഗത്തും നാം ശ്രദ്ധ പതിപ്പിക്കണം. ഗുണപരമായ കുറെ കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും അവശേഷിക്കുന്ന കുറേ പ്രവർത്തനങ്ങളുമുണ്ട്. ഇവിടെ ചില താലൂക്കുകൾ വിഭജനം നടത്തേണ്ടതുണ്ട്. അടിസ്ഥാനപരമായ മാറ്റങ്ങൾ വരുത്താൻ ഒരുപാട് കാര്യങ്ങൾ ചെയ്തു തീർക്കേണ്ടതുണ്ട്. എന്നാൽ മാത്രമേ പല പ്രശ്നങ്ങളും ഫലപ്രദമായി കൈകാര്യം ചെയ്യാൻ കഴിയൂ എന്നുള്ളതു വിസ്മരിച്ചുകൊണ്ടല്ല പറയുന്നത്.

റീ-സർവെ പ്രവർത്തനങ്ങൾ പൂർത്തിയാക്കണം. റീ-സർവെയോട് അനുബന്ധിച്ച് ഒട്ടേറെ ബുദ്ധിമുട്ടുകൾ സാധാരണ ജനങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. റീ-സർവേയിൽ പരിഹരിക്കാൻ കഴിയാത്ത ചില പ്രശ്നങ്ങളുണ്ട്. ആ പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ട് മുന്നോട്ടുപോകണം. ഞങ്ങളുടെ ഒക്കെ പ്രദേശങ്ങളിലുള്ള ആദിവാസികൾക്കും മൽസ്യത്തൊഴിലാളികൾക്കും ജനകീയാസൂത്രണവുമായി ബന്ധപ്പെടുത്തി സ്വന്തമായി കൂര നിർമ്മിക്കാനുള്ള അവസരമുണ്ട്. അതിന് അവർക്ക് പട്ടയമില്ലാത്തതാണ് വീട് നിർമ്മിക്കുന്നതിൽ തടസ്സമായ ഏറ്റവും രൂക്ഷമായ പ്രശ്നം. രണ്ടും മൂന്നും നാലും സെന്റു ഭൂമിവീതം വർഷങ്ങളായി കൈവശം വച്ച് അനുഭവിച്ചുകൊണ്ടിരിക്കുന്നവർക്ക് പട്ടയമില്ല. നടപടിക്രമങ്ങൾ ലഘൂകരിച്ചുകൊണ്ട് ഒരു കമ്മിറ്റി രൂപീകരിച്ചുകൊണ്ടായാലും അവർക്ക് പട്ടയം കൊടുക്കാനുള്ള നടപടിയെടുക്കണം. ആവശ്യമായ സ്റ്റാഫില്ല എന്ന കാരണത്താലാണ് ഈ പ്രശ്നം മുടങ്ങിക്കിടക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി അധികാരത്തിൽ വന്നതിനുശേഷം ഒരു ലക്ഷത്തിൽപ്പരം പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. പട്ടയവിതരണം ഇനിയും വർദ്ധിപ്പിക്കേണ്ടതാണ്. കൊല്ലം ജില്ലയിൽ പതിനായിരത്തോളം പട്ടയങ്ങൾ വിതരണം ചെയ്യാനുള്ള നടപടി പൂർത്തിയാക്കാൻ സ്റ്റാഫില്ല എന്ന കാരണത്താൽ വിവിധ സ്റ്റേജുകളിൽ കിടക്കുകയാണ്. ആ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള നടപടിയുണ്ടാകണം. ഫ്ളഡ് വർക്കുകൾക്ക് അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ കൊടുക്കും. പക്ഷെ കളക്ടറേറ്റിൽ ചെല്ലുമ്പോഴുണ്ടാകുന്ന നൂലാമാലകൾ കാരണം ഫ്ളഡ് വർക്കുകൾ തക്കസമയത്ത് ചെയ്തുതീർക്കാൻ കഴിയാത്ത അവസ്ഥയാണ്. റവന്യൂ വകുപ്പിന് ഇതിന്റെ നടത്തിപ്പിനെ സംബന്ധിച്ച് യാതൊരു കൺട്രോളുമില്ല. പലപ്പോഴും ഒരു ബ്ലോക്കിന്റേയോ മുനിസിപ്പാലിറ്റിയുടെയോ പഞ്ചായത്തിന്റെയോ ബിൽഡിംഗ്സ് ഡിവിഷൻ അല്ലെങ്കിൽ പഞ്ചായത്തു സെക്ഷനായിരിക്കും ഈ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത്. പഞ്ചായത്തു ഡിവിഷനാണെങ്കിൽ ടെണ്ടർ ചെയ്യണമെന്നാണ് അവർ പറയുന്നത്. അങ്ങനെ വന്നാൽ എക്സസ് ടെണ്ടർ പണം ആരുകൊടുക്കും? അങ്ങനെ അധിക പണം കൊടുക്കാൻ കഴിയാത്തതുകൊണ്ട് ടെണ്ടർ മുടങ്ങിക്കിടക്കുന്നു. ഇതിനെ സംബന്ധിച്ച് കഴിഞ്ഞ ദിവസം ശ്രീമതി ലതാദേവി ഒരു സബ്മിഷൻ ഉന്നയിച്ചു. റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട നിർമ്മാണപ്രവർത്തനങ്ങൾ കൈകാര്യം ചെയ്യാൻ ഒരു പ്രത്യേക എഞ്ചിനീയറിംഗ് സംവിധാനം വേണം. അഡ്മിനിസ്ട്രേറ്റീവ് സാങ്ഷനും ടെക്നിക്കൽ സാങ്ഷനും കൊടുക്കാൻ ആവശ്യമായ ഒരു എഞ്ചിനീയറിംഗ് സിസ്റ്റം റവന്യൂ വകുപ്പിന് ഉണ്ടാകുന്നതു നല്ലതാണ് എന്നാണ് എന്റെ അഭിപ്രായം.

ഇവിടെ ലീഗൽ മെട്രോളജി വകുപ്പിനെക്കുറിച്ചു പറഞ്ഞു. നമ്മുടെ നാട്ടിലെ സാധാരണ ജനങ്ങളുമായി ഏറ്റവും ബന്ധപ്പെട്ടുകിടക്കുന്ന വകുപ്പാണ് ലീഗൽ മെട്രോളജി വകുപ്പ്. കഴിഞ്ഞ കുറേ കാലങ്ങളായി അതിനാവശ്യമായ സംവിധാനങ്ങൾ ഒരുക്കിക്കൊടുത്ത് അത് കാര്യക്ഷമമാക്കാൻ കഴിയാ

LIBRARY ARCHIVES Kerala Legislative Assembly

ത്തതുകൊണ്ട് ജനങ്ങൾക്ക് ഗുണപ്രദമായ കാര്യങ്ങൾ ചെയ്യാൻ ഈ വകുപ്പിനു കഴിയുന്നില്ല. എന്നാൽ ഈ അടുത്ത കാലത്ത് കുറേ നല്ല കാര്യങ്ങൾ ചെയ്യാൻ ഈ വകുപ്പിനു കഴിഞ്ഞിട്ടുണ്ട്. അവിടെ ഫ്ളൈയിംഗ് സ്കാഡുകൾ രൂപീകരിച്ചു. ഫ്ളൈയിംഗ് സ്കാഡുകൾ എടുക്കുന്ന കേസുകളെ സംബന്ധിച്ചാണെങ്കിൽ അവർ എടുക്കുന്ന സാംപിളുകളൊക്കെ പരിശോധിക്കാനും, ആ പരിശോധനയുടെ അടിസ്ഥാനത്തിൽ അന്തിമമായ തീർപ്പ് കൽപ്പിക്കാനും പല പ്പോഴും കഴിയാതെപോകുന്നു. അതുപോലെ സ്വർണ്ണത്തിന്റെ കാരറ്റിന്റെ വ്യത്യാസം അങ്ങേക്കറിയാമെന്ന് തോന്നുന്നു. ഇപ്പോൾ പല സ്വർണ്ണക്കടകളിലും സാധാരണജനങ്ങളെ പറ്റിക്കുന്ന ഒരു സ്ഥിതിയാണുള്ളത്. അതൊക്കെ പരിശോധിക്കാൻ അധികാരമുള്ള ഒരു വകുപ്പാണ് ലീഗൽ മെട്രോളജി വകുപ്പ്. പക്ഷേ അതിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ സംവിധാനങ്ങൾ കുറെക്കൂടി ഉണ്ടാക്കാൻ കഴിഞ്ഞാൽ, അത് ഫലപ്രദമായി പ്രവർത്തിക്കുമെങ്കിൽ വളരെ വ്യാപകമായികൊണ്ടിരിക്കുന്ന മായം ചേർക്കൽ, അതുപോലെ ഉപഭോക്തൃ കോടതികളുമായി ബന്ധപ്പെട്ട നിരവധി പ്രശ്നങ്ങൾ എന്നിവ പരിഹരിക്കാൻ കഴിയും. ഈ വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നത് ജനങ്ങൾക്ക് ഗുണകരമായി മാറും. ബഹുമാനപ്പെട്ട മന്ത്രി അധികാരത്തിൽ വന്നതിനുശേഷം ആ രംഗത്ത് വളരെ കാര്യമായ ശ്രദ്ധ പതിപ്പിച്ചിട്ടുണ്ടെന്നുള്ളത് കണ്ടുകൊണ്ടു തന്നെ അതിന് കൂടുതൽ ആക്കം നൽകാൻ കഴിയണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി ഞാൻ പിൻതാങ്ങുന്നു.

[1 PM]

<u>ശ്രീ. കെ.ടി. കുഞ്ഞഹമ്മദ്</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിൻതാങ്ങുകയാണ്. ബ്രിട്ടീഷ് രാജിന്റെ സംഭാവനയാണ് റവന്യൂ ഭരണ സംവിധാനം. ദീർഘകാലമായി മാറ്റങ്ങൾക്ക് വിധേയമാക്കപ്പെടാത്ത ഒരു വകുപ്പാണ് റവന്യൂ വകുപ്പ്. എന്നാൽ എൽ.ഡി.എഫ്. അധികാരത്തിൽ വന്നതോടുകൂടി ഈ വകുപ്പിൽ വിപ്ലവകരമായ മാറ്റങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ.ഇ. ഇസ്മയിൽ തുടക്കം കുറിച്ചിരിക്കുകയാണ്. ഇത് നിഷേധിക്കാൻ ആർക്കും കഴിയുകയില്ല. റവന്യൂ ബോർഡും റവന്യൂ ഇൻസ്പെക്ടർ തസ്തികയും നിർത്തലാക്കിയതോടൊപ്പംതന്നെ ജോലി ഭാരം കുറഞ്ഞ ഓഫീസുകളും നിർത്തലാക്കിയിരിക്കുകയാണ്. അധികം വരുന്ന ജീവനക്കാരെ ജോലിഭാരം കൂടുതലുള്ള ഓഫീസുകളിലേക്ക് മാറ്റി നിയമിച്ചിരിക്കുന്നു. താലൂക്കാഫീസുകളിലും മറ്റും കൂടുതൽ ജീവനക്കാരെ ഇപ്പോൾ നിയമിച്ചുകഴിഞ്ഞിട്ടുണ്ട്. വില്ലേജാഫീസർ തസ്തിക ഹെഡ് ക്ലാർക്കിന് തുല്യമാക്കി. ഇത് വില്ലേജാഫീസർമാരുടെ, ദീർഘകാലമായുള്ള ഒരു ആവശ്യമാണ്. അതും സാധിപ്പിച്ചു കൊടുത്തിരിക്കുകയാണ്. സമഗ്രമായ ഈ പുന:സംഘടന വഴി ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന, അവരുടെ ആവശ്യങ്ങൾക്ക് പരിഹാരമുണ്ടാക്കുന്ന വകുപ്പായി റവന്യൂ വകുപ്പിനെ മാറ്റിയിരിക്കുന്നു. ഈ കാര്യത്തിൽ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി പ്രശംസ അർഹിക്കുന്നു. ഇതോടൊപ്പംതന്നെ നടപടിക്രമങ്ങളിലും ചട്ടങ്ങളിലും മാറ്റമുണ്ടാകണം. ഫയലുകൾ കുന്നുകൂടികിടക്കാൻ അനുവദിക്കരുത്; സമയബന്ധിതമായി അവയിൽ തീർപ്പ് കൽപ്പിക്കണം. ഇത് അഴിമതി തടയാൻ സഹായകമാകും. വില്ലേജ് തലം മുതൽ വ്യാപകമായ കംപ്യൂട്ടർവൽക്കരണം ഈ വകുപ്പിൽ നടപ്പിലാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതുപോലെ വലിയ താലൂക്കുകൾ; റവന്യൂ ഡിവിഷനുകൾ, വില്ലേജാഫീസുകൾ എന്നിവ വിഭജിക്കണം. ഏറ്റവും വലിയ താലൂക്കായ തലശ്ശേരി താലൂക്ക് വിഭജിച്ച് കിഴക്കൻ മലയോര പ്രദേശങ്ങളുൾക്കൊള്ളുന്ന ഒരു പുതിയ മലയോര താലൂക്ക് രൂപീകരിച്ച് ആ പ്രദേശങ്ങളിലെ ജനങ്ങളുടെ ചിരകാലാഭിലാഷം നിറവേറ്റണമെന്ന് മലയോര മേഖലയെ

LIBRARY ARCHIVES Kerala Legislative Assembly

പ്രതിനിധീകരിക്കുന്ന ഒരു ജനപ്രതിനിധിയെന്നുള്ള നിലയിൽ ഞാൻ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. പ്രകൃതിക്ഷോഭംമൂലം മരണമടയുന്നവരുടെ ആശ്രിതർക്ക് ഇപ്പോൾ ഗവൺമെന്റ് 25,000 രൂപയാണ് നൽകിവരുന്നത്. ഇത് വർദ്ധിപ്പിക്കണം. അതുപോലെതന്നെ വീടുകൾ ഭാഗികമായി നശിച്ചാൽ 5000 രൂപയാണ് നൽകുന്നത്, ഇത് 10,000 രൂപയായി ഉയർത്തണം. സ്ഥിരമായി വെള്ളപ്പൊക്കമുണ്ടാകുന്ന പ്രദേശങ്ങളിൽ കരുതൽ നടപടികൾ സ്വീകരിക്കണം. അവിടെ വെള്ളപ്പൊക്കമുണ്ടാകുമ്പോൾ ആളുകളെ മാറ്റി താമസിപ്പിക്കുന്നത് വിദ്യാലയങ്ങളിലാണ്. അതുകൊണ്ട് അവിടത്തെ വിദ്യാലയങ്ങൾ പ്രവർത്തിപ്പിക്കാൻ കഴിയുന്നില്ല. എവിടെയൊക്കെയാണ് /വെള്ളപ്പൊക്കവും പ്രകൃതിക്ഷോഭവുമുണ്ടാകുന്നതെന്ന് മുൻകൂട്ടി മനസ്സിലാക്കാൻ കഴിയണം. സ്ഥിരമായി വെള്ളപ്പൊക്കമുണ്ടാകുന്ന പ്രദേശങ്ങളുണ്ട്. ആ പ്രദേശങ്ങളെ മനസ്സിലാക്കി അവിടെ മുൻകൂറായി വേണ്ട പ്രതിരോധ നടപടികൾ സ്വീകരിക്കണം. അതുപോലെ പട്ടയം ലഭിക്കാത്ത ജനവിഭാഗങ്ങൾക്ക് അടിയന്തിരമായി പട്ടയം നൽകി അവരെ സഹായിക്കണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഒരിക്കൽക്കൂടി ഈ ധനാഭ്യർത്ഥനകളെ പിൻതാങ്ങിക്കൊണ്ട് ഞാൻ നിറുത്തുന്നു.

<u>ശ്രീ. ടി. നാണു മാസ്റ്റർ</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. അപ്പുറത്തുനിന്ന് പ്രസംഗിച്ച പല ആളുകളും റവന്യൂ വകുപ്പിനെ സംബന്ധിച്ച് കാര്യമായ വിമർശനമൊന്നും ഉന്നയിച്ചില്ല. അതുകൊണ്ടുതന്നെ നമ്മുടെ സംസ്ഥാനത്ത് ദൈനംദിന ഭരണകാര്യങ്ങളിൽ റവന്യൂ ഡിപ്പാർട്ടുമെന്റിന്റെ കാര്യക്ഷമത വളരെ പ്രശംസനീയമാണെന്ന് വ്യക്തമാണ്. റീസർവേ സംബന്ധിച്ചൊക്കെ ഇവിടെ പരാമർശമുണ്ടായി. കഴിയുമെങ്കിൽ ഒരു വർഷംകൊണ്ട് റീസർവേ പൂർത്തിയാക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നത് വളരെ അഭികാമ്യമായിരിക്കും. റീസർവേ സംബന്ധിച്ചൊക്കെ ഒരുപാട് ആക്ഷേപങ്ങൾ വരുന്നുണ്ട്. ആ രംഗത്ത് നമ്മൾ വളരെ കാര്യക്ഷമത പുലർത്തിയിട്ടുണ്ട്. എന്നാൽ സംസ്ഥാന വ്യാപകമായി അടിസ്ഥാനപരമായ മാറ്റം സർവേ രംഗത്ത് വരുത്തിക്കൊണ്ടുള്ള ഒരു നടപടി അടിയന്തിരമായും സ്വീകരിക്കണം. അതുപോലെതന്നെ നമ്മുടെ സംസ്ഥാനത്ത് അവശത അനുഭവിക്കുന്ന കുടികിടപ്പുകാരുണ്ട്. അവർ പെൻഷന്റേയോ മറ്റ് ആനുകൂല്യങ്ങളുടേയോ പരിധിയിൽ വരുന്നില്ല. റവന്യൂവുമായി ബന്ധപ്പെട്ട് കുടിയിരുപ്പൊക്കെ നഷ്ടപ്പെട്ടിട്ടുള്ള ആളുകൾക്ക്, അവശതയനുഭവിക്കുന്ന കുടികിടപ്പുകാർക്ക് ആശ്വാസം നൽകുന്നതിനുവേണ്ടിയുള്ള ക്ഷേമപദ്ധതി വരുന്നത് നല്ലതാണ്. ഗവണ്മെന്റ് അടിയന്തിരമായും അത് പരിഗണിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതുപോലെ ജന്മിത്വം അവസാനിപ്പിച്ചതിനെത്തുടർന്ന് നമ്മുടെ സംസ്ഥാനത്ത് ഇന്നും അവശതയനുഭവിക്കുന്നവരുണ്ട്. കോവിലകങ്ങളിലൊക്കെ എത്രയോ മനുഷ്യർ പട്ടിണിയും അവശതയുമായി കഴിഞ്ഞുകൂടുന്നു. അവർക്ക് ആശ്വാസം നൽകുന്നതിനുള്ള ഒരു നടപടി സ്വീകരിച്ചു കൂടേ? അതുപോലെ അധികാരവികേന്ദ്രീകരണത്തെത്തുടർന്ന് നമ്മുടെ ജില്ലാ ഭരണരംഗത്ത് കുറച്ചുകൂടി കാര്യക്ഷമത പുലർത്താൻ കഴിയണം. ഇപ്പോൾ ഡി.ഡി.സി. കളൊക്കെ പ്ലാനിംഗ് വകുപ്പിന്റെ കീഴിലാണ്. ജനകീയാസൂത്രണവും അധികാരവികേന്ദ്രീകരണവുമൊക്കെ വന്നപ്പോൾ കാര്യങ്ങൾ റിവ്യൂ ചെയ്യാനുള്ള അവസരങ്ങൾ ഫലപ്രദമായി ലഭിക്കുന്നില്ല. അതുകൊണ്ട് ജില്ലാ ഭരണത്തലവൻമാരെ ഉൾപ്പെടുത്തി, എം.എൽ.എ. മാരെയൊക്കെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു സംവിധാനം സ്വീകരിക്കുന്നത് നല്ലതായിരിക്കും. ഈ രംഗത്ത് കാര്യക്ഷമത വർദ്ധിപ്പിക്കാൻ, ജില്ലാ ഭരണത്തിൽ കൂടു

LIBRARY ARCHIVES Kerala Legislative Assembly

തൽ പങ്കാളിത്തം ഉറപ്പുവരുത്താൻ അതിന് കഴിയും എന്നുള്ളതാണ് ഇതുസംബന്ധിച്ച് സൂചിപ്പിക്കാനുള്ളത്. റവന്യൂ ഭരണത്തിന്റെ അടിസ്ഥാന ഘടകമാണ് നമ്മുടെ വില്ലേജാഫീസുകൾ. കഴിഞ്ഞ വർഷങ്ങളിലൊക്കെ വില്ലേജാഫീസുകളുടെ നിലവാരം ഉയർത്താനും പുതിയ കെട്ടിടങ്ങൾ നിർമ്മിക്കാനും സ്വന്തമായി കെട്ടിടങ്ങളുണ്ടാക്കാനുമൊക്കെ വളരെ കാര്യക്ഷമതയോടുകൂടിയുള്ള നടപടികൾ ഗവണ്മെന്റ് എടുത്തിട്ടുണ്ട്. എങ്കിലും കുറച്ചു വില്ലേജാഫീസുകൾ കെട്ടിടമില്ലാതെ വാടകകെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. അതെല്ലാം മാറ്റിയെടുക്കാൻവേണ്ടിയുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നത് നന്നായിരിക്കും. മറ്റൊരു വസ്തുത, റവന്യൂ ബോർഡ് നിർത്തലാക്കിയതിനെത്തുടർന്ന് ബുദ്ധിമുട്ടുണ്ടാകാത്ത രീതിയിൽ റവന്യൂ ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനങ്ങൾ നീങ്ങുന്നുണ്ട്. നമ്മുടെ സംസ്ഥാനത്ത് തുടർച്ചയായി വരൾച്ചയുണ്ടാകുന്നുണ്ട്; ചിലപ്പോൾ വെള്ളപ്പൊക്കം വരുന്നുണ്ട്. വെള്ളപ്പൊക്കക്കെടുതി അവസാനിച്ചാലുടൻ വരൾച്ച ആരംഭിക്കുകയാണ്. വരൾച്ച അവസാനിച്ചാലുടൻ വെള്ളപ്പൊക്കം ആരംഭിക്കുകയാണ്. ഈ രീതിയിലുള്ള കെടുതികൾ വരുമ്പോൾ ഡിപ്പാർട്ടുമെന്റിന്റെ തനതായ പ്രവർത്തനങ്ങൾക്ക് ജീവനക്കാർ ആവശ്യത്തിനുണ്ടോയെന്ന് പരിശോധിച്ചുകൊണ്ട് വില്ലേജാഫീസിൽ കുറച്ചുകൂടി സ്റ്റാഫിനെ നിയമിക്കാനുള്ള നടപടി സ്വീകരിക്കണം. അതുപോലെതന്നെ ജീവനക്കാരുടെ അവശതകൾ പരിഹരിക്കാനും ആവശ്യങ്ങൾ അംഗീകരിക്കാനുമുള്ള കുറേക്കൂടി മെച്ചപ്പെട്ട നടപടികൾ സ്വീകരിക്കണമെന്ന കാര്യം ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. പ്രതിപക്ഷത്തുനിന്ന് ചൂണ്ടിക്കാണിച്ചിട്ടുള്ള ചില വാദഗതികളോട് യോജിക്കാൻ കഴിയുന്നില്ല. ദുരിതാശ്വാസ സഹായങ്ങൾ നൽകുന്ന കാര്യത്തിലൊക്കെ ഗവണ്മെന്റ് തലത്തിൽ കഴിഞ്ഞ മൂന്നുവർഷമായി വളരെ ശുഷ്ക്കാന്തിയുണ്ടായിട്ടുണ്ട്. എന്നാൽ അത് താഴോട്ട് പോകുമ്പോൾ ഫലപ്രദമായി വിനിയോഗിക്കാൻ കഴിയുന്നില്ലെന്നുള്ളതാണ് പല മെമ്പർമാരും ചൂണ്ടിക്കാണിച്ചതിൽനിന്നും നമുക്ക് അനുമാനിക്കാനുള്ളത്. പട്ടയം നൽകുന്ന കാര്യത്തിൽ ഗവണ്മെന്റ് യഥാസമയം ഇടപെടുന്നുണ്ടെങ്കിലും ഫലപ്രദമായി കാര്യങ്ങൾ നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യം താഴെത്തട്ടിൽ ഉണ്ടെന്നുള്ളത് വളരെ ഗൗരവബുദ്ധിയോടുകൂടി പരിശോധിക്കേണ്ടിയിരിക്കുന്നു. ബഹുമാനപ്പെട്ട അങ്ങയുടെ മണ്ഡലത്തിൽത്തന്നെ വർഷങ്ങളായിട്ട് കൈവശം വച്ചിരിക്കുന്ന ഭൂമിക്ക് ഇനിയും പട്ടയം കിട്ടാൻ ബാക്കിയില്ലേ? എല്ലാ മണ്ഡലങ്ങളിലും ഇങ്ങനെ കുറേശ്ശേ ബാക്കിയുണ്ട്. അവർ വർഷങ്ങളായി വീട് വച്ച് താമസിക്കുന്നു. എന്നാൽ കൈവശരേഖ ലഭിക്കാത്തവരാണ്. ഡിസംബർ 31-ന് മുമ്പ് തന്നെ കൈവശഭൂമിക്ക് പട്ടയം നൽകാനുള്ള നിർദ്ദേശം നൽകണം. മറ്റ് സാങ്കേതിക തടസ്സങ്ങൾ ഇല്ലാത്ത ഭൂമിക്ക് പട്ടയം കൊടുക്കാനുള്ള നിർദ്ദേശം നൽകണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. ലോനപ്പൻ നമ്പാടൻ</u> : സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും നിരന്തരമായി ബന്ധപ്പെടേണ്ട സുപ്രധാനമായ ഒരു വകുപ്പാണ് റവന്യൂ വകുപ്പ്. നിത്യജീവിതത്തിൽ നമുക്കാവശ്യമുള്ള എല്ലാ സർട്ടിഫിക്കറ്റുകളും റവന്യൂ വകുപ്പിൽനിന്നാണ് ലഭിക്കേണ്ടത്. ഇൻഡ്യയിൽ ആദ്യമായി കേരളത്തിൽ ഭൂപരിഷ്കരണനിയമം പാസ്സാക്കി നടപ്പിലാക്കിയതോടെ ഈ വകുപ്പിന്റെ പ്രാധാന്യം ഇവിടെ വർദ്ധിച്ചു. ഭൂമിസംബന്ധമായ മുഴുവൻ ഇടപാടുകളും റവന്യൂ വകുപ്പാണ് കൈകാര്യം ചെയ്യുന്നത്. കേരളത്തിലെ മുഴുവൻ കൃഷിക്കാരും, കുടികിടപ്പുകാരും റവന്യൂ വകുപ്പിനെ ആശ്രയിക്കണം. റവന്യൂ വകുപ്പിൽ സമഗ്രമായ

LIBRARY ARCHIVES Kerala Legislative Assembly

അഴിച്ചുപണി നടത്തി അഴിമതി അവസാനിപ്പിക്കാനും കാര്യക്ഷമത വർദ്ധിപ്പിക്കാനും ഈ സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. നിലവിലുണ്ടായിരുന്ന റവന്യൂ ബോർഡും ഫർക്കയും ഇല്ലാതാക്കി ഈ സർക്കാർ കാലതാമസം ഒഴിവാക്കി. അഴിമതി തടയുന്നതിന് തിരുവനന്തപുരത്തും തൃശ്ശൂരും വിജിലൻസ് സെല്ലുകളുണ്ടാക്കി. അഴിമതിക്കാരായ നൂറുകണക്കിനു ജീവനക്കാരുടെ പേരിൽ ശിക്ഷാനടപടികൾ സ്വീകരിച്ചു. ഗ്രാമീണ സെക്രട്ടേറിയറ്റാണ് വില്ലേജാഫീസ്. സാധാരണക്കാർ സർക്കാരിന്റെ പ്രവർത്തനത്തെ വിലയിരുത്തുന്നത് വില്ലേജാഫീസുകളിൽകൂടിയാണ്. അധികാര വികേന്ദ്രീകരണവും ജനകീയാസൂത്രണവും വന്നതോടുകൂടി ജനങ്ങൾ തൊട്ടതിനൊക്കെ വില്ലേജാഫീസുകളിൽ പോകണം. റവന്യൂ ജീവനക്കാരുടെ അധ്വാനഭാരം വളരെയധികം വർദ്ധിച്ചു. ജോലിഭാരം കുറഞ്ഞ ആഫീസുകളും, തസ്തികകളും തിട്ടപ്പെടുത്തി രണ്ടായിരത്തോളം ജീവനക്കാരെ തിരക്കുള്ള ആഫീസുകളിലേയ്ക്കു മാറ്റി. സംസ്ഥാനത്ത് 1452 വില്ലേജാഫീസുകളുണ്ട്. ഭൂരിപക്ഷവും കാലിത്തൊഴുത്തുകളെപ്പോലെയായിരുന്നു. ഇടിഞ്ഞുപൊളിഞ്ഞു വീഴാറായ വാടകകെട്ടിടങ്ങളിലാണ് ഇവ പ്രവർത്തിച്ചിരുന്നത്. പല വില്ലേജാഫീസുകളിലും വിലപ്പെട്ട രേഖകൾ പലതും ചിതൽ പിടിച്ചും നനഞ്ഞും നശിച്ചുപോയിട്ടുണ്ട്. ആവശ്യത്തിന് സ്ഥലസൗകര്യങ്ങളും ഫർണിച്ചറുകളും ഇല്ലാതെ ജീവനക്കാർ ഇപ്പോഴും കഷ്ടപ്പെടുകയാണ്. ഇരിക്കാനും രേഖകൾ സൂക്ഷിക്കാനും ഇപ്പോഴുമുള്ളത് പഴയ മരപ്പെട്ടികളാണ്. ആര് വന്നാലും പെട്ടിയിലിരുത്തും. ഈ സർക്കാർ എല്ലാ വില്ലേജാഫീസുകൾക്കും സ്വന്തമായി കെട്ടിടവും റിക്കാർഡ് റൂമും ഉണ്ടാക്കാൻ തീരുമാനിച്ചു. ഗ്രൂപ്പു വില്ലേജുകളെല്ലാം വിഭജിച്ച് ഓരോ വില്ലേജിനും ഓരോ വില്ലേജാഫീസ് കെട്ടിടം നിർമ്മിക്കാൻ നടപടി സ്വീകരിച്ചു. ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിൽമാത്രം 7 പുതിയ വില്ലേജാഫീസ് കെട്ടിടങ്ങളുടെ പണി പൂർത്തിയായി. തൃശ്ശൂർ ജില്ലയിൽ നൂറിലേറെ ഗ്രൂപ്പ് വില്ലേജുകൾ വിഭജിച്ച് പുതിയ കെട്ടിടങ്ങൾ പണിയാനുണ്ട്. രണ്ടും മൂന്നും വില്ലേജുകൾക്കുകൂടി ഒരു വില്ലേജാഫീസ് അതാണ് ഗ്രൂപ്പ് വില്ലേജാഫീസ്. ബഹുമാനപ്പെട്ട റവന്യൂമന്ത്രി വില്ലേജാഫീസുകളിലെ ഗ്രൂപ്പെങ്കിലും അവസാനിപ്പിച്ച് ജനങ്ങളെ രക്ഷിക്കണം. വില്ലേജാഫീസുകളിലെ അപേക്ഷകൾക്കെല്ലാം രസീത് നൽകാനും ഒരാഴ്ചയ്ക്കകം സർട്ടിഫിക്കറ്റുകൾ നൽകാനും സർക്കാർ നടപടി സ്വീകരിച്ചു. വിദ്യാർത്ഥികൾക്കുള്ള സർട്ടിഫിക്കറ്റുകൾ രണ്ട് ദിവസത്തിനകം നൽകാൻതുടങ്ങി. സംസ്ഥാനത്തെ എല്ലാ കളക്ടറേറ്റുകളിലും, താലൂക്കാഫീസുകളിലും കംപ്യൂട്ടറുകൾ സ്ഥാപിച്ചു. വില്ലേജാഫീസ് മുതൽ സെക്രട്ടേറിയറ്റ് വരെ ബന്ധിപ്പിക്കുന്ന കംപ്യൂട്ടർ ശൃംഖല സ്ഥാപിക്കാൻ നടപടി സ്വീകരിച്ചു. താലൂക്കാഫീസുകളിൽ പുതുതായി അഡീഷണൽ തഹസീൽദാർമാരെ നിയമിച്ചു. വർദ്ധിച്ച ജോലിഭാരം കണക്കിലെടുത്ത് എല്ലാ വില്ലേജാഫീസുകളിലും അഡീഷണൽ വില്ലേജാഫീസർമാരെ നിയമിക്കണം. റവന്യൂ വകുപ്പിലെ മലയാളഭാഷ ആർക്കും മനസ്സിലാകുകയില്ല. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വ്യത്യസ്ത രീതികളിലാണ് സംസാരിക്കുന്നത്. ഇവ ഏകീകരിക്കണം. പഴയ ആധാരങ്ങൾ വായിച്ച് മനസ്സിലാക്കാൻ ഭാഷാപണ്ഡിതൻമാർക്കുപോലും കഴിയില്ല. റവന്യൂ ജീവനക്കാർക്ക് തൊഴിലിലും ഭാഷയിലും പരിശീലനം നൽകുന്നതിന് പുതിയ ട്രെയിനിംഗ് സെന്റർ ആരംഭിക്കണം. കൈക്കൂലിയും അഴിമതിയും അവസാനിപ്പിക്കാനും ജനങ്ങളുടെ സൗകര്യം കൂടുതൽ വർദ്ധിപ്പിക്കാനുംവേണ്ടി എല്ലാ കുടുംബങ്ങൾക്കും റവന്യൂകാർഡ് നൽകാൻ തീരുമാനിച്ചു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒരു ലക്ഷം പേർക്ക് പട്ടയവും കാൽലക്ഷം പേർക്ക്

LIBRARY ARCHIVES Kerala Legislative Assembly

കൈവശരേഖയും കൊടുത്തു. രണ്ട് വർഷം കഴിയുമ്പോൾ കേരളത്തിൽ പട്ടയമോ കൈവശരേഖയോ ഇല്ലാത്ത ഒരൊറ്റ കുടുംബവും ഉണ്ടാകില്ല. ജില്ലകളിലും താലൂക്കുകളിലും കെട്ടിക്കിടന്നിരുന്ന 3 ലക്ഷം കുടിശ്ശിക ഫയലുകളിൽ ഈ സർക്കാർ തീർപ്പുണ്ടാക്കി. സംസ്ഥാനത്തെ വലിയ താലൂക്കുകളും വില്ലേജുകളും ഉടൻ വിഭജിക്കണം. ഓരോ വില്ലേജിനും ഓരോ പഞ്ചായത്ത് എന്ന തത്വം അംഗീകരിച്ച് പുതിയ പഞ്ചായത്തുകൾ ഉണ്ടാക്കണം. മുകുന്ദപുരം താലൂക്കിന് 1316 ച.കി. വിസ്തൃതിയുണ്ട്. താലൂക്കാസ്ഥാനത്തുനിന്നും തമിഴ്നാട് അതിർത്തിയിലേയ്ക്ക് 110 കി.മീ. ദൂരമുണ്ട്. അതിർത്തിയിലുള്ള ആദിവാസികൾക്കും പാവപ്പെട്ടവർക്കും ഇരിങ്ങാലക്കുടയിലുള്ള താലൂക്കാഫീസിൽ വന്നു പോകണമെങ്കിൽ രണ്ട് ദിവസം വേണം. അതുകൊണ്ട് ചാലക്കുടിയിൽ പുതിയൊരു താലൂക്കും ഇരിങ്ങാലക്കുടയിൽ പുതിയൊരു റവന്യൂ ഡിവിഷനും അനുവദിക്കണം. സംസ്ഥാനത്തെ പഞ്ചായത്തുകളിലും മുഴുവൻ മുനിസിപ്പാലിറ്റികളിലും സ്വന്തമായി വാഹനങ്ങൾ ഉള്ളപ്പോൾ താലൂക്കാഫീസുകളിൽ സർക്കാർ വാഹനങ്ങൾ നൽകാത്തത് കഷ്ടമാണ്. മുകുന്ദപുരം താലൂക്കാഫീസിന് സ്വന്തമായി വാഹനമില്ല. പ്രകൃതിക്ഷോഭവും അപകടങ്ങളും ഉണ്ടാകുമ്പോൾ ഉടനെ ഓടിയെത്താൻ റവന്യൂ ഉദ്യോഗസ്ഥൻമാർക്ക് കഴിയുന്നില്ല. അടിയന്തിരമായി എല്ലാ താലൂക്കാഫീസുകളിലും വാഹനങ്ങൾ നൽകണം. തെരഞ്ഞെടുപ്പ് അടുത്തിരിക്കുന്ന ഈ സന്ദർഭത്തിൽ വാഹനങ്ങളില്ലാതെ അവർക്ക് ഒന്നും ചെയ്യാൻ കഴിയുകയില്ല. പ്രകൃതിക്ഷോഭംമൂലം ദുരിതം അനുഭവിക്കുന്നവർക്കും നാശനഷ്ടം സംഭവിച്ചവർക്കും സർക്കാർ ഇപ്പോൾ നൽകിവരുന്ന ധനസഹായങ്ങൾ ഇരട്ടിയാക്കി വർദ്ധിപ്പിക്കണം. കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് ദുരിതങ്ങൾ ജനങ്ങൾക്കും ആശ്വാസം മന്ത്രിമാർക്കുമായിരുന്നു. ഇപ്പോൾ ആശ്വാസം മുഴുവൻ ജനങ്ങൾക്കുതന്നെയാണ് കൊടുക്കുന്നത്. മരണം സംഭവിച്ചാൽ ഇപ്പോൾ ആശ്രിതർക്കു കൊടുക്കുന്ന തുക 3000 രൂപയാണ്. ഇത് 6000 രൂപയാക്കണം. കേന്ദ്രം ഇപ്പോൾ നൽകുന്ന 50000 രൂപ ഇരട്ടിയാക്കാൻ ഈ സർക്കാർ ആവശ്യപ്പെടണം. വീടിന് ഇപ്പോൾ നൽകി വരുന്ന നഷ്ടപരിഹാരമായ 15,000 രൂപ തൽക്കാലം 30,000 രൂപയെങ്കിലുമാക്കണം. കന്നുകാലികൾക്ക് നഷ്ടം സംഭവിച്ചാൽ ഇപ്പോൾ നൽകുന്ന തുകയും ഇരട്ടിയായി വർദ്ധിപ്പിക്കണം. ഇപ്പോൾ നൽകുന്ന 1500 രൂപ 3000 രൂപയായിട്ടെങ്കിലും വർദ്ധിപ്പിക്കണം. പത്തും പതിനായിരവും രൂപ വീതം വിലയുള്ള പശുക്കളും എരുമകളും ചത്താൽ കിട്ടുന്നത് വെറും 1500 രൂപയാണ്. സംസ്ഥാനത്തെ ക്ഷയരോഗികൾക്കും കുഷ്ഠരോഗികൾക്കും കാൻസർരോഗികൾക്കും സർക്കാർ പെൻഷൻ നൽകുന്നുണ്ട്. ക്ഷയരോഗികൾക്ക് ആറു മാസത്തേയ്ക്ക് പ്രതിമാസം 50 രൂപ വച്ച് ധനസഹായം നൽകും. മൊത്തം 300 രൂപ. വാർഷിക വരുമാനം 2400 രൂപയിൽ താഴെയുള്ളവർക്കാണ് സർക്കാർ ഈ 'വൻതുക' കൊടുക്കുന്നത്! ഇടതുപക്ഷ സർക്കാരിന് ഇത് അപമാനകരമാണ്. സത്യസന്ധമായി സർട്ടിഫിക്കറ്റ് കൊടുക്കാൻ റവന്യൂ ഉദ്യോഗസ്ഥൻമാർക്ക് കഴിയുമോ? കുഷ്ഠരോഗികൾക്കും കാൻസർ രോഗികൾക്കും നൽകുന്ന പെൻഷൻ മാസന്തോറും 115 രൂപയാണ്. വാർഷിക വരുമാനം 2400 രൂപയിൽ താഴെയുള്ളവർക്ക് മാത്രമാണ് ഈ പെൻഷൻ കിട്ടുന്നത്. റവന്യൂ ഉദ്യോഗസ്ഥൻമാരെ കൈക്കൂലിക്കാരാക്കുന്ന ഈ ഏർപ്പാട് അവസാനിപ്പിക്കണം. വാർഷിക വരുമാനം 24000 രൂപയിൽ നിന്ന് വർദ്ധിപ്പിക്കണം. വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ, വികലാംഗ പെൻഷൻ എന്നിവയുടെ വരുമാനപരിധിയും ഉയർത്തണം. അല്ലെങ്കിൽ കൈക്കൂലി വർദ്ധിക്കും. പാവപ്പെട്ടവർക്ക് കഷ്ടപ്പാടും വർദ്ധിക്കും. ഇരിങ്ങാലക്കുടയിൽ

LIBRARY ARCHIVES Kerala Legislative Assembly

മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണം ഉടനെ ആരംഭിക്കണം. അത് ടെണ്ടർ കഴിഞ്ഞിട്ടുള്ളതാണ്. സത്യസന്ധനും, നീതിമാനും, പ്രജാക്ഷേമതൽപ്പരനുമായ അഭിനവ 'വിക്രമാദിത്യ ചക്രവർത്തി' നീണാൾ വാഴട്ടെ.

<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എല്ലാ വിധത്തിലും പിൻതുണക്കുകയാണ്. ബഹുമാന്യനായ ലോനപ്പൻ നമ്പാടൻ മാസ്റ്റർ പറഞ്ഞു അവസാനിപ്പിച്ചപോലെ നിയമസഭാദിനത്തോട് അനുബന്ധിച്ച് നടത്തിയ, എം.എൽ.എ. മാരും മന്ത്രിമാരും പങ്കെടുത്ത നാടകത്തിൽ, പ്രജാക്ഷേമതൽപ്പരനായ വിക്രമാദിത്യ ചക്രവർത്തിയായി നാടകത്തിൽ വേഷമിട്ട ബഹുമാന്യനായ കെ.ഇ. ഇസ്മയിൽ കഴിഞ്ഞ മൂന്നു വർഷക്കാലം കേരളത്തിനെ ആ പഴയ വിക്രമാദിത്യചക്രവർത്തിയെ അനുസ്മരിപ്പിക്കുന്ന വിധം ജനങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ട് പ്രജാക്ഷേമതല്പരനായിത്തന്നെയാണ് മുന്നോട്ടുകൊണ്ടുപോയത്. അതുകൊണ്ടുതന്നെയാണ് അദ്ദേഹത്തിന്റെ വകുപ്പുമായി ബന്ധപ്പെട്ട ചർച്ചയിൽ യാതൊരു വിധത്തിലും ആരോപണങ്ങളുന്നയിക്കാൻ തയ്യാറാകാതെ പ്രതിപക്ഷത്തെ മുൻനിരക്കാരെല്ലാം പിന്നോട്ടു മാറിയത്. കഴിഞ്ഞ മൂന്നു വർഷം കേരളത്തിലെ റവന്യൂ വകുപ്പ് ലക്ഷ്യബോധത്തോടുകൂടി മുന്നോട്ടുപോകുന്ന ചിത്രമാണ് നമുക്ക് കാണാൻ കഴിഞ്ഞത്. ആ വകുപ്പിൽ കഴിഞ്ഞ മൂന്നു വർഷമായി നടത്തിയ പരിഷ്കാരങ്ങളെക്കുറിച്ച് ഇവിടെ വിശദീകരിക്കേണ്ടതില്ല. എനിക്ക് മുൻപ് സംസാരിച്ച ബഹുമാന്യരായ അംഗങ്ങളെല്ലാം അത്തരം കാര്യങ്ങൾ ഇവിടെ പരാമർശിച്ചു കഴിഞ്ഞിരിക്കുകയാണ്. ആദിവാസികൾക്ക് ഭൂമി നൽകുന്ന നിയമം ഏറെ ചർച്ച ചെയ്യപ്പെട്ടതാണ്. ഇതിനുമുൻപുണ്ടായിരുന്ന ഗവണ്മെന്റുകൾ ആ നിലയ്ക്ക് ഒരു ശ്രമവും നടത്താതെ വന്ന ഘട്ടത്തിൽ കേരളത്തിലെ ആദിവാസികളുടെ രക്ഷയ്ക്ക് എത്താൻ കഴിഞ്ഞത് ഇടതുപക്ഷജനാധിപത്യമുന്നണി ഗവണ്മെന്റിനാണ്. ആ നിലയ്ക്ക് നിയമംകൊണ്ടുവരികയും ആ നിയമം ഏതാനും നാളുകൾക്കുള്ളിൽ ഫലപ്രാപ്തിയിലെത്തിക്കുകയും ചെയ്തു. കേരളത്തിലെ ഭൂമിയില്ലാത്ത ആദിവാസികൾക്ക് ഭൂമി കിട്ടുന്നതുമായി ബന്ധപ്പെട്ട നിയമം നടപ്പിലാക്കാൻ കഴിഞ്ഞത് ഈ ഗവണ്മെന്റിനാണ്. അതുപോലെതന്നെ ഏറെ വർഷങ്ങളായി കേരളത്തിലെ, പ്രത്യേകിച്ച് മലബാറിലെ, കോഴിക്കോട് ജില്ലയിലുള്ള കാരായ്മ കുടിയാൻമാർക്ക് ആ നിയമത്തിന്റെ ആനുകൂല്യം കിട്ടാൻ യാതൊരു സാഹചര്യവുമില്ലായിരുന്നു. എന്നാൽ കാരായ്മ കുടിയാൻമാരെ സംരക്ഷിക്കുന്ന നിയമംക്കൊണ്ടുവരാൻ കഴിഞ്ഞത് ഈ നിയമസഭയ്ക്കാണ്, ബഹുമാന്യനായ കെ.ഇ. ഇസ്മയിലിനാണ്.

റവന്യൂ ബോർഡ് നിർത്തലാക്കലിനെപ്പറ്റി ഇവിടെ പലരും പറഞ്ഞുകഴിഞ്ഞു. വെള്ളാനയെന്നോ, കറുത്ത ആനയെന്നോ ഏത് പേരിട്ടു വിളിച്ചാലും റവന്യൂ ബോർഡ് കേരളത്തെ സംബന്ധിച്ചിടത്തോളം, കേരളത്തിലെ ജനങ്ങൾക്ക് ഒരു ശാപമായിരുന്നു. ഒരു പറ്റം ഉദ്യോഗസ്ഥന്മാർക്ക് എല്ലാ അർത്ഥത്തിലും തടിച്ചു കൊഴുക്കാൻ കഴിയുന്നതും ജനങ്ങൾക്ക്, ഫലത്തിൽ ഗുണം നൽകാത്തതുമായ ഒന്നായിരുന്നു കേരളത്തിലെ റവന്യൂ ബോർഡ്. ആ റവന്യൂ ബോർഡിനെ പിരിച്ചുവിടാൻ ധൈര്യം കാണിക്കുക, അത് നിർത്തലാക്കാൻ കഴിയുന്ന നിയമം കൊണ്ടുവന്ന് അത് നടപ്പിലാക്കാൻ കഴിയുക-അങ്ങനെയൊക്കെ സംഭവിക്കുമെന്ന് പലരും സ്വപ്നംപോലും കണ്ടിട്ടുണ്ടാവില്ല. പക്ഷേ അതെല്ലാം പ്രാവർത്തികമാക്കിക്കൊണ്ട് റവന്യൂ ബോർഡെന്ന വെള്ളാനയെ ഇല്ലാതാക്കാനായി ഫലപ്രദമായി പ്രവർത്തിച്ച ഒരു മുന്നണി ഗവ

LIBRARY ARCHIVES Kerala Legislative Assembly

ണ്മെന്റാണ് ഇത്. ആ മുന്നണിയുടെ ഇച്ഛാശക്തിയാണ് ബഹുമാന്യനായ കെ.ഇ. ഇസ്മയിലിന് ഇവിടെ നടപ്പാക്കാൻ കഴിഞ്ഞത്.

അദ്ദേഹത്തിന് ഇനിയും കേരളത്തിന്റെ ഭരണരംഗത്ത് നടപ്പിലാക്കേണ്ട ഒട്ടേറെ കാര്യങ്ങളുണ്ട്. അതിൽ പ്രധാനപ്പെട്ടത് ജില്ലാഭരണം മെച്ചപ്പെടുത്തുക യെന്നുള്ളതുതന്നെയാണ്. നമ്മുടെ ജില്ലയുടെ അധിപനെന്നു പറയുന്നത് ജില്ലാ കളക്ടർ ആണ്. ഒട്ടേറെ ഉത്തരവാദിത്വം ജില്ലാ കളക്ടറിൽ നിക്ഷിപ്തമാണ്. നിരവധി കമ്മിറ്റികളുടെ അദ്ധ്യക്ഷൻ കളക്ടറായതുകൊണ്ട് കളക്ടർ എന്നുള്ള നിലയ്ക്ക് ജനങ്ങളുടെ പ്രശ്നങ്ങളിൽ ആഴത്തിൽ ഇറങ്ങിച്ചെന്ന് പരിഹാരം കാണാൻ അദ്ദേഹത്തിന് കഴിയാറില്ല. ചുമതലയുടെ അധികഭാരം കൊണ്ട് കളക്ടർമാർ വീർപ്പുമുട്ടുകയാണ്. അതിലൊരു മാറ്റമുണ്ടാക്കാൻ കഴിയണം. കളക്ടർമാർ ഒരളവിൽ ജില്ലയുടെ ഭരണത്തിന്റെ തലവന്മാരായിരിക്കുമ്പോൾത്തന്നെ നമ്മൾ അധികാരവികേന്ദ്രീകരണം നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. മറ്റെല്ലാ സംസ്ഥാനങ്ങൾക്കും മാതൃക ആകുന്ന വിധത്തിൽ അധികാരവികേന്ദ്രീകരണം അതിന്റെ പൂർണ്ണമായ അർത്ഥത്തിൽ നടപ്പിലാക്കുമ്പോൾ ജില്ലാ കളക്ടർമാർ തെരഞ്ഞെടുക്കപ്പെട്ട ജില്ലാ ഭരണത്തിന്, ജില്ലാ ഭരണ പ്രതിനിധിക്ക്, ജില്ലാ ഭരണസഭയ്ക്ക് കീഴ്പ്പെട്ട് പ്രവർത്തിക്കുന്ന ആളായി മാറണം. അത്തരത്തിലൊരു നിയമമാണ് 1987-ൽ ഭരിച്ച ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവണ്മെന്റ് കൊണ്ടുവന്നത്. 1991-ൽ ആ ഗവണ്മെന്റ് നടപ്പിലാക്കിയ ജില്ലാ കൗൺസിൽ നിയമത്തിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട ജില്ലാ കൗൺസിലിന്റെ സെക്രട്ടറിയായി ജില്ലാ കൗൺസിലിന് കീഴ്പ്പെട്ട് കളക്ടർ പ്രവർത്തിക്കണമെന്നായിരുന്നു തീരുമാനം. നിർഭാഗ്യവശാൽ 1991-ൽ അധികാരത്തിൽ വന്ന ഐക്യജനാധിപത്യമുന്നണി, ബഹുമാന്യനായ കരുണാകരന്റെ ഗവണ്മെന്റ്, ആ ജില്ലാ കൗൺസിൽ സംവിധാനത്തിന്റെ കഴുത്ത് ഞെരിച്ചു. അധികാരം താഴോട്ടു കൊടുക്കാൻവേണ്ടി പ്രാവർത്തികമാക്കിയ ജില്ലാ ഭരണത്തിന്റെ കഴുത്ത് ഞെരിച്ചു എന്നു മാത്രമല്ല വീണ്ടും ഭരണത്തെ ഉദ്യോഗസ്ഥ തലങ്ങളിലേയ്ക്ക് ഉദ്യോഗസ്ഥമേധാവികളുടെ കൈകളിലേക്ക് കെട്ടി ഏല്പിക്കുന്ന വിധത്തിലായിരുന്നു അത്തരമൊരു സംവിധാനം നടപ്പിലാക്കിയത്. അതിലൊരു മാറ്റമുണ്ടാകണം. ജില്ലാ കളക്ടർക്ക് ഇന്ന് അനുഭവപ്പെടുന്ന ജോലിഭാരം കുറച്ച് ജനങ്ങളുടെ പ്രശ്നങ്ങൾ, ജില്ലയുടെ പ്രശ്നങ്ങൾ ഇതിന്റെയെല്ലാം ചുമതലക്കാരനായി വരത്തക്കവിധത്തിൽ സമഗ്രമായ നിലയിൽ ഒരു മാറ്റമുണ്ടാകണം. നമ്മുടെ സംസ്ഥാനത്ത് ഭരണപരിഷ്കാര കമ്മിറ്റി വച്ചിട്ടുണ്ട്. ആ കമ്മിറ്റിയുമായി ബന്ധപ്പെട്ട് അത്തരം കാര്യങ്ങളെക്കുറിച്ച് ഗൗരവമായിത്തന്നെ ആലോചിക്കുമെന്നാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്. ഏതായാലും ഈ സംസ്ഥാനത്തിനകത്ത് അധികാരവികേന്ദ്രീകരണത്തിന്റെ ഫലങ്ങൾ ജനങ്ങൾക്ക് അനുഭവപ്പെടാൻ ഇടയാകുന്ന വിധത്തിൽ കുറേയേറെ പരിഷ്കാരങ്ങൾ നടന്നിട്ടുണ്ട്. അതിൽ നല്ലൊരുപങ്ക് പരിഷ്കാരങ്ങളും നടന്നിട്ടുള്ളത് റവന്യൂ വകുപ്പിലാണ്. അതിവിടെ പറഞ്ഞു കഴിഞ്ഞു. ജില്ല, ഫർക്ക, വില്ലേജ് എന്നീ മൂന്നു തട്ടുകളുള്ളതിൽ ഫർക്ക എന്നുള്ളത് ഒഴിവാക്കി വില്ലേജ് എന്നാക്കി. അതിനു മുകളിൽ താലൂക്ക്, അതിനു മുകളിൽ ജില്ല, അതിനു മുകളിൽ സംസ്ഥാനം എന്ന നിലയിലേക്ക് കാര്യങ്ങൾ മാറിയിട്ടുണ്ട്. അതിന്റെ ഭാഗമായി കുറെയേറെ ഉദ്യോഗസ്ഥന്മാരെ പുനർവിന്യസിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. കേരളത്തിൽ ഇതിനു മുൻപ് ഒരിക്കലുമുണ്ടാകാത്ത വിധത്തിൽ റവന്യൂ വകുപ്പിൽ ഒറ്റയടിക്കാണ് മൂവായിരത്തോളം ജീവനക്കാർക്ക് പ്രൊമോഷൻ കിട്ടിയത്. ഏകദേശം 3000 ജീവനക്കാർക്ക് പ്രൊമോഷൻ കൊടുക്കാൻ കഴിഞ്ഞു. വർഷങ്ങളായി കേരളത്തിലെ വില്ലേജ് ഓഫീസർമാർ ഉന്നയിക്കുന്ന ഒന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

അവർക്കൊരു മെച്ചപ്പെട്ട അംഗീകാരം കിട്ടണമെന്നുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ അവരുടെ തസ്തിക ഹെഡ്ക്ലാർക്കിന് തുല്യമാക്കിക്കഴിഞ്ഞിട്ടുണ്ട്. അതുപോലെ തന്നെ താലൂക്കുകളിലെ ജോലിഭാരം കണക്കിലെടുത്ത് താലൂക്കിൽ തഹസിൽദാരെ കൂടാതെ അഡീഷണലായിട്ട് ഒരു തഹസീൽദാർ. അതുപോലെ നികുതി സംബന്ധിച്ച കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് കമ്മീഷണർ. ഈ അടിസ്ഥാനത്തിൽ കുറെയേറെ മാറ്റങ്ങൾ കേരളത്തിലെ ഭരണരംഗത്ത് വരുത്താൻ ഈ റവന്യൂ വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. പക്ഷേ അത് ഇനിയും മാറേണ്ടിയിരിക്കുന്നു. നമ്മുടെ ജില്ലാ ആസ്ഥാനമായ കളക്ടറേറ്റുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ കളക്ടർ മാത്രം മെച്ചപ്പെട്ടതുകൊണ്ട് കാര്യമില്ല. ജീവനക്കാരും മെച്ചപ്പെടേണ്ടതുണ്ട്. സംസ്ഥാന തലത്തിൽ ജീവനക്കാർ മെച്ചപ്പെടേണ്ടതുണ്ട്. കൃത്യസമയത്ത് അവർ ജോലിക്ക് വരണം. കൃത്യ സമയത്ത് ജോലി നിർവഹിക്കണം. 10 രൂപയോ, 100 രൂപയോ, ആയിരം രൂപയോ ആരിൽനിന്നെങ്കിലും കൈക്കൂലി വാങ്ങുന്നത് മാത്രമാണ് അഴിമതി എന്ന് കാണരുത്. അഴിമതിയുടെ വിവിധങ്ങളായ വശങ്ങൾ പരിശോധിക്കുമ്പോൾ സമയത്ത് ജോലിക്ക് എത്താതിരിക്കലും ചെയ്യേണ്ട ജോലി സമയത്ത് ചെയ്തു തീർക്കാത്തതുമൊക്കെ അഴിമതിയുടെ ഭാഗമാണ്. അതിൽനിന്ന് വിട്ട്, ചെയ്യാതിരിക്കലും സമയത്ത് ഓഫീസിൽ എത്താതിരിക്കലും ഒക്കെ അഴിമതിയുടെ നിർവ്വചനത്തിന്റെ ഭാഗമാണ്. അതെല്ലാം ഒഴിവാക്കാൻ കഴിയുന്ന വിധത്തിൽ മുന്നോട്ടു പോകണമെങ്കിൽ കേരളത്തിലെ ഉദ്യോഗസ്ഥന്മാരുടെ, ജീവനക്കാരുടെ ഭാഗത്തുനിന്ന് വലിയ സംഭാവന ഉണ്ടാകാൻ കഴിയണം. അങ്ങനെ സംഭാവന ഉണ്ടാകണമെങ്കിൽ മേലേ തട്ടിലുള്ള ആളുകളുടെ, പ്രത്യേകിച്ച് ഉയർന്ന ഉദ്യോഗസ്ഥൻമാർ എന്നു പറയുമ്പോൾ ജില്ലാ കളക്ടറും അതിനു മുകളിലുള്ള സെക്രട്ടറിമാർ തുടങ്ങിയുള്ള ആളുകളുടെ കാര്യത്തിൽ ആ നിലയ്ക്ക് ഒരു സംവിധാനം വരേണ്ടതുണ്ട്. വില്ലേജ് ഓഫീസ് മുതൽ ജില്ലാഭരണം വരെ, ജില്ലാ ഹെഡ്ക്വാർട്ടേഴ്സ് വരെയുള്ള സംവിധാനത്തിൽ നമുക്ക് വലിയ മാറ്റമുണ്ടാക്കാനും സംസ്ഥാനതലത്തിൽത്തന്നെ അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി പുനഃസംഘടന, ജീവനക്കാരെ മറ്റു അർത്ഥത്തിൽ പുനഃസംഘടിപ്പിക്കാൻ കഴിയുന്ന സംവിധാനം ഉണ്ടാക്കേണ്ടതുണ്ട്. താലൂക്ക് പുനഃസംഘടനയെക്കുറിച്ച് ഇവിടെ നിരവധി ആവശ്യങ്ങൾ ഉന്നയിക്കുകയുണ്ടായി. പലർക്കും തങ്ങളുടെ മണ്ഡലം തന്നെ താലൂക്കായി കിട്ടിയാൽ കൊള്ളാമെന്നുള്ള അഭിപ്രായമുണ്ട്. താലൂക്ക് പുനഃസംഘടനയെക്കുറിച്ച് പറയുമ്പോൾ കേരളത്തിലെ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ടാൽ, കേരളത്തിന്റെ ചരിത്രമെടുത്തു കഴിഞ്ഞാൽ ഏതാണ്ട് 1865-ൽ പണ്ടാരപ്പാട്ട വിളംബരം ചെയ്തത് ആയില്യം തിരുനാൾ രാമവർമ്മ മഹാരാജാവിന്റെ ഭരണകാലത്താണ്. കേരളത്തിൽ ഒരു സമഗ്രമായ നിയമത്തിന് തുടക്കം കുറിച്ചത് തിരുവിതാംകൂറിലാണ്. പിന്നീട് തിരു-കൊച്ചി രൂപീകരണത്തിന്റെ ഭാഗമായി അത് വന്നിട്ടുണ്ട്. 1957-ൽ ആദ്യത്തെ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം റവന്യൂ ബോർഡിനെ മെച്ചപ്പെടുത്താൻ കഴിയുന്ന നിയമമുണ്ടായിട്ടുണ്ട്. ഇത്തരത്തിലുള്ള നിയമങ്ങളൊക്കെ കൊണ്ടുവരുന്നത് ജനങ്ങൾക്കുവേണ്ടിയാണ്. ജനങ്ങൾക്ക് വളരെ ലളിതമായി, സുതാര്യമായി, അവർക്ക് കിട്ടേണ്ടത് കിട്ടാനും അവരുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടാനും അവരുടെ അവകാശങ്ങളെ മറ്റാരും നിഹനിക്കുന്നില്ലെന്ന് വരുത്താനുമൊക്കെ വേണ്ടിയാണ് ഈ നിയമങ്ങൾ കൊണ്ടുവന്നിട്ടുള്ളത്. ഈ നിയമങ്ങളുടെ ഗുണഫലം ജനങ്ങൾക്ക് കിട്ടണം. അങ്ങനെ കിട്ടാൻ കഴിയുന്ന വിധത്തിലായിരിക്കണം വിവിധങ്ങളായ പുനഃസംഘടനകൾ നടത്തേണ്ടത്. താലൂക്ക് പുനഃസംഘടന

LIBRARY ARCHIVES Kerala Legislative Assembly

വളരെ ധൃതിപിടിച്ച് ആരുടെയെങ്കിലുമൊക്കെ താല്പര്യങ്ങൾ സംരക്ഷിക്കാൻവേണ്ടി നടപ്പിലാക്കേണ്ടതാണെന്ന അഭിപ്രായം എനിക്കില്ല. അക്കാര്യത്തിലൊരു മാതൃകയുണ്ട്. 1957-ലെ ഗവണ്മെന്റ് ഒരു ഭരണ പരിഷ്ക്കാര കമ്മിറ്റിയെ നിയോഗിച്ചിരുന്നു. ആ കമ്മിറ്റി ഇത് സംബന്ധിച്ച് ഒരു റിപ്പോർട്ട് ഗവണ്മെന്റിന് കൊടുത്തിട്ടുണ്ട്. എങ്ങനെയാണ് താലൂക്കുകളുണ്ടാകേണ്ടത്; താലൂക്കിന്റെ സംവിധാനമെന്തായിരിക്കണം; വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ കണക്കിലെടുത്തുകൊണ്ട് താലൂക്കുകൾ ചെയ്തു തീർക്കേണ്ട ചുമതലകൾ എന്തായിരിക്കണം എന്നതിനെ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിച്ചു. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കണം ഇനി കേരളത്തിൽ പുതിയ താലൂക്കുകൾ ഉണ്ടാകേണ്ടത്. നിലവിൽ പുതിയ താലൂക്കുകൾ ഉണ്ടാകുന്നതുകൊണ്ട് മാത്രം കാര്യങ്ങൾ മെച്ചപ്പെടുമെന്ന് പറയാൻ കഴിയുകയില്ല. ഉള്ള താലൂക്കുകളുടെ പ്രവർത്തനം ചിട്ടപ്പെടുത്തുകയും ആ നിലയ്ക്ക് മുന്നോട്ടു പോകുകയും ചെയ്യാൻ കഴിയണം. കഴിഞ്ഞ ഒരു വർഷക്കാലത്തെ പ്രവർത്തനത്തിന്റെ ഫലമായി, അദ്ദേഹം സഭയിൽ വച്ച കണക്കു പ്രകാരമാണെങ്കിൽ, 20 വർഷമായി കെട്ടിക്കിടക്കുന്ന ഏതാണ്ട് രണ്ടു ലക്ഷത്തിലേറെ വരുന്ന ഫയലുകൾ തീർപ്പുകൽപ്പിക്കാൻ കഴിഞ്ഞു. 20 വർഷത്തിലേറെ പഴക്കമുള്ള രണ്ടു ലക്ഷത്തോളം ഫയലുകൾക്ക് തീർപ്പുകൽപ്പിക്കാൻ കഴിഞ്ഞു എന്നു പറയുന്നത് നിസ്സാര കാര്യമല്ല. പുതിയ താലൂക്കുകളോ പുതിയ വില്ലേജുകളോ ഉണ്ടാക്കുന്നതിനേക്കാൾ ഉപരിയായി ഇന്നുള്ള സംവിധാനം മെച്ചപ്പെടുത്തണം. അങ്ങനെ മെച്ചപ്പെടുത്തിക്കൊണ്ടു മാത്രമേ പുതിയ താലൂക്കുകളെക്കുറിച്ചും പുതിയ വില്ലേജുകളെക്കുറിച്ചുമൊക്കെ ചിന്തിക്കാൻ കഴിയൂ. ആ നിലയ്ക്കുവേണം നമ്മുടെ റവന്യൂ വകുപ്പിൽ അടിയന്തിരമായി മാറ്റങ്ങൾ ഉണ്ടാക്കേണ്ടത്. ഇത് പറയുമ്പോൾ റവന്യൂ വകുപ്പിൽ ആശാസ്യമല്ലാത്ത ചില കാര്യങ്ങൾ നടക്കുന്നുണ്ടെന്നുള്ള അഭിപ്രായക്കാരനാണ് ഞാൻ. നമ്മുടെ സെൻട്രൽ ജയിലിന്റെ കുറെ ഭൂമി കേരളത്തിലെ ചില ഐ.എ.എസ്. ഉദ്യോഗസ്ഥൻമാർക്ക് കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഐ.എ.എസ്. ഉദ്യോഗസ്ഥൻമാർ ആയതുകൊണ്ട് ഭരണത്തിന്റെ എല്ലാ തലത്തിലും അവർക്ക് നല്ലതുപോലെ സ്വാധീനം കാണും. ആ സ്വാധീനം ഉപയോഗിച്ചുകൊണ്ട് അവർക്ക് ഒരു ഹൗസിംഗ് കോളനിയുണ്ടാക്കാൻ വേണ്ടി, വളരെ വിലകുറച്ച് ഭൂമി കൊടുക്കാൻ തീരുമാനിച്ചു, ഞെട്ടിപ്പിക്കുന്ന കാര്യമാണ് അത്. അത് റദ്ദാക്കണമെന്ന് നിയമസഭയുടെ അഷ്വറൻസ് കമ്മിറ്റി നിർദ്ദേശം വച്ചിട്ടുള്ളതാണ്. ഐ.എ.എസ്. കാരായതുകൊണ്ട് അവർക്ക് പ്രത്യേക പ്രിവിലേജ് വേണമെന്ന് പറയുന്നത് ശരിയല്ലല്ലോ. സാധാരണക്കാർക്ക് ഇല്ലാത്ത പ്രിവിലേജ് ഐ.എ.എസ്. കാർക്ക് വേണമെന്നു പറയുന്നത് ശരിയല്ലല്ലോ. അതുകൊണ്ട് സെൻട്രൽ ജയിലിൽനിന്ന് ഐ.എ.എസ്.കാർക്ക് കോളനിക്കുവേണ്ടി ഭൂമി വളരെ വില കുറച്ച് കൊടുക്കാൻ എടുത്തിട്ടുള്ള തീരുമാനം റദ്ദ് ചെയ്തുകൊണ്ട് അഷ്വറൻസ് കമ്മിറ്റിയുടെ തീരുമാനം നടപ്പിലാക്കണം. നമ്മുടെ നഗരങ്ങളിലെ കണ്ണായ സ്ഥലങ്ങളിൽ പല സ്വകാര്യ സംഘടനകൾക്കും ക്ളബുകൾക്കും ഉന്നതൻമാരുടെ കേളികൾക്കുവേണ്ടി ഉണ്ടാക്കിക്കൊടുത്തിട്ടുള്ള നിരവധി ക്ളബുകൾ ഉണ്ട്. അത്തരം ക്ളബുകൾക്കൊക്കെ ഏക്കർ കണക്കിന് ഭൂമി വളരെ കുറഞ്ഞ ലീസിന് കൊടുക്കുന്നുണ്ട്. ഒരു ഉദാഹരണം പറയാം, തിരുവനന്തപുരത്തെ ശ്രീമൂലം ക്ളബ്, അതുപോലെ തന്നെ മുൻ ഐ.എ.എസ്. ഉദ്യോഗസ്ഥൻമാരൊക്കെ ഗോൾഫ് കളിക്കാനും ടെന്നീസ് കളിക്കാനും പോകുന്ന ഈ തിരുവനന്തപുരം നഗരത്തിലെ വേറൊരു ക്ളബ്. അതിന് 27 ഏക്കർ ഭൂമി വരെ കൈവശമുണ്ട്. ഇത്തരം ക്ളബുകൾക്ക് നഗരത്തിലെ കണ്ണായ സ്ഥലങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

ഗവണ്മെന്റിന്റെ ഉടമസ്ഥതയിലുള്ള ഭൂമി മിച്ചഭൂമിയാണെന്ന് പ്രഖ്യാപിച്ച് ഒരു വർഷത്തേക്ക് സെന്റിന് ഒന്നര രൂപയ്ക്ക് ലീസിനു കൊടുത്തിരിക്കുകയാണ്. കേരളത്തിലെ സാധാരണക്കാരന് കിട്ടേണ്ട അവകാശങ്ങളെ ഇല്ലാതാക്കുന്ന സംവിധാനം ഉണ്ടെങ്കിൽ അതെല്ലാം മാറ്റിക്കൊണ്ട്, ഇന്ന് ക്ളബുകൾക്ക് കൊടുത്തിട്ടുള്ള ഭൂമിയുടെ ലീസിന്റെ കാലാവധി കഴിഞ്ഞുവെങ്കിൽ സർക്കാർ ആവശ്യത്തിനുവേണ്ടി ആ ഭൂമി ഗവണ്മെന്റ് തിരിച്ചു വാങ്ങണം.

ശ്രീ. എം.വി. ജയരാജൻ : വിവിധ പ്രദേശങ്ങളിൽ സർക്കാർ സ്ഥലം വളരെ ചുരുങ്ങിയ സംഖ്യയ്ക്ക് ലീസിന് ഐ.എ.എസ്. ഉദ്യോഗസ്ഥന്മാർക്കു വേണ്ടി കൊടുക്കുകയാണ്. തിരുവനന്തപുരം ജില്ലയിൽ ലീസിന് കൊടുത്തിട്ടുള്ള സ്ഥലത്തിന്റെ സംഖ്യപോലും കൊടുക്കുന്നില്ലയെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ജോൺ ഫെർണാണ്ടസ് : അതുകൊണ്ടുതന്നെയാണ് ഈ കാര്യം അടിയന്തിരമായി പരിശോധിക്കണമെന്ന് പറഞ്ഞത്. വളരെ തുച്ഛമായ നിരക്ക്, ഒരു സെന്ററിന് ഒന്നര രൂപയാണ് നിശ്ചയിച്ചത്. അതുപോലും കൊടുക്കാത്ത സ്ഥിതിയാണ്. അത്തരം ക്ളബുകളിൽ നടക്കുന്നത് എന്തൊക്കെയാണെന്ന് പുറത്തുപറയാൻ കൊള്ളുകയില്ല. പുറത്തു പറയാൻ പറ്റാത്ത പലതും നടക്കുന്നുണ്ട്. മദ്യം കഴിക്കലുണ്ട്, മറ്റ് വേഴ്ചകളുണ്ട്, അതൊന്നും പറയണ്ട; സഭയ്ക്കു തന്നെ മോശമാണ്. ഇത്തരത്തിലുള്ള കേളികൾക്ക് സർക്കാരിന്റെ ഭൂമി ഇത്തരത്തിൽ വിട്ടുകൊടുക്കണമോ? കാലാവധി കഴിഞ്ഞത് തിരിച്ചെടുക്കണം. നമ്മുടെ നഗരങ്ങളിലേയും നാട്ടിൻപുറങ്ങളിലേയും സ്ഥിതി എന്താണ്? കേരളകൗമുദി പത്രത്തിൽ ഒരു മുഖപ്രസംഗം എഴുതിയിട്ടുണ്ടായിരുന്നു. 1998 ജൂലൈ 26-ാം തീയതിയാണ് മുഖപ്രസംഗം എഴുതിയത്. അത് മിച്ചഭൂമിയും പുറമ്പോക്ക് ഭൂമിയും പതിച്ചു നൽകുന്നതിനെക്കുറിച്ചാണ്. കേരളത്തിൽ പല സ്ഥലങ്ങളിലും ഇത്തരത്തിലുള്ള സംഘടനകൾക്ക് ഭൂമി പതിച്ചു നല്കുമ്പോൾ പ്രത്യേകിച്ച് നാട്ടിൻപുറങ്ങളിലേയും നഗരങ്ങളിലേയും ജനങ്ങൾക്ക് കിട്ടേണ്ട ആനുകൂല്യം കിട്ടാതെ വരുന്നു.

ശ്രീ. കെ.സി. ജോസഫ് : തിരുവനന്തപുരം സിറ്റിയിൽ എ.കെ.ജി. സെന്ററിനുവേണ്ടിയും എൻ.ജി.ഒ. യൂണിയനുവേണ്ടിയും നല്കിയ ഭൂമി തിരിച്ചെടുക്കണമെന്നാണോ?

ശ്രീ. ജോൺ ഫെർണാണ്ടസ് : എ.കെ.ജി. സെന്ററിനെക്കുറിച്ചും എൻ.ജി.ഒ. യൂണിയൻ സംഘടനയെക്കുറിച്ചും ബഹുമാനപ്പെട്ട കെ.സി. ജോസഫിന് ഒരു ചുക്കും ചുണ്ണാമ്പും അറിയുകയില്ല. എ.കെ.ജി. എന്ന മഹാനുഭാവന് സ്മാരകം നിർമ്മിക്കാൻ ഗവണ്മെന്റ് ഭൂമി പതിച്ചു കൊടുത്തത് നിങ്ങളുടെ ഗവണ്മെന്റാണ്, സമ്മതിക്കുന്നു. അത് നല്ല കാര്യവുമാണ്. അതിനെക്കുറിച്ച് ഇപ്പോഴും വേവലാതി കൊള്ളുന്നത് എന്തിനാണ്? അത് ഞങ്ങൾക്ക് മനസ്സിലാകുന്നില്ല. ഞാൻ ആ വിഷയത്തിലേയ്ക്ക് കടക്കുന്നില്ല. ഇത്തരത്തിൽ കൊടുക്കുന്നത് അവസാനിപ്പിക്കണം. നമ്മുടെ മുനിസിപ്പാലിറ്റികൾക്കും പഞ്ചായത്തുകൾക്കും, പ്രത്യേകിച്ച് കായിക സംസ്കാരം വളർന്നുവരുന്ന ഘട്ടങ്ങളിൽ, അവരുടെ കായിക സംസ്കാരം പ്രോത്സാഹിപ്പിക്കാൻ കഴിയുന്ന ഭൂമി ഇല്ല, സ്റ്റേഡിയങ്ങൾ ഇല്ല. നാട്ടിൻപുറങ്ങളിൽ ആണെങ്കിൽ കളിക്കാൻ സ്ഥലമില്ല, നഗരങ്ങളിൽ സ്ഥലമില്ല. ഇത്തരത്തിൽ പതിച്ചു കൊടുക്കുമ്പോൾ എല്ലാ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കായിക സംസ്കാരം വളർത്താൻ കഴിയുന്ന സ്റ്റേഡിയങ്ങൾക്കുവേണ്ടി ഭൂമി പതിച്ചു കൊടുക്കുന്നതിൽ മുൻഗണന കൊടുക്കണമെന്നാണ് കേരളകൗമുദി 1998 ജൂലൈ 26-ാം തീയതി

LIBRARY ARCHIVES Kerala Legislative Assembly

യിലെ മുഖപ്രസംഗത്തിൽ പറഞ്ഞത്. അത് നടപ്പിലാക്കാൻ കഴിയണം. അങ്ങനെ നടപ്പിലാക്കിയെങ്കിൽ മാത്രമേ നമ്മുടെ കേരളത്തിന്റെ കായിക-സംസ്കാരം വളർത്താൻ കഴിയൂ. ഞങ്ങളുടെ നാട്ടിൻപുറങ്ങളിൽ പ്രധാനപ്പെട്ട ഒരു വിഷയമാണ് കായൽപുറമ്പോക്കിൽ താമസിക്കുന്നവരുടെ പ്രശ്നം. 50 വർഷമായി കായൽ ഭൂമി നികത്തി വീട് വച്ച് താമസിക്കുന്ന പാവപ്പെട്ടവർക്ക് ഇപ്പോൾ പട്ടയം കൊടുക്കുന്നില്ല. കായൽ നികത്തുന്നതുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ ഒരു കേസ് ഉള്ളതുകൊണ്ട് അവർക്ക് പട്ടയം കിട്ടാൻ സാഹചര്യമില്ല. വർഷങ്ങളായി വീട് വച്ച് ജീവിതത്തിലെ മറ്റ് എല്ലാം തന്നെ കായൽ നികത്താൻവേണ്ടി ഉപയോഗിച്ച ആളുകളാണ്, അവർക്ക് പട്ടയം കൊടുക്കാൻ കഴിയണം. അങ്ങനെ കൊടുക്കുമ്പോൾ മറ്റ് ഭൂമികൾക്ക് നിശ്ചയിക്കുന്നതുപോലെയുള്ള മാർക്കറ്റ് വില നിശ്ചയിക്കാൻ കഴിയുകയില്ല. കാരണം, വെള്ളത്തിൽ കട്ട കുത്തി വെള്ളം നികത്തി, അവിടെ ഭൂമിയാക്കി, ആ ഭൂമിയിൽ വീട് വച്ച ആളുകളാണ് അവർ. അത്തരം ആളുകൾക്ക് പ്രത്യേകമായ പരിരക്ഷ നൽകണം.

അങ്ങ് ലീഗൽ മെട്രോളജി വകുപ്പിനെ നന്നാക്കിക്കൊണ്ടിരിക്കുകയാണ്. അങ്ങയോട് ഒരു അപേക്ഷയുള്ളത് കേരളത്തിലെ പെട്രോൾ പമ്പുകളിൽ കൊള്ളയാണ് നടക്കുന്നത്; പെട്രോൾ പമ്പുകളിൽ പെട്രോൾ അടിയ്ക്കാൻ ചെന്നുകഴിഞ്ഞാൽ ഒരു ലിറ്റർ അടിക്കുമ്പോൾ അതിൽനിന്നും 100 മില്ലിയെങ്കിലും അടിച്ചുമാറ്റാത്ത പമ്പുകൾ ഇല്ല. പരിശോധനകളൊക്കെ നടത്തിയാലും പലതരത്തിൽ അതിൽനിന്നൊക്കെ അവർ രക്ഷപ്പെട്ടുപോകുകയാണ്. പെട്രോൾപമ്പുകളിൽ ഉപഭോക്താക്കളെ ചൂഷണം ചെയ്യുന്ന സംവിധാനം അവസാനിപ്പിക്കാൻ അങ്ങ് അങ്ങയുടെ വകുപ്പിന് കർക്കശമായ നിർദ്ദേശം കൊടുക്കണം. കഴിഞ്ഞ 3 വർഷക്കാലത്തെ ഇടതുപക്ഷജനാധിപത്യമുന്നണിയുടെ മന്ത്രിസഭയുടെ തൊപ്പിയിൽ തൂവൽ ചാർത്തിക്കൊണ്ട് റവന്യൂ രംഗത്ത് പരിഷ്ക്കാരങ്ങൾ നടപ്പിലാക്കി. ജനക്ഷേമകരമായ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന ഈ വകുപ്പിനുവേണ്ടി നടത്തിയ ധനാഭ്യർത്ഥനയെ എല്ലാ വിധത്തിലും പിന്തുണച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. കെ.കെ. നായർ</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. സഭ പാസ്സാക്കിക്കൊടുക്കുന്ന കോടിക്കണക്കിന് വരുന്ന രൂപ ജനനന്മയ്ക്കുവേണ്ടി ഫലപ്രദമായി വിനിയോഗിക്കാൻ കഴിയുന്ന സാഹചര്യമുണ്ടെന്നുള്ള വിശ്വാസം ഇല്ലാത്തതുകൊണ്ടാണ് ഞാൻ ഇതിനെ എതിർക്കുന്നത്. കഴിഞ്ഞ അരനൂറ്റാണ്ടുകാലമായി നമ്മുടെ ഗവൺമെന്റ് മെഷിനറി തുരുമ്പിച്ച് നാശപ്പെട്ടുകൊണ്ടിരിക്കുകയാണ്. കർത്തവ്യബോധം കൈമോശം വന്ന ഉദ്യോഗസ്ഥൻമാർ ഉത്തരവാദിത്വത്തോടെ കാര്യങ്ങൾ നിർവ്വഹിക്കുന്നതിൽ പരാജയപ്പെട്ടുകൊണ്ടിരിക്കുകയാണ്. മണ്ണും മനുഷ്യനും തമ്മിലുള്ള ബന്ധം പണ്ടുകാലം മുതലേ ഉള്ളതാണ്. ഇതിന് നിയമസംരക്ഷണം കൊടുക്കുന്ന ഒരു വകുപ്പാണ് റവന്യൂ വകുപ്പ്. ആ റവന്യൂ വകുപ്പിൽ എന്തെങ്കിലും പാളിച്ച ഉണ്ടായാൽ അത് ജനജീവിതത്തിന്റെ താളം തെറ്റിക്കുമെന്നുള്ളത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. റീസർവ്വേ രംഗത്ത് ഒന്ന് കണ്ണോടിച്ചാൽ ഇതിന്റെ തിക്തഫലം എന്താണെന്ന് നമുക്ക് മനസ്സിലാകും. ഉത്തരവാദപ്പെട്ട സ്ഥാനത്തിരിക്കുന്ന ഉദ്യോഗസ്ഥൻമാർക്ക് സ്വാർത്ഥപരമായ ചിന്താഗതിയുണ്ടായിക്കഴിഞ്ഞാൽ ജനജീവിതത്തിൽ എന്തുമാത്രം അസ്വസ്ഥതയുണ്ടാകുമെന്നുള്ളതിന് പ്രത്യക്ഷ ഉദാഹരണമാണിത്. ഭൂമിയുടെമേൽ സർക്കാരിനും അതുപോലെതന്നെ വ്യക്തികൾക്കുമുള്ള അധികാരവകാശങ്ങൾ രേഖപ്പെടുത്തി സ്കെച്ചും

LIBRARY ARCHIVES Kerala Legislative Assembly

പ്ലാനും ഉണ്ടാക്കാൻ വേണ്ടിയാണ് നമ്മൾ റീ സർവ്വേ ആരംഭിച്ചത്. പക്ഷേ അവിടത്തെ വലിയൊരു സംഘം ഉദ്യോഗസ്ഥൻമാർ സ്വന്തം താല്പര്യത്തിനുവേണ്ടി അത് വിനിയോഗിച്ചതുകൊണ്ട് എന്തെല്ലാം കുഴപ്പങ്ങൾ സമൂത്തിൽ ഉണ്ടായിട്ടുണ്ടെന്നുള്ളത് നമ്മൾ കണ്ടുവരുന്ന ഒരു കാര്യമാണ്. എന്തെങ്കിലും പരാതിയുമായി ചെന്നാൽ പരാതിയുമായി ചെല്ലുന്നവരുടെ സാമ്പത്തിക സ്ഥിതിയനുസരിച്ച് പണം തന്നാൽ മാത്രമേ കാര്യം നടക്കൂവെന്നുള്ള നിലയിലേയ്ക്ക് കാര്യങ്ങൾ ചെന്നെത്തിയിരിക്കുകയാണ്. ഒന്നുരണ്ട് വ്യക്തിപരമായ അനുഭവങ്ങൾ എനിക്കുണ്ടായി. ഒരു ദിവസം രാവിലെ മദ്ധ്യവയസ്കയായ ഒരു സ്ത്രീയും അവരുടെ മകനുമൊന്നിച്ച് വീട്ടിൽ കടന്നുവന്നു. എന്താണ് വിവരമെന്ന് ഞാൻ ചോദിച്ചപ്പോൾ അവർ പറഞ്ഞു, "എന്റെ ഭർത്താവ് ഗൾഫിലാണ്, ഞങ്ങൾ രണ്ടര വർഷത്തിനുമുൻപ് രണ്ടര ഏക്കർ സ്ഥലം വാങ്ങി, അതിന് പ്രമാണമുണ്ട്, അതിൽനിന്നും ആദായമെടുക്കുന്നത് ഞങ്ങളാണ്, പക്ഷേ റീസർവ്വേ കഴിഞ്ഞപ്പോൾ രണ്ട് ഏക്കറേ ഉള്ളൂ, അര ഏക്കർ കണ്ടില്ല." അവർ നേരിട്ട് സർവ്വേയറെ പോയി കണ്ടു, അപ്പോൾ പറഞ്ഞത് പന്തീരായിരം രൂപയുമായി വന്നാൽ കാര്യം പരിഗണിക്കാമെന്നാണ്. പണം കൊടുക്കാൻ വരട്ടെ, നമുക്ക് അതിനെക്കുറിച്ച് അന്വേഷിക്കാമെന്ന് പറഞ്ഞു ഞാൻ അവരെ സമാധാനിപ്പിച്ചു വിട്ടു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

മറ്റൊരു സന്ദർഭത്തിൽ ഒരു സർവേയറാണ് ട്രാൻസ്ഫർ കാര്യവുമായിട്ട് എന്നെ സമീപിച്ചത്. അദ്ദേഹം ഇടുക്കിയിൽ ജോലി ചെയ്യുന്നയാൾ ആണ്. അദ്ദേഹം എന്നോടു പറഞ്ഞത്, 'ഞാൻ അവിടെ ചെന്നിട്ട് ഒരു വർഷമേയായുള്ളൂ, 'ഇപ്പോൾ വീണ്ടും ട്രാൻസ്ഫർ ചെയ്തിരിക്കുകയാണ്' എന്ന്. ഞാൻ ചോദിച്ചു, എങ്ങോട്ടാണ് ട്രാൻസ്ഫർ? 'അത് നാട്ടിലെ ലോക്കൽ വിങ്ങിലേയ്ക്കാണ്' എന്നു പറഞ്ഞു. 'സൗകര്യമല്ലേ എന്നു ഞാൻ ചോദിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു, അപ്പോൾ ഞാൻ ഒരു വീടുവയ്ക്കുന്നു; അതിന്റെ തറ കെട്ടിയിട്ടിരിക്കുകയാണ്, രണ്ടു വർഷം കൂടി ഇവിടെ നിൽക്കാൻ സൗകര്യം കിട്ടിയാൽ അത് പൂർത്തിയാക്കാൻ കഴിയും, അതുകൊണ്ട് എന്നെയൊന്നു സഹായിക്കണം' എന്ന്. ഇതാണ് അനുഭവം. റീസർവേ രംഗത്ത് ഇന്ന് പരാതികൾ നിരവധിയാണ്. ഒന്നും രണ്ടും പരാതികളല്ല, ഏഴു ലക്ഷം പരാതികൾ ഉണ്ടെന്നാണ് റവന്യൂ വകുപ്പുമന്ത്രി ഒരു ദിവസം എന്നോടു സംസാരിച്ചപ്പോൾ പറഞ്ഞത്. ഇതു കാണുമ്പോൾ മഹാരാജാവിന്റെ ഭരണകാലത്തുനടന്ന ഒരു സംഭവത്തെപ്പറ്റി ഞാൻ ഓർത്തുപോകുകയാണ്. കൈക്കൂലിയും അഴിമതിയും വർദ്ധിച്ചു പൊറുതിയില്ലാതെ വന്നുകഴിഞ്ഞപ്പോൾ ജനങ്ങൾ ഒരു ഉദ്യോഗസ്ഥനെപ്പറ്റി ഒരു പരാതി രാജാവിനു കൊടുത്തു. രാജാവ് അദ്ദേഹത്തെ ഒരു പാഠം പഠിപ്പിക്കുന്നതിനു തീരുമാനിച്ചു. അദ്ദേഹത്തിന് ഒരു പുതിയ ജോലി കൊടുത്തു. കടൽക്കരയിൽ പോയി തിര എണ്ണാനുള്ള ജോലിയാണ് കൊടുത്തത്. അത് ആർക്കും ഒരു ഉപദ്രവവും ഉണ്ടാകാത്ത ജോലിയാണ്. അദ്ദേഹം ഒരാഴ്ച അവിടെ പോയി മൗനമായിട്ടിരുന്നുവെങ്കിലും അദ്ദേഹം ഒരു വഴി കണ്ടുപിടിച്ചു. എല്ലാ വള്ളക്കാരോടും പറഞ്ഞു, ഇനിമേലിൽ വള്ളം കടലിൽ ഇറക്കരുത്. വള്ളം ഇറക്കിക്കഴിഞ്ഞാൽ തിര മുറിയും. തിര എണ്ണാൻ വേണ്ടി എന്നെ മഹാരാജാവ് നിയോഗിച്ചിരിക്കുകയാണ്. അതുകൊണ്ട് ഒരുത്തനും വള്ളം ഇറക്കരുത് എന്ന്. രണ്ടുമൂന്നുദിവസം അവർ പട്ടിണിയൊക്കെയായിട്ട് ബുദ്ധിമുട്ടി കഴിഞ്ഞു. പിന്നെ അവർ പറഞ്ഞു, ആഴ്ചയിൽ ഒരു വള്ളത്തിന് 10 രൂപാ വച്ച് ഞങ്ങൾ തരാം; ഞങ്ങളെ വള്ളം

LIBRARY ARCHIVES Kerala Legislative Assembly

ഇറക്കാൻ അനുവദിക്കണം എന്ന്. എല്ലാ വള്ളക്കാരേയും അനുവദിച്ചു. നാട്ടിൽ കിട്ടുന്നതിനെക്കാൾ കൂടുതൽ ആദായത്തോടുകൂടി അയാൾ സുഖ സൗകര്യത്തോടുകൂടി ജീവിച്ചു. അന്നത്തെ ജനസമൂഹത്തിൽ ഇത്തരത്തി ലുള്ള ഒന്നോ, ഒന്നരയോ ശതമാനം ആളുകളേ ഉദ്യോഗസ്ഥൻമാരായി ഉണ്ടാ യിരുന്നുള്ളൂ. പക്ഷെ 52 വർഷക്കാലത്തെ ജനാധിപത്യ ഭരണം കഴിഞ്ഞപ്പോൾ നമ്മുടെ സമൂഹത്തിൽ അതിന്റെ ശതമാനം അറുപതോ, എഴുപതോ ആയി വളർന്നുവന്നിട്ടുണ്ട്. അങ്ങനെയുള്ള ഒരു സാഹചര്യത്തിലാണ് ഈ വകുപ്പി നെപ്പറ്റിയുള്ള ചർച്ച നടത്തുന്നത്. ചർച്ചകളൊക്കെ നടത്തി ഈ വകുപ്പ് കൂടു തൽ പുരോഗതി നേടാൻ നമ്മൾ ആഗ്രഹിക്കുമ്പോൾ താഴെതലങ്ങളിലെ ഓഫീസുകളിൽ നടക്കുന്ന സംഭവങ്ങളെക്കുറിച്ച് ചിന്തിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. മൂന്നു പതിറ്റാണ്ടു കാലമായി നിരവധി ഓഫീസുക ളിൽ നിരവധി കാര്യങ്ങൾക്കു വേണ്ടി കയറിയിറങ്ങിയിട്ടുണ്ട്. ഈ 30 വർഷ ത്തിനിടയിൽ 50 ശതമാനം ജീവനക്കാർപോലും ഒരുമിച്ചിരുന്ന് ജോലി ചെയ്യു ന്നത് കാണാൻ കഴിഞ്ഞിട്ടില്ല. ഈ രീതിയിലാണ് നമ്മുടെ പുരോഗതി. രാവിലെ 11, 12 മണി സമയമാണ് ഏറ്റവും ഭംഗിയായി ജോലി ചെയ്യാൻ പറ്റിയ സമയം. ആ സമയത്ത് ചെന്നുനോക്കിയാൽ 10-ഉം 25-ഉം ആളുകൾ ഒന്നിച്ച് മുദ്രാവാക്യം വിളിച്ച് ഓഫീസ് തോറും കയറിയിറങ്ങി പ്രസംഗമാണ്. അവ രുടെ പ്രസംഗം ശ്രദ്ധിച്ചുകൊണ്ട് ബാക്കിയെല്ലാവരും ഇരിക്കുന്നതു കാണാം. കഴിഞ്ഞ ഒരു ദിവസം ഞാൻ സെക്രട്ടേറിയറ്റിൽ പോയിട്ട് 12 മണി കഴിഞ്ഞ് നിയമസഭയിലേയ്ക്ക് വരാനായി മെയിൻ റോഡിലേയ്ക്കിറങ്ങി. നൂറു കണ ക്കിന് ഉദ്യോഗസ്ഥൻമാരുള്ള ഒരു ജാഥ. ഇവരൊക്കെ ചിലപ്പോൾ രാവിലെ ഓഫീസിൽ വന്ന് ഒപ്പിട്ടുവന്നവർ ആയിരിക്കും. ഈ രീതിയിലുള്ള സംവിധാന മാണ് നടക്കുന്നത്. ഇതുകൊണ്ട് ഈ രാജ്യത്ത് പുരോഗതി കൈവരിക്കാൻ കഴിയുമോ എന്ന് നമ്മൾ ആലോചിക്കേണ്ടതാണ്. അതേസമയത്ത് സെക്രട്ടേ റിയറ്റിന് തൊട്ടടുത്ത് മറ്റൊരു ഓഫീസുണ്ട്. എ.ജീസ് ഓഫീസ്. അതും നമ്മുടെ ഓഫീസുമായിട്ട് കംപയർ ചെയ്യുമ്പോൾ അതിന്റെ വ്യത്യാസം ശരി യായി മനസ്സിലാകും. ഭരണരംഗത്തെ ഈ ശൈഥില്യാവസ്ഥയ്ക്ക് ആരാണ് കാരണക്കാർ എന്ന് ഞാൻ ചോദിക്കുകയാണ്. കഴിഞ്ഞ 52 വർഷമായി ഈ രാജ്യത്ത് ഭരണം നടത്തിക്കൊണ്ടിരുന്ന മന്ത്രിമാരുണ്ട്. ഇന്നത്തെ മന്ത്രി മാർക്കും ഒക്കെ ഇതിനകത്ത് ഒരു ചെറിയ പങ്കില്ലേ എന്നു ഞാൻ സംശയിച്ചു പോകുകയാണ്. ഇന്ന് കൃത്യമായി നമ്മുടെ മന്ത്രിമാർ കാറിൽ വരും, ലിഫ്റ്റിൽ കയറി ഓഫീസിൽ എത്തിക്കഴിഞ്ഞാൽ സന്ദർശകരെ കാണും, ഫയൽ ഒപ്പിടും, അത്യാവശ്യമായിട്ടുള്ള സംഗതികൾ നോക്കും, മടങ്ങിപ്പോകും. പക്ഷെ തങ്ങളുടെ സെക്ഷനുകൾ സെക്രട്ടേറിയറ്റിലെ ഏതു ഭാഗത്താണ് പ്രവർത്തിക്കുന്നത് എന്ന് ഇവർക്ക് ആർക്കെങ്കിലും അറിയാമോ എന്ന് എനിക്ക് വാസ്തവത്തിൽ സംശയമുണ്ട്. മഹാബലി നാടുകാണാൻ വരുന്നതു പോലെ ആണ്ടിൽ ഒരു പ്രാവശ്യമെങ്കിലും ഈ സെക്ഷന്റെ പരിസരത്തുകൂടി നടന്ന് ഒന്നു വീക്ഷിച്ചാൽ ഉദ്യോഗസ്ഥരുടെ പ്രവർത്തനത്തിൽ കുറേ മാറ്റങ്ങൾ വരില്ലേ എന്ന് ഞാൻ പലപ്പോഴും ചിന്തിച്ചിട്ടുണ്ട്. ഈ രീതിയിലാണ് നമ്മുടെ ഭരണകാര്യങ്ങൾ പോകുന്നത് എന്ന് ഞാൻ ഓർമ്മപ്പെടുത്തുകയാണ്. ചോറും കൊടുക്കണം, ചൊല്ലും കൊടുക്കണം എന്നാണ് പണ്ട് വല്യമ്മമാർ പറയാറു ള്ളത്. ചോറുണ്ട്, പക്ഷേ ചൊല്ലില്ലാത്ത ഒരു അവസ്ഥയാണ് ഇന്ന് നമ്മൾ കാണുന്നത്. ഇതിന് ഒരു പരിഹാരം കാണാൻ നമ്മൾ ചിന്തിക്കണ്ടേ എന്നാണ് എനിക്കു ചോദിക്കാനുള്ളത്. രാജ്യസ്നേഹമുള്ള പാർട്ടിക്കാർ, ജനനന്മ ലാക്കാക്കി പ്രവർത്തിക്കുന്ന പാർട്ടി നേതാക്കൻമാർ, ഒരുമിച്ചിരുന്ന് ആലോ

LIBRARY ARCHIVES Kerala Legislative Assembly

ചിച്ച് ഒരു പെരുമാറ്റച്ചട്ടം തന്നെ കണ്ടുപിടിക്കേണ്ട കാലമായില്ലേ എന്ന് ഇനി എങ്കിലും ചിന്തിക്കണം എന്നാണ് ഈ അവസരത്തിൽ എനിക്കു പറയാനുള്ള ത്. താമസിച്ചുപോയി എന്നിരുന്നാൽത്തന്നേയും Better late than never- ഒരി ക്കലും ഉണ്ടാകാതിരിക്കുന്നതിനെക്കാൾ നല്ലത് താമസിച്ച് ആണെങ്കിലും, കാര്യങ്ങൾ നേരെ പോകുന്നതായിരിക്കും എന്നാണ് എനിക്കു പറയാനുള്ളത്.

ജില്ലാ ഭരണകാര്യത്തെക്കുറിച്ചുകൂടി ഒരു കാര്യം പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇന്ന് നമ്മുടെ കളക്ടറേറ്റുകളിൽ കളക്ടറുടെ കാർ അല്ലാതെ മറ്റൊരു വാഹനവും കൊണ്ടിടാൻ നിവൃത്തിയില്ലാത്ത സാഹചര്യ മാണ് നിലനില്ക്കുന്നത്. കളക്ടറുടെ വണ്ടി ജപ്തി ചെയ്യില്ല എന്നുള്ള അണ്ടർ സ്റ്റാന്റിംഗ് ഉണ്ടെന്നാണ് എനിക്കു തോന്നുന്നത്. ബാക്കി ഏതു വണ്ടി കൊണ്ടുചെന്നാലും ആമീനും ഒരുമിച്ച് കാശു കിട്ടാനുള്ളവർ വന്ന് അവിടെ കിടക്കുന്ന കാറുകൾ ജപ്തി ചെയ്തുകൊണ്ടുപോകും എന്നുള്ള ഭയത്തിൽ രാവിലെ ഓഫീസർമാർ വന്നുകഴിഞ്ഞാൽ വണ്ടി എവിടെയെങ്കിലും കൊണ്ടു ചെന്നിടണം എന്നുള്ള സ്ഥിതിവിശേഷമാണ് നിലനില്ക്കുന്നത്. എന്താണ് ഇതിന്റെ കാര്യം എന്ന് ഞാൻ അന്വേഷിച്ചു. ഈ രാജ്യത്ത് പൊന്നുംവില നട പടിക്കു വിധേയമായി വളരെയധികം കേസുകളുണ്ട്. ആ കേസുകളിലെ വിധി കഴിഞ്ഞതിനുശേഷം സർക്കാർ പണം കൊടുക്കാത്തതുകൊണ്ട് ഇങ്ങനെ ജപ്തി നടപടികൾ സംസ്ഥാനത്ത് നടന്നുകൊണ്ടിരിക്കുകയാണ്. പക്ഷേ സർക്കാർ വിചാരിച്ചാലും കൊടുക്കാൻ ഒക്കാത്തത്ര ഭീമമായ തുകയാണ് കുടി ശ്ശികയുള്ളത്. കാരണം ലാൻഡ് അക്വിസിഷൻ കേസുകളിൽ യാതൊരു പ്രിൻസിപ്പിളും ഇല്ലാതെയാണ് ഇന്ന് വിധിയും മറ്റു കാര്യങ്ങളുമൊക്കെ ഉണ്ടാ കുന്നത്. അതിന് സർക്കാർ വക്കീലൻമാരെ നിശ്ചയിച്ചിട്ടുണ്ട്. ആ വക്കീ ലൻമാർ പ്രതികളുടെ ഭാഗത്താണ് കൂടുതൽ ആഭിമുഖ്യം കാണിക്കുന്നത് എന്നുള്ളതാണ് ഒരു വസ്തുത. കാരണം, ആ പോസ്റ്റ് കിട്ടുന്നതിനുവേണ്ടി ചെലവാക്കിയ തുക ഇങ്ങനെയെങ്കിലും ഈടാക്കണമല്ലോ എന്നുള്ള ചിന്താഗ തിയിലാണ് അവരുടെ പ്രവർത്തനം. എട്ടും പത്തും വർഷം പഴക്കമുള്ള യന്ത്ര സാമഗ്രികൾ ലാൻഡ് അക്വിസിഷൻ നടപടികളിൽ ഉൾപ്പെടുത്തി വില നിശ്ച യിക്കുന്നതിന് തീരുമാനിച്ചാൽ ഒറിജിനൽ വിലയെക്കാൾ വളരെ കൂടിയ ശത മാനം നിരക്കിലാണ് അവർ വില നിശ്ചയിക്കുന്നത്. ഭൂമിയുടെ വില നിശ്ചയി ച്ചിരിക്കുന്ന ചില ജഡ്ജുമെന്റുകൾ കണ്ടാൽ തോന്നും ഈ ന്യായാധിപൻമാർ മറ്റ് ഗ്രഹങ്ങളിൽനിന്നും വന്നവരാണെന്ന്. അത്തരത്തിൽ യാതൊരു ന്യായീക രണവും ഇല്ലാത്ത രീതിയിലാണ് ഈ കാര്യങ്ങൾ പോകുന്നത്. അവരെ നിയ ന്ത്രിക്കാൻ മറ്റൊരു ശക്തിയും ഈ ലോകത്ത് ഇല്ല എന്നുള്ള മട്ടിലാണ് അവർ പോകുന്നത്. ഞാൻ ഒരു സജഷൻ വയ്ക്കുകയാണ്.. ഇവരെക്കൂടി പരിശോധി ക്കാൻ ഉള്ള ഒരു വിജിലൻസ് സംവിധാനം ഉണ്ടാകണം. ജഡ്ജിമാരായതു കൊണ്ട് താഴെക്കിടയിലെ ആളുകളെ വച്ചാൽ പറ്റില്ലല്ലോ. ഹൈക്കോടതി യിലെ ജഡ്ജിമാരെക്കൊണ്ടുതന്നെ ഒരു പാനൽ ഉണ്ടാക്കി ഇവരെ വിജിലൻസ് കാര്യങ്ങൾക്കു വിധേയമാക്കാൻ കഴിഞ്ഞാൽ കുറച്ചു മാറ്റം ഉണ്ടാക്കാൻ കഴിയും എന്നാണ് എനിക്കു തോന്നുന്നത്. ഈ രീതിയിൽ ഭരണരംഗത്തും കുറെക്കൂടി ശ്രദ്ധിച്ചില്ലായെങ്കിൽ കാര്യങ്ങൾ അവതാളത്തിലാകും എന്നുള്ള തിൽ യാതൊരു സംശയവുമില്ല.

വെള്ളപ്പൊക്കക്കെടുതികളെപ്പറ്റിയും നമ്മൾ വളരെയധികം സംസാ രിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം.വി. ജയരാജൻ : സർ, ഹൈക്കോടതി ജഡ്ജിമാർ തന്നെ സ്വമേധയാ അവരുടെ പെൻഷൻ പ്രായം ഉയർത്തുന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ.കെ. നായർ : പെൻഷൻ പ്രായം ഉയർത്തുന്നതും സർക്കാരിന്റെ പണം നഷ്ടവും തമ്മിൽ വല്ല ബന്ധവുമുണ്ടോ? സർക്കാർ ലാൻഡ് അക്വിസിഷനുപോയി പണം അനാവശ്യമായി ചെലവാക്കുന്നതിന് പരിഹാരം കാണാൻ ഒരു കാര്യം നിർദ്ദേശിച്ചാൽ ജഡ്ജിമാരുടെ പെൻഷൻ പ്രായം പൊക്കിക്കൊണ്ടു വരുന്നതിന്റെ കാര്യം എന്താണെന്ന് എനിക്കു മനസ്സിലാകുന്നില്ല. ഗവൺമെന്റിന് വരുന്ന നഷ്ടം പരിഹരിക്കാനുള്ള ചില മാർഗ്ഗങ്ങളാണ് ഞാൻ നിർദ്ദേശിച്ചത്.

പ്രകൃതിക്ഷോഭത്തെപ്പറ്റിയും പല കാര്യങ്ങൾ നമ്മൾ സംസാരിച്ചു. പ്രകൃതിക്ഷോഭത്തിന് ഇരയായവർക്ക് പല ആനുകൂല്യങ്ങളും കൊടുക്കാറുണ്ട്. പക്ഷെ കഴിഞ്ഞ 10 വർഷത്തെ പ്രകൃതിക്ഷോഭത്തിന് ആനുകൂല്യം കൊടുത്ത ലിസ്റ്റ് പരിശോധിച്ചാൽ 10, 15 ശതമാനം ആളുകൾ സ്ഥിരമായി പറ്റുപടിക്കാരല്ലേ എന്ന് പരിശോധിക്കേണ്ടതാണ്. ഈ വർഷം നമ്മൾ ആനുകൂല്യം കൊടുത്തു കഴിഞ്ഞാൽ അടുത്ത വർഷവും ആനുകൂല്യം കിട്ടത്തക്കവിധത്തിൽ അവർ നോക്കും. അടുത്ത വർഷവും ഇതുതന്നെ സംഭവിക്കും. നമ്മൾ ഈ പണം ചെലവഴിക്കുമ്പോൾ ഈ കാര്യത്തിന് സ്ഥായിയായ പരിഹാരം കാണുന്നവിധത്തിൽ അത് ഉപയോഗിച്ചാൽ കുറേക്കൂടി ഫലപ്രദമായിരിക്കും. അതുപോലെതന്നെ ഈ രംഗത്തെ ഗവൺമെന്റിന്റെ രാഷ്ട്രീയ ഇടപെടലുകൾ കുറെ നിയന്ത്രിക്കേണ്ടതുണ്ട് എന്നാണ് എനിക്കു തോന്നുന്നത്. കൈക്കൂലിയെക്കുറിച്ചും അഴിമതിയെക്കുറിച്ചും ഉദ്യോഗസ്ഥൻമാരുടെ പേരിൽ പരാതി പറയുമ്പോൾ അവരും ചില പരാതികൾ ഉന്നയിക്കാറുണ്ട്. ഒരു വില്ലേജ് ഓഫീസർ എന്നോടു ചോദിച്ചു, ഞങ്ങൾ എന്തെങ്കിലും വാങ്ങിയാൽ നിങ്ങൾ പരാതി പറയും; പക്ഷെ രാജ്യത്ത് ഒരു സംസ്ഥാന സമ്മേളനം ഉണ്ടായിക്കഴിഞ്ഞാൽ പാർട്ടിയുടെ ആളുകൾ വന്നു ചോദിച്ചാൽ കൊടുക്കാതിരിക്കാൻ പറ്റുമോ എന്ന്. കഴിഞ്ഞ പ്രാവശ്യം 2000 രൂപ വേണം എന്നാണു പറഞ്ഞത്. ഇങ്ങനെ വന്നു ചോദിച്ചാൽ ചിലപ്പോൾ നമ്മൾ മറ്റുള്ളവരിൽ നിന്നും വാങ്ങിക്കൊടുക്കാതെ എന്തുചെയ്യും എന്നു ചോദിച്ചു. എല്ലാ ഡിപ്പാർട്ടുമെന്റിലും പ്രധാനപ്പെട്ട പരിപാടികൾ സംഘടിപ്പിക്കാറുണ്ട്. അതിനുകൂടി നമ്മൾ പരിഹാരം കണ്ട് കാര്യങ്ങൾ കുറെക്കൂടി നിയന്ത്രിച്ച് കൈകാര്യം ചെയ്ത് ജനങ്ങളുടെ നന്മ ലാക്കാക്കി പ്രവർത്തനം നടത്തണം എന്നു മാത്രം അഭ്യർത്ഥിച്ചുകൊണ്ട്, ഈ ധനാഭ്യർത്ഥനകളെ വിമർശിച്ച്, അല്ലെങ്കിൽ എതിർത്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എൻ. അനിരുദ്ധൻ : സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ സഹർഷം പിൻതാങ്ങുന്നു. ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി കൃതകൃത്യയോടെയാണ് ഈ ധനാഭ്യർത്ഥനകൾ അവതരിപ്പിച്ചിട്ടുള്ളത്. ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ഭരണനേട്ടങ്ങൾ - അതിന്റെ ഒരു തിലക്കുറിയാണ് റവന്യൂ ഭരണം. പരിണതപ്രജ്ഞനായ എന്റെ സുഹൃത്ത് കെ.കെ.നായർ ഭരണരംഗത്തു നിലനിൽക്കുന്ന ദു:സ്ഥിതിയെക്കുറിച്ച് ഒരു പരിവേദനം നടത്തി. പക്ഷേ അദ്ദേഹത്തെപ്പോലെ ഞാൻ നിരാശനല്ല. അങ്ങനെയുള്ള സാഹചര്യത്തിൽ ഒരു രജതരേഖപോലെ മിന്നിനിൽക്കുന്ന റവന്യൂവകുപ്പുമന്ത്രിയെപ്പോലെയുള്ള ഭരണാധിപന്മാർ കേരളത്തിലുണ്ടെന്നുള്ളതുകൊണ്ട് നമുക്ക് ആശ നശിക്കേണ്ട കാര്യമില്ലായെന്നാണ് എന്റെ അഭിപ്രായം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.സി. ജോർജ്ജ് : ബഹുമാനപ്പെട്ട കെ.കെ. നായർ കോടതിയെപ്പറ്റി പറഞ്ഞ കാര്യത്തിൽ ഞാൻ അദ്ദേഹത്തോട് യോജിക്കുന്നു. അടുത്ത കാലത്ത് ഫ്ളഡ് റിലീഫ് ഫണ്ടിൽ അഴിമതി കാണിച്ചുവെന്ന് തെളിഞ്ഞ് 6 ഉദ്യോഗസ്ഥൻമാരെ ബഹുമാനപ്പെട്ട ഗവൺമെന്റ് സസ്പെന്റ് ചെയ്തു. സസ്പെന്റ് ചെയ്തപ്പോൾ കള്ളൻമാരായ ഉദ്യോഗസ്ഥൻമാർ കോടതിയിൽ പോയപ്പോൾ സസ്പെൻഷൻ ക്യാൻസൽ ചെയ്യുക മാത്രമല്ല, അവർ ഇരുന്ന സ്ഥലത്തുതന്നെ അവരെ പോസ്റ്റു ചെയ്യാൻവേണ്ടി കോടതിവിധി ഉണ്ടായി എന്ന സത്യവും നമുക്കറിയാം. അപ്പോൾ ശ്രീ. കെ.കെ. നായർ പറഞ്ഞ കാര്യം ശരിയാണെന്ന് അംഗീകരിക്കേണ്ടിവരും.

ശ്രീ. എൻ. അനിരുദ്ധൻ : ജുഡീഷ്യൽ ആക്റ്റിവിസം ഇന്ന് ചർച്ചയ്ക്ക് വിധേയമാകുന്ന ഒരു വിഷയമാണ്. അഡ്മിനിസ്ട്രേറ്റീവ് ഫങ്ഷനിൽ ജുഡീഷ്യറി കൈകടത്തുന്നുവെന്നുള്ളത് തീർച്ചയായും ഇന്ന് ഒരു ദു:ഖസത്യമാണ്. എക്സിക്യൂട്ടീവിന്റെ ഫങ്ഷനിൽ ജുഡീഷ്യറി കൈകടത്തിക്കൂടാ എന്നാണ് ഫെഡറൽ സംവിധാനത്തിലെ ചട്ടം. അതിനെ മറികടന്നുകൊണ്ടുള്ള നിയമനങ്ങൾ തീർച്ചയായും വിമർശിക്കപ്പെടേണ്ടതും ഫെയർ ക്രിട്ടിസിസം എന്നുള്ള നിലയിൽ ജുഡീഷ്യറിയിലുണ്ടായിരിക്കുന്ന ഈ ദുഷ്പ്രവണത ഇല്ലാതാക്കുന്നതിനുവേണ്ടി ജനാധിപത്യ സംവിധാനത്തിൽ പൗരൻമാർ സജ്ജരായിരിക്കേണ്ടതും ആവശ്യമാണ്.

ഞാനിവിടെ അംഗങ്ങൾ പറഞ്ഞ റവന്യൂ വകുപ്പ് ഭരണത്തിന്റെ നന്മയെ ഉൾക്കൊള്ളുന്നു; ഞാനത് അംഗീകരിക്കുന്നു. അതോടൊപ്പംതന്നെ എനിക്ക് ചില നിർദ്ദേശങ്ങൾ വയ്ക്കാനുണ്ട്. റവന്യൂ നിയമം സമയബന്ധിതമായി പാസ്സാക്കിയെടുത്തു. എന്നാൽ അത് ഉദ്ദേശശുദ്ധിയോടുകൂടി, പാസ്സാക്കിയെടുത്ത അതേ രീതിയിൽത്തന്നെ, അതേ ആവേശത്തോടും പ്രതിബദ്ധതയോടും നിശ്ചയദാർഢ്യത്തോടുംകൂടി നടപ്പാക്കിയെടുത്തില്ലായെങ്കിൽ അതിന്റെ ഗുണമില്ലാതാകും. അതുകൊണ്ട് അത് നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഉടൻ ആരംഭിക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത്. അതുപോലെ റവന്യൂ വകുപ്പ് പുന:സംഘടന അനിവാര്യമായ കാര്യമാണ്. അഞ്ച് പതിറ്റാണ്ടുകാലം ആരും കൈവയ്ക്കാൻ അറച്ചിരുന്ന റവന്യൂ പുന:സംവിധാനത്തിന് ധീരമായ നേതൃത്വം നൽകുകയും നടപ്പാക്കുകയും ചെയ്തത് നമ്മുടെ റവന്യൂ വകുപ്പുമന്ത്രിയാണ്. ഈ ഗവൺമെന്റാണ്. അതിന് ഞാൻ അദ്ദേഹത്തെ അഭിനന്ദിക്കുന്നു. എന്നാൽ ആ പുന:സംവിധാനം ഉദ്ദേശിച്ചതുപോലെ പൂർണ്ണമാക്കുന്നതിനുവേണ്ടിയുള്ള നടപടികൾകൂടി അതോടൊപ്പം സ്വീകരിക്കണം. വില്ലേജ്തലം, താലൂക്കുതലം, ജില്ലാതലം, റവന്യൂ കമ്മിഷണറേറ്റ് എന്നിവിടങ്ങളിലെ സ്ഥാപനങ്ങളിലെ അഴിമതി ഇന്ന്, ശ്രീ. കെ.കെ. നായർ പറഞ്ഞതുപോലെ, ഒരു ദുഷ്ചെയ്തിയായി നിലനിൽക്കുന്നു. അത് ഇല്ലാതാക്കുന്നതിന് വില്ലേജ് തലത്തിൽ അഡ്വൈസറി കമ്മിറ്റികൾ ഉണ്ടാക്കി ഒരു വില്ലേജിലെ ഭരണത്തെ സ്ക്രൂട്ടിനി ചെയ്യുന്നതിനുള്ള ഒരു ജനകീയ ബോഡികൂടി ഉണ്ടാക്കണമെന്ന് എനിക്ക് നിർദ്ദേശമുണ്ട്. ഭൂപരിഷ്ക്കരണനിയമം നടപ്പാക്കി. അതിൽനിന്നും ഉളവായിട്ടുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണണം. ഇന്ന് അതൊരു സാമൂഹ്യപ്രശ്നമായി നിലനിൽക്കുന്നു. അതുപോലെ കുടികിടപ്പുകാരുടെ പ്രശ്നം. അവർക്ക് കുടികിടപ്പ് അവകാശം ലഭിച്ചു. പക്ഷെ അവരുടെ പ്രശ്നങ്ങൾ ധാരാളമുണ്ട്. അതോടൊപ്പം ഗതകാലസ്മരണകൾ അയവിറക്കി എങ്ങും എത്താൻ കഴിയാതെ നിൽക്കുന്ന മുൻജന്മിമാരുണ്ട്. ആ ജന്മിമാരുടെ കാര്യംകൂടി ഗവൺമെന്റ് പരിഗ

ണിക്കണം. ആ ജന്മികൾക്ക് ഇന്ന് നാമമാത്രമായ 100 രൂപയാണ് പെൻഷൻ കൊടുക്കുന്നത്. വളരെ ശോചനീയമായ അവരുടെ അവസ്ഥയ്ക്ക് മാനുഷിക പരിഗണന നൽകി കാര്യമായി അവരുടെ പെൻഷൻ തുക വർദ്ധിപ്പിക്കണം.

ശ്രീ. എ. കണാരൻ : റവന്യൂ ഡിപ്പാർട്ടുമെന്റിൽ നിന്ന് നീതി ലഭിക്കണമെങ്കിൽ ഒരു വീടിന് തീപിടിച്ചുവെന്നുപറഞ്ഞ് റവന്യൂ മിനിസ്റ്റർക്ക് ഒരു പെറ്റിഷൻ കൊടുത്താൽ അത് റവന്യൂ സെക്രട്ടേറിയറ്റിന് ഫോർവേഡ് ചെയ്യും. അത് തട്ടുതട്ടായി അണ്ടർ സെക്രട്ടറി കണ്ട്, ഡെപ്യൂട്ടി സെക്രട്ടറിക്കു കൊടുത്ത്, ജില്ലാ കളക്ടർക്കുകൊടുത്ത്, തഹസീൽദാർക്കു കൊടുത്ത് ഇങ്ങനെ പോയിക്കൊണ്ടിരിക്കുന്നു. ഈ സംവിധാനം ഉടച്ചുവാർക്കണ്ടേ? എവിടെയാണോ കൊടുത്തത്, അവിടെവച്ച് അപേക്ഷയിൽ തീർപ്പുകൽപ്പിക്കാനുള്ള സംവിധാനം വേണ്ടേ? അങ്ങയുടെ അഭിപ്രായവും അതല്ലേ?

ശ്രീ. എൻ. അനിരുദ്ധൻ : ഹൈറാർക്കി ഓഫ് അതോറിറ്റീസ് റവന്യൂവിൽ നേരത്തേയുള്ളതാണ്. അത് ലളിതമാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കാതിരിക്കുന്നിടത്തോളംകാലം ഈ കൈക്കൂലി ഉണ്ടാകും. യഥാർത്ഥത്തിൽ കാലതാമസമാണ് കൈക്കൂലിയുടെ അടിസ്ഥാനം; അത് കൂടിക്കൊണ്ടിരിക്കും; അത് തുടച്ചുമാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. സർവ്വേചട്ടങ്ങൾ പരിഷ്ക്കരിക്കണം. ഇന്ന് സർവ്വേ നടത്തിക്കഴിഞ്ഞാൽ അതിന്റെ പോരായ്മകൾക്ക് ഗവൺമെന്റിലോ, എക്സിക്യൂട്ടീവിലോ അപ്പീൽ കൊടുക്കുന്ന ഒരു സംവിധാനം സർവ്വേ ആന്റ് ബൗണ്ടറീസ് ആക്ടിൽ ഇല്ല; കോടതിയിൽ പോവുകയേ നിവൃത്തിയുള്ളൂ. കോടതിയിൽ പോകാൻ ബുദ്ധിമുട്ടുണ്ട്. കാലതാമസമുണ്ട്. അതുകൊണ്ട് സർവ്വേ ആന്റ് ബൗണ്ടറീസ് ആക്ടിൽ വേണ്ട പരിഷ്ക്കാരങ്ങൾ വരുത്തി തീർച്ചയായും അതിന് പരിഹാരമുണ്ടാക്കണം. പോക്കുവരവുനിയമം കാലഹരണപ്പെട്ട നിയമമാണ്. പോക്കുവരവുനിയമത്തിലെ സാങ്കേതികത്വം കൊണ്ട് തീർച്ചയായും കൈവശഭൂമിയ്ക്ക് ശരിയായ രജിസ്റ്റേർഡ് ഓണർക്ക് അവകാശം സിദ്ധിക്കാതെ വരുന്നുണ്ട്. അത് കാലതാമസത്തിന് ഇടയാക്കുന്നുണ്ട്, അത് അഴിമതിക്ക് ഇടയാക്കുന്നുണ്ട്. അത് പരിഹരിക്കുന്നതിനുവേണ്ടി ആ നിയമത്തിൽ തീർച്ചയായും മാറ്റമുണ്ടാക്കണം. അതുപോലെ റവന്യൂ മാനുവൽ. ഏതെങ്കിലും ഉദ്യോഗസ്ഥൻമാർ ഇതിന്റെ ഒറിജിനൽ കണ്ടിട്ടുണ്ടോയെന്ന് എനിക്ക് സംശയമാണ്. ശ്രുതികളെപ്പോലെയാണ്. ഇന്ന സൂപ്രണ്ട് പറഞ്ഞതനുസരിച്ച് എന്നുള്ളതല്ലാതെ റവന്യൂ മാനുവലിന് ചിട്ടയായ ഒരു വ്യവസ്ഥ ഇന്നില്ല. അത് കാലഹരണപ്പെട്ടതാണ്; പരിഷ്ക്കരിച്ചേ മതിയാവൂ. അത് പരിഷ്ക്കരിക്കുന്നതിന് ഗവൺമെന്റ് മുൻകൈയെടുക്കണം. ജീവകാരുണ്യപരമായ പെൻഷൻ ലഭിക്കുന്ന കുഷ്ഠരോഗികൾ, ക്ഷയരോഗികൾ, കാൻസർ രോഗികൾ തുടങ്ങിയവരുടെ വരുമാനപരിധി നിശ്ചയിക്കുന്നത് അൺറീസണബിളാണ്. 2,4000 രൂപ വാർഷിക വരുമാനമെന്നുപറഞ്ഞാൽ ഒരു കുടുംബത്തെ സംബന്ധിച്ചിടത്തോളം അത് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നതല്ല. അത് മാറ്റിയേ മതിയാവൂ. അതുപോലെതന്നെ വെള്ളപ്പൊക്കക്കെടുതിമൂലം ഇന്ന് മരിക്കുന്നവരുടെ കുടുംബത്തിന് 30,000 രൂപയാണ് ധനസഹായമായി കൊടുക്കുന്നത്. അത് 60,000 രൂപയായി വർദ്ധിപ്പിക്കണം. അതുപോലെ വീടു നഷ്ടപ്പെടുന്നവർക്കു കൊടുക്കുന്ന 15,000 രൂപ 30,000 രൂപയായിട്ടെങ്കിലും വർദ്ധിപ്പിക്കണം. ആ ഇനത്തിലുള്ള തുക വർദ്ധിപ്പിച്ചു നൽകിയ ഗവൺമെന്റാണിത്. അതുകൊണ്ടാണ് ഈ ഗവൺമെന്റ് ഇനിയും അത് വർദ്ധിപ്പിക്കുവാൻ സാധ്യതയുണ്ടെന്ന് പറയുന്നത്. ലാന്റ് അസൈൻമെന്റ് ആക്ടിൽ വലിയ പോരായ്മകളുണ്ട്. പട്ടണപ്രദേശങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

ഭൂമി പതിച്ചുകൊടുക്കുന്നതിന്, കോർപ്പറേഷനിലായാലും, മുനിസിപ്പാലിറ്റിയിലായാലും, ബാനുണ്ടായിരുന്നു. അതിപ്പോൾ നീക്കി. അതിന്റെ ഫലമായി 24,000 രൂപവരെ വരുമാനമുള്ള ആളുകൾക്ക് 10 സെന്റും. 5 സെന്റും ഭൂമി സൗജന്യമായി പതിച്ചുകൊടുക്കാൻ കഴിയും. 24,000 രൂപ മുതൽ 50,000 രൂപവരെയുള്ള വരുമാനക്കാർക്ക് ഭൂമിയുടെ അഞ്ചിലൊന്ന് വില നൽകിക്കൊണ്ട് ഇതുചെയ്യാൻ കഴിയും. അത് ചെയ്ത ഈ ഗവൺമെന്റ് മറ്റു സ്ഥലങ്ങളിൽ അസൈൻമെന്റ് നടത്തുന്നതിനുവേണ്ടി ഉള്ള കാര്യങ്ങൾകൂടി ശ്രദ്ധിക്കണം.

നമ്മുടെ സംസ്ഥാനത്ത് കണ്ണൻദേവൻ കമ്പനിയിൽ നിന്ന് വിലയ്ക്കു വാങ്ങി റ്റാറ്റാ കമ്പനിക്കാർ തേയിലത്തോട്ടം നടത്തുന്ന മൂന്നാർ പ്രദേശമുണ്ട്. അത് കേരളത്തിലെ ഏറ്റവും വലിയ പഞ്ചായത്താണ്, 78,000 ജനങ്ങളുള്ളതാണ്. ആ പഞ്ചായത്ത് ഇന്ന് ഭരിക്കുന്നത് യഥാർത്ഥത്തിൽ നമ്മുടെ ഗവൺമെന്റല്ല. മൂന്നാർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എല്ലാം ഇന്ന് കേസിലെ പ്രതികളാണ്. എന്താണ് കാരണം? പഞ്ചായത്തിൽ നിക്ഷിപ്തമായ റോഡ് പുറംപോക്കുകളിലും, തോട് പുറംപോക്കിലും നിർമ്മാണപ്രവർത്തനങ്ങൾ നടത്തി എന്നുള്ളതാണ് കാരണം. അംഗൻവാടി, വായനശാല എന്നിവ ഉണ്ടാക്കുന്നുവെന്നുള്ളതിന്റെ പേരിൽ കൊടുത്ത കേസിൽ അവരിന്ന് കോടതി മുൻപാകെ നിൽക്കുകയാണ്. ഈ ഗവൺമെന്റിനുള്ളിൽ വേറൊരു ഗവൺമെന്റ്. അതിന് പരിഹാരം കാണണം. ഹൈക്കോടതി ഈ കേസ് കേട്ടതിനുശേഷം വിധിപറയാൻ മാറ്റിവച്ചതാണ്; ആറു മാസമായിട്ടും വിധിവന്നിട്ടില്ല. ജനപ്രതിനിധികളെ, കോടതി കയറ്റിയിറക്കുന്ന റ്റാറ്റാ റ്റീ കമ്പനിയുടെ നടപടികൾക്ക് ഈ ഗവൺമെന്റ് കടിഞ്ഞാണിടണം. 14 ജില്ലകളും 21 റവന്യൂ ഡിവിഷനുകളും 63 താലൂക്കുകളും 1,435 വില്ലേജുകളും ചേർന്ന ഈ റവന്യൂ ഭരണസംവിധാനം പരിഷ്ക്കരിക്കുന്നതിനുള്ള നടപടികൾ ആയില്യം തിരുനാളിന്റെ കാലംമുതൽ ആരംഭിച്ചതാണ്. ഭൂമിയും മനുഷ്യനുമായിട്ടുള്ള ബന്ധത്തെ നിർവചിക്കുന്ന ആ പ്രക്രിയയ്ക്ക്, പലപ്പോഴും പലരും വർത്തമാനം പറഞ്ഞിട്ടുണ്ട് എന്നല്ലാതെ നടപടികളിലേയ്ക്ക് നീങ്ങിയിട്ടില്ല. അതിന് ധൈര്യം കാണിച്ചത് സഖാവ് കെ.ഇ. ഇസ്മയിലാണ്. തീർച്ചയായും അദ്ദേഹം അഭിനന്ദനമർഹിക്കുന്നു. റവന്യൂ ബോർഡ് നിർത്തലാക്കിയപ്പോൾ ഇപ്പോൾ റവന്യൂ കമ്മിഷണറേറ്റുണ്ട്. എന്റെ അഭിപ്രായത്തിൽ ഈ റവന്യൂ കമ്മിഷണറേറ്റല്ലാതെ ഒരു അഡീഷണൽ കമ്മിഷണറുടെ, ഒരു ഐ.എ.എസ്.ഉദ്യോഗസ്ഥന്റെ ആവശ്യം അവിടെയില്ല. അതുകൊണ്ട് റവന്യൂ കമ്മിഷണർ മാത്രമാക്കണം; അഡീഷണൽ കമ്മിഷണറുടെ ആവശ്യമില്ലായെന്നാണ് എന്റെ അഭിപ്രായം. താലൂക്ക് തലത്തിൽ ഒരു തഹസീൽദാരെയും ഒരു അഡീഷണൽ തഹസീൽദാരെയും നിയമിച്ചിട്ടുണ്ട്. അവരുടെ ജോലി വിഭജിക്കുകയും ആ ജോലി ദ്രുതഗതിയിലാക്കുന്നതിനുവേണ്ടി അവർക്ക് പ്രത്യേകമായ സംവിധാനങ്ങൾ ഏർപ്പെടുത്തിക്കൊടുക്കുകയും ചെയ്യണം. താലൂക്കുതലത്തിൽ ഉദ്യോഗസ്ഥൻമാരുടെ കുറവ് ഉണ്ടാകുന്നത് നികത്തുന്നതിനുവേണ്ടിയുള്ള നടപടികൾ ഈ ഗവൺമെന്റ് വളരെ ശ്രദ്ധേയമായി ചെയ്തിട്ടുണ്ട്. എന്നാൽ ഇനിയും പോരായ്മകളുണ്ട്. വില്ലേജ് ഓഫീസുകൾക്ക് കെട്ടിടങ്ങൾ നിർമ്മിച്ചുകൊടുത്തിട്ടുണ്ട്. എന്നാൽ അതിലുള്ള പഴയ പോരായ്മകളിൽ ചിലത് ഇപ്പോഴും നിലനിൽക്കുന്നുണ്ട്. അതാണ് ഇവിടെ പരാമർശിക്കപ്പെട്ട കൈക്കൂലി. ഇത് ഇല്ലായ്മ ചെയ്യുന്നതിനുവേണ്ടി തിരുവനന്തപുരത്തും തൃശൂരിലും വിജിലൻസ് സെല്ലുകൾ രൂപീകരിച്ചുകൊണ്ട് മുന്നോട്ടുപോകുന്നുണ്ട്. ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ പ്രകടനപത്രികയിലെ ഏറ്റവും പ്രധാനപ്പെട്ട ഐറ്റം അഴിമതിക്ക് എതിരെ

LIBRARY ARCHIVES Kerala Legislative Assembly

യുള്ള പോരാട്ടമാണ്. അത് ശിരസാവഹിച്ചുകൊണ്ട് അഴിമതിക്ക് എതിരെ പോരാടുന്നതിനുവേണ്ടിയുള്ള നടപടികളുമായി മുന്നോട്ടുപോകുന്ന റവന്യൂവ കുപ്പുമന്ത്രിയെ അഭിനന്ദിക്കുവാൻ ഈ അവസരം ഉപയോഗിക്കുന്നു.

ഒരു ലക്ഷത്തോളം പേർക്ക് പട്ടയം കൊടുത്തു. മാലാക്കായൽ കോള നിയുടേത് എനിക്ക് അനുഭവമുള്ള കാര്യമാണ്. എന്റെ നിയോജകമണ്ഡല ത്തിലെ ഒരു പ്രദേശത്ത് 70 കുടുംബങ്ങൾ വർഷങ്ങളായി അവരുടെ അവകാ ശത്തിനുവേണ്ടി മുട്ടാത്ത വാതിൽ ഇല്ലായിരുന്നു. ജനകീയാസൂത്രണ പദ്ധതി യിലെ ഏതെങ്കിലും ആനുകൂല്യം കിട്ടണമെങ്കിൽ ഭൂമിയിൽ അവകാശമുണ്ടാ യിരിക്കണം. വീടിന് നമ്പർ ഉണ്ടായിരിക്കണം. ഇതൊന്നും ഇല്ലാത്ത പട്ടികജാ തി-പട്ടികവർഗ്ഗത്തിൽപ്പെട്ട 70 കുടുംബങ്ങൾക്ക് അവരുടെ പരാതികൾ കേട്ട് അവർക്ക് കൈവശരേഖ കൊടുക്കുന്നതിന് ഈ റവന്യൂവകുപ്പുമന്ത്രിക്ക് കഴി ഞ്ഞു. അന്നത്തെ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ച അവിടത്തെ പഞ്ചാ യത്ത് പ്രസിഡന്റ് പറഞ്ഞത് 'വാക്ക് പറഞ്ഞാൽ ശ്രീ. കെ.ഇ. ഇസ്മയിൽ പറ യുന്നതുപോലെ ആയിരിക്കണം' എന്നാണ്. അദ്ദേഹം പറഞ്ഞ ആ തീയ തിക്കും രണ്ടുദിവസം മുൻപുതന്നെ കൈവശരേഖ കൊടുത്തു. അവർക്ക് പട്ടയംകൂടി കൊടുക്കുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൈവശരേ ഖയും പട്ടയവും കൊടുക്കുക എന്നുപറഞ്ഞാൽ നിസ്സാര കാര്യമല്ല. ഇന്നത്തെ സാഹചര്യത്തിൽ വികസന പ്രവർത്തനങ്ങൾക്കുള്ള തുകയുടെ 40 ശതമാനം ഗ്രാമ-പഞ്ചായത്ത് തലങ്ങളിലേയ്ക്ക് മാറ്റിയ സാഹചര്യത്തിൽ അതിന്റെ ആനുകൂല്യം സ്വന്തം ഭൂമിയോ, സ്വന്തം വീടോ ഇല്ലാത്തവർക്ക് ലഭ്യമാകുന്നില്ല. അങ്ങനെ വികസനത്തിന്റെ ഗുണഫലങ്ങൾ നിഷേധിക്കുന്ന രീതിയിൽ കാര്യ ങ്ങൾ വന്നിട്ടുള്ള ഈ സന്ദർഭത്തിൽ കൈവശരേഖയും പട്ടയവും കൊടുക്കുക എന്ന ധാർമികമായ ബാധ്യതയും നിയമപരമായ ബാധ്യതയും ഏറ്റെടുത്തു കൊണ്ട് സമയബന്ധിതമായി അത് നിർവഹിക്കുന്ന മന്ത്രിയെ അഭിനന്ദി ക്കണ്ടേ?

സൗജന്യമായിട്ട് ഭൂമി നല്കുന്നത് സംബന്ധിച്ച് അസൈൻമെന്റ് ആക്ടിൽ ചില ഭേദഗതികൾ അനിവാര്യമാണ്. അതിന്റെ നൂലാമാലക ളിൽപ്പെട്ട് പല അപേക്ഷകളും ഇന്ന് തള്ളിപോകുന്നുണ്ട്. വില്ലേജ് ഓഫീസ റുടെ വിംസ് ആന്റ് ഫാൻസീസ് അനുസരിച്ച് വസ്തുവിന്റെ വില ഏറുകയും കുറയുകയും ചെയ്യുന്നു. അത് പരിശോധിക്കുന്നതിന് ഈ ഗവൺമെന്റിന്റെ കാലത്ത് ലാന്റ് അസൈൻമെന്റ് കമ്മിറ്റികൾ രൂപീകരിച്ചു. ഉദ്യോഗസ്ഥൻമാരല്ല അത് ചെയ്തത്. ശ്രീ. കെ.ഇ. ഇസ്മയിൽ റവന്യൂ വകുപ്പുമന്ത്രി ആയ തിനുശേഷമാണ് ജനകീയ കമ്മിറ്റി അസൈൻമെന്റിനെപ്പറ്റി പരിശോധിക്കു കയും തീർപ്പുകൽപ്പിക്കുകയും ചെയ്യുന്ന ഒരു സംപ്രദായം ഉണ്ടാക്കിയത്. അഴിമതി ഒരു അളവുവരെ ഇല്ലാതാക്കുവാൻ അത് സഹായിച്ചിട്ടുണ്ട്. അഴിമതി ഇല്ലാതാക്കുവാൻ വേണ്ടിയുള്ള ശ്രമം പോലെതന്നെ വില്ലേജ് ഓഫീസിൽ അഡ്വൈസ് ചെയ്യുന്നതിന് ഒരു അഡ്വൈസറി ബോഡി എന്നുള്ള നിലയിൽ ജനപ്രതിനിധികളെക്കൂടി ഉൾപ്പെടുത്തികൊണ്ട് ഒരു സംവിധാനം ഉണ്ടാക്കേ ണ്ടതാണ്.

1966-ൽ സർവ്വേ തുടങ്ങിയതാണ്. ശ്രീ. കെ.എം. മാണിയുടെ കാലത്ത് സർവ്വേ ക്ലൈമാക്സിൽ എത്തി. പക്ഷെ ഫലം എന്തെന്ന് അറിയണ്ടേ? ഒരു മനുഷ്യനും പ്രമാണപ്രകാരമുള്ള ഭൂമി ഇല്ലെന്നാണ്. ക്യാഷ് ഉള്ളവർക്ക് കൂടു തൽ ഭൂമി; ക്യാഷ് ഇല്ലാത്തവന് ഭൂമി കുറവ്. പ്ലാനിൽ അര സെന്റീമീറ്റർ മാറ്റി വരച്ചാൽ ഭൂമി പോകും. അത് ചെയ്യാൻമടിക്കാത്ത ഉദ്യോഗസ്ഥൻമാർ, നാടൻ

LIBRARY ARCHIVES Kerala Legislative Assembly

ഭാഷയിൽ പറഞ്ഞാൽ അത് കുളമാക്കിക്കളഞ്ഞു. അത് നിറുത്തലാക്കി എന്നുള്ളത് ഈ ഗവൺമെന്റിന്റെ ഒരു ക്രെഡിറ്റാണ്. ആ ക്രെഡിറ്റ് ഏറ്റെടുത്തുകൊണ്ടുതന്നെ ഈ ഗവൺമെന്റ് സർവേയ്ക്ക് പുതിയ സംവിധാനം ഉണ്ടാക്കി. അത്യാധുനിക മെഷിനറികൾ ഉപയോഗിച്ച് സർവ്വേ നടത്തി ബൗണ്ടറി ഫിക്സ് ചെയ്ത് ആളുകൾക്ക് പതിച്ചുകൊടുക്കാനുള്ള ഏർപ്പാട് ഉണ്ടാക്കിയത് ഈ ഗവൺമെന്റിന്റെ തൊപ്പിയിലെ ഒരു പുതിയ തൂവലാണ്. ആദിവാസികൾക്ക് ഭൂമി കൊടുത്തുവെന്ന് പറഞ്ഞു, ആദിവാസികൾക്ക് ഭൂമി കൊടുക്കുന്നത് ഒരു സാമൂഹ്യ പ്രശ്നമായിട്ട് ഏറ്റെടുത്തത്, ഒരു ജനവിഭാഗത്തിനുമുഴുവൻ ഭൂമിയും വിട്ടുകൊടുത്തത് ആദ്യമായിട്ടാണ്. ആദിവാസികൾക്ക് ഭൂമിയും വീടും ഈ ഗവൺമെന്റ് കൊടുക്കുന്നു എന്നുപറഞ്ഞാൽ ആ വിഭാഗത്തെ മുഴുവൻ ഭൂമിയുടേയും വീടിന്റേയും ഉടമസ്ഥരാക്കിയ മഹത്തായ ധർമ്മം കഴിഞ്ഞ ഗവൺമെന്റുകളുടെ ചരിത്രത്തിൽ കേട്ടുകേൾവി ഇല്ലാത്തതാണ്. വെറുതെയല്ല പ്രതിപക്ഷത്തുള്ളവർപോലും റവന്യൂവകുപ്പുമന്ത്രിയെ ശ്ലാഘിച്ചത്. ഇത് പ്രത്യേകമായ ഒരു അനുഗ്രഹംപോലെ മാറിയിരിക്കുന്നു. ജനങ്ങളുടെ ആവശ്യങ്ങളും അഭിലാഷങ്ങളും മനസ്സിലാക്കി പ്രവർത്തിക്കുന്ന കാര്യത്തിൽ, വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തുന്ന കാര്യത്തിൽ അദ്ദേഹം വീഴ്ച വരുത്തിയിട്ടില്ല. എന്റെ ജില്ലയിൽ കെടുതികൾ അനുഭവിച്ചവരെ മാറ്റിപ്പാർപ്പിക്കുന്നതിലും ഭക്ഷണം കൊടുക്കുന്നതിലും വീഴ്ച വരുത്തിയില്ല. കഞ്ഞി അല്ല കൊടുത്തത്, ചോറാണ്. അന്ന് ബഹുമാനപ്പെട്ട മന്ത്രി ഒരു പ്രസ്താവന നടത്തുകയുണ്ടായി. 'ഗവൺമെന്റ് ഖജനാവ് കാലിയാണെങ്കിലും വെള്ളപ്പൊക്കക്കെടുതി അനുഭവിക്കുന്നവർക്ക് സാമാന്യം നല്ല ഭക്ഷണം കൊടുക്കുന്നതിന് ഗവൺമെന്റ് ബാധ്യസ്ഥരാണെ'ന്ന്. കഞ്ഞിയും പയറും അല്ല കൊടുത്തത്. ആ പ്രതിബദ്ധത ഏറ്റെടുത്ത് നിർവ്വഹിച്ചു. വാസ്തവത്തിൽ അദ്ദേഹത്തെ നന്ദിയോടുകൂടി സ്മരിക്കേണ്ടതാണ്.

റവന്യൂ പുനഃസംഘടനയിൽ ജില്ലാ താലൂക്ക് തലങ്ങളിലുള്ള ടെറിറ്റോറിയൽ ജൂറിസ്ഡിക്ഷന്റെ പുനഃസംവിധാനം അനിവാര്യമാണ്. എന്റെ നിയോജകമണ്ഡലം സ്ഥിതിചെയ്യുന്നത് കൊല്ലം താലൂക്കിലാണ്. കൊല്ലം താലൂക്കിൽ ഇപ്പോൾ കോർപ്പറേഷനുണ്ടാക്കിയിരിക്കുന്നു. ആ കോർപ്പറേഷന്റെ പരിധിയിലാണ് എന്റെ നിയോജകമണ്ഡലം ഉൾപ്പെടുന്ന ഏഴ് പഞ്ചായത്തുകളും ഒരു മുനിസിപ്പാലിറ്റിയും വരുന്നത്. വർഷങ്ങളായി നടത്തിയ അന്വേഷണങ്ങളുടെ ഫലമായി രണ്ട് റിപ്പോർട്ടുകൾ ഗവൺമെന്റിന്റെ കൈവശമുണ്ട്. അത് ചാത്തന്നൂർ താലൂക്ക് അനുവദിക്കണമെന്ന് അസന്നിഗ്ദ്ധമായ ഭാഷയിൽ എഴുതിയ റിപ്പോർട്ടുകളാണ്. ഇപ്പോൾ അതിന് യാതൊരു കാരണവശാലും മാറ്റം വരുത്തേണ്ട ഒരു ആവശ്യവുമില്ല. ന്യായാന്യായങ്ങളുടെ അടിസ്ഥാനത്തിൽ റവന്യൂ ബോർഡ് മെമ്പർമാർ തയ്യാറാക്കിയ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലും ഇപ്പോൾ പുതിയ കോർപ്പറേഷൻ ഉണ്ടാക്കിയ സാഹചര്യത്തിലും അതിന് പുറത്തുവരുന്ന ഭാഗങ്ങൾ ചേർത്ത് ചാത്തന്നൂർ താലൂക്ക് രൂപീകരിക്കണം. റവന്യൂ പുനഃസംവിധാനത്തിന്റെ ഭാഗമായി അതുകൂടി പരിഗണിക്കണമെന്നാണ് എന്റെ അഭിപ്രായം.

ഇവിടെ ലീഗൽ മെട്രോളജി വകുപ്പുണ്ട്. ആ വകുപ്പ് സംബന്ധിച്ച് ആർക്കും അറിയില്ലായിരുന്നു. അവർക്കുള്ള അധികാരങ്ങൾ വളരെ വലുതാണ്. സ്വർണ്ണക്കടകളിൽ നടക്കുന്ന മാർജിനലായിട്ടുള്ള തൂക്കത്തിന്റെ വ്യത്യാസം, കാളിറ്റി--ഇത് രണ്ടും കണ്ടുപിടിക്കുന്നതിന് ലീഗൽ മെട്രോളജി ഉദ്യോഗസ്ഥൻമാർ ബാദ്ധ്യസ്ഥരാണ്. ഡോക്ടർമാർ ഉപയോഗിക്കുന്ന പ്രഷർ

LIBRARY ARCHIVES Kerala Legislative Assembly

അപ്പാരറ്റസ് വരെ പരിശോധിക്കുവാൻ ആക്ട് അനുസരിച്ച് അവർക്ക് അധികാരമുണ്ട്. പെട്രോൾ പമ്പുകളിൽ 10 പോയിന്റ് താഴ്ത്തിവച്ച് ലാഭമുണ്ടാക്കുന്നവരും ലീഗൽ മെട്രോളജി ഉദ്യോഗസ്ഥൻമാരും തമ്മിലുള്ള ഐക്യമുന്നണിയുടെ അടിസ്ഥാനത്തിൽ മുൻപ് മാസപ്പടി വാങ്ങികൊണ്ടിരുന്നവരെ ഇല്ലാതാക്കുവാൻ ആദ്യമായി നടപടി സ്വീകരിച്ചത് നമ്മുടെ റവന്യൂ വകുപ്പുമന്ത്രിയാണ്. അത് തുടരുകയും ഭംഗിയായി മുന്നോട്ടുകൊണ്ടുപോവുകയും ചെയ്യണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് സർവ്വാത്മനാ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങിക്കൊണ്ട് നിർത്തുന്നു.

[2PM] <u>ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. എന്റെ സ്നേഹിതർ ശ്രീ. ജോൺ ഫെർണാണ്ടസും ശ്രീ. ലോനപ്പൻ നമ്പാടനും പറഞ്ഞത് പോലെ ശ്രീ.കെ.ഇ. ഇസ്മയിൽ പ്രതിഭാസമ്പന്നനായ ഒരു കലാകാരൻ തന്നെയാണ്. പക്ഷെ പറഞ്ഞിട്ട് എന്താണ് കാര്യം? ഉത്തമരാജാവിനെപ്പറ്റി പുരാതന ഭാരതത്തിലെ സങ്കല്പത്തിന്റെ പ്രതിബിംബമായിരുന്നു വിക്രമാദിത്യ രാജാവ്. നാടകത്തിൽ വിക്രമാദിത്യരാജാവിനെ വളരെ മിഴിവുള്ള ഒരു കഥാപാത്രമാക്കി അവതരിപ്പിച്ച കാര്യത്തിൽ ശ്രീ. കെ.ഇ. ഇസ്മയിൽ വിജയിച്ചുവെങ്കിലും വിക്രമാദിത്യ രാജാവിന്റെ നൈപുണ്യത്തിന്റെ നിഴലാട്ടംപോലും ശ്രീ. കെ.ഇ. ഇസ്മയിലിന്റെ പ്രവർത്തനത്തിൽ കാണിക്കുന്നില്ല എന്നതാണ് വസ്തുത. സാമ്യമില്ല എന്ന് ഞാൻ പറയുന്നില്ല. വിക്രമാദിത്യ രാജാവുമായിട്ട് സാമ്യമുണ്ട്. അതിന് കാരണം അപ്പുറത്തുനിന്നും സംസാരിച്ച സ്നേഹിതൻമാരുടെ പ്രസംഗത്തിലെ അസ്വാഭാവികതയും, അവിശ്വസനീയതയും അതിശയോക്തിയും വിക്രമാദിത്യ കഥകളെ അനുസ്മരിപ്പിക്കുന്നതാണ് എന്ന് ഞാൻ സൂചിപ്പിക്കുന്നു. ആ വിക്രമാദിത്യൻ എഴുതിത്തള്ളപ്പെടേണ്ട ഒരാളല്ല. സ്വാഭാവികമായും അദ്ദേഹത്തിന്റെ സാന്നിദ്ധ്യം ഇവിടെ പ്രകടമാണ്. ബ്രിട്ടീഷുകാർ ഇൻഡ്യ ഭരിച്ച സമയത്ത്, അവർ പോയിട്ട് 50 വർഷക്കാലമായിട്ടുണ്ടെങ്കിലും, അവർ ഇട്ടിട്ടുപോയ നടപടിക്രമങ്ങൾ നാടുവിട്ടിട്ടില്ല. ആ നടപടിക്രമങ്ങളുടെ സാന്നിദ്ധ്യം ഇപ്പോഴും റവന്യൂ വകുപ്പിന്റെ അന്തരാളത്തിൽ സജീവമായി കാണുന്നു എന്നുള്ളതാണ് ഏറ്റവും വലിയ കാര്യം.

ഭൂമിയെ ബാധിക്കുന്ന നിയമങ്ങളെല്ലാം ഉടച്ചുവാർക്കണമെന്നാണ് ആദ്യമായി എനിക്ക് പറയാനുള്ളത്. ഇവിടെ Land Acquisition Act, Land Conservancy Act, Land Development Act, Land Assignment Act, Land Utilisation Rules, Survey & Boundaries Act എന്നീ ആക്ടുകളുണ്ട്. ഏതു നിയമത്തിന്റേയും പ്രായോഗികത എടുത്തുപരിശോധിച്ചാൽ അവയ്ക്കെല്ലാം വളരെയധികം അപ്രായോഗികത ഉണ്ടെന്ന് നമുക്ക് കാണാൻകഴിയും. വിചാരിച്ച ഉദ്ദേശമൊന്നും നടക്കില്ല എന്നുമാത്രമല്ല മറിച്ചാണ് നടക്കുന്നത്. അതിനെക്കുറിച്ച് ഇവിടെ സംസാരിച്ച എന്റെ സ്നേഹിതൻമാർ ചൂണ്ടിക്കാണിക്കുകയുണ്ടായി. ലാൻഡ് അക്വിസിഷനെന്നു പറയുന്നത് ബഹുമാനപ്പെട്ട മന്ത്രിക്കും അനുഭവമുണ്ടാകും. ഇവരുടെ വികസനപ്രവർത്തനങ്ങളെ സംബന്ധിച്ച ഏറ്റവുംവലിയ തടസ്സമെന്നു പറയുന്നത് ലാൻഡ് അക്വിസിഷൻ ആക്ടിന്റെ നടപടികളുടെ സങ്കീർണ്ണതയാണ്. ഇതെങ്ങനെയെങ്കിലും അവസാനിപ്പിക്കുന്നതിന് സാധിച്ചിട്ടില്ലായെങ്കിൽ ഇവിടത്തെ വികസന പ്രവർത്തനങ്ങളെ മുഴുവനും ലാൻഡ് അക്വിസിഷൻ ആക്ടിന്റെ കടമ്പകൾ ദോഷകരമായി ബാധിക്കുമെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. വളരെ പ്രഗൽഭനായിരുന്ന ശ്രീ. വി. ആർ. കൃഷ്ണയ്യർ ഇൻഡ്യൻ പ്രധാനമന്ത്രിക്ക് ലാൻഡ് അക്വിസിഷനെ സംബ

LIBRARY ARCHIVES Kerala Legislative Assembly

ന്ധിച്ച് അയച്ച കത്തിലെ ഒരു വാചകം ഞാനിവിടെ സൂചിപ്പിക്കുകയാണ്. ശ്രീ. വി.ആർ. കൃഷ്ണയ്യർ പറഞ്ഞത് ഇപ്പോൾ കാട്ട് ചെയ്യുകയാണെങ്കിൽ ശ്രീ. പി. ഗോവിന്ദ പിള്ള ശ്രീ. വി.ആർ. കൃഷ്ണയ്യരെക്കുറിച്ച് ദേശാഭിമാനിയിൽ എഴുതിക്കൊണ്ടിരിക്കുന്ന പശ്ചാത്തലത്തിൽ നിങ്ങൾക്ക് കുറച്ച് വെറുപ്പുണ്ടാകുമെങ്കിലും പിൻകാലാടിസ്ഥാനത്തിൽ വെറുപ്പിന്റെ കാര്യമില്ലല്ലോ. അന്ന് അദ്ദേഹമെഴുതിയ ഒരു കത്താണിത്. ആ കത്തിൽ പറയുന്ന ഒരു കാര്യം 'വികസന പദ്ധതികൾക്കുവേണ്ടി ദാഹിക്കുന്ന ഭൂരഹിതരുടേതാണ് ഈ രാജ്യം,' അല്ലാതെ ജനങ്ങളുടെ ഭൂമി സ്പർശിക്കുമ്പോൾ വികസന പ്രവർത്തനങ്ങളെ നിശ്ചലമാക്കുന്ന ഭൂസ്വത്ത് ഉടമസ്ഥൻമാരുടേതല്ല'' എന്നാണ്. എത്രയെത്ര വികസന പ്രവർത്തനങ്ങളാണ് ഇപ്പോൾ ലാൻഡ് അക്വിസിഷൻ ആക്ടിന്റെ കുഴപ്പങ്ങൾകൊണ്ട് നീണ്ടുപോകുന്നത്? എന്റെ അനുഭവം ഞാൻ പറയാം, എന്റെ മണ്ഡലത്തിൽ ഒരു ലിങ്ക് റോഡുണ്ട്. എല്ലാ പണിയും കഴിഞ്ഞ് Forward Notification - ന്റെ ഘട്ടത്തിലേയ്ക്കുപോയപ്പോൾ 9 കൊല്ലം മുൻപ് അവിടെനിന്നും ഒഴിവായിപ്പോയ ബാങ്കുകാർ സ്റ്റേ കൊടുത്തിരിക്കുകയാണ്. ഇത് ആറുമാസം കഴിഞ്ഞാലും ഒഴിവാക്കാൻ കഴിയുമെന്ന് തോന്നുന്നില്ല. ബഡ്ജറ്റിൽ പണമുണ്ട്, എല്ലാ നടപടിയും കഴിഞ്ഞിട്ടുണ്ട്. പക്ഷേ നിർമ്മാണ പ്രവർത്തനം നീങ്ങുന്നില്ല. അതുകൊണ്ട് എനിക്ക് പറയാനുള്ളത് ഇത് വളരെ ഗൗരവമായെടുത്ത് ലാൻഡ് അക്വിസിഷൻ ആക്ടിന്റെ ലൂപ്ഹോൾസ് അടച്ചിട്ട് ഇപ്പോഴിവിടെ പറഞ്ഞതുപോലെ വികസന പ്രവർത്തനങ്ങൾക്ക് തടസ്സമാകാത്ത വിധത്തിൽ എങ്ങനെ ലാൻഡ് അക്വിസിഷൻ ആക്ട് പുനഃസംവിധാനം ചെയ്യാമെന്നതിനെക്കുറിച്ച് ആലോചിക്കണമെന്നാണ്.

ലാൻഡ് കൺസർവൻസി ആക്ട് സർക്കാരിന്റെ ഭൂമി അന്യാധീനപ്പെടാതെ നിലനിൽക്കുന്നതിനുവേണ്ടിയുള്ള ഒരു നിയമമാണ്. അതിൽ എന്താണ് സംഭവിക്കുന്നത്? ഇവിടെ പലരും സൂചിപ്പിച്ചല്ലോ? ഏറ്റവും എളുപ്പമുള്ള കാര്യമെന്താണെന്നറിയാമോ? സർക്കാർ ഭൂമി അധീനമാക്കുകയാണ് നമ്മുടെ രാജ്യത്തെ ഏറ്റവും എളുപ്പമുള്ള കാര്യം. അതിന്റെ അർത്ഥം ഇവിടെ ലാൻഡ് കൺസർവൻസി ആക്ട് ഫലപ്രദമായി നടപ്പിലാക്കുന്നില്ല എന്നുള്ളതാണ്. ഒന്നുകിൽ അതിൽ ലൂപ്ഹോൾസുണ്ട്. അല്ലെങ്കിൽ അത് ഇംപ്ലിമെന്റു ചെയ്യുന്ന ഉദ്യോഗസ്ഥൻമാർ മൂക സാക്ഷികളായി നിന്നിട്ട് സർക്കാരിന്റെ ഭൂമി പലരും കൊണ്ടുപോകുന്നു എന്നുള്ള അവസ്ഥയാണ്. ലാൻഡ് ഡെവലപ്പ്മെന്റ് ആക്ട് വളരെ ഉദ്ദേശശുദ്ധിയുള്ള ആക്ടാണ്. ഇതിൽ വളരെയധികം കാര്യങ്ങൾ പറയുന്നുണ്ട്. പക്ഷേ ലാൻഡ് ഡെവലപ്മെന്റ് ആക്ട് നിലനിന്നിട്ടുപോലും നമ്മുടെ സംസ്ഥാനത്തിന്റെ സ്ഥിതിയെന്താണ്? നമ്മുടെ കാർഷികമേഖലയിൽ അന്നുണ്ടായിരുന്ന സംഭാവന 1950-കളിൽ 66% ആയിരുന്നുവെങ്കിൽ അത് 1999 ആയപ്പോൾ 30% ആയി കുറഞ്ഞിരിക്കുകയാണ്. അതുപോലെതന്നെ ഭക്ഷ്യവിളകളുടെ കൃഷിഭൂമിയുടെ വിസ്തീർണ്ണം 14.8% ആയിരുന്നുവെങ്കിൽ അതിപ്പോൾ 8.8 ലക്ഷം ഹെക്ടർ ആയി ചുരുങ്ങിയിരിക്കുകയാണ്. സംസ്ഥാനത്തെ മൊത്തം വരുന്ന കൃഷിക്കുപയോഗിക്കുന്ന ഭൂമി 22.8 ലക്ഷം ഹെക്ടറായിരുന്നുവെങ്കിൽ ഇന്ന് അതിൽ 9.5 ലക്ഷം ഹെക്ടർ കൃഷിക്കുപയോഗിക്കാൻ കഴിയാതെ മണ്ണൊലിപ്പിനു വിധേയമായി പോകുന്നതായാണ് കാണുന്നത്.. അത് പ്രിസർവ് ചെയ്യുന്ന കാര്യത്തിലും അതിന് പദ്ധതികൾ നടപ്പിലാക്കുന്ന കാര്യത്തിലും ഫലപ്രദമായി ലാൻഡ് ഡെവലപ്മെന്റ് ആക്ടിന് നീങ്ങാൻ കഴിഞ്ഞിട്ടില്ല. അതിന്റെ കുഴപ്പമെന്താണെന്ന് കണ്ടുപിടിച്ച് അതിനും പ്രതിവിധിയുണ്ടാക്കേണ്ടതാണ്. ലാൻഡ് അസൈൻമെന്റ് ആക്ടിനെക്കുറിച്ച് ഇവിടെ പറഞ്ഞു, അത് ഗവൺമെന്റിന്റെ ഭൂമി അസൈൻ ചെയ്യുന്നതി

LIBRARY ARCHIVES Kerala Legislative Assembly

നുവേണ്ടിയുള്ളതാണ്. എല്ലാവർക്കും ഇത് എളുപ്പ കച്ചവടമാണ്. ബഹുമാന പ്പെട്ട മന്ത്രി കഴിഞ്ഞ രണ്ടാം തീയതി ഒരു ചോദ്യത്തിന് മറുപടിയായി പറഞ്ഞ തെന്താണെന്നറിയാമോ? പട്ടയത്തിനുവേണ്ടിയുള്ള 45,128 അപേക്ഷകൾ ഇപ്പോൾ പെൻഡിംഗിലാണ് എന്നാണ്. 45,128 ആളുകൾ തങ്ങളുടെ ഭൂമിക്ക് പട്ടയം കാത്ത് നിൽക്കുമ്പോൾ മറ്റുചിലർ ചില്ലറ പൈസ കൊടുത്തിട്ട് ചുരു ങ്ങിയ വിലയ്ക്ക് ലക്ഷക്കണക്കിന് രൂപയുടെ ഭൂമി അധീനമാക്കിവച്ചിരിക്കുക യാണ്. ഇങ്ങനെ എളുപ്പത്തിൽ ലക്ഷക്കണക്കിന് രൂപ വിലയുള്ള ഭൂമി അഞ്ചും പത്തും രൂപ കൊടുത്ത് അധീനമാക്കുന്നവിധത്തിൽ എങ്ങനെയാണത് രൂപ പ്പെടുത്തുന്നത് എന്നതിനെക്കുറിച്ച് വളരെ ഗൗരവമായി ഗവൺമെന്റ് ചിന്തിക്ക ണമെന്ന് ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. Lease of Land and Government Offices and Bungalow - എന്നതു സംബന്ധിച്ച് കേരള ഗവൺമെന്റിന്റെ ഒരു റൂളുണ്ട്. ഇവിടെ പല ഭൂമികളും ഇങ്ങനെ ലീസ് വാങ്ങി ഓരോരുത്തർ സുഖ മായി ഉപയോഗിച്ചുകൊണ്ടിരിക്കുകയാണ്. അതുപോലെതന്നെയാണ് ലാൻഡ് യൂട്ടിലൈസേഷൻ ആക്ട്. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് പറയുന്നത് ലാൻഡിന്റെ ഫലപ്രദമായ ഉപയോഗത്തെപ്പറ്റി ചിന്തിക്കുന്നതിനോടൊപ്പം തന്നെ ഒരാൾക്ക് 5 സെന്റ് ഭൂമിയുണ്ടെങ്കിൽ അല്ലെങ്കിൽ 10 സെന്റ് ഭൂമിയുണ്ടെ ങ്കിൽ അയാൾക്ക് താമസിക്കാൻ നിവൃത്തിയില്ലാതെ വരുന്നു, അതിലവന് വീടുവയ്ക്കാൻ ലാൻഡ് യൂട്ടിലൈസേഷൻ ആക്ട് തടസ്സമാകുന്നുണ്ട് എങ്കിൽ അതിന് പരിഹാരം കാണണം. കൃഷിഭൂമി പ്രധാനം തന്നെയാണ്, പക്ഷേ കയ റിക്കിടക്കാൻ കിടപ്പാടം വേണ്ടേ? കയറിക്കിടക്കാൻ കിടപ്പാടമില്ലാത്തവന് അയാളുടെ ഭൂമി കൺവർട്ടുചെയ്യാനുള്ള തടസ്സമുണ്ടെങ്കിൽ ആ തടസ്സം നീക്കണം, കിടപ്പാടമില്ലാത്തവന് എന്താണ് കൃഷിചെയ്യാനുള്ളത്? അതു കൊണ്ട് ഇക്കാര്യത്തിലുള്ള അപ്രായോഗികത പരിഹരിക്കാനാവശ്യമായ ഭേദഗതി കൊണ്ടുവരണമെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. കേരള സർവ്വേ ആൻഡ് ബൗണ്ടറീസ് ആക്ടിനെക്കുറിച്ച് ഇവിടെ പറഞ്ഞു. നമ്മൾ ഒരു ഭൂമി കൈമാറ്റം ചെയ്തുകഴിഞ്ഞാൽ ഈ ആക്ടുപ്രകാരം അതിന്റെ പോക്കുവരവി നെക്കുറിച്ച് ഇവിടെ പറഞ്ഞു. ഇവിടത്തെ കാര്യം കുറച്ചുകൂടി മെച്ചമാണ്. മല ബാറിൽ എത്രയോ കൊല്ലമായി നികുതി അടയ്ക്കുന്നത് സാമൂതിരി കോവില കത്തേയ്ക്കാണ്. ഈ ആക്ടുപ്രകാരം പോക്കുവരവു ചെയ്താലും രജിസ്ട്രേ ഷൻ കഴിഞ്ഞാലും അതുമാറ്റി ബന്ധപ്പെട്ട ആളുകൾക്ക് നികുതി അടയ്ക്കാ നുള്ള സാഹചര്യമില്ല. പഴയ ജൻമിയുടെ പേരിലാണ് ഇപ്പോഴും നികുതി അടയ്ക്കുന്നത്. അതിന്റെ അപ്രായോഗികതയും കണക്കിലെടുക്കണം. ഈ പോയിന്റ് ഉപസംഹരിച്ചുകൊണ്ട് എനിക്ക് പറയാനുള്ളത് ഈ അപ്രായോഗിക മായ നിയമങ്ങൾ കാലത്തിനനുസരിച്ച് മാറ്റുന്നതിനുവേണ്ടി നിയമ വിദ ഗ്ദ്ധൻമാരും റവന്യൂ വകുപ്പുമായി ബന്ധപ്പെട്ടവരുമുൾക്കൊള്ളുന്ന ഒരു ടാസ്ക്ക് ഫോഴ്സിനെ നിയമിക്കണം എന്നാണ്. രണ്ടാമത്തെ കാര്യം റവന്യൂ വകുപ്പിൽനിന്നും ലഭിക്കേണ്ട പേപ്പറുകളുടെ കാര്യമാണ്. ഇവിടെ ശ്രീ. എ. കണാരൻ പറയുകയുണ്ടായി, സെക്രട്ടേറിയറ്റിൽ നിന്നും താഴോട്ട് 10 തട്ടാ ണെന്ന്. ശരിയാണ്, അതാണ് ഇതിന്റെ കഷ്ടം. കുറേക്കാലമായില്ലേ റവന്യൂ കാർഡ് വരുമെന്ന് പറയാൻ തുടങ്ങിയിട്ട്? റവന്യൂ കാർഡ് വരികയാണെങ്കിൽ വരട്ടെ, അത് സ്പീഡപ് ചെയ്യണം. പക്ഷേ യഥാർത്ഥത്തിലുള്ളത് 10-11 സർട്ടി ഫിക്കറ്റുകൾ വില്ലേജ് ഓഫീസുകളിൽ നിന്നും കിട്ടാനുണ്ട്. ഗ്രാറ്റുവിറ്റി സർട്ടി ഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, റസിഡൻസ് സർട്ടിഫിക്കറ്റ്, ഐഡന്റിറ്റി സർട്ടിഫിക്കറ്റ് ഇങ്ങനെ പോവുകയാണ് അവ. 8 സർട്ടിഫിക്കറ്റുകളിലധികം താലൂക്ക് ഓഫീസിൽ നിന്നും കിട്ടാനുണ്ട്. പക്ഷേ സാധാരണക്കാരനെ സംബ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥിച്ചിടത്തോളം എന്തു കഷ്ടപ്പാടാണ് ഈ സർട്ടിഫിക്കറ്റുകൾ കിട്ടാൻ വേണ്ടി അനുഭവിക്കുന്നത്! ഒരു കുടുംബത്തിലെ ഒരാൾ മരിച്ചുപോയാൽ അയാളുടെ ആശ്രിതന് തന്റെ ലീഗൽ ഹെയർ താനാണെന്ന് തെളിയിക്കുന്നതിനുള്ള ലീഗൽ ഹെയർഷിപ് സർട്ടിഫിക്കറ്റ് കിട്ടിയില്ലായെങ്കിൽ, മരണശേഷം അവകാശിക്ക് കിട്ടേണ്ട ആനുകൂല്യങ്ങൾ കിട്ടുകയില്ല. അത് കിട്ടുന്നതിനുള്ള മാർഗം എന്താണ്? ഞാൻ റവന്യൂ വകുപ്പിനെ കുറ്റം പറയുകയല്ല, റവന്യൂ ഡിപ്പാർട്ടുമെന്റുകാർ അയച്ചാൽ ഗസറ്റ് നോട്ടിഫിക്കേഷൻ വരണമല്ലോ? എത്രയാണ് പെൻഡിംഗിലുള്ളത്? ഞാൻ ഇടപെടുന്ന കാര്യമാണിത്. മൂന്നും നാലും മാസം കഴിഞ്ഞിട്ടും ഗസറ്റ് നോട്ടിഫിക്കേഷൻ വരുന്നില്ല. ഒരു കുടുംബത്തിലെ ഒരാൾ മരിച്ചുപോയി, ബാക്കി ആനുകൂല്യങ്ങളും ആ കുടുംബത്തിന് കിട്ടുന്നില്ല എന്ന സ്ഥിതി വന്നാൽ എന്തായിരിക്കും? ലീഗൽ ഹെയർഷിപ്പ് സർട്ടിഫിക്കറ്റ് യഥാസമയം ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കാനാവശ്യമായ കാര്യങ്ങൾ അടിയന്തിരമായി ചെയ്യണം. ആളുകൾക്ക് മടുത്തിരിക്കുകയാണ്. ഇപ്പോൾ നമ്മൾ കംപ്യൂട്ടറിനെപ്പറ്റിയും മറ്റുമൊക്കെ പറയുന്നുവെങ്കിലും താലൂക്ക് ഓഫീസിലും വില്ലേജ് ഓഫീസിലും സർട്ടിഫിക്കറ്റിനു പോകുന്ന പാവപ്പെട്ട ആളുകൾ വളരെ കഷ്ടപ്പെടുകയാണ്. താലൂക്ക് ഓഫീസിലും വില്ലേജ് ഓഫീസിലും രണ്ടു കച്ചവടത്തിന് വലിയ തിരക്കുണ്ട് - നാരങ്ങാ കച്ചവടവും ചെരുപ്പിന്റെ കച്ചവടവും. നാരങ്ങാവെള്ളം കുടിക്കുകയും ചെയ്യുന്നു, നടന്നുനടന്ന് ചെരുപ്പ് തേയുകയും ചെയ്യുന്നു. ഈ രണ്ടുകച്ചവടമാണ് അവിടെ നടക്കുന്നത്. അത്രയ്ക്ക് ദുർബലമാണ് ഇതിന്റെ കാര്യം. അതുകൊണ്ട്, റവന്യൂ കാർഡ് വന്നിട്ട് പരിഹരിക്കുകയാണെങ്കിൽ അങ്ങനെ, അല്ലെങ്കിൽ അതിനാവശ്യമായ കാര്യങ്ങൾ ചെയ്യണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. റവന്യൂ വരുമാനം നമുക്ക് വളരെ പരിമിതമാണ്, പക്ഷേ അതിനെ സംബന്ധിച്ച് പറയുന്ന സമയത്ത് ഒരുകാര്യം നമ്മൾ കാണണം. നമ്മുടെ സംസ്ഥാനത്തിന്റെ സാഹചര്യമെന്താണ്? റവന്യൂ വരുമാനത്തിന്റെ കാര്യം നോക്കുകയാണെങ്കിലും ചെലവിന്റെ കാര്യം നോക്കുകയാണെങ്കിലും ശരി, വളരെ അപകടം പിടിച്ച ഒരു സാഹചര്യം നമ്മുടെ സംസ്ഥാനത്തുണ്ട്. ഒരുഭാഗത്ത് നമുക്ക് വരവ് കുറയുകയാണ്. യഥാർത്ഥത്തിൽ റവന്യൂ റിക്കവറി ആക്ടിനെ സംബന്ധിച്ചും അത് നടപ്പാക്കുന്നതിനെ സംബന്ധിച്ചും സ്റ്റേറ്റിന്റെ റവന്യൂവിനെ സംബന്ധിച്ചുമുള്ള സി. ആൻഡ് എ.ജി. റിപ്പോർട്ടിൽ വളരെ അമ്പരപ്പിക്കുന്ന ഒരുകാര്യമാണ് സൂചിപ്പിക്കുന്നത്. നമ്മളത് വളരെ ഗൗരവമായിത്തന്നെ എടുക്കണം. Test check of the records of Agricultural Income Tax and Sales Tax, State Excise, Land Revenue, Motor Vehicles, Registration, Forest, Co-operation and Home (Police) Departments conducted during 1997-98 revealed under-assessements/short levy of revenue amounting to Rs.193.05 crore involved in 2,840 cases. During the course of the year 1997-98, the concerned departments accepted under-assessments etc., of Rs.5.29 crore involved in 1,669 cases of which 272 cases involving Rs.1.71 crore had been pointed out in audit during 1997-98 and the rest, in earlier years. ഇത്രയും കോടിരൂപ പിരിഞ്ഞുകിട്ടാൻ ഒരുഭാഗത്ത് നിൽക്കുന്നു. ആർ.ആർ.ന്റെ സ്ഥിതിയെ 'സംബന്ധിച്ച് ഞാനിവിടെ പറയുന്നില്ല. ഞാൻ മന്ത്രിയെ കുറ്റം പറയുന്നില്ല, എല്ലാവരും ആർ.ആർ.ചോദിക്കാറുണ്ട്. ഇല്ലെന്നുപറയുന്നില്ല. ഉദ്യോഗസ്ഥൻമാരുടെ ഭാഗത്തുനിന്നും ആർ. ആർ.ന്റെ നടപടി എടുക്കുന്നതിൽ വരുന്ന കാലതാമസം വളരെ ഗൗരവതരമായ കാര്യമാണ്. ആ റിപ്പോർട്ടിന്റെ ഒരു ഭാഗത്ത് പറയുകയാണ്, 'Delay ranging from 3 to 22 years in finalisation of 148 original and 75 remanded

LIBRARY ARCHIVES Kerala Legislative Assembly

assessments resulted in blockage of revenue of Rs.42 crores – എന്ന്.' 42 കോടി രൂപ, ഇത് ആർ.ആർ.ന് സ്റ്റേ കൊടുത്തതല്ല, ഫൈനലൈസേഷനിൽ വന്ന ഡിലേ ആണ്. എത്ര ഡിലേയാണ് വന്നിട്ടുള്ളത്? മൂന്ന് കൊല്ലം മുതൽ 22 കൊല്ലം വരെ ഡിലേ വന്നിട്ടുണ്ട്. വളരെ ഗൗരവതരമായി കാണേണ്ട മറ്റൊരു കാര്യം, സംസ്ഥാനത്തിന്റെ ഇൻകം കുറഞ്ഞുകൊണ്ടിരിക്കുകയാണ് എന്നുള്ളതാണ്. നമ്മുടെ ആരുടേയും കുറ്റംകൊണ്ടല്ല, അതിന് പല കാരണങ്ങൾ ഉണ്ട്. അഗ്രിക്കൾച്ചറൽ രംഗത്തും, ഇൻഡസ്ട്രിയൽ രംഗത്തും മറ്റ് രംഗങ്ങളിലുമെല്ലാം എക്സ്പെന്റിച്ചർ കൂടിക്കൊണ്ടിരിക്കുന്നു. ആ സമയത്ത് കിട്ടാനുള്ള നികുതി യഥാസമയം പിരിച്ചെടുക്കുന്ന കാര്യത്തിൽ അലംഭാവം കാണിക്കുന്നത് വളരെ ഗൗരവത്തോടുകൂടി കാണണമെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. നമ്മുടെ എക്സ്പെന്റിച്ചറിന്റെ എഴുപത് ശതമാനവും ശമ്പളത്തിനാണ് വിനിയോഗിക്കുന്നത്. ഗവൺമെന്റ് ജീവനക്കാർക്ക് ശമ്പളം കൊടുക്കണ്ടയെന്ന് ഞാൻ പറയുന്നില്ല, അത് ആവശ്യമാണ്. പക്ഷേ നമ്മുടെ പ്രൊഡക്റ്റിവിറ്റിയുടെ കാര്യം എന്താണ്? ശമ്പളം കൊടുത്താൽ മാത്രം മതിയോ, ഇവിടെ കംപ്യൂട്ടറൈസേഷൻ വന്നാൽ മതിയോ? പ്രൊഡക്റ്റിവിറ്റിയെ സംബന്ധിച്ച് ഇവിടെ പറഞ്ഞു. എനിക്ക് ഇതിനെ സംബന്ധിച്ച് ഒരു നിർദ്ദേശം പറയുവാനുള്ളത് മാൻപവർ അസസ്മെന്റിനെപ്പറ്റി ശാസ്ത്രീയമായ ഒരു സ്റ്റഡി നടത്തണമെന്നുള്ളതാണ്. നമ്മുടെ സെക്രട്ടേറിയറ്റിലും അതുപോലെ മറ്റ് ഓഫീസുകളിലും എത്ര ആൾ വേണം, എന്നതിനെ സംബന്ധിച്ച് ശാസ്ത്രീയമായ രീതിയിൽ ഒരു സർവേ നടത്തണം. ശമ്പളം കൊടുക്കുകയും എന്നാൽ അവരിൽ നിന്നുള്ള പ്രൊഡക്റ്റിവിറ്റി നോക്കാതിരിക്കുകയും ചെയ്യുന്നത് ശരിയല്ല. പ്രൊഡക്റ്റിവിറ്റി നോക്കുന്നതിനുവേണ്ടി മാൻപവർ അസസ്മെന്റ് നടത്തിയേ പറ്റൂ. ഗവൺമെന്റ് എന്ന് പറയുന്നത് കുറെ ആളുകൾക്ക് ശമ്പളം കൊടുത്ത് അവരെ പോറ്റാൻ മാത്രമുള്ളതല്ല, ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ വേണ്ടിയുള്ള ഒരു സംവിധാനമെന്നുള്ള നിലയിൽ മെച്ചപ്പെട്ട ശമ്പളത്തിനൊപ്പം മെച്ചപ്പെട്ട റിട്ടേൺസ് കിട്ടുന്നതിനാവശ്യമായ കാര്യങ്ങൾ കൂടി ചെയ്യാൻ വേണ്ടിയുള്ളതാണ്. കംപ്യൂട്ടറൈസേഷൻ വരുന്നതൊക്കെ നല്ലതുതന്നെ, പക്ഷെ കംപ്യൂട്ടർ എന്നുപറയുന്നത് എല്ലാത്തിനും ഒരു പരിഹാരമല്ല. 'Computer is an obedient servant' എന്നാണ്. പറയുന്നതേ കംപ്യൂട്ടർ ചെയ്യൂ, പറയാത്തത് ചെയ്യുകയില്ല, പറയുന്ന പണിയെടുക്കുവാൻ മടിയുണ്ടാകുകയില്ല. കംപ്യൂട്ടറിനെ കൊണ്ട് ജോലി ചെയ്യിക്കാനുള്ള മനുഷ്യന്റെ ഇച്ഛാശക്തി ഇല്ലെങ്കിൽ കംപ്യൂട്ടർ ഒരു യന്ത്രമായി അവശേഷിക്കും. അതുകൊണ്ട് ഈ കാര്യത്തിൽ വളരെ ഗൗരവതരമായിട്ടുള്ള ചില സമീപനങ്ങൾ വേണമെന്നാണ് എനിക്ക് പറയുവാനുള്ളത്. അതുപോലെതന്നെ മറ്റ് പല പ്രശ്നങ്ങളുമുണ്ട്, എല്ലാ ഡിപ്പാർട്ടുമെന്റിലേയും കാര്യക്ഷമതയെ സംബന്ധിച്ച് പറയുവാനുണ്ട്. ഞാൻ ഒരു സംഘടനാ പ്രവർത്തകനാണ്, ഞാൻ ഒരു ട്രേഡ് യൂണിയൻ മൂവ്മെന്റിലൂടെ വന്ന ആൾ ആണ്. കഴിഞ്ഞ ദിവസം ശ്രീ. നീലലോഹിതദാസൻ നാടാരുടെ പ്രസംഗമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ ഒരു ഭാഗം എന്റെ മനസ്സിൽ തറച്ചു. അദ്ദേഹം പറഞ്ഞത് മദ്യപിച്ച് ഓഫീസിൽ വന്നാൽപോലും സംഘടനാബലം കൊണ്ട് അവരുടെ പേരിൽ നടപടിയെടുക്കാൻ സാധിക്കാത്ത സാഹചര്യമുണ്ട് എന്നാണ്. ഇത് പറഞ്ഞത് ഒരു മന്ത്രിയാണ്. അപ്പോൾ നമ്മുടെ രാജ്യത്തെ സാഹചര്യം അതാണ്. ഞാൻ ആരേയും കുറ്റപ്പെടുത്തുന്നതല്ല, ഡിസിപ്ലിൻ എന്നുപറയുന്നത് വളരെ വലിയ കാര്യമാണ്. ഗവൺമെന്റ് ജീവനക്കാർക്ക് ആനുകൂല്യം കൊടുക്കുകയും അവർക്ക് ക്ഷേമനിധികളുണ്ടാക്കുകയും ചെയ്യുന്നതുപോലെ ഡിപ്പാർട്ടുമെന്റുകളിൽ

LIBRARY ARCHIVES Kerala Legislative Assembly

എഫിഷ്യൻസി attain ചെയ്യണമെങ്കിൽ ഭരിക്കുന്നവർ ശക്തമായ ചില നട പടികൾ എടുക്കണം. റവന്യൂ ബോർഡിന്റെ കാര്യമൊക്കെ ഇവിടെ പറഞ്ഞു. റവന്യൂബോർഡ് പിരിച്ചുവിട്ടത് നല്ലകാര്യം തന്നെ പക്ഷെ എന്താകാര്യം? അവ രങ്ങനെ നിൽക്കുകയാണ്..... 'To much cooks spoil the dish' എക്സ്സസായി വരു ന്നവർ..... അതായത് ഒരുപാട് പാചകക്കാർ ഭക്ഷണം ചീത്ത യാക്കുമെന്ന് പറയുന്നതുപോലെയാണ് കാര്യങ്ങൾ. ഡിപ്പാർട്ടുമെന്റുകളിൽ ആവശ്യമില്ലാത്ത ആളുകൾ എന്തിനാണ്? ഞാൻ പി.എ.സി.യിലെ മെമ്പറാണ്, പല പ്രോജക്ടിന്റേയും കാര്യമെന്താണ്? പല ഡിപ്പാർട്ടുമെന്റുകളിലും ജോലി ചെയ്യാൻ ആളില്ല; ആളില്ലാത്തതിന്റെ പേരിൽ ബുദ്ധിമുട്ടുകയാണ്. എന്നാൽ ആവശ്യമില്ലാത്തിടത്ത് ധാരാളം ആളുകൾ ഉണ്ട്. എന്തുകൊണ്ടാണ് റീഷ ഫ്ളിംഗ് ആന്റ് റീഡിപ്ലോയ്മെന്റിനെക്കുറിച്ച് ഗൗരവമായി ആലോചിക്കാത്തത്? ആവശ്യമില്ലാത്തിടത്തുനിന്ന് ആളെ ആവശ്യമുള്ളിടത്ത് ഡിപ്ലോയ് ചെയ്തു കൂടേ? ആവശ്യമില്ലാതെ ഗവൺമെന്റിന്റെ പണം ചോർന്നുപോകുന്ന വഴികളെ കണ്ടെത്തി അതിന് പരിഹാരം കാണാനുള്ള സന്നദ്ധത നമുക്കുണ്ടാകണം, അല്ലെങ്കിൽ റവന്യൂ വകുപ്പിനെ കുറിച്ച് ഇനി വിശദമായ ചർച്ച നടത്തിയിട്ട് കാര്യമില്ല. ഇത്തരം പ്രായോഗികമായ ഒരു കാഴ്ചപ്പാട് ഗവൺമെന്റ് ഭാഗത്തി നിന്നുമുണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി എതിർത്തുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. ടി.കെ. ബാലൻ</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിൻതാ ങ്ങുന്നു. എനിക്കുമുമ്പ് പ്രസംഗിച്ച ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ പറഞ്ഞ ഒരു കാര്യത്തോട് ഞാൻ ആദ്യമേ യോജിപ്പ് പ്രകടിപ്പിക്കുകയാണ്. കാരണം നമ്മുടെ സംസ്ഥാനത്ത് ഏകദേശം തൊണ്ണൂറ്റിഎട്ടിലധികം വകുപ്പുകളുണ്ട്. ആ വകുപ്പുകൾ പരിശോധിച്ചുനോക്കുമ്പോൾ ഏറ്റവും കൂടുതൽ ബ്രിട്ടീഷ് കോളനിവാഴ്ചയുടെ hangover ഇത്രയും കാലം നിലനിർത്തിയ ഒരു വകു പ്പാണ് റവന്യൂവകുപ്പെന്ന കാര്യത്തിൽ ഞാൻ യോജിക്കുകയാണ്. ബ്രിട്ടീഷ് കോളനി റൂളിന്റെ hangover കട്ടിക്കപിടിച്ച് നിന്നിട്ടുള്ള റവന്യൂ ഡിപ്പാർട്ടു മെന്റിന്റെ ഏറ്റവും മേലേത്തട്ടിലുള്ള റവന്യൂ ബോർഡ് പിരിച്ചുവിട്ടിട്ടുള്ളതും അദ്ദേഹം തന്നെ പരിഹസിച്ച വിക്രമാദിത്യന്റെ കാലഘട്ടത്തിലാണെങ്കിൽ ആ വിക്രമാദിത്യൻ-ശ്രീ. കെ.ഇ. ഇസ്മയിൽ ആണ് അത് പിരിച്ചുവിട്ടത് എന്നുള്ള തിനോട് അദ്ദേഹം യോജിക്കുമെന്നാണ് എനിക്കുതോന്നുന്നത്. അത് സമ്മതി ക്കാതിരിക്കുവാൻ പറ്റുകയില്ല. സത്യസന്ധമായിട്ടും ആത്മാർത്ഥതയോടും കൂടിയാണ് ഈ ഡിപ്പാർട്ടുമെന്റിനെക്കുറിച്ച് അദ്ദേഹം അവലോകനം ചെയ്തി രുന്നതെങ്കിൽ ചുരുങ്ങിയത് റവന്യൂബോർഡ് പിരിച്ചുവിട്ട കാര്യമെങ്കിലും കാണണ്ടേ? നിങ്ങളും ഇവിടെ ഭരിച്ചിരുന്നതല്ലേ? നിങ്ങളും ഈ കാര്യത്തെക്കു റിച്ച് ഇവിടെ സംസാരിച്ചിട്ടുണ്ട്. നിങ്ങളുടെ പ്രകടന പത്രികയിൽ ഇത് ഉൾപ്പെ ടുത്തിയിരുന്നുവെന്നാണ് എനിക്ക് തോന്നുന്നത്. പക്ഷേ പ്രായോഗികമായി റവന്യൂബോർഡ് ഇവിടെ ഇല്ലാതായി. അതിന് മുൻകൈ എടുത്തത് ഈ ഗവൺമെന്റല്ലേ? നിയമനിർമ്മാണം പാസ്സാക്കിയത് ഈ ഗവൺമെന്റ് അല്ലേ? ഇനിയും എനിക്ക് ചില നിർദ്ദേശങ്ങൾ പറയുവാനുണ്ട്. റവന്യൂബോർഡ് പിരി ച്ചുവിട്ട് കുറെ ഉദ്യോഗസ്ഥന്മാരെ മേലേത്തട്ടിൽ ഇല്ലാതാക്കി എന്നതുകൊണ്ടു മാത്രം ഇതിന്റെ പ്രയോജനം ലഭിക്കാൻ പോകുന്നില്ല. റവന്യൂ ബോർഡ് പിരി ച്ചുവിട്ട നിയമവുമായി ബന്ധപ്പെട്ട് നിരവധി അലൈഡ് ആക്ടുകൾ ഇവിടെ ഉണ്ട്. ബോർഡ് നിലനിന്നിരുന്ന കാലത്തുള്ള നിയമമായിരുന്നില്ല ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ ചൂണ്ടിക്കാണിച്ചതുപോലെ ലാന്റ് അസൈൻമെന്റ് ആക്ടിലും അനുബന്ധ നിയമങ്ങളിലും അടിയന്തിരമായ ഭേദഗതിയും അതി

LIBRARY ARCHIVES Kerala Legislative Assembly

നനുസരിച്ചുള്ള നിയമനിർമ്മാണവും ഉണ്ടാകണമെന്നുതന്നെയാണ് എനിക്കും പറയുവാനുള്ളത്. റവന്യൂ ബോർഡിനെ ചരിത്രപരമായി ഒന്ന് പരിശോധിച്ചു നോക്കണം. ഈസ്റ്റ് ഇന്ത്യാ കമ്പനിയും ബ്രിട്ടീഷ് ഭരണവും ഇന്ത്യയിൽ ശക്തിപ്പെടാൻ തുടങ്ങിയ ഘട്ടത്തിൽ ഇന്നത്തെപ്പോലുള്ള ഡിപ്പാർട്ടുമെന്റുകൾ ഉണ്ടായിരുന്നില്ല. ഭൂമി ട്രാൻസാക്ഷനെ സംബന്ധിച്ചും, രജിസ്ട്രേഷനെ സംബന്ധിച്ചും ഡിപ്പാർട്ടുമെന്റുകളുണ്ടായിരുന്നില്ല. ആളുകളെ അറസ്റ്റ് ചെയ്യാനും ശിക്ഷിക്കാനും കോടതിയുണ്ടായിരുന്നു. പോലീസ് ഉണ്ടായിരുന്നു. നികുതി പിരിക്കാൻ, റവന്യൂ ഭരണം നടത്താൻ റവന്യൂ ഡിപ്പാർട്ട്മെന്റ് ഉണ്ടായിരുന്നില്ല. ഇന്ന് 98 വകുപ്പുകൾ ഉണ്ട്. സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം ഡെവലപ്മെന്റ് ആക്റ്റിവിറ്റീസ് വരുകയും ആ വികസന പ്രവർത്തനത്തിന് മുൻതൂക്കം കൊടുത്തപ്പോൾ ഡിപ്പാർട്ടുമെന്റുകൾ രൂപീകരിക്കപ്പെടുകയും ചെയ്തു. കോളനി ഭരണത്തിൽ എങ്ങനെയാണ് ജനങ്ങളെ കൂടുതൽ അടിച്ചമർത്തിക്കൊണ്ട്, ചൂഷണത്തിന് വിധേയമാക്കുക എന്ന രൂപത്തിലുള്ള വ്യക്തമായ ഉദ്ദേശത്തോടുകൂടിയാണ് നമ്മുടെ നാട്ടിൽ ഈ റവന്യൂ വകുപ്പ് നിലനിന്നത്. ഇപ്പോൾ റവന്യൂ വകുപ്പിലുണ്ടാകുന്ന മാറ്റങ്ങളെ കാണാൻ കുറെക്കൂടി ചരിത്രപരമായി മുന്നോട്ട് പോകണം. മുൻപ് റവന്യൂ ഡിപ്പാർട്ടുമെന്റിൽ ഉണ്ടായിരുന്ന ഇന്നത്തെ ആർ.ഡി.ഒ.ക്ക് സമാനമായിട്ടുള്ള പോസ്റ്റാണ് തുക്കിടി. ഞങ്ങളുടെ കാലത്തൊക്കെ ചെറുപ്പത്തിൽ കേട്ടിട്ടുള്ളത് തുക്കിടി സായിപ്പെന്നാണ്. ആ ലെവലിൽ വരെ അന്ന് സായിപ്പായിരുന്നു. ഇത് ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദിനൊക്കെ അറിയാമായിരിക്കും. ജട്ക വണ്ടിയിലാണ് അദ്ദേഹം കോടതിയിൽ പോകുന്നത്. അദ്ദേഹം തിരിഞ്ഞിരുന്നുകഴിഞ്ഞാൽ അദ്ദേഹത്തിന് റവന്യൂ അധികാരവും, കസേര തിരിച്ച് മറ്റേഭാഗത്തിരുന്നാൽ അദ്ദേഹത്തിന് ആളെ തൂക്കിക്കൊല്ലാനുള്ള അധികാരവുമുണ്ടായിരുന്നു. ജുഡീഷ്യൽ അധികാരമുണ്ടായിരുന്നു. ബ്രിട്ടീഷുകാർ സംഘടിതമായി ഇന്ത്യയിലെ ജനങ്ങളെ എങ്ങനെ ഫലപ്രദമായി ഭരിച്ചു എന്നതിന് ഉത്തമ ഉദാഹരണമായിരുന്നു പഴയ കാലത്തെ തുക്കിടി പോസ്റ്റ്. 1957-ൽ ശ്രീ. ഇ.എം.എസ്. നമ്പൂതിരിപ്പാട് അധികാരത്തിൽ വന്നപ്പോഴാണ് ജുഡീഷ്യറിയും എക്സിക്യൂട്ടീവും bifurcate ചെയ്തത്. മദിരാശിയിലുള്ള രാജാജിയുടെ കാലത്ത് മാധവൻമേനോനടക്കം ജുഡീഷ്യറിയും എക്സിക്യൂട്ടീവും വേർതിരിക്കാൻ വേണ്ടിയുള്ള തീരുമാനമെടുത്തെങ്കിൽപ്പോലും ഒരു ഏകീകൃത സംസ്ഥാനം വന്നതിനുശേഷം ഇക്കാര്യത്തിൽ ഫലപ്രദമായി തീരുമാനമെടുക്കുകയുണ്ടായി. മാത്രമല്ല നിങ്ങൾക്കൊക്കെ അറിയാം, റവന്യൂ ഡിപ്പാർട്ടുമെന്റിന്റെ ഭാഗമായിരുന്നു പഴയ ട്രഷറിയും, സർവെയും. അതെല്ലാം ഈ ഡിപ്പാർട്ടുമെന്റിൽനിന്നും വേർതിരിച്ച് സ്വതന്ത്രമായിട്ട് പല ഡിപ്പാർട്ടുമെന്റും നമ്മുടെ നാട്ടിൽ ഉണ്ടാക്കിയിട്ടുണ്ട്. ലാന്റ് നികുതിയും അതുപോലെ റവന്യൂ ഭരണ സംവിധാനവുമായി ബന്ധപ്പെടുത്താൻ നടത്തിയിട്ടുള്ള പരിശ്രമങ്ങളെ കാണാതിരുന്നുകൂടാ. കാരണം പഴയ കാലത്തെ ഭരണത്തിന്റെ സ്ഥിതി നോക്കുകയാണെങ്കിൽ ഇന്നും നമ്മുടെ കോൺസ്റ്റിറ്റ്യൂഷനിൽ 311 (2) എ, ബി, സി എന്നിവ അങ്ങനെതന്നെ നിൽക്കുന്നുണ്ട്. ഗവർണ്ണറുടേയോ ഇൻഡ്യൻ യൂണിയൻ പ്രസിഡന്റിന്റെയോ Pressure Tenure-ൽ ആണ് കേന്ദ്ര ഗവൺമെന്റ് ജീവനക്കാരും സംസ്ഥാന ഗവൺമെന്റ് ജീവനക്കാരും. ഇത് നമ്മുടെ കോൺസ്റ്റിറ്റ്യൂഷനിൽ എങ്ങനെ വന്നതാണ്? പഴയ ബ്രിട്ടീഷ് ഭരണകാലത്ത് കോളനിഭരണത്തിൽ രാജാവിന്റെയോ രാജ്ഞിയുടേയോ Pressure Tenure-ന്റെ ഭാഗമായിട്ടായിരുന്നു ഇന്ത്യയിലെ മുഴുവൻ ജീവനക്കാരും നിന്നിട്ടുള്ളത്. ഒരു കാരണവും കൂടാതെ ഏത് ജീവനക്കാരനേയും എപ്പോൾ വേണമെങ്കിലും പിരിച്ചുവിടാനുള്ള ഒരു അധികാരമാണ് ആ

LIBRARY ARCHIVES Kerala Legislative Assembly

കാലത്തുണ്ടായിരുന്ന Pressure Tenure-ൽ ഉണ്ടായിരുന്നത്. ദൗർഭാഗ്യകരമെന്ന് പറയട്ടെ നമ്മുടെ സ്വാതന്ത്ര്യ ഇൻഡ്യയിൽ ഇന്നും നമ്മുടെ ഭരണഘടനയിൽ 311 (2) എ, ബി, സി യായി നിൽക്കുന്നത് കാണാതിരുന്നുകൂടാ. അത്രമാത്രം കർക്കശ സ്വഭാവവും അത്രമാത്രം ജനങ്ങളെ ചൂഷണം ചെയ്യുക എന്ന രൂപത്തിലുമുള്ള ബ്രിട്ടീഷ് ബ്യൂറോക്രസിയുടെ, കോളനി വാഴ്ചയുടെ, ആകെത്തുകയായിരുന്നു നമ്മുടെ റവന്യൂ ഡിപ്പാർട്ടുമെന്റ് എന്നത് നാം കാണാതിരുന്നുകൂടാ. അന്നത്തെ വില്ലേജ് എസ്റ്റാബ്ലിഷ്മെന്റ് എന്നുപറഞ്ഞാൽ റവന്യൂ ഡിപ്പാർട്ടുമെന്റിൽനിന്ന് വ്യത്യസ്തമായ വില്ലേജ് എസ്റ്റാബ്ലിഷ്മെന്റ് ആയിരുന്നു. പഴയകാലത്ത് പ്രാദേശികമായിട്ടുള്ള ഫ്യൂഡൽ ലോർഡ്സിനെയായിരുന്നു അന്ന് അധികാരിമാർ ആക്കിയിരുന്നത്. വില്ലേജ് ആഫീസർ ആയി സാമ്പത്തികമായി വളരെയധികം ഭൂസ്വത്തിനവകാശിയായ ഫ്യൂഡൽ ലോർഡ്മാരെയാണ് നിയമിച്ചിട്ടുള്ളത്. അയാൾക്ക് കൊടുത്തിട്ടുള്ള ഡെസിഗ്നേഷൻ അധികാരി എന്നാണ്. എന്നുപറഞ്ഞാൽ എല്ലാ അധികാരവും ഉണ്ടായിരുന്നു എന്നാണ്. അദ്ദേഹത്തിന് ഒരു ഇമ്മ്യൂണിറ്റിപോലും ഉണ്ടായിരുന്നു എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അത് ആതന്റിക് ആയിട്ട് പറയാൻ പറ്റുകയില്ല. ഒരാളെ ഒരു അധികാരി കൊന്നാൽ ബ്രിട്ടീഷുകാരുടെ കാലത്ത് അതിന് ഉത്തരം പറയേണ്ടതില്ല. അത്ര സർവ്വാധികാരിയായിരുന്നു. അങ്ങനെയുള്ള ആളുകളെയാണ് ബ്രിട്ടീഷുകാർ ബോധപൂർവ്വം അധികാരിയായി വച്ചിട്ടുള്ളത്. സ്വാതന്ത്ര്യം ലഭിച്ച് എത്രയോ വർഷം കഴിഞ്ഞതിനുശേഷം ഐ.എ.എസ്. കാരനായ പി.കെ. നമ്പ്യാരെ ഒരു സ്പെഷ്യൽ ആഫീസർ ആയി നിയമിച്ച് പരമ്പരാഗതമായിട്ടുള്ള വില്ലേജ് എസ്റ്റാബ്ലിഷ്മെന്റ് ഇല്ലാതാക്കി റവന്യൂ ഡിപ്പാർട്ടുമെന്റിന്റെ ഭാഗമാക്കാൻവേണ്ടി തീരുമാനിച്ചു. അങ്ങനെയാണ് റവന്യൂ എസ്റ്റാബ്ലിഷ്മെന്റിനുള്ളിൽത്തന്നെ വില്ലേജ് എസ്റ്റാബ്ലിഷ്മെന്റ് പ്രത്യേകമായത്. ജീവനക്കാർ അതിശക്തമായ പോരാട്ടം നടത്തിയതിനുശേഷമാണ് വില്ലേജ് എസ്റ്റാബ്ലിഷ്മെന്റ് പൂർണ്ണമായും ഇല്ലാതെ റവന്യൂ എസ്റ്റാബ്ലിഷ്മെന്റിന്റെ ഭാഗമായി വരികയും അവർക്ക് പ്രമോഷൻ ചാനലും മറ്റുമെല്ലാം ഏർപ്പെടുത്തിയത്. അക്കാലത്ത് റവന്യൂ ഡിപ്പാർട്ടുമെന്റിൽ ഒരു അടിമത്തംതന്നെ നിലനിന്നിരുന്നു. അതുപോലും അവസാനിപ്പിച്ചുകൊണ്ട് ഇന്ന് ഈ രൂപത്തിലേക്ക് റവന്യൂ ഡിപ്പാർട്ടുമെന്റ് വളർന്നുവന്നിരിക്കുന്നു. അതിന്റെ അവസാനത്തെ നിയമനിർമ്മാണമാണ് റവന്യൂ ബോർഡ് അബോളിഷ് ചെയ്ത നടപടി എന്നുള്ളത് നമുക്ക് കാണാതിരിക്കാൻ സാധിക്കുകയില്ല. റവന്യൂ ബോർഡിനെ സംബന്ധിച്ച് പറയുകയാണെങ്കിൽ അതൊരു വെള്ളാനയായിരുന്നു. അവസാനം അവിടെ ഐ.എ.എസ്.ക്കാർക്കുപോലും പോകാൻ ഇഷ്ടമില്ലാത്ത സ്ഥിതിയായിരുന്നു. അങ്ങനെ വന്നപ്പോൾ റവന്യൂബോർഡ് ഇന്ന് ഇല്ലാതായിയെന്നുള്ളത് നമുക്ക് കാണാതിരുന്നുകൂടാ. ഇതിന്റെ ഭാഗമായി ഡിപ്പാർട്ടുമെന്റിൽ ഒരു റി-ഓർഗനൈസേഷൻ നടന്നിട്ടുണ്ട്. റീ-ഓർഗനൈസേഷൻ നടന്നുകഴിഞ്ഞപ്പോൾ, ഇപ്പോൾ വില്ലേജ് ആഫീസ് സ്ട്രെങ്തെൻ ചെയ്ത് താലൂക്ക് ആഫീസ് വന്നിട്ടുണ്ട്. ആർ.ഡി.ഒ. ആഫീസ് സ്ട്രെങ്തെൻ ചെയ്തിട്ടുണ്ട്. പോരാ. കാരണം ഇന്ന് താലൂക്ക് ആഫീസിൽത്തന്നെ രണ്ട് തഹസീൽദാർമാരുണ്ട്. അഡീഷണൽ തഹസീൽദാർമാരെ നിയമിച്ചിട്ടുണ്ട്. യഥാർത്ഥത്തിൽ ഇപ്പോൾ അവിടെ അധികാരത്തിന്റെ പോര് നടക്കുകയാണ്. അണ്ടി മൂത്തതോ മാങ്ങ മൂത്തതോ എന്ന രൂപത്തിലാണുള്ളത്. യഥാർത്ഥത്തിൽ ഒരു തഹസീൽദാർ, പിന്നെ ഒരു അഡീഷണൽ തഹസീൽദാർ. തഹസീൽദാർക്കും അഡീഷണൽ തഹസീൽദാർക്കും ഒരു താലൂക്ക് ആഫീസിന്റെ കീഴിൽ വരുന്ന വില്ലേജ് എത്രയാണോ അതിന്റെ ഭരണപരമായ മേൽനോട്ടം നേർപകു

LIBRARY ARCHIVES Kerala Legislative Assembly

തിയായി കൊടുക്കണം. 30 വില്ലേജുകളുണ്ടെങ്കിൽ 15 എണ്ണം അഡീഷണൽ തഹസീൽദാർക്കും 15 എണ്ണം തഹസീൽദാർമാർക്കും കൊടുക്കണം. ഭരണപര മായിട്ടുള്ള മേൽനോട്ടം സീനിയറായിട്ടുള്ള തഹസീൽദാർക്ക് കൊടുക്കണം.

<u>ശ്രീ. എ. കണാരൻ</u> : ഡെപ്യൂട്ടി തഹസീൽദാർ, തഹസീൽദാർ എന്നു ള്ളത് രണ്ടാക്കി വില്ലേജിനെ വിഭജിക്കുകയാണ്. രണ്ടാൾക്കും തുല്യ അധി കാരം കൊടുക്കണമെന്നാണോ അങ്ങ് പറയുന്നത്?

<u>ശ്രീ. ടി.കെ. ബാലൻ</u> : കണാരേട്ടൻ ഇപ്പോൾ ചോദിച്ചത് അങ്ങനെയല്ല. നിലവിൽ തഹസീൽദാരുണ്ട്. അയാൾക്കുകീഴെയാണ് ഡെപ്യൂട്ടി തഹ സീൽദാർ. ഇവിടെ തഹസീൽദാരെ കൂടാതെ റവന്യൂ ബോർഡ് അബോളിഷ് ചെയ്തപ്പോൾ പിന്നെ അതേപോലെ ഒരു അഡീഷണൽ തഹസീൽദാർ. അപ്പോൾ ആർക്കാണ് അധികാരം എന്നതിനെ സംബന്ധിച്ച് തർക്കം വരു ന്നുണ്ട്. അതുകൊണ്ട് പകുതി വില്ലേജിന്റെ അഡ്മിനിസ്ട്രേഷൻ അഡീഷ ണൽ തഹസീൽദാർക്ക് കൊടുക്കണം. തഹസീൽദാർക്ക് പകുതി കൊടുക്ക ണം. അഡ്മിനിസ്ട്രേഷൻ സീനിയറായിട്ടുള്ള ആളിന് കൊടുക്കണം. ഈ തർക്കം ഇന്ന് നിലനിൽക്കുന്നു. നമ്മൾ പറയുന്ന റീ-ഓർഗനൈസേഷൻ ഫല പ്രദമാകണമെങ്കിൽ അത്തരത്തിലുള്ള കാര്യങ്ങൾ അടിയന്തിരമായി ചെയ്യണം. റീ-ഓർഗനൈസേഷൻ നടത്തിയതിനുശേഷം റവന്യൂ ബോർഡ് ഇല്ലാതാക്കി ക്കഴിഞ്ഞപ്പോൾ ജീവനക്കാരുടെയിടയിൽ ഡിപ്പാർട്ടുമെന്റിൽ നിലനിൽക്കുന്ന ഒരു കാറ്റഗറി സംഘടന കോടതിയിൽ പോയി, കോടതി എല്ലാവിധ പ്രൊമോ ഷനുകളും നിയമങ്ങളും ഇപ്പോൾ തടഞ്ഞിരിക്കുകയാണ്. അതിന്റെ ദുരന്ത ഫലം എന്താണ്? 1800 ഹെഡ് ക്ലാർക്ക് തസ്തിക അല്ലെങ്കിൽ വില്ലേജ് ആഫീ സർ തസ്തിക, 500 ഡെപ്യൂട്ടി തഹസീൽദാർമാരുടെ തസ്തിക, 100 തഹ സീൽദാർമാരുടെ തസ്തിക, 860 യു.ഡി. ക്ലാർക്കിന്റെ തസ്തിക, അങ്ങനെ 3200 പോസ്റ്റുകൾ റവന്യൂ ഡിപ്പാർട്ടുമെന്റിൽ ഫിൽ-അപ് ചെയ്യാതെ കിടക്കുക യാണ്. ഗുരുതരമായ പ്രശ്നമാണ് ഇത്. റവന്യൂ ബോർഡിന്റെ പ്രവർത്തന ങ്ങൾ ആകെത്തന്നെ ജനങ്ങളിലേക്ക് എത്തിക്കുന്നത് സ്തംഭിക്കുകയാണ്. ഇത് ഗവൺമെന്റ് കാര്യമായി കാണണം. 3200 പോസ്റ്റുകൾ വേക്കന്റായിരിക്കു കയാണ്. അതിന്റെ മറ്റൊരു ദുരന്തം എട്ടുമാസക്കാലത്തിനിടയ്ക്ക് പ്രൊമോ ഷൻ കിട്ടാതെ 2200 ജീവനക്കാർ റിട്ടയേർഡ് ആകേണ്ടിവന്നിരിക്കുന്നു. വളരെ ദയനീയമായ സ്ഥിതിയാണ്. അതുകൊണ്ട് ഗവൺമെന്റ് അടിയന്തിരമായി ഈ പ്രശ്നത്തിന് പരിഹാരം കാണണം. ഒരു കാറ്റഗറി സംഘടന ഹൈക്കോടതി യിൽ പോയി ഒരു സ്റ്റേ വാങ്ങിയെന്നുള്ള കാരണത്താൽ ഈ ഡിപ്പാർട്ടുമെന്റു തന്നെ സ്തംഭിക്കുന്ന ഒരു രീതി ഉണ്ടായിരിക്കുന്നു. മാത്രമല്ല നമ്മുടെ വില്ലേജ് ആഫീസർമാർക്ക് കൂടുതൽ അധികാരങ്ങൾ കൊടുക്കണം. ഇന്ന് കുട്ടികൾ ഓരോ വർഷവും കാസ്റ്റ് സർട്ടിഫിക്കറ്റ് വാങ്ങിച്ചുകൊണ്ടിരിക്കുകയാണ്. അത് ഒരു തവണ മാത്രം ആക്കിയാൽ പോരേ എന്നുള്ളതിനെ സംബന്ധിച്ച് ഗവൺമെന്റ് ഗൗരവമായി ആലോചിക്കണം. മാതൃകാ വില്ലേജ് ആഫീസുകളും മാതൃകാ താലൂക്ക് ആഫീസുകളും പ്രഖ്യാപിക്കണം. വില്ലേജിന്റേയും താലൂ ക്കിന്റേയും കാര്യത്തിൽ ശാസ്ത്രീയമായ ഒരു പുനഃസംഘടന അടിയന്തിര മായി ഉണ്ടാകണം. അക്കാര്യത്തിൽ ഒരുപാട് എക്സ്പെർട്ട് ഒപ്പീനിയൻ ഗവൺമെന്റിന്റെ കൈവശമുണ്ട്. റവന്യൂ വില്ലേജ് എങ്ങനെ ഇന്നത്തെ പഞ്ചായ ത്തിരാജ് സിസ്റ്റവുമായി പരമാവധി ഒപ്പിച്ചുകൊണ്ടുപോകാൻ സാധിക്കുമെന്നു ള്ളതിനെ സംബന്ധിച്ച് ആലോചിക്കണം. വില്ലേജ് ആഫീസർമാർക്ക് ഇന്ന് കൊടുക്കേണ്ടിയിരിക്കുന്ന ആനുവൽ റിട്ടേൺ പഴയ ബ്രിട്ടീഷുകാർ തീരുമാനി

LIBRARY ARCHIVES Kerala Legislative Assembly

ച്ചതാണ്. നമ്മുടെ എല്ലാ വില്ലേജുകളിലും പ്രൈമറി ഹെൽത്ത് സെന്ററുക ളുണ്ട്, എല്ലാ വില്ലേജുകളിലും അഗ്രിക്കൾച്ചറൽ ആഫീസ് ഉണ്ട്, അനിമൽ ഹസ്ബന്ററി ആഫീസുമുണ്ട്. പക്ഷെ വില്ലേജ് ആഫീസർമാർ ഇന്നും കൊടു ക്കേണ്ടിയിരിക്കുന്ന മന്തിലി, കാർട്ടർലി, ഹാഫ്-ഇയർലി സ്റ്റേറ്റ്മെന്റിൽ പകർച്ചവ്യാധിയും പശു ചത്തതുമെല്ലാം കൊടുക്കേണ്ട സ്ഥിതിയിലേയ്ക്ക് വന്നിരിക്കുന്നു. അടിയന്തിരമായി ഇത്തരം കാര്യങ്ങളിലെല്ലാം ഒരു പരിഷ്ക്ക രണം വില്ലേജ് ആഫീസ്തലം മുതൽ മുകളിലോട്ട് വരുത്തണം. പുതിയ പഞ്ചായത്ത്രാജ് സിസ്റ്റം പുതിയ വികസനവുമായി ബന്ധപ്പെട്ടും നമ്മുടെ നാട്ടിൽ വന്നിട്ടുള്ള മാറ്റത്തിനനുസരിച്ച് റവന്യൂ വില്ലേജിന്റെ പുനഃസംഘടന എത്രമാത്രം ശാസ്ത്രീയമാക്കണം എന്നുള്ളതിനെ സംബന്ധിച്ചും ആലോചി ക്കണം. താലൂക്ക് പുനഃസംഘടന നീട്ടിക്കൊണ്ടുപോകാൻ പറ്റുകയില്ല. നില വിൽ ഇന്ന് 1454 റവന്യൂ വില്ലേജുകളുണ്ട്. അതിൽ ബഹുമാനപ്പെട്ട ലോനപ്പൻ നമ്പാടൻ ചൂണ്ടിക്കാണിച്ചതുപോലെ 119 വില്ലേജുകൾ ഗ്രൂപ്പ് വില്ലേജുകളാണ്. ആ ദുഃസ്ഥിതി ഇല്ലാതാക്കണം. അങ്ങനെ ഇല്ലാതാക്കിക്കഴിഞ്ഞാൽ, ആ ബൈഫർക്കേഷന്റെ ഫലമായി 257 വില്ലേജുകൾ വന്നാൽ നന്നായിരിക്കും. മൊത്തം കേരളത്തിൽ 1592 അർഹതപ്പെട്ട റവന്യൂ വില്ലേജുകൾക്കുപകരം 1454 മാത്രമാണുള്ളത്. അതുകൊണ്ട് ഗ്രൂപ്പ് സമ്പ്രദായം അടിയന്തിരമായി അവസാ നിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കണം. എങ്കിൽ മാത്രമേ പുനഃസംഘടന യുടെയും റവന്യൂ ബോർഡ് ഇല്ലാത്തതിന്റെയും ഗുണഫലങ്ങൾ താഴെത്തട്ടിൽ കിട്ടുകയുള്ളൂ. ഗവൺമെന്റ് ഭൂമി പതിച്ചുകൊടുത്തതിനെ സംബന്ധിച്ച് ഞാൻ ഒരു കണക്ക് ചൂണ്ടിക്കാണിക്കുകയാണ്. 1997-98-ൽ 24,950 ഹെക്ടർ ഭൂമിയു ള്ളതിൽ എൽ.ഡി.എഫ്. ഗവൺമെന്റ് 2420 ഹെക്ടർ ഭൂമിയാണ് പതിച്ചുനൽകി യിട്ടുള്ളത്. ഇനിയും 22,429 ഹെക്ടർ ഭൂമി ബാക്കി കെട്ടികിടക്കുന്നുണ്ട്. ഒന്നര ലക്ഷത്തിലധികം അപേക്ഷകൾ ഇതുമായി ബന്ധപ്പെട്ട് കിടക്കുന്നുണ്ട് എന്നാണ് മനസ്സിലാക്കുന്നത്. ഇത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ലാന്റ് അസൈൻമെന്റ് കമ്മിറ്റി ജനകീയാടിസ്ഥാനത്തിൽ വന്നിട്ടുണ്ട്. എം.എൽ.എ. മാരെല്ലാം അതിൽ മെമ്പർമാരാണ്. രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധിക ളുണ്ട്., പഞ്ചായത്ത് പ്രസിഡന്റുമാരുണ്ട്. ബഹുമാനപ്പെട്ട മന്ത്രി, എത്രമാത്രം സമയബന്ധിതമായി ലാന്റ് അസൈൻ ചെയ്യണമെന്നും പട്ടയം കൊടുക്കണ മെന്നും പറഞ്ഞാലും, അതിനുവേണ്ടി മേള നടത്തിയാലും താഴെത്തട്ടിലുള്ള അതിപ്രധാനമായ തടസ്സം നീക്കാനുള്ള അടിയന്തിര നടപടി കൂടി ഉണ്ടാ യാലേ അത് ഫലപ്രദമാകുകയുള്ളൂ. ഈ ഭൂമിയെ സംബന്ധിച്ചിടത്തോളം റവന്യൂ ഡിപ്പാർട്ടുമെന്റ് താഴെത്തട്ടിൽനിന്ന് പ്രോസസ് ചെയ്ത് ഫയൽ വന്ന് ജനകീയ കമ്മിറ്റി മൂന്നോ നാലോ മാസം കൂടുമ്പോൾ വിളിച്ചുചേർത്ത് താലൂക്ക് ആഫീസുകളിൽനിന്ന് ഭൂമി പതിച്ചുകൊടുക്കുന്നതിനെ സംബ ന്ധിച്ചും പട്ടയം കൊടുക്കുന്നതിനെ സംബന്ധിച്ചുമൊക്കെ തീർപ്പുകൽപ്പിക്കു ന്നത് വിരലിലെണ്ണാവുന്ന കേസ്സുകളിൽ മാത്രമാണ്. എനിക്ക് ഒരു പരിഹാരം നിർദ്ദേശിക്കാനുള്ളത്, ഇന്ന് ആഫീസിൽവച്ച് യോഗം ചേർന്ന് തഹസീൽദാ രും, ജനപ്രതിനിധികളും എം.എൽ.എ. മാരുമെല്ലാം കൂടെ ഇതിനെ സംബ ന്ധിച്ച് ഫയലിൽ എന്തുവന്നുവെന്ന് നോക്കി തീരുമാനം എടുക്കുന്നതിനുപ കരം നേരിട്ട് സൈറ്റിൽപോയി കണ്ട് അവിടെ അർഹതപ്പെട്ടവർ തന്നെ യാണോ ഓക്കുപൈ ചെയ്തിട്ടുള്ളതെന്ന് മനസ്സിലാക്കി തീരുമാനം എടു ക്കാൻ തക്കവിധത്തിലുള്ള സംവിധാനം അടിയന്തിരമായി ഉണ്ടാക്കണം എന്നാണ്. ജനകീയ കമ്മിറ്റി നല്ലതാണ്. ജനകീയ കമ്മിറ്റിക്ക് ഇത്തരത്തിലുള്ള അധികാരംകൂടി കൊടുക്കണം. എന്റെ നിയോജകമണ്ഡലത്തിൽ കോസ്റ്റൽ

LIBRARY ARCHIVES Kerala Legislative Assembly

ഏരിയയിലുള്ള ഫിഷർമെൻ ഗവൺമെന്റ് ഭൂമി ഓക്കുപൈ ചെയ്തിട്ട് അവർക്ക് പട്ടയം കൊടുക്കാൻ തീരുമാനിച്ചുകഴിഞ്ഞാൽ അവർക്ക് ഫിഷറീസ് വകുപ്പിന്റെ എൻ.ഒ.സി. വേണം. മറ്റ് പല ഡിപ്പാർട്ടുമെന്റുകളിലും അവരുടെ ഭൂമിയാണെങ്കിൽ ഇതുപോലെ എൻ.ഒ.സി. വേണം. അതൊക്കെ ഒരു പാട് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഇതെല്ലാം കണക്കിലെടുത്തുകൊണ്ട്, ഇത്തരത്തിലുള്ള ആളുകൾക്ക് പട്ടയം കൊടുക്കുന്നതിനുള്ള തടസ്സം നീക്കാൻവേണ്ടി പുതിയ തരത്തിലുള്ള കാഴ്ചപ്പാട് റവന്യൂ ഡിപ്പാർട്ടുമെന്റ് അടിയന്തിരമായി കൊണ്ടുവരണമെന്നാണ് എനിക്ക് പറയാനുള്ളത്. ആദിവാസി നിയമം ഇവിടെ പാസ്സാക്കിയിട്ടുണ്ട്. കമ്പ്യൂട്ടർവൽക്കരണത്തെ സംബന്ധിച്ചിടത്തോളം, 100 വില്ലേജുകളിൽ ഈ വർഷം കമ്പ്യൂട്ടർ കൊണ്ടുവരുമെന്നാണ് പറയുന്നത്. അങ്ങനെ കമ്പ്യൂട്ടർ സിസ്റ്റത്തിലൂടെ റവന്യൂ ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനങ്ങൾ പഴയതിൽനിന്നും വ്യത്യസ്തമായി പുതിയ രൂപത്തിൽ മെച്ചപ്പെടുത്തുമ്പോൾ അതിന്റെ ഗുണഫലം ജനങ്ങൾക്ക് ഉണ്ടാകുമെന്ന കാര്യത്തിൽ ആർക്കും സംശയമില്ല. റവന്യൂ കാർഡ് 60 ലക്ഷം കുടുംബങ്ങൾക്ക് ബാധകമാകത്തക്ക വിധത്തിലാണ് ഉദ്ദേശിക്കുന്നത്. ഇന്നിപ്പോൾ വില്ലേജാഫീസിൽത്തന്നെ 24 ഇനം സർട്ടിഫിക്കറ്റുകൾക്കുവേണ്ടി സമീപിക്കേണ്ടിവരുന്നു. റവന്യൂ കാർഡ് കൊണ്ടുവരുന്നതോടെ വില്ലേജാഫീസുകളിലെ ജോലിഭാരം കുറയ്ക്കാൻ സാധിക്കും. ആളുകളെ സംബന്ധിച്ചിടത്തോളം റവന്യൂ കാർഡ് നേരിട്ട് കിട്ടും എന്നൊരു ഗുണം ഉണ്ട്. ലാന്റ് അക്വിസിഷനുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട കെ.കെ. നായർ ഇവിടെ ഒരു കാര്യം പറഞ്ഞപ്പോൾ വളരെ സന്തോഷം തോന്നി. കോടതികളിൽ കേസ് എത്തിക്കഴിഞ്ഞാൽ യാതൊരു തത്വദീക്ഷയുമില്ലാതെ ജഡ്ജുമെന്റ് കിട്ടുന്ന ഭൂമിക്ക് അനർഹമായിട്ടുള്ള വിലയിടുന്നു. ഗവൺമെന്റ് തന്നെ വിജിലൻസ് വിംഗ് ഉണ്ടാക്കി അതിനെപ്പറ്റി ശ്രദ്ധിക്കണം. സിറ്റിസൺസിന്റെ ബേസിക് റൈറ്റിനെ ഹനിക്കുന്നത്തക്ക വിധത്തിൽ സംഘടിപ്പിക്കാനും പ്രകടനം നടത്താനുമൊക്കെയുള്ള സ്വാതന്ത്ര്യത്തെ തന്നെ കർട്ടെയിൽ ചെയ്യാൻ വേണ്ടിയുള്ള ശ്രമങ്ങൾ നമ്മുടെ കോടതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്. ബന്ദിനെതിരായി പലരും വാചാലമായി സംസാരിച്ചിരിക്കാം. അവർക്ക് തോന്നുന്ന, ജനങ്ങളുടെ ന്യായമായ പ്രശ്നങ്ങൾ വന്നപ്പോൾ അവർ ഇന്ന് ഹർത്താലിന്റെ മറവിൽ ബന്ദ് ഉണ്ടാക്കുകയാണ്. ഞാൻ പറയുന്നത് തീർച്ചയായിട്ടും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് മനസ്സിലാക്കാൻ കഴിയുമെന്നാണ് തോന്നുന്നത്. പത്തിരുപത്തഞ്ചു കൊല്ലം മുൻപ് മഹാൻമാരായ ആളുകൾ മരിച്ചാൽ അനുശോചിക്കാനാണ് ഹർത്താൽ ആചരിച്ചിരുന്നത്. ഇപ്പോഴോ? ഈ അവകാശത്തെ കർട്ടെയിൽചെയ്തിട്ടുള്ളത് കോടതിയാണ്. നമ്മുടെ കേരളാ ഹൈക്കോടതി ഇത്തരത്തിൽ ജനങ്ങളുടെ അടിസ്ഥാനപരമായിട്ടുള്ള അവകാശത്തെ കർട്ടെയിൻ ചെയ്തപ്പോൾ, മിനിഞ്ഞാന്ന് നമ്മുടെ കർണ്ണാടക ഹൈക്കോടതിയിൽ ഒരു വിധിയുണ്ടായി. കർണ്ണാടക ഹൈക്കോടതി പറഞ്ഞത് ജനങ്ങളുടെ ഇത്തരത്തിലുള്ള അടിസ്ഥാനപരമായിട്ടുള്ള ഒരൊറ്റ അവകാശത്തേയും തടസ്സപ്പെടുത്താൻ തങ്ങൾ ആഗ്രഹിക്കുന്നില്ലയെന്നാണ്. രണ്ട് പേർ കർണ്ണാടക കോടതിയിൽപ്പോയി പ്രകടനം നിരോധിക്കണം, കടകൾ അടച്ചുപൂട്ടിക്കുന്നത് നിരോധിക്കണം എന്നൊക്കെ പറഞ്ഞപ്പോൾ കോടതി പറഞ്ഞു ഒരു കാരണവശാലും ജനങ്ങളുടെ അടിസ്ഥാനപരമായ സ്വാതന്ത്ര്യം ഹനിക്കാൻ പറ്റില്ലായെന്ന് ഈ നാട്ടിലെ ജനങ്ങളെ സംഘടിപ്പിക്കാനും പ്രകടനം നടത്താനും സമരം ചെയ്യാനുമൊക്കെയുള്ള സ്വാതന്ത്ര്യം സാമൂഹ്യമായിട്ടുള്ള മാറ്റത്തിന്റെ ഒരു അടിസ്ഥാനമുണ്ട്. നമ്മുടെ നാട്ടിൽ ജനങ്ങൾ ഒക്കെ സംഘടിക്കുകയും

LIBRARY ARCHIVES Kerala Legislative Assembly

നിരവധി പ്രകടനങ്ങൾ നടത്തുകയും സമരം ചെയ്യുകയും പ്രക്ഷോഭം നടത്തുകയും ചെയ്തതിന്റെ ഭാഗമായിട്ടാണ് നമ്മുടെ സമൂഹം മുന്നോട്ട് പോയിട്ടുള്ളത്. ഏതെങ്കിലും ഒരു ചെറിയ വിഭാഗത്തിന് മാത്രമല്ല, ഈ രാജ്യം പോലും മുന്നോട്ടുപോയിട്ടുള്ളത് അതിന്റെ അടിസ്ഥാനത്തിലാണ്. അതിനെ നിഷേധിക്കത്തക്ക വിധത്തിൽ ഒരു കോടതിവിധി, കേരളത്തിൽ ജനങ്ങളുടെ ഇത്തരം അവകാശങ്ങളിൽ ഇടപെടുന്നുവെന്നുള്ളത് കുറ്റകരമാണ്. അക്കാര്യത്തിൽ ഞാൻ ബഹുമാനപ്പെട്ട കെ.കെ. നായരുമായി പൂർണ്ണമായി യോജിക്കുന്നുവെന്ന്മാത്രം പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ പിൻതാങ്ങുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

<u>ശ്രീ. കെ.സി. വേണുഗോപാൽ</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. നിസ്സംഗതയുടെയും നിശ്ചലതയുടെയും നിർവ്വികാരതയുടെയും പ്രതീകമാണ് ഈ ഗവൺമെന്റ്. ഈ ഗവൺമെന്റിന്റെ ഒരു ഭാഗം മാത്രമാണ് റവന്യൂ വകുപ്പ്. നിയമസഭാ ദിനത്തോടനുബന്ധിച്ച് ബഹു. മന്ത്രി അഭിനയിച്ച നാടകത്തെക്കുറിച്ച് ഇവിടെ ചർച്ചയിൽ പങ്കെടുത്ത് ചില ആളുകൾ സംസാരിക്കുകയുണ്ടായി. വിക്രമാദിത്യ ചക്രവർത്തിയുടെ രണ്ട് മുഖങ്ങളാണ് ആ നാടകത്തിൽ അവതരിപ്പിക്കപ്പെട്ടത്. ഒന്ന് പ്രജാക്ഷേമതൽപ്പരനായ, പണ്ഡിതശ്രേഷ്ഠനായ പഴയ വിക്രമാദിത്യ ചക്രവർത്തിയുടെ മുഖം. അഭിനയിച്ച മുഖം, അഭിനവ രാഷ്ട്രീയ രംഗത്തെ മൂല്യച്യുതികൾ. അതുപോലെതന്നെ സമകാലീന രാഷ്ട്രീയ രംഗത്തെ അഴിമതി, സ്വജനപക്ഷപാതം, ധൂർത്ത്, കെടുകാര്യസ്ഥത ഇവയെല്ലാം നിറഞ്ഞ് മലീമസമായിനിൽക്കുന്ന നമ്മുടെ അന്തരീക്ഷത്തിന്റെ പ്രതീകമായി നിൽക്കുന്ന അഭിനവ വിക്രമാദിത്യ രാജാവ്. ഈ വിശേഷണങ്ങളെല്ലാം ചേരുന്ന ഒരു ഗവൺമെന്റാണ് അങ്ങ് ഇപ്പോൾ ഉൾക്കൊള്ളുന്ന ശ്രീ. നായനാർ ഗവൺമെന്റ്. കെടുകാര്യസ്ഥത, ധൂർത്ത്, സ്വജനപക്ഷപാതം, അഴിമതി ഇതെല്ലാം ഉണ്ട്. അങ്ങ് അഭിനയിച്ച നാടകത്തിലെ വിക്രമാദിത്യ ചക്രവർത്തിയുടെ ഒരു ഭാഗം അനുചിതമാണ്. അത് അങ്ങ് നന്നായിട്ട് അഭിനയിച്ചിട്ടുണ്ട്; അതിൽ യാതൊരു സംശയവുമില്ല. ശ്രീ. സുലൈമാൻ റാവുത്തർ, ശ്രീ. ജോൺ ഫെർണാണ്ടസ്, ശ്രീ. ടി.കെ. ബാലൻ ഇവരുടെയൊക്കെ പ്രസംഗം ഞാൻ ശ്രദ്ധിച്ചു. ആ പ്രസംഗങ്ങളിലെല്ലാം ഉള്ളത് റവന്യൂ വകുപ്പിന്റെ അഴിമതികളാണ്. റവന്യൂ വകുപ്പിൽ വളരെ സ്ലോ ആയിട്ടാണ് കാര്യങ്ങൾ പോകുന്നത്. അദ്ദേഹം പറഞ്ഞു, ഉടുമ്പൻചോല താലൂക്കിൽ രണ്ടുവർഷമായിട്ടും കൊടുക്കാനുള്ള ദുരിതാശ്വാസത്തുകപോലും കൊടുത്തു തീർത്തിട്ടില്ല. അത് ഗുരുതരമായ ഒരു അലംഭാവമാണ് എന്ന്. അതുപോലെതന്നെ ഇടുക്കിയിലെ മൂന്നാർ ഭാഗത്ത് ഉരുൾപൊട്ടി നാശനഷ്ടം സംഭവിച്ചവരെ പുനരധിവസിപ്പിക്കാനുള്ള നടപടി ഇതുവരെ സ്വീകരിച്ചിട്ടില്ല എന്നാണ്. ശ്രീ. സുലൈമാൻ റാവുത്തർ പറഞ്ഞത്. ശ്രീ. ജോൺ ഫെർണാണ്ടസ് പറഞ്ഞു, ജയിലിലെ ഭൂമി ഐ.എ.എസ് ഉദ്യോഗസ്ഥന്മാർക്ക് എഴുതിക്കൊടുക്കുന്നുവെന്ന്. ഇവിടെ ഭരണപക്ഷത്തുള്ള ആളുകൾ ശ്രീ. പി.സി. ജോർജ്ജിനെപ്പോലെയല്ല എന്തു കേട്ടാലും വിക്രമാദിത്യ സദസ്സിലെ സ്തുതിപാഠകൻമാരുടെ റോൾ എടുക്കുന്ന ശ്രീ. പി.സി. ജോർജ്ജിന് ഇത് പറയാനേ പറ്റൂ. പക്ഷേ ഭരണപക്ഷത്തിലെ പ്രധാനപ്പെട്ട പ്രസംഗങ്ങൾ എല്ലാംതന്നെ കേട്ടപ്പോൾ ആ പ്രസംഗങ്ങളിലെല്ലാം ഈ വകുപ്പിന്റെ കുറ്റങ്ങൾ അക്കമിട്ട് .അക്കമിട്ട് അക്കമിട്ട് നിരത്തുന്നതായിരുന്നുവെന്നതിൽ സംശയമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. കാർത്തികേയൻ : ഇത് ഒരു വിക്രമാദിത്യ സദസ്സ് പോലെയല്ലേ? വിക്രമാദിത്യ കഥകൾ പോലെതന്നെ വേതാളത്തിന്റെ കഥയുണ്ട്. അതാണോ ശ്രീ. പി.സി. ജോർജ്ജ് എന്നുള്ളതാണ്.

ശ്രീ. കെ.ഇ. ഇസ്മയിൽ : ശ്രീ. പി.സി. ജോർജ്ജ് ഏതു കഥാപാത്രത്തെ വേണമെങ്കിലും അവതരിപ്പിക്കും.

ശ്രീ. കെ.സി. വേണുഗോപാൽ : റവന്യൂ ബോർഡ് എന്ന വെള്ളാനയെ നിർത്തലാക്കി, ഞാൻ അഭിനന്ദിക്കുന്നു. വളരെ ധീരമായ നടപടിയാണ് റവന്യൂ വകുപ്പുമന്ത്രി സ്വീകരിച്ചത്. മറ്റു പലരും ആഗ്രഹിച്ചത് ചെയ്തത്, അതിനുവേണ്ടി നീക്കം നടത്തിയത്, നടപ്പിലാക്കാനുള്ള ധൈര്യം കാട്ടിയത് എല്ലാം അങ്ങ് തന്നെയാണ്. പക്ഷേ അതുകൊണ്ട് കാര്യം തീർന്നോ? അങ്ങേക്ക് പറയാൻ കഴിയുമോ റവന്യൂബോർഡ് നിർത്തലാക്കിയതുകൊണ്ടു മാത്രം ഈ പ്രശ്നം തീരുമെന്ന്? റവന്യൂബോർഡിന്റെ അധികാരങ്ങൾ താഴെ തട്ടിലേക്ക് കൈമാറി അത് ജനങ്ങൾക്കുകൂടി സ്വീകാര്യമാകുന്ന നിലയിലേയ്ക്ക് കൊണ്ടുവരാനുള്ള നടപടികൾ പുരോഗമിച്ചിട്ടുണ്ടോ? അങ്ങ് അത് പരിശോധിച്ചിട്ടുണ്ടോ? ഒരു വെള്ളാനയെ മാറ്റി പകരം ആയിരം വെള്ളാനയെയോ, അല്ലെങ്കിൽ കുഴിയാനയെയോ, ഏത് ആനെയെങ്കിലും കുടിയിരുത്തിട്ട് കാര്യമുണ്ടോ? അങ്ങ് പ്രഖ്യാപിച്ചു. ജില്ലാതലത്തിൽ സ്യൂട്ട് സെൽ രൂപീകരിക്കും എന്ന്. ജില്ലാ തലത്തിൽ ഇൻസ്പെക്ഷൻ വിംഗ് രൂപീകരിക്കും, റവന്യൂ വിംഗ് ശക്തിപ്പെടുത്തും എന്നൊക്കെ പറഞ്ഞു. എന്നിട്ട് എവിടെ? ശ്രീ. ടി.കെ. ബാലൻ അത് സൂചിപ്പിച്ചു. നിരവധി തസ്തികകൾ ഒഴിഞ്ഞു കിടക്കുകയാണ്. അഡീഷണൽ തഹസീൽദാർമാരെ ഓരോ ജില്ലകളിലും കൊടുത്തു. പക്ഷേ ഇപ്പോൾ എന്താണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്? ഉദ്യോഗസ്ഥൻമാരുടെ പുനർവിന്യാസം പൂർണ്ണമായും പൂർത്തിയാകാത്ത ഒഴിവുകളിൽ യഥാസമയം കുറെ ഉദ്യോഗസ്ഥന്മാർ അധികമായി കിടക്കുന്നു. പക്ഷേ യഥാർത്ഥ സ്ഥലങ്ങളിൽ, വേണ്ടിടത്ത് ഉദ്യോഗസ്ഥന്മാർ ഇല്ലെന്ന സാഹചര്യം ഉണ്ടായിക്കൊണ്ടിരിക്കുന്നു. റവന്യൂ ബോർഡ് നിർത്തലാക്കുന്നതുകൊണ്ട് അതിന്റെ ഗുണം ജനങ്ങൾക്ക് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല എന്നുള്ളതാണ്. മാത്രമല്ല, അതിന് ചട്ടങ്ങളിലും നിയമങ്ങളിലും ആവശ്യമായ ഭേദഗതി വരുത്തുന്ന കാര്യത്തിൽ ഗവൺമെന്റ് താമസം വരുത്തിക്കൊണ്ടിരിക്കുന്നു എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. പട്ടയമേള എന്ന കാര്യം ഇവിടെ പ്രസംഗിച്ചു. പട്ടയവിതരണം നടത്തുന്ന കാര്യത്തിൽ ശ്രീ. മാമ്മൻ മത്തായി വളരെ വീറോടെ സംസാരിച്ചു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കുടിയേറ്റ കർഷകർക്ക് പട്ടയം വിതരണം ചെയ്തിട്ടുണ്ട്, ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ എന്ന് ശ്രീ. മാമ്മൻ മത്തായിയുടെ ചോദ്യത്തിന് വനഭൂമി പതിച്ചുനൽകുന്നതു സംബന്ധിച്ച് ഹൈക്കോടതിയിൽ നിലവിലുള്ള കേസ്സിൽ സ്റ്റേ നിലനിൽക്കുന്നതിനാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുടിയേറ്റ കർഷകർക്ക് പട്ടയം നൽകിയിട്ടില്ല എന്നാണ് ഉത്തരം നൽകിയത്. മൂന്ന് വർഷമായില്ലേ അധികാരത്തിൽ വന്നിട്ട്, ഹൈക്കോടതിയിൽ കിടക്കുന്ന ഒരു സ്റ്റേ എങ്കിലും വെക്കേറ്റ് ചെയ്യുന്ന കാര്യത്തിൽ എന്താണ് ഇത്ര കാലതാമസം വരുന്നത്? കഴിഞ്ഞ രണ്ടു ദിവസങ്ങളിൽ ഉന്നയിച്ചതാണ്. ഹൈക്കോടതിയിൽ കേസുകൾ കൈകാര്യം ചെയ്യുന്ന കാര്യങ്ങളിൽ, ഇത്തരം സ്റ്റേകൾ വെക്കേറ്റ് ചെയ്യുന്ന കാര്യത്തിൽ വളരെ ഗൗരവതരമായ അലംഭാവം ഉണ്ടായിക്കൊണ്ടിരിക്കുന്നുവെന്നുള്ളതിന് ഏറ്റവും വലിയ ദൃഷ്ടാന്തമല്ലേ ഇത്? മലയോര മേഖലയിൽ കിടക്കുന്ന പാവ

പ്പെട്ടവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ടോ? കൈവശരേഖ കൊടുക്കുന്ന കാര്യം അങ്ങ് പറഞ്ഞു. പട്ടയം കൊടുക്കാൻ പറ്റാത്ത നഗരപ്രദേശങ്ങളിലെ ആളുകൾക്ക് റോഡ് പുറംപോക്ക്, തോട് പുറംപോക്ക് തുടങ്ങിയ പ്രദേശങ്ങളിൽ കൈവശ രേഖ കൊടുക്കുന്ന കാര്യം പറഞ്ഞു. നഗര പ്രദേശങ്ങളിൽ കൈവശരേഖ കൊടുക്കുന്ന കാര്യത്തിൽ ഇപ്പോഴും നടപടി ആരംഭിച്ചിട്ടില്ല എന്ന കാര്യം വളരെയേറെ ഗുരുതരമായ ഒരു അലംഭാവമാണ് എന്നാണ് കാണാൻ കഴിയു ന്നത്. അങ്ങ് പ്രഖ്യാപനം നടത്തുന്നു. ഉദ്യോഗസ്ഥന്മാർ ആ പ്രഖ്യാപനം നട പ്പിൽവരുത്താൻ ശ്രമിക്കുന്നില്ല എന്നതാണ് യാഥാർത്ഥ്യം. ജില്ലാ ഭരണകൂട ത്തിന്റെ കാര്യം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ജില്ലാ കളക്ടർമാരെ ഇവിടെ നോക്കുകുത്തിയായി നിർത്തിയിരിക്കുകയല്ലേ? മൂന്നു വർഷത്തിനിടയിൽ നാല് കളക്ടർമാർ. ആറുമാസംപോലും ഒരു കളക്ടർക്ക് ഒരു സ്ഥലത്ത് ഇരി ക്കാൻ കഴിയില്ല. രാഷ്ട്രീയ നേതൃത്വത്തിന്റെ താൽപ്പര്യത്തിനനുസരിച്ച് നിന്നി ല്ലെങ്കിൽ ഡെമോക്ലിസിന്റെ വാളുപോലെ സ്ഥലംമാറ്റം കളക്ടറുടെ തലയ്ക്കു മുകളിൽ നിൽക്കും. ശ്രീ. ഡബ്ല്യു.ആർ. റെഡ്ഡിയെന്ന കളക്ടറെ എത്ര സ്ഥല ത്തേക്ക് നിങ്ങൾ സ്ഥലംമാറ്റി? ഉദ്യോഗസ്ഥൻമാരെ ഡീ-മോറലൈസ് ചെയ്യുന്ന കാര്യത്തിൽ നിങ്ങൾ റെക്കോർഡ് സൃഷ്ടിച്ചിരിക്കുകയല്ലേ? തങ്ങൾക്ക് താൽപ്പര്യമില്ലാത്ത, എത്ര കഴിവുള്ള ഉദ്യോഗസ്ഥനായാലും; അവൻ ഔട്ട്; തങ്ങൾക്ക് താൽപ്പര്യമുള്ള ആളുകൾ എത്ര കഴിവു കെട്ടവനായാലും എത്ര വർഷം വേണമെങ്കിലും ഇരുന്നോട്ടെ-ഈ ഒരു സമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്. അങ്ങയെ മാത്രം കുറ്റപ്പെടുത്തുന്നില്ല. ഇതൊ ക്കെയാണ് റവന്യൂ വകുപ്പിന്റെ ഭരണം. എല്ലാ വർഷവും ഉണ്ടായിക്കൊണ്ടിരി ക്കുന്നതാണ് കാലവർഷക്കെടുതി. വരൾച്ചയുണ്ടാകും, പ്രകൃതിക്ഷോഭം ഉണ്ടാകും. അത് ഡീൽ ചെയ്യുന്ന കാര്യത്തിൽ ക്രൈസിസ് മാനേജ്മെന്റിന്റെ കാര്യത്തിൽ നിങ്ങൾ പലപ്പോഴും ചർച്ച ചെയ്തിട്ടുള്ളതാണ്. ഗവൺമെന്റിന്റെ നിലപാട് എന്താണ്? ക്രൈസിസ് മാനേജ്മെന്റേ ഇല്ല എന്നതാണ് നിലപാട്. ഈ വർഷത്തെ കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ചവർക്ക് സൗജന്യ റേഷൻ നൽകുമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഈ നിയമസഭ സമ്മേ ളിക്കുമ്പോൾ ആദ്യം നൽകിയ ഉറപ്പാണ്. ഈ വർഷം ഏറ്റവുംകൂടുതൽ രൂക്ഷ മായാണ് വെള്ളപ്പൊക്കമുണ്ടായത്. ആലപ്പുഴ ജില്ലയിലാണ് ഏറ്റവും കൂടുതൽ വെള്ളപ്പൊക്കമുണ്ടായത്. അങ്ങ് നേരിട്ടുവന്ന് കണ്ടതാണ്, 21-ാം തീയതി നിയമസഭ സമ്മേളിച്ചപ്പോൾ സൗജന്യറേഷൻ നൽകുമെന്ന് അങ്ങ് പ്രഖ്യാപി ച്ചതാണ്. കഴിഞ്ഞ ദിവസം പ്രതിപക്ഷനേതാവ് ഇവിടെ ചൂണ്ടിക്കാണിച്ചു, ചേർത്തലയടക്കമുള്ള പ്രദേശങ്ങളിൽ ഇന്നുവരെ സൗജന്യറേഷൻ കൊടുത്തി ട്ടില്ല. ഞാൻ ഇന്നും അന്വേഷിച്ചിട്ടാണ് വരുന്നത്. കഴിഞ്ഞ ജൂൺ മാസം ഒന്നാം തീയതിയാണ് വെള്ളപ്പൊക്കക്കെടുതികൾ ഉണ്ടായത്. ഇന്ന് ജൂലൈ മാസം 6-ാം തീയതിയാണ്; ഇന്നുവരെ കാലവർഷക്കെടുതികളിൽ പ്രഖ്യാപി ക്കപ്പെട്ട സൗജന്യറേഷൻ വിതരണം ചെയ്തിട്ടില്ല. എന്താണ് ഇതിനകത്ത് സംഭവിച്ചിരിക്കുന്നത് എന്ന് ഒന്ന് അന്വേഷിക്കാമോ? ഞാൻ മനസ്സിലാക്കുന്നത് 22-ാം തീയതി അങ്ങ് പ്രഖ്യാപിച്ചു എങ്കിലും ജില്ലാ കളക്ടറേറ്റുകളിൽ ഇതിന്റെ മെസേജ് കിട്ടിയത് 29-ാം തീയതി മാത്രമാണ്. ഇത്രയും പ്രധാനപ്പെട്ട, അടിയന്തിരമായ ഉത്തരവുകൾ നൽകാൻ 7 ദിവസം കാലതാമസം വരുത്തി എന്നുപറയുന്നത് സ്വാഭാവികമാണോ? ഏറ്റവും ഗുരുതരമായ വീഴ്ചയല്ലേ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടായത്? ഒരു മാസം കഴിഞ്ഞ് റേഷൻ കൊടു ത്തിട്ട് വല്ല കാര്യവുമുണ്ടോ? ദുരിതം അനുഭവിക്കുന്നവർക്കല്ലേ റേഷൻ? ഇവി

LIBRARY ARCHIVES Kerala Legislative Assembly

ടത്തെ സർക്കാരിന്റെ കണക്കനുസരിച്ച് 41 പേർ മരിച്ചു, നിരവധി പേർക്ക് പരിക്കേറ്റു, 249 പേരുടെ വീട് നഷ്ടപ്പെട്ടു, 13,835 പേരുടെ വീടുകൾ തകർന്നു. എങ്ങനെയാണ് ഇവർ ഇത് കൈകാര്യം ചെയ്യുന്നത്? അതുമാത്രമല്ല, ഞാൻ വളരെ ഉത്തരവാദിത്വബോധത്തോടുകൂടി ഒരു ആരോപണം ഇവിടെ ഉന്നയിക്കുകയാണ്. ഗൗരവതരമായ ഒരു കാര്യം ഇവിടെ പറയാൻ ഉദ്ദേശിക്കുകയാണ്. സൗജന്യറേഷൻ മന്ത്രി പ്രഖ്യാപിച്ചു, ബിലോ പോവർട്ടി ലൈനിൽപ്പെട്ട മുഴുവൻ ആളുകൾക്കും സൗജന്യറേഷൻ കൊടുക്കുമെന്നാണ് അങ്ങ് പ്രഖ്യാപിച്ചത്. എന്റെ നിയോജകമണ്ഡലത്തിൽ, ആലപ്പുഴ താലൂക്കിൽ മാത്രം 31,000 പേർ ബി.പി.എൽ ൽ ഉണ്ട്. കൊടുത്തിരിക്കുന്നത് 10,000 പേർക്കുമാത്രമാണ്. എങ്ങനെ ഇവരെ സെലക്ട് ചെയ്തു. 31,000 പേരുള്ള ബി.പി.എൽ.ൽ നിന്നും എങ്ങനെ സെലക്ട് ചെയ്തു 10,000-പേരെ? ഞാൻ അത് ഗൗരവതരമായി പറയാൻ ആഗ്രഹിക്കുന്നു. മന്ത്രിക്കു ഞാൻ പരാതി രേഖാമലം എഴുതിക്കൊടുത്തിട്ടുണ്ട്. രാഷ്ട്രീയ പക്ഷപാതം വച്ച് മാർക്സിസ്റ്റുകാരൻ എന്നും കോൺഗ്രസുകാരൻ എന്നും നിങ്ങൾ വകതിരിച്ച് കാണിച്ചിട്ടാണ് സൗജന്യറേഷൻ പോലും കൊടുത്തിരിക്കുന്നത്. പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടവരെപോലും തഴഞ്ഞിട്ട് മൂന്ന് ഏക്കർ വരെയുള്ളവർക്കുപോലും സൗജന്യറേഷൻ കൊടുത്തിരിക്കുന്നു. ദുരിതമനുഭവിക്കുന്ന, കഷ്ടപ്പെടുന്ന, നിരാലംബരായി മുകളിൽ ആകാശവും താഴെ ഭൂമിയുമായി കിടക്കുന്ന പാവപ്പെട്ടവനെപ്പോലും നിങ്ങൾ രാഷ്ട്രീയമായി മാത്രം കാണുന്ന സമീപനം എങ്ങനെ നീതീകരിക്കാനാകും? ഈ ഗവൺമെന്റിന്റെ കീഴിൽ പാവപ്പെട്ടവന് എങ്ങനെ നീതി കിട്ടും? ഈ കാര്യം അന്വേഷിക്കാൻ അങ്ങ് തയ്യാറാകണം. ഇവിടെ പ്രഖ്യാപിച്ചതനുസരിച്ച് ബി.പി.എൽ-ൽപ്പെട്ട മുഴുവൻ ആളുകൾക്കും രാഷ്ട്രീയ വ്യത്യാസമില്ലാതെ സൗജന്യറേഷൻ നൽകാൻ അങ്ങ് നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ഇവിടെ അഭ്യർത്ഥിക്കാനുള്ളത്. രാഷ്ട്രീയ പക്ഷപാതത്തെക്കുറിച്ച് പറഞ്ഞാൽ, ഇത് പറയാതിരിക്കാൻ പറ്റില്ല. ഇവിടെ മന്ത്രിമാരുടെ സ്പീഡിനെക്കുറിച്ചാണ് ഭയങ്കര ആക്ഷേപമുണ്ടായത്. കഴിഞ്ഞ കാലഘട്ടത്തിൽ ശ്രീ. കെ. കരുണാകരന്റെ കാർ ചീറിപ്പായുന്നു, ആളുകൾ തട്ടി മരിക്കുന്നു എന്ന് പറഞ്ഞു. ഞങ്ങൾ അന്നും പറഞ്ഞു സ്വാഭാവികമാണ്. അങ്ങയുടെ കാർ തട്ടി പുന്നപ്രയിൽ വച്ച് ഒരാൾ മരിച്ചു, നിരവധി പേർക്ക് പരിക്കുപറ്റി. ഞാൻ അന്ന് അങ്ങയെ ആശുപത്രിയിൽ വന്നു കണ്ടതാണ്, അങ്ങ് ആലപ്പുഴ മെഡിക്കൽ കോളേജിൽ ഉണ്ടായിരുന്നു. ഞാൻ അന്ന് ക്ഷേമം അന്വേഷിക്കാൻ വന്നയാളാണ്. കഴിഞ്ഞ കാലഘട്ടങ്ങളിലൊക്കെ മന്ത്രിയുടെ കാർ തട്ടിയാൽ കാർ തടയും, കാർ കത്തിക്കും, അല്ലെങ്കിൽ മുദ്രാവാക്യം വിളിക്കും. ഞങ്ങൾ ഒന്നും ചെയ്തില്ല, അങ്ങയുടെ ക്ഷേമം അന്വേഷിക്കാൻ വന്നു. മറ്റുള്ളവരെ പറഞ്ഞു വിട്ടു. എന്റെ കോൺസ്റ്റിറ്റ്യൂവൻസിയിൽപ്പെട്ട നാലുപേരായിരുന്നു പരിക്കുപറ്റിയവർ. എന്നിട്ടോ അങ്ങ് മന്ത്രിസഭായോഗം കൂടി, ദുരിതാശ്വാസം പ്രഖ്യാപിച്ചു; ദുരിതാശ്വാസവും കൊടുത്തു. ആലപ്പുഴയിൽ വാളയ്ക്കൽ നിയോജകമണ്ഡലത്തിൽ മന്ത്രിയുടെ കാർ തട്ടി പരിക്കേറ്റവർക്ക് ദുരിതാശ്വാസം കൊടുത്തു. ഞാൻ ഫോട്ടോ കണ്ടു. ഫോട്ടോയിൽ ആരാ ചിരിച്ചുകൊണ്ടിരിക്കുന്നത്? സി.പി.എം. ജില്ലാ സെക്രട്ടറി വി. കേശവൻ. സർക്കാരിന്റെ ദുരിതാശ്വാസം കൊടുക്കുവാൻ സി.പി.എം. ജില്ലാ സെക്രട്ടറി, ഏതു കപ്പാസിറ്റിയിലാണ്? ഈ ഗവൺമെന്റിന് ഈ നാട്ടിലെ ജനങ്ങൾ പൊതു ഖജനാവിൽ നൽകുന്ന പണത്തിൽ നിന്ന് നികുതിപണം കൊണ്ടുണ്ടാക്കിയ ഫണ്ട് ദുരിതാശ്വാസത്തിന് കൊടുക്കുമ്പോൾ ആ ദുരിതാശ്വാസം വിതരണം ചെയ്യാൻ സി.പി.എം. ജില്ലാ സെക്രട്ടറി. താലൂക്ക് തഹസീൽദാർ അടുത്തു നിൽക്കുന്നു. ഒരു പഞ്ചായത്ത്

LIBRARY ARCHIVES Kerala Legislative Assembly

മെമ്പർ പോലുമല്ലാത്ത സി.പി.എം. ജില്ലാ സെക്രട്ടറി കാശ് കൊടുക്കുന്നു. ഞാൻ അതിനും രേഖാമൂലം അങ്ങേയ്ക്ക് പരാതി തന്നു, നടപടി സ്വീകരിച്ചോ എന്നറിയില്ല. രാഷ്ട്രീയപക്ഷപാതിത്വം, ജനപ്രതിനിധികളെപ്പോലും മാറ്റി നിർത്തിക്കൊണ്ട്. രാഷ്ട്രീയ നേതാക്കന്മാരെക്കൊണ്ട് തുക കൊടുപ്പിക്കുക യല്ലേ? ഇതിനപ്പുറം ഒരു തെളിവു വേറെ വേണോ? ഉദാഹരണമായി കാല വർഷക്കെടുതി തന്നെയാണ് ഞാൻ എടുക്കുന്നത്, കുട്ടനാട്ട് '97-ൽ, ഭാഗീക മായി വീട് നശിച്ചവർക്ക് ഇന്നുവരെ സഹായം കൊടുത്തിട്ടുണ്ടോ? ആർക്കും കൊടുത്തിട്ടില്ല, കുട്ടനാട് താലൂക്കിൽ ഒരു കുട്ടിക്കുപോലും കൊടുത്തിട്ടില്ല. ഞാൻ ഇവിടെ കണക്കുപറയുകയാണ്. ആലപ്പുഴ ജില്ലയിൽ '97-ൽ വീട് നഷ്ടപ്പെട്ടവർ അതിനകത്ത് വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ്. വീട് പൂർണ്ണമായും നശിച്ചവർക്ക് സർക്കാർ പ്രഖ്യാപിച്ച ധനസഹായം മൈത്രീഭ വന പദ്ധതിയുമായി ബന്ധപ്പെടുത്തിയിട്ടാണ് കൊടുക്കുന്നത്. ഇതിനകത്തുള്ള ഗുരുതരമായ പ്രശ്നം മൈത്രീഭവന പദ്ധതിയുടെ പൊതു അക്കൗണ്ടുമായി ബന്ധപ്പെട്ടു കൊടുക്കുന്നതുകൊണ്ട് വീട് നഷ്ടപ്പെട്ടവർക്കുള്ള കാശ് കൊടു ക്കുന്ന കാര്യത്തിൽ വളരെ നീണ്ട കാലതാമസം ഉണ്ടായിക്കൊണ്ടിരിക്കുക യാണ് എന്നതാണ്. ഇത് പരിഹരിക്കാനുള്ള നടപടി സ്വീകരിച്ചില്ല എങ്കിൽ ഈ പ്രഖ്യാപിക്കപ്പെടുന്ന വീടുകൾ ആർക്കും കിട്ടാൻ പോകുന്നില്ല. ഈ വർഷവും സ്ഥിതി ഇതുതന്നെയാണ് വരാൻ പോകുന്നത്, ആർക്കും കിട്ടാൻ പോകുന്നില്ല. അതുമാത്രമല്ല, എല്ലാ വർഷവും ഉണ്ടാകുന്ന കാലവർഷക്കെടു തികൾ, വരൾച്ച, പ്രകൃതിക്ഷോഭം ഇതൊക്കെ പരിഹരിക്കുന്നതിന് പ്രത്യേകം ഡിപ്പാർട്ടുമെന്റ് തന്നെ ഉണ്ടാക്കണം. വില്ലേജ് ഓഫീസുകളിൽ ജോലി കൊടു ത്തു, ഇപ്പോൾ എന്താ സ്ഥിതി? അമ്പലപ്പുഴയിൽ ഞാൻ യോഗം കൂടി താലൂക്ക് തലത്തിൽ, വില്ലേജ് ഓഫീസർമാർക്ക് ഇതിൽ കണക്കെടുപ്പ് ജോലി യാണ്. ഇപ്പോൾ വില്ലേജ് ഓഫീസർമാർക്ക് മുഴുവൻ സമയവും കഴിഞ്ഞ ഒരു മാസമായി വേറെ ഒരു ജോലിയും ചെയ്യാൻ കഴിയുന്നില്ല, വെള്ളപ്പൊക്ക ത്തിന്റെ കണക്ക് എടുക്കലാണ് ജോലി. ഈ ദുരിതം നിയന്ത്രിക്കുന്ന കാര്യ ത്തിൽ പ്രത്യേക സംവിധാനം ഉണ്ടാക്കുന്നില്ലെങ്കിൽ യാതൊരു നടപടിയും സ്വീകരിച്ചിട്ട് കാര്യമില്ല. കടലിൽ പോകുന്ന പാവപ്പെട്ടവന്റെ ഗവൺമെന്റാ ണല്ലോ ഈ ഗവൺമെന്റ്. ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാവുന്ന വിഷയമാ ണ്. '96-ലെ കടലാക്രമണത്തിൽ പൂർണ്ണമായും തകർന്നുപോയ ചില വീടു കൾ, കിടപ്പാടം നഷ്ടപ്പെട്ട് വഴിയാധാരമായി കിടക്കുന്ന പാവപ്പെട്ട മൽസ്യ ത്തൊഴിലാളികൾ ഇപ്പോൾ എവിടെയാണ്? പൊതുവഴിയിൽ കിടക്കുകയാണ്. 53 കുടുംബങ്ങൾ വഴിയാധാരമായിരിക്കുന്നു. ദേശീയപാതയിൽ കുടിലുകൾ കെട്ടി താമസിക്കുകയാണ് ചിലർ. ഇത് ഞാൻ മാത്രം പറയുന്നതല്ല. 96-ൽ വീട് നഷ്ടപ്പെട്ട മൽസ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കാൻ 3 വർഷമാ യിട്ടും നടപടി സ്വീകരിക്കാത്ത സർക്കാർ നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് കുടിൽ കെട്ടി സമരം നടത്തി, ആലപ്പുഴയിൽ എ.ഐ.ടി.യു.സി. യൂണിയൻ. അവർ ബൈപ്പാസിൽ താമസിക്കുന്നു, റവന്യൂ പുറമ്പോക്ക് കയ്യേറിയിട്ടുണ്ട്. അങ്ങ് ഇവിടെ മറുപടി തന്നിട്ടുണ്ട് സത്യമാണെന്ന്, നിസ്സഹായാവസ്ഥയി ലുള്ള ഒരു മറുപടി അങ്ങ് എനിക്ക് തന്നിട്ടുണ്ട്. മൂന്നു വർഷമായി, ഇനി എത്ര വർഷം വേണ്ടിവരും അവരെ പുനരധിവസിപ്പിക്കാൻ? ആ പാവപ്പെട്ട മത്സ്യ ത്തൊഴിലാളികൾക്ക് ഒരു കൂര കിട്ടാൻ ഇനി എത്രനാൾ കാത്തിരിക്കേണ്ടി വരും? അവസാനം ഒരു കാര്യത്തിലും തീരുമാനം എടുക്കാതെ നിൽക്കുന്ന ഒരു സമീപനമാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. റീ-സർവ്വേ പ്രവർത്തനങ്ങളെപ്പറ്റി, മൂന്നാറിലെ കാര്യം ഇവിടെ സൂചിപ്പിച്ചു. അവിടത്തെ

LIBRARY ARCHIVES Kerala Legislative Assembly

ഭൂമി ടാറ്റാ കമ്പനിയുടെ കയ്യിലാണ്. ഞാൻ ഒരു കമ്മിറ്റിയുമായി ബന്ധപ്പെട്ട് അട്ടപ്പാടി പ്രദേശങ്ങളിൽ പോയി, അവിടെ സർവ്വേ തന്നെയില്ല. സർക്കാരിന്റെ കൈയിൽ എത്ര ലാന്റ് ഉണ്ടെന്ന് സർക്കാരിന് നിശ്ചയമില്ല. ഇഷ്ടംപോലെ ആളുകൾ കൈയേറിയിരിക്കുകയാണ്. റവന്യൂ വകുപ്പിന്റെ കീഴിൽ എത്ര ഭൂമി ഉണ്ടെന്ന് ആർക്കും അറിയില്ല. ഇവിടെ സൂചിപ്പിച്ചു, മൂന്നാർ ഭരിക്കുന്നത് ടാറ്റാ യാണെന്ന്. റീ-സർവ്വേ പ്രവർത്തനങ്ങളിൽ ഉദ്യോഗസ്ഥൻമാർ കാണിക്കുന്ന ഗൗരവതരമായ അഴിമതി നിയന്ത്രിക്കാൻ നടപടിയുണ്ടാകണം. എല്ലാ സമയത്തും നമ്മുടെ സഭയുടെ അപ്പുറത്തും, ഇപ്പുറത്തും ഇരുന്നു പ്രസംഗിച്ചാൽ മാത്രം മതിയോ? പാവപ്പെട്ടവൻ ഭൂമിയില്ലാതെ കേരളത്തിൽ തെണ്ടുന്നു. മിച്ച ഭൂമിപോലും യഥാസമയം വിതരണം ചെയ്യാൻ നമുക്ക് കഴിയുന്നില്ല. പാവപ്പെട്ടവന് കഷ്ടപ്പാടുകൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു, എന്നിട്ടും ലക്ഷക്കണക്കിന് ഏക്കർ ഭൂമി സർക്കാരിന്റെ കണക്കിൽപ്പെടാതെ കിടക്കുന്നു. നടപടി വേണ്ടേ? പാവപ്പെട്ടവർക്ക് ഗുണകരമായി യാതൊരു നടപടിയുമില്ല. ഇത് തടയുന്നതിനു വേണ്ടി പാവപ്പെട്ടവർക്ക് ഇത് എത്തിച്ചുകൊടുക്കുന്നതിനുള്ള സമീപനം ഉണ്ടാക്കാൻ സർക്കാർ നടപടി സ്വീകരിക്കേണ്ടതല്ലേ? സ്വീകരിക്കുന്നില്ല. റീ-സർവ്വേ കാര്യത്തിൽ യാതൊരു നടപടിയുമില്ല. മിച്ചഭൂമിയുടെ കാര്യത്തിലും അതുതന്നെയാണ് നടപടി. ഇവിടെയെല്ലാം രാഷ്ട്രീയത്തിന്റെ സ്വഭാവം മാത്രം കാണിക്കുന്നു. ബഹുമാന്യനായ മന്ത്രിയെ കൂറ്റം പറഞ്ഞിട്ട് കാര്യമില്ല. സ്വന്തം പഞ്ചായത്തു പ്രസിഡന്റുപോലും പഞ്ചായത്ത് ഓഫീസിൽ കയറാൻ പോയാൽ മാർക്സിസ്റ്റുകാർ തല്ലിച്ചതയ്ക്കും. തകഴി പഞ്ചായത്തിൽ അതല്ലേ കണ്ടത്? രക്ഷയുണ്ടോ? തൊട്ടപ്പുറത്ത് ഇരിക്കുന്ന ശ്രീ. കൃഷ്ണൻ കണിയാം പറമ്പിലിന്റെ മകന് കോളേജിൽപോയി പഠിക്കാൻ പറ്റിയോ, പഠിക്കാൻ പറ്റിയിട്ടില്ല. എന്റെ നാട്ടിൽ ഞാൻ ജനിച്ച കണ്ണൂർ ജില്ലയിൽ ഒരു സി.പി.ഐ. കാരൻ കാൽ നഷ്ടപ്പെട്ട് കാലില്ലാത്ത അവസ്ഥയിലാണ്.

[3 PM] സർ, റീ-സർവ്വേ നടക്കാത്ത കേരളത്തിൽ, കൃത്യമായി ആലപ്പുഴയിൽ സർവ്വേ നടക്കുന്നു, എന്താണ് കേശവന്റെ പ്രസ്താവന, സി.പി.ഐ.യിൽ നിന്ന് സി.പി.എം.ലേയ്ക്ക് രാജിവച്ചുപോയ 118 പേരുടെ കുടുംബങ്ങളുടെ ലിസ്റ്റ് അടക്കമുണ്ട്. സി.പി.ഐ.യിൽനിന്ന് സി.പി.എം.ലേയ്ക്ക് വന്നവരുടെ ലിസ്റ്റ് ജില്ലാ സെക്രട്ടറി പുരുഷോത്തമൻ പ്രസിദ്ധീകരിച്ചു. ലിസ്റ്റടക്കമുണ്ട്. സി.പി.ഐ.യിൽ നിന്ന് സി.പി.എം.ലേയ്ക്കും സി.പി.എം.ൽ നിന്ന് സി.പി.ഐ.യിലേയ്ക്കും പോകുന്നവരുടെ സർവേ കൃത്യമായി കേരളത്തിൽ നടക്കുന്നു. മറ്റു സർവേയൊന്നും നടക്കുന്നില്ല. ഇതു ഗുരുതരമായ പക്ഷപാതമാണ്. ദുരിതത്തിൽപോലും പക്ഷപാതം കാണിക്കുന്നു സർ, രാവിലെ ശ്രീ. കാർത്തികേയൻ ഇവിടെ അവതരിപ്പിച്ചത് ഗൗരവതരമായ വിഷയമല്ലേ സർ, ദുരിതം അനുഭവിക്കുന്നവരോടുപോലും രാഷ്ട്രീയ വിവേചനം കാണിക്കുന്ന ഈ ഗവൺമെന്റ് നമ്മുടെ നാടിനുവേണ്ടി പൊരുതി മരിച്ചുവീണ പട്ടാളക്കാരനെപ്പോലും സ്വീകരിക്കുന്നതിൽ കാണിച്ച അനാസ്ഥ, തലേന്ന് രാത്രി എനിക്കു വിവരം കിട്ടി നെടുമ്പാശ്ശേരിയിൽ മൃതദേഹം കൊണ്ടുവരുമെന്ന് അത് സ്വീകരിക്കുവാൻ ഒരു കൂട്ടിപോലും അവിടെ ഉണ്ടായിരുന്നില്ല. ഈ നാട് നിങ്ങളെ ഓർത്ത് ലജ്ജിക്കുകയാണ്. അതിർത്തിയിൽ പടവെട്ടി മരിച്ചുവീണ രക്തസാക്ഷിയെപ്പോലും സ്വീകരിക്കാത്ത ഈ ജൻമനാടിനെ ഓർത്ത് ആളുകൾ ലജ്ജിക്കും. എല്ലാറ്റിലും രാഷ്ട്രീയത്തിന്റെ അതിപ്രസരമുള്ള നിങ്ങൾ ഈ സമീപനം മാറ്റിയേ മതിയാകൂ. ഇന്നലയെക്കുറിച്ച് ഓർക്കേണ്ട കാര്യമില്ല, ഇന്നലെ കഴിഞ്ഞുപോയി. നാളെ വരാൻ ഇരിക്കുന്നതാണ്. ഇന്നത്തെ കാര്യം മാത്രം മതിയെന്ന 'ഒമർഖയാമി'ന്റെ കവിതയിലെ

LIBRARY ARCHIVES Kerala Legislative Assembly

വാചകങ്ങൾ, അത് ഏറ്റെടുക്കാനിരിക്കുന്ന ഒരു ഭരണാധികാരിയായി അങ്ങ് മാറരുത്. അങ്ങനെ മാറിയാൽ അപകടത്തിലേയ്ക്കു പോകും. അങ്ങയുടെ സ്തുതിപാഠകരുടെ നിർദ്ദേശം മാത്രം കേട്ട് ഭരിക്കരുത്. ജനങ്ങളിലേയ്ക്ക് ഇറങ്ങിച്ചെന്ന് റവന്യൂ വകുപ്പിന്റെ കുറ്റങ്ങളും കുറവുകളും മനസ്സിലാക്കിക്കൊണ്ട് മുന്നോട്ടുപോകാൻ കഴിഞ്ഞില്ലായെങ്കിൽ കാലവും ചരിത്രവും അങ്ങേയ്ക്ക് മാപ്പുതരില്ല എന്നുമാത്രം പറഞ്ഞുകൊണ്ട് ഒരിക്കൽക്കൂടി ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു.

VI. വ്യക്തിപരമായ വിശദീകരണം

<u>ശ്രീ. കെ.എം. മാണി</u> : സർ, ഒരു പേഴ്സണൽ എക്സ്പ്ലനേഷനുണ്ട്. ഞാൻ പറയുന്നതിൽ ഒരു സിലബിൾ പോലും തെറ്റാതിരിക്കാൻ മുന്നുനാലു പേജ് എഴുതിയത് വായിക്കുകയാണ്. സർ, ശ്രീ. ജോൺ ഫെർണാണ്ടസ് 25.3.99-ൽ എനിക്ക് എതിരെ ഉന്നയിക്കുകയും ഞാൻ നിഷേധിച്ച് മറുപടി പറയുകയും ചെയ്ത അതേ വിഷയം ശ്രീ. പി.സി. ജോർജ്ജ് എം.എൽ.എ. സ്പീക്കർക്ക് എഴുതിക്കൊടുത്ത് അനുവാദം വാങ്ങിയതിനുശേഷം ഇന്നു വീണ്ടും മറ്റൊരു രൂപത്തിൽ ആരോപണമായി ഉന്നയിച്ചിരിക്കുന്ന പശ്ചാത്തലത്തിൽ ഞാൻ ഒരു വിശദീകരണത്തിന് ഒരുങ്ങുകയാണ്. ഞാൻ റവന്യൂമന്ത്രി ആയിരുന്നപ്പോൾ എന്റെ സഹോദരപുത്രൻ ശ്രീ. ഇമ്മാനുവൽ തോമസിന് ഐത്തിക്കോണം എന്ന സ്ഥലത്ത് ഭൂമി പതിച്ചുകൊടുത്തു എന്നതായിരുന്നു. ശ്രീ. ജോൺ ഫെർണാണ്ടസിന്റെ ചുവടുപിടിച്ച് ശ്രീ. പി.സി. ജോർജ്ജ് ഉന്നയിച്ച ആക്ഷേപം. ഇതു ഞാൻ നിഷേധിക്കുന്നു. അപ്രകാരം ഞാൻ ഭൂമി പതിച്ചുകൊടുത്തിട്ടില്ല. ശ്രീ. ജോൺ ഫെർണാണ്ടസ് നിയമസഭയിൽ ആക്ഷേപം ഉന്നയിക്കുകയും ഞാൻ മറുപടി പറയുകയും ചെയ്തശേഷം എന്റെ സഹോദരപുത്രൻ ശ്രീ. ഇമ്മാനുവൽ തോമസുമായി ഇക്കാര്യത്തെപ്പറ്റി ഞാൻ വിശദമായി സംസാരിക്കുകയും അദ്ദേഹത്തിൽനിന്നും യഥാർത്ഥ വസ്തുത ഗ്രഹിക്കുന്നതിനും രേഖകൾ ശേഖരിക്കുന്നതിനും എനിക്കു കഴിയുകയുമുണ്ടായി. കൂടാതെ ഞാൻ മറ്റു വിവരങ്ങൾ മറ്റു തരത്തിലും തിരക്കുകയുണ്ടായി. അദ്ദേഹം വാങ്ങിയ ഭൂമി ഗവൺമെന്റിൽനിന്ന് പതിപ്പിച്ചെടുത്തതല്ല, തീറാധാരപ്രകാരം വാങ്ങിയ പട്ടയഭൂമിയായിരുന്നു. തിരുവനന്തപുരം താലൂക്കിൽ ചെറുവയ്ക്കൽ വില്ലേജിൽ ഐത്തിക്കോണം എന്ന സ്ഥലത്തു ചൂരയ്ക്കുവിളാകത്തു വീട്ടിൽ ദിവാകരൻ പട്ടം സബ് രജിസ്ട്രാർ ഓഫീസ് മുഖേന 1965-ൽ വിലയാധാരപ്രകാരം വാങ്ങി കൈവശം വച്ച് തണ്ടപ്പേരു പിടിച്ച് അനുഭവിച്ചുവന്നിരുന്ന സ്ഥലത്തിൽപ്പെട്ടതായിരുന്നു അത്. അതിൽനിന്ന് 14.7.95-ൽ പട്ടം സബ്രജിസ്ട്രാർ ഓഫീസിലെ 3003, 3005 എന്നീ ആധാരങ്ങൾ പ്രകാരം എന്റെ സഹോദരപുത്രൻ ഇമ്മാനുവേൽ തോമസും ഭാര്യ ലില്ലിക്കുട്ടി ഇമ്മാനുവേലും ചേർന്ന് പ്രതിഫലം നൽകി തീറുവാങ്ങിയിട്ടുള്ള ഭൂമിയാണ് അനധികൃതമായി നേടിയെന്ന് ശ്രീ. പി.സി. ജോർജ്ജ് വിശേഷിപ്പിച്ചിട്ടുള്ളത്. അത് വളരെ നിർഭാഗ്യകരമായിപ്പോയി, അദ്ദേഹം അത് പിൻവലിക്കണം എന്ന് അഭ്യർത്ഥിക്കുകയാണ്. രണ്ടാമത്തെ ആരോപണം എന്റെ സഹോദരപുത്രൻ ഇമ്മാനുവൽ തോമസ്സിനെ സഹായിക്കാൻവേണ്ടി അദ്ദേഹത്തിന്റെ വസ്തുവിന്റെ സൈഡിലൂടെയുള്ള റോഡ് വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽപ്പെടുത്തി നന്നാക്കിക്കൊടുത്തു എന്നാണ്. സർ, ഈ ആക്ഷേപത്തെ ഞാൻ നിഷേധിക്കുന്നു. ഞാൻ ഇമ്മാനുവൽ തോമസിനുവേണ്ടി റോഡുവർക്ക് അനുവദിച്ചിട്ടില്ല. ഞാൻ വർക്ക് സാങ്ഷൻ ചെയ്യുമ്പോൾ ഇമമാനുവൽ തോമസ്സിന് അവിടെ വസ്തുവേയില്ല. ചെറുവയ്ക്കൽ

LIBRARY ARCHIVES Kerala Legislative Assembly

യണം, ഇതുവിടാൻ ഒക്കുമോ, മാപ്പു പറയേണ്ട, മാപ്പു പറയണം,..... (ബഹളം)..... അതുകൊണ്ട് ഞാൻ ഇത് നിഷേധിക്കുന്നു. ഞാൻ അതിന്റെ വിശദീകരണം മേശപ്പുറത്തുവയ്ക്കുന്നു.

<u>ശ്രീ. ജി. സുധാകരൻ</u> : സർ, ഞാൻ ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നു. ശ്രീ. കെ.എം. മാണിയുടെ ഭാഷയിൽത്തന്നെ പറഞ്ഞാൽ മുപ്പത്തിയഞ്ചിലേറെ വർഷമായി നിയമസഭാ സാമാജികനും ഒന്നിലേറെ പ്രാവശ്യം മന്ത്രിയുമായിരുന്ന ശ്രീ. കെ.എം. മാണി, ശ്രീ. പി.സി. ജോർജ്ജ് ഉന്നയിച്ച ആരോപണത്തെപ്പറ്റി*** എന്നുപറഞ്ഞ് പിൻവലിപ്പിക്കണം. സർ, രേഖയിൽ നിന്ന്.....(ബഹളം).....

<u>മി. സ്പീക്കർ</u> : പ്ലീസ്..... പ്ലീസ്.....

<u>ശ്രീ. പി.സി. ജോർജ്ജ്</u> : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ഞാൻ അങ്ങേയ്ക്ക് എഴുതിത്തന്നു. ഞാൻ ഇന്ന് സംസാരിച്ച ഭാഗം അങ്ങ് എടുത്തു നോക്കണം. അതിൽ പറഞ്ഞിരിക്കുന്നതിൽനിന്ന് വ്യത്യസ്തമായിട്ടാണ് ശ്രീ. കെ.എം. മാണി ഇവിടെ പറഞ്ഞിരിക്കുന്നത്. അതനുസരിച്ച് എനിക്ക് ഇതിന് മറുപടി പറയാൻ അനുവാദം തരണം.

<u>മി. സ്പീക്കർ</u> : മറുപടി പറയാൻ കഴിയുകയില്ല. അങ്ങ് പറഞ്ഞതെല്ലാം രേഖയിലുണ്ട്. അങ്ങയുടെ ക്രമപ്രശ്നം എന്താണ്?

<u>ശ്രീ. പി.സി. ജോർജ്ജ്</u> : സർ, ഞാൻ പറഞ്ഞത് ഇത്രേയുള്ളൂ. ശ്രീ. ജോൺ ഫെർണാണ്ടസ് ഉന്നയിച്ച ആരോപണം എന്നുള്ള നിലയിൽ ഞാൻ പറഞ്ഞ കാര്യത്തിന് മറുപടി എന്താണ്? എനിക്ക് ഒരു കാര്യമേ ചോദിക്കാനുള്ളൂ. ഏതെങ്കിലും ഒരു വ്യക്തി വസ്തു വാങ്ങിക്കുമ്പോൾ അറേഞ്ച്മെന്റ് എല്ലാം ചെയ്തതിനുശേഷമാണ് ആധാരമെഴുതുന്നത്. അദ്ദേഹത്തിന്റെ ജ്യേഷ്ഠ സഹോദരന്റെ മകനും ഭാര്യയുംകൂടി 5000 രൂപ വച്ച് വസ്തു വാങ്ങിച്ചിട്ട് അത് നികത്തി 70,000 രൂപ മുതൽ ഒരു ലക്ഷം രൂപവരെ വച്ച് വിറ്റുവെന്ന ആരോപണം ഞാൻ ശക്തിയായി ഉന്നയിക്കുന്നു. ഒരു സംശയവും വേണ്ട. അങ്ങ് പരിശോധിക്കണം. അന്വേഷിക്കണം. തെളിയിക്കാൻ ഞാൻ തയ്യാറാണ്. പാലായിൽ പ്രസംഗിച്ചുവെന്ന് പാലായിൽ ഇനിയും പ്രസംഗിക്കും. ഒരു സംശയവും വേണ്ട.

<u>മി. സ്പീക്കർ</u> : ശ്രീ. കെ.എം. മാണിയുടെ വ്യക്തിപരമായ വിശദീകരണത്തിൽ അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ അവസാനഭാഗം*** പോലും പറയാത്ത നിലയിൽ നിയമസഭയിൽ വന്ന് പറയുക എന്ന് പറഞ്ഞ പരാമർശം രേഖയിൽനിന്ന് നീക്കം ചെയ്യുന്നു.

ധനകാര്യം - തുടർച്ച

റവന്യൂ വകുപ്പുമന്ത്രി (<u>ശ്രീ. കെ.ഇ. ഇസ്മയിൽ</u>) : സർ, ഇവിടെ ബഹുമാനപ്പെട്ട 18 മെമ്പർമാർ രണ്ടുഭാഗത്തുനിന്നുമായിട്ട് ഈ ചർച്ചയിൽ പങ്കെടുത്തു. ചർച്ചയിൽ പങ്കെടുത്ത 18 മെമ്പർമാരിൽ ശ്രീ. കെ.സി. വേണുഗോപാൽ ഒഴിച്ച് ബാക്കി എല്ലാവരും റവന്യൂവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ ഒതുങ്ങിനിന്നാണ് സംസാരിച്ചത്. അദ്ദേഹവും പ്രശ്നവുമായി ബന്ധപ്പെട്ട്

*** സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം രേഖയിൽനിന്നും നീക്കം ചെയ്തു.

*** സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം രേഖയിൽനിന്നും നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

സംസാരിച്ചു; എന്നാൽ സ്വല്പം വേലി പൊളിക്കാൻ ഒരു ചെറിയ ശ്രമം നടത്തി. എന്നാലും അദ്ദേഹം ഒരുപാട് നിർദ്ദേശങ്ങൾ വച്ചു. അതുപോലെ ഇവിടെ ചർച്ചയിൽ പങ്കെടുത്ത എല്ലാ മെമ്പർമാരും ഒരുപാട് നിർദ്ദേശങ്ങൾ വച്ചു. റവന്യൂവകുപ്പ് കുറച്ചുകൂടി കാര്യക്ഷമമായി പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ച് ഇവിടെ പറയുകയുണ്ടായി. ഇവിടെ പ്രകടിപ്പിച്ച പല അഭിപ്രായങ്ങളോടും യോജിക്കുന്ന ഒരാളാണ് ഞാൻ. എന്നിൽനിന്ന് വ്യത്യസ്തമായ ഒരു അഭിപ്രായം ഇവിടെ പൊതുവേ വന്നില്ല. ഞാനും ഇതൊക്കെ ഉറക്കെ ചിന്തിക്കുന്ന ഒരാളാണ്. ആ അഭിപ്രായങ്ങളൊക്കെത്തന്നെയാണ് രണ്ടുഭാഗത്തു നിന്നുമായിട്ട് ഇവിടെ ഉന്നയിക്കപ്പെട്ടത്. അതുകൊണ്ട് തീർച്ചയായും ആ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും വളരെ ഗൗരവത്തോടുകൂടി ഞാൻ സ്വീകരിക്കുകയാണ്. അതിൽ നടപ്പിലാക്കാൻ കഴിയുന്ന കാര്യങ്ങൾ പരമാവധി നടപ്പിലാക്കാനുള്ള ശ്രമങ്ങളും എന്റെ ഭാഗത്തുനിന്ന് ഉണ്ടാകും. നമ്മൾ ആഗ്രഹിക്കുന്നതുപോലെ ഒറ്റദിവസംകൊണ്ടൊന്നും ഈ നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ കഴിയുന്നവയല്ലെന്ന് ഏറെക്കാലത്തെ അനുഭവങ്ങളുള്ള പലർക്കും അറിയാമെന്ന് എനിക്ക് തോന്നുന്നു. ഒന്നുരണ്ട് പ്രാവശ്യം ശ്രീ. കെ. എം. മാണി ഈ വകുപ്പ് കൈകാര്യം ചെയ്തിട്ടുണ്ട്. ശ്രീമതി ഗൗരിയമ്മയും ഈ വകുപ്പ് കൈകാര്യം ചെയ്തിരുന്നു. ഒരുപാട് ആളുകൾ ഈ വകുപ്പ് കൈകാര്യം ചെയ്തിട്ടുണ്ട്. ഇവിടെ ബഹുമാനപ്പെട്ട ബാലേട്ടനുമൊക്കെ പറഞ്ഞതുപോലെ, ഈ വകുപ്പിന്റെ ആദ്യകാലങ്ങളിൽ, ഞങ്ങളുടെ നാട്ടിലൊക്കെ പറയുന്നത് – കെട്ടാൻ കയറും വെട്ടാൻ വാളും ഉണ്ടായിരുന്നവരാണ് വില്ലേജ് ഓഫീസർമാർ എന്നാണ്. അധികാരിമാർ. ആ അധികാരിമാരെ നിയന്ത്രിക്കുന്ന തഹസീൽദാരും അതിന്റെ ഭരണസംവിധാനവും എന്നു പറഞ്ഞാൽ ഭരണത്തിന്റെ സിരാകേന്ദ്രമാണ്. അപ്പോൾ ഭരണത്തിൽത്തന്നെ അതിപ്രധാനമായ ഒരു പങ്കാണ് ഈ റവന്യൂ സംവിധാനം വഹിച്ചുകൊണ്ടിരുന്നത്. സങ്കീർണ്ണമായ ധാരാളം നിയമങ്ങളും ചട്ടങ്ങളും റൂളുകളും. അതിന്റെ നൂലാമാലകളിൽ കുടുങ്ങി പ്രശ്നങ്ങൾക്ക് സമയാസമയങ്ങളിൽ പരിഹാരമുണ്ടാക്കാൻ കഴിയാത്ത അവസ്ഥയിൽ ഏറെക്കാലമായി നമ്മൾ തുടരുകയാണ്. ഇത് മാറ്റണമെന്ന് ഓരോ കാലത്തും മാറിമാറി വന്ന ഗവൺമെന്റുകളൊക്കെ ചിന്തിച്ചിട്ടുണ്ട്, ആലോചിച്ചിട്ടുണ്ട്; ചില നടപടികളെടുക്കാൻ ശ്രമിച്ചിട്ടുമുണ്ട്. എന്നാലും മൗലികമായ ഒരു മാറ്റം സ്വതന്ത്ര ഭാരതത്തിൽ 50 വർഷം കഴിഞ്ഞതിനുശേഷവും ഉണ്ടായിട്ടില്ലെന്നുള്ള വസ്തുത വളരെ ശരിയാണ്. ഇവിടെ ബഹുമാനപ്പെട്ട ഇ.ടി. മുഹമ്മദ് ബഷീർ പറഞ്ഞത് വളരെ ശരിയാണ്. ഭൂസംബന്ധമായ നിയമങ്ങളിൽ കാലോചിതമായ ഒരുപാട് മാറ്റങ്ങൾ ആവശ്യമാണ്. ആ മാറ്റങ്ങൾ ഉണ്ടാകാതിരുന്നാൽ നാം ആഗ്രഹിക്കുന്ന രീതിയിൽ നമ്മുടെ നാട്ടിലെ ജനങ്ങളെ സഹായിക്കാൻ സാധിക്കുകയില്ല; ഇനിയും തടസ്സങ്ങളേ ഉണ്ടാകൂ. അതൊക്കെ മാറ്റണമെന്ന് വളരെ ഗൗരവമായിട്ട് ആലോചിച്ചുകൊണ്ടിരിക്കുകയാണ്; മാറ്റാനുള്ള നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് ഒരു ദിവസംകൊണ്ട് ഇവയെല്ലാം നടപ്പിലാക്കാൻ സാധിക്കുകയില്ലെന്ന്. സത്യസായിബാബയാണെങ്കിൽ ശൂന്യതയിൽനിന്ന് റോസാപുഷ്പം എടുക്കുന്നത് കാണിച്ചുകൊടുക്കും. അല്ലെങ്കിൽ നമ്മുടെ മജീഷ്യൻ മുതുകാടിനെ പോലെയാകണം. അത് ചെയ്യാൻ പറ്റുന്നില്ല. ഇതിൽ ഒരുപാട് പ്രശ്നങ്ങളുണ്ട്. എന്നാലും ചെറിയ തോതിൽ ചില മാറ്റങ്ങൾക്കുവേണ്ടി തുടക്കം കുറിച്ചിട്ടുണ്ട്. അതിന്റെയൊക്കെ അടിസ്ഥാനത്തിലാണ് ഇപ്പോൾ റവന്യൂ ബോർഡിന്റെ കാര്യം പറഞ്ഞത്. എത്രയോകാലത്തെ ചിന്തയുടെ, വളർച്ചയുടെ ഘട്ടത്തിലാണ് നമുക്ക് അത് ചെയ്യാൻ കഴിഞ്ഞത്. പത്തിരുപ

LIBRARY ARCHIVES Kerala Legislative Assembly

ത്തിയഞ്ച് കൊല്ലമായിട്ട് സജീവമായി ചർച്ച ചെയ്യപ്പെടുന്ന ഒരു വിഷയമാണിത്. ഈ ഗവൺമെന്റ് വന്നതിനുശേഷം ഒരു അത്ഭുതം സൃഷ്ടിച്ചു എന്നുള്ള അടിസ്ഥാനത്തിലല്ല ഞാൻ പറയുന്നത്. ദീർഘകാലത്തെ ഒരു വികാരത്തിന്റെ പ്രതിഫലനമായിരുന്നു അത്. അതിനെത്തുടർന്നാണ് റവന്യൂ വകുപ്പിൽ ഒരു സമൂല പുനഃസംവിധാനത്തിനുവേണ്ടിയുള്ള പരിപാടികൾ ആവിഷ്കരിച്ചതും റവന്യൂ ബോർഡ് നിറുത്തൽ ചെയ്തതും. റവന്യൂ ബോർഡ് നിറുത്തൽ ചെയ്താൽ ഉടനെതന്നെ അതിന്റെ പ്രയോജനം ജനങ്ങൾക്കും നാടിനും ഒക്കെ ലഭിക്കുമെന്ന നിലയിൽ ചിന്തിക്കുന്നതുകൊണ്ട് യാതൊരു അർത്ഥവുമില്ല. അതിന്റേതായ ഒരുപാട് നടപടിക്രമങ്ങൾ പൂർത്തിയാക്കാനുണ്ട്. കുറെ ഓഫീസുകൾ നിറുത്തൽ ചെയ്തു. അധികമായിവരുന്ന ജീവനക്കാരെ ജോലിഭാരമുള്ള ഓഫീസുകളിൽ പുനർവിന്യസിച്ചു. 1800-ഓളം ജീവനക്കാരെ അങ്ങനെ പുനർവിന്യസിച്ചുകൊണ്ടാണ് ആ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയത്. ഏറെ തട്ടുകളുള്ളതിൽ ഒരു തട്ട്കൂടി അവസാനിപ്പിക്കാൻ പ്രായോഗികമായി കഴിയുമെന്നുള്ള അടിസ്ഥാനത്തിലാണ് ഫർക്കാ ഇൻസ്പെക്ടർ തസ്തിക നമ്മൾ അവസാനിപ്പിച്ചത്. ആ തസ്തിക ഒഴിവാക്കി. ഞാൻതന്നെ നിയമസഭയിൽ പറഞ്ഞതാണ് അത്. ഈ ഗവൺമെന്റ് വന്നപ്പോൾ ആദ്യ നിയമസഭയിലെ ഒരു ചോദ്യത്തിൽ കെട്ടിക്കിടക്കുന്ന ഫയലുകളെ സംബന്ധിച്ച പ്രശ്നം വന്നിരുന്നു. 20 വർഷംവരെ കാലപ്പഴക്കമുള്ള 4 ലക്ഷത്തിലേറെ ഫയലുകൾ അന്ന് കെട്ടിക്കിടക്കുകയായിരുന്നു. രണ്ട്കൊല്ലം മുതൽ 20 കൊല്ലംവരെ പഴക്കമുള്ള 4 ലക്ഷം ഫയലുകൾ ഉണ്ടായിരുന്നു. ആ 4 ലക്ഷം ഫയലുകളിൽ തീരുമാനമെടുക്കുന്നതിന് ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തി അവയിൽ തീരുമാനമെടുക്കണമെന്നുള്ള അടിസ്ഥാനത്തിൽ പ്രവർത്തിച്ചതിന്റെ ഫലമായി രണ്ട്ലക്ഷം ഫയലുകളിന്മേൽ തീരുമാനമുണ്ടാക്കാൻ സാധിച്ചു. ഇനിയും ആ ശ്രമം തുടരേണ്ടതുണ്ട്. അങ്ങനെ കുറേയേറെ കാര്യങ്ങൾ ഇതിന്റെ പുനഃസംവിധാനത്തിന്റെ ഭാഗമായിട്ട് ചെയ്യാൻ ശ്രമിക്കുകയാണ്. റവന്യൂ സംവിധാനത്തിൽ ഇക്കാലമത്രയും ഉണ്ടാകാത്ത രീതിയിൽ വലിയ പ്രൊമോഷൻ സാദ്ധ്യതകൾ ഇതിന്റെ അടിസ്ഥാനത്തിൽ വന്നു. ഇക്കാര്യം ഇവിടെ ചില മെമ്പർമാർ ചൂണ്ടിക്കാണിച്ചു. ശ്രീ. ബാലേട്ടൻ ഇവിടെ പറഞ്ഞു. പുനഃസംവിധാനത്തിന്റെ ഫലമായി 3200 പേർക്ക് ഇപ്പോൾ പ്രൊമോഷൻ വരാൻ പോവുകയാണ് എന്ന്. ചില സംഘടനകൾ കോടതിയിൽ പോയതിനെത്തുടർന്ന് മാത്രമാണ് അത് യഥാസമയം നടപ്പിലാക്കാൻ കഴിയാതെവന്നത്. ഏതായാലും, ഒന്ന്-രണ്ട് ആഴ്ചകൾകൊണ്ട് നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ കോടതി ആവശ്യപ്പെട്ടിട്ടുണ്ട്. പരാതിയുള്ളവരിൽനിന്ന് മുഴുവൻ അപേക്ഷകൾ സ്വീകരിക്കണം, ഓരോന്നായി പരിശോധിക്കണം, ആ മുഴുവൻ ആളുകൾക്കും കത്ത് അയച്ചുകൊടുക്കണം, അതിന്റെ അടിസ്ഥാനത്തിൽ ഫൈനൽ ലിസ്റ്റ് തയ്യാറാക്കി കോടതിയിൽ സമർപ്പിക്കണം എന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്. കോടതിക്ക് കൂടി ബോദ്ധ്യമായതിനുശേഷം മാത്രമേ ഇത് നടപ്പിലാക്കാൻ പാടുള്ളൂ. മൂവായിരത്തിലേറെ അപേക്ഷകൾ കിട്ടി. അപേക്ഷകൾ ഓരോന്നും പരിശോധിച്ച് തീർപ്പ് കല്പിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ഫൈനൽ ലിസ്റ്റ് തയ്യാറാക്കി കോടതിയിൽ കൊടുത്തു. ഇന്ന് അതിന്റെ ഹിയറിംഗ് ഹൈക്കോടതിയിൽ നടക്കുകയാണ്. അപ്പോൾ കഴിയുന്നതും വേഗം അതിൽ ഒരു തീരുമാനമുണ്ടാക്കാൻ സാധിക്കും. അങ്ങനെ ഓരോ പ്രശ്നത്തിലും സജീവമായി ഇടപെട്ടുകൊണ്ട് പരിഹാരമുണ്ടാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. കഴിയുന്നതുംവേഗം ഇപ്പോൾ നിലവിലുള്ള ഒഴിവുകളിൽ മുഴുവൻ നിയമനം നടത്താൻ, പ്രൊമോഷൻ

LIBRARY ARCHIVES Kerala Legislative Assembly

സാദ്ധ്യതകൾ അടഞ്ഞു കിടക്കുന്നവർക്ക് പ്രൊമോഷൻ നൽകുന്നതിനൊക്കെയുള്ള പ്രവർത്തനങ്ങൾ ഉടനേതന്നെ നിർവ്വഹിക്കാൻ സാധിക്കും. കഴിഞ്ഞ രണ്ട് മൂന്ന് കൊല്ലക്കാലങ്ങളിൽ ഒരുപാട് അൽഭുതങ്ങളൊക്കെ ചെയ്തു. എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമുണ്ടായി എന്നൊന്നും ഞാൻ പറയുന്നില്ല. ഈ വകുപ്പിൽ അഴിമതിയില്ലെന്ന് ആര് പറഞ്ഞാലും ഞാൻ പറയും, ഈ വകുപ്പിൽ ഇപ്പോഴും അഴിമതിയുണ്ടെന്ന്. അഴിമതിയില്ലന്നൊന്നും ആരും പറഞ്ഞിട്ടില്ല. ഇതിൽ അഴിമതിയുണ്ട്. അത് കുറേക്കാലമായിട്ട് തുടരുന്നതാണ്. അതൊരു സിസ്റ്റത്തിന്റെ ഭാഗമാണ്. അപ്പോൾ ആ സിസ്റ്റത്തിൽ ഇന്ന് കാണുന്ന ആ സാഹചര്യങ്ങൾ മാറ്റിക്കൊണ്ടേ ഈ ന്യൂനതകൾ മുഴുവൻ മാറ്റാൻ പറ്റൂ. അതിന് നമ്മൾ രണ്ട് വിജിലൻസ് സെൽ രൂപീകരിച്ചു. അത് ജനങ്ങളിൽനിന്ന് ആക്ഷേപങ്ങൾ കിട്ടിയാൽ ഉടനെ അന്വേഷിക്കാനും നടപടിയെടുക്കാനുമാണ്. അതിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നുണ്ട്. സർ, സ്യൂട്ട് സെൽ ഉണ്ട്. അതുപോലെതന്നെ ഓഫീസുകളിൽ പോയി പരിശോധിക്കാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അതിന്റെയൊക്കെ അടിസ്ഥാനത്തിൽ അഴിമതി കുറയ്ക്കാനുള്ള, കുറയാനുള്ള സാഹചര്യങ്ങൾ ഉണ്ടായിട്ടുണ്ട്. അത് കുറഞ്ഞുകൊണ്ടുവരുകയാണ്; കുറയ്ക്കാൻ ശ്രമിക്കുകയാണ്. ജനപ്രതിനിധികളും നാട്ടുകാരും സഹകരിച്ചാൽമാത്രമേ ഇത് പൂർണ്ണമായിട്ട് ഇല്ലാതാക്കാൻ നമുക്ക് സാധിക്കൂ. അതിനുവേണ്ടിയുള്ള നടപടികൾ ഞങ്ങൾ ആരംഭിച്ചിട്ടുണ്ട്. എല്ലാ സ്ഥലത്തും അതിന് അനുകൂലമായ നല്ല പ്രതികരണമാണെന്നാണ് എനിക്ക് തോന്നിയിട്ടുള്ളത്. ഇവിടെ പറയുന്നതിൽനിന്നു വ്യത്യസ്തമായി മെമ്പർമാർ നേരിട്ട് പറയുമ്പോഴുണ്ടാകുന്ന അനുഭവം വ്യത്യസ്തമായിട്ടാണ് എനിക്ക് തോന്നിയിട്ടുള്ളത്. സർ, പിന്നെ പരിഹരിക്കാതെ കിടന്ന കുറെയേറെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി നിതാന്ത ജാഗ്രതയോടുകൂടി പ്രവർത്തിക്കാൻ ഞങ്ങൾ ശ്രമിച്ചു. കഴിഞ്ഞ നിയമസഭയിൽ നമ്മൾ പാസ്സാക്കിയ കാരായ്മ കുടിയാന്മാരുടെ പ്രശ്നം 1957-ൽ തുടങ്ങിയതാണ്. പരിഹരിക്കാതെ കിടന്ന ഒരു പ്രശ്നമാണ് അത്. മലപ്പുറം ജില്ലയിലെ ചില മേഖലകളിലും കോഴിക്കോട് ജില്ലയിലുമുള്ള ഈ പ്രശ്നം വീണ്ടും ഈ നിയമസഭയിൽ കൊണ്ടുവരാൻ ഇടവരാത്ത രീതിയിൽ, അതിന്റെ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാക്കി, പഴുതുകൾ അടച്ച്, ആ നടപടികൾ പൂർത്തിയാക്കി. ഈ മാസംതന്നെ കാരായ്മയുമായി ബന്ധപ്പെട്ട കുടിയാന്മാർക്ക് മുഴുവൻ പട്ടയം കൊടുക്കാൻ പോവുകയാണ്. അതിന്റെ നടപടികൾ അവിടെ ആരംഭിച്ചു. ഈ ജൂലൈ മാസം 30-ാം തീയതിക്കുമുമ്പായി ഈ കാരായ്മ കുടിയാന്മാർക്ക് പട്ടയം കൊടുക്കും. സർ, ആദിവാസികളുടെ പ്രശ്നം നമ്മൾ എത്രയോ പ്രാവശ്യം ചർച്ച ചെയ്തതാണ്. അതിന്റെ തലവേദനയുമായി കഴിഞ്ഞ അഞ്ചുകൊല്ലം കഴിഞ്ഞയാളാണ് ശ്രീ. കെ.എം. മാണി. ആ പ്രശ്നത്തിന് ശാശ്വതമായ പരിഹാരമുണ്ടാക്കുന്നതിന് നമ്മൾ ഒന്നിച്ചു തന്നെ തീരുമാനിച്ചു. ഈ ജൂലൈ മാസം 10-ാം തീയതി മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും സാമൂഹ്യരംഗത്ത് പ്രവർത്തിക്കുന്നവരുമൊക്കെ പങ്കെടുത്തുകൊണ്ട് ഒരു വലിയ മഹാമേളയായിട്ട് അവർക്ക് പട്ടയം കൊടുക്കാൻ പോവുകയാണ്. ഭൂമി നഷ്ടപ്പെട്ടവർക്ക് ഭൂമി കൊടുക്കുന്നു, ഭൂമിയില്ലാത്തവർക്ക് ഭൂമി കൊടുക്കുന്നു, ഒരേക്കറിൽത്താഴെ ഭൂമിയുള്ളവർ എത്രയാണോ അവർക്ക് ഭൂമി കൊടുക്കണമെന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അതിന്റെ തുടക്കം കുറിക്കുകയാണ്. അതിന്റെ തുടക്കമെന്ന നിലയിൽ ഏകദേശം 1500 ഏക്കർ ഭൂമി ഈ മാസം 10-ാം തീയതി അവിടെ കൊടുക്കാൻ പോവുകയാണ്. അതു കഴിഞ്ഞാൽ ഇടുക്കിയിൽ ജൂലൈയിൽത്തന്നെ ഭൂമി കൊടുക്കും. വിവിധ ജില്ല

LIBRARY ARCHIVES Kerala Legislative Assembly

കളിൽ അതിനുവേണ്ടി ഭൂമി കണ്ടുവച്ചിട്ടുണ്ട്. 1971-ൽ സഹകാര്യവനം ഏറ്റെടുക്കുമ്പോൾ അതിലൊരു പ്രധാന നിബന്ധനയുണ്ടായിരുന്നത് ഭൂരഹിതർക്ക് കൃഷിചെയ്യുന്നതിനുവേണ്ടി ഇത് വിതരണം ചെയ്യണമെന്നാണ്.

<u>ശ്രീ. എ. കണാരൻ</u> : നേരത്തേ പറഞ്ഞ ആ മഹാമേളയിൽ യൂണിയൻകാരെ ക്ഷണിക്കുമോ?

റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. കെ.ഇ. ഇസ്മയിൽ)</u> : യൂണിയൻകാരെ മുഴുവൻ ക്ഷണിക്കും. കണാരേട്ടൻ കർഷകത്തൊഴിലാളി യൂണിയന്റെ ഒരു നേതാവാണ്. അതിന്റെ ഭാഗമായിട്ട് ക്ഷണിക്കാം. അല്ലെങ്കിൽത്തന്നെ എനിക്ക് ക്ഷണിക്കണമല്ലോ. അതുകൊണ്ട് തീർച്ചയായും ക്ഷണിക്കും.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : ശ്രീ. സി.കെ. ചന്ദ്രപ്പനെ കൂടെ ക്ഷണിക്കണം.

റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. കെ.ഇ. ഇസ്മയിൽ)</u> : ഏതായാലും ഏറെക്കാലത്തെ നമ്മുടെ ഒരു കൂട്ടായ്മയുടെ ഫലമായി ഈ പ്രശ്നത്തിന് ഒരു പരിഹാരം കാണാൻ പോവുകയാണ്. അത് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് ദീർഘകാലമായ നമ്മുടെ പരിശ്രമത്തിന്റെ ഭാഗമാണ്. എന്തായാലും കഴിയുന്നതുംവേഗം അത് പരിഹരിക്കാൻ പോവുകയാണ്. ആ നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. അതുപോലെതന്നെ മലയോരകർഷകരുടെ പട്ടയത്തിന്റെ പ്രശ്നം ഞാൻ ഇന്നലെ വിശദമായി ഇവിടെ സംസാരിച്ചതാണ്. ആ പ്രശ്നത്തിലും ഇനിയേറെ നമ്മൾ കാത്തിരിക്കേണ്ടി വരികയില്ല. കോടതിയിൽ നടക്കുന്ന പ്രശ്നങ്ങളായതുകൊണ്ട് അതിന്റെ വിശദാംശങ്ങൾ പറയുന്നില്ല. വളരെ ഗൗരവമായിത്തന്നെ ഗവൺമെന്റ് ഈ പ്രശ്നത്തിൽ സമയാസമയങ്ങളിൽ ഇടപെടുകയും അതിനാവശ്യമായ നടപടികൾ എടുക്കുകയും ചെയ്തിട്ടുണ്ട്. എന്റെ പ്രതീക്ഷ, കഴിയുന്നതും വേഗംതന്നെ, ഈ വർഷത്തിൽത്തന്നെ അവർക്ക് പട്ടയം നൽകാൻ കഴിയുമെന്നാണ്. ഇപ്പോൾ നമുക്ക് കേന്ദ്രഗവൺമെന്റിൽ നിന്ന് അനുമതി കിട്ടിയ അഞ്ചു ജില്ലകളിൽ 25,000 ഹെക്ടർ ഭൂമിയും ഇടുക്കി ജില്ലയിലാണ്. അവർക്ക് പട്ടയം നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷ. കോടതിയിൽനിന്ന് അത് ക്ലിയർ ചെയ്ത് കിട്ടാൻ പോവുകയാണ്. സർ, ഇവിടെ ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ച സുഹൃത്തുക്കൾ പറഞ്ഞ ഒരുപാട് പ്രശ്നങ്ങളുണ്ട്. ആ പ്രശ്നങ്ങൾ ഓരോന്നോരോന്നായി ഞാൻ വിശദീകരിക്കുന്നില്ല.

<u>ശ്രീ. കെ.സി. ജോസഫ്</u> : അങ്ങ് മുൻകൈയെടുത്ത് പാസ്സാക്കിയ കുടിയൊഴിപ്പിക്കൽ നിരോധനനിയമത്തിന്റെ പശ്ചാത്തലമുണ്ട്. കണ്ണൂരിലെ വടക്കേക്കളം അടക്കമുള്ള പ്രദേശത്തെ കൃഷിക്കാരുടെ പ്രശ്നമാണ് അത്. ആ നിയമത്തിന്റെ കാലാവധി 1999 മാർച്ച് മാസം കഴിഞ്ഞു. ഇപ്പോൾ വീണ്ടും വടക്കേക്കളം ഉൾപ്പെടെയുള്ള പ്രദേശങ്ങളിലെ കൃഷിക്കാർ കുടിയൊഴിപ്പിക്കൽ ഭീഷണിയിലാണ്. അവർക്ക് ആവശ്യമായ സംരക്ഷണം കൊടുക്കും, അവർക്ക് കൈവശഭൂമിയിൽ അവകാശം നൽകുമെന്ന് അങ്ങ് ഈ സഭയിൽ പലവട്ടം പറഞ്ഞതാണ്. ഇപ്പോൾ ആ കാര്യത്തെക്കുറിച്ച് ഒന്നും പറഞ്ഞുകേൾക്കുന്നില്ല. അതിനെക്കുറിച്ച് വ്യക്തമാക്കുമോ?

റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. കെ.ഇ. ഇസ്മയിൽ)</u> : സർ, അതിനെക്കുറിച്ച് ഞാൻ പിന്നെ പറയാം. ഇവിടെ ബഹുമാനപ്പെട്ട മെമ്പർമാർ ഉന്നയിച്ച ഓരോ പ്രശ്നത്തെ സംബന്ധിച്ചും ഞാൻ വിശദീകരിച്ച് പറയുന്നില്ല. എനിക്ക് സമയം അരമണിക്കൂറാണ്. എന്നാൽ അതിൽ ചില പ്രധാനപ്പെട്ട പ്രശ്നങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ പറയേണ്ടതുണ്ട്. ശ്രീ. വി.ജെ. പൗലോസും മറ്റു ചില സുഹൃത്തുക്കളും ഇവിടെ സംസാരിച്ചപ്പോൾ കാലവർഷക്കെടുതിയുടെ കാര്യത്തിൽ കേന്ദ്രഗവൺമെന്റിനോട് സാമ്പത്തിക സഹായം ആവശ്യപ്പെട്ടില്ല, സമയാസമയങ്ങളിൽ ആവശ്യപ്പെടാത്തതുകൊണ്ട് പണം അനുവദിച്ചില്ല എന്നൊക്കെ പറഞ്ഞു. കഴിഞ്ഞ കാലവർഷക്കെടുതിയിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇടപെട്ടതുകൊണ്ടാണ് 50 കോടി രൂപ അനുവദിച്ചതെന്ന് ആക്ഷേപമായിത്തന്നെ പറയുകയുണ്ടായി. അതൊക്കെ വസ്തുതകൾക്ക് നിരക്കാത്ത കാര്യങ്ങളാണ്. ഇപ്പോഴും എപ്പോഴും സംസ്ഥാന ഗവൺമെന്റ് ഇവിടെ കാലവർഷക്കെടുതിയിലുണ്ടാകുന്ന സംഭവങ്ങൾ കേന്ദ്രഗവൺമെന്റിനെ അതാത് സമയങ്ങളിൽ അറിയിക്കുന്നുണ്ട്. ഇവിടെ ആളുകൾ മരിച്ചാൽ കൃത്യമായി ആ വിവരം കേന്ദ്രഗവൺമെന്റിനെ അറിയിക്കാറുണ്ട്. അതനുസരിച്ച് അവർക്ക് 50,000 രൂപവച്ച് കേന്ദ്രഗവൺമെന്റ് കൊടുക്കാറുണ്ട്. കഴിഞ്ഞവർഷവും വളരെ ഗുരുതരമായ കാലവർഷക്കെടുതിയുണ്ടായ സാഹചര്യത്തിൽ കേന്ദ്രഗവൺമെന്റിന്റെ സഹായം വേണമെന്ന് ആവശ്യപ്പെട്ടുകൊണ്ട്, അതിന്റെ വിശദാംശങ്ങൾ തയ്യാറാക്കി 962.13 കോടി രൂപയുടെ സഹായം നമുക്കുണ്ടാകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മുഖ്യമന്ത്രിതന്നെ പ്രധാനമന്ത്രിയെ കണ്ടു. അതിനുശേഷം ഞാനും ബഹുമാന്യരായ പി.ജെ. ജോസഫും കെ. രാധാകൃഷ്ണനും കൃഷ്ണൻ കണിയാംപറമ്പിലും ഒന്നിച്ചുപോയി പ്രധാനമന്ത്രിയെയും കൃഷിവകുപ്പുമന്ത്രിയെയും കണ്ട് സംസാരിച്ചതാണ്. പ്രതിപക്ഷനേതാവും പാർലമെന്റ് മെമ്പർമാരുമൊക്കെത്തന്നെ ഈ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് പ്രധാനമന്ത്രിയേയും മറ്റും പോയി കണ്ടിരുന്നു. പക്ഷെ അതിന്റെ അടിസ്ഥാനത്തിൽ ഒരു സാമ്പത്തിക സഹായവും നമുക്ക് കിട്ടിയിട്ടില്ല. തെറ്റിദ്ധാരണകൾ ഉണ്ടാകരുതെന്നുള്ളതുകൊണ്ട് പറയുകയാണ്, 50 കോടി രൂപ നമുക്ക് അനുവദിച്ചത് പ്ലാൻ ഫണ്ടിൽനിന്ന് അഡ്വാൻസായിട്ട് തന്നതാണ്. അത് ഇക്കൊല്ലം വെട്ടിക്കുറച്ചു. അതുകൊണ്ട് അഡ്വാൻസ് തന്നതൊക്കെ നമുക്ക് സാമ്പത്തിക സഹായം തന്നതാണെന്ന നിലയിൽ എടുക്കരുത്. നമുക്ക് ഓരോ വർഷവും കലാമിറ്റി റിലീഫ് ഫണ്ടിൽ അനുവദിച്ചുകിട്ടുന്ന പൈസ മൂന്നോ നാലോ തവണകളായിട്ടാണ് കിട്ടുന്നത്. ആ അടിസ്ഥാനത്തിൽത്തന്നെയാണ് എല്ലാ വർഷവും തരാറുള്ളത്. കഴിഞ്ഞ വർഷവും അങ്ങനെ തന്നെയാണ് തന്നത്. നമുക്ക് കാലവർഷക്കെടുതിക്ക് ധനകാര്യ കമ്മീഷന്റെ ശുപാർശയനുസരിച്ച് കിട്ടുന്നതിനുപുറമേ ഐക്യമുന്നണി ഗവൺമെന്റ് ഉണ്ടായിരുന്ന സന്ദർഭത്തിൽ കൃഷിവകുപ്പുമന്ത്രിയായിരുന്ന ശ്രീ. ചതുരാനൻ മിശ്ര മുൻകൈയെടുത്തുകൊണ്ട് 12.5 കോടി രൂപ അനുവദിച്ചു തന്നതാണ് ഈ ഗവൺമെന്റ് വന്നതിനുശേഷം അഡീഷണലായിട്ട് കിട്ടിയത്. കഴിഞ്ഞ കുറേ വർഷത്തെ കാര്യം എടുത്താലും അതാണ് നമ്മുടെ അനുഭവം. ഇതിനേക്കാൾ വലിയ നാശനഷ്ടങ്ങൾ നമ്മുടെ സംസ്ഥാനത്ത് ഉണ്ടായിട്ടുണ്ട്. ശ്രീ. കെ. കരുണാകരൻ മുഖ്യമന്ത്രിയായിരുന്ന സമയത്തുണ്ടായിട്ടുണ്ട്. ശ്രീ. ആന്റണി മുഖ്യമന്ത്രിയായിരുന്ന സമയത്തും ഉണ്ടായിട്ട്, നിങ്ങളൊക്കെ ഇരിക്കുന്ന സന്ദർഭത്തിലുമുണ്ടായിട്ടുണ്ട്. നമുക്കൊന്നും അന്ന് പത്തു പൈസ കിട്ടിയിട്ടില്ല. അതുകൊണ്ട് വസ്തുതകൾ നമ്മൾ അറിയാതെ ഇങ്ങനെ പറയുന്നതിൽ ഒരു അർത്ഥവുമില്ല. ഇപ്പോൾ കേന്ദ്രത്തിന്റെ സാമ്പത്തിക സഹായം ആവശ്യപ്പെടേണ്ടതില്ലെന്ന് ഞാൻ തന്നെ പറയാൻ ഇടവന്നത്, ഈ വർഷത്തെ കാലവർഷക്കെടുതിയുടെ അടിസ്ഥാനത്തിൽ നമുക്ക് 65 കോടി രൂപ കിട്ടുമെന്നതാണ്. ആ 65 കോടി രൂപ ഇപ്പോൾ നമ്മുടെ കൈയിലുണ്ട്. കേന്ദ്ര ഗവൺമെന്റിനോട് ഇപ്പോൾ ആവശ്യപ്പെട്ടാലും നമ്മുടെ കൈവശമുള്ള

LIBRARY ARCHIVES Kerala Legislative Assembly

മുഴുവൻ പൈസയും തീർന്നാൽമാത്രമേ ആ പ്രശ്നത്തിന് അവർ സഹായം ചെയ്യുകയുള്ളൂ. അതുകൊണ്ട് ഇപ്പോൾ ആൾ മരിച്ചാലും വീട് നഷ്ടപ്പെട്ടാലും ദുരിതാശ്വാസ ക്യാമ്പുകളിൽ കൊടുക്കേണ്ട സഹായമായാലും ഒക്കെത്തന്നെ ഒരു വീഴ്ചയുമില്ലാതെ സാമ്പത്തിക സഹായം ചെയ്യുന്നതിനുള്ള ഫണ്ട് സംസ്ഥാന ഗവൺമെന്റിന്റെ കൈയിലുണ്ട്. അതുകൊണ്ടാണ് കേന്ദ്ര ഗവൺമെന്റിനോട് സാമ്പത്തികസഹായം ആവശ്യപ്പെടേണ്ടതില്ലെന്ന് പറഞ്ഞത്.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : യു.എഫ്. ഭരണകാലത്ത് ശ്രീ. ചതുരാനൻ മിശ്ര മന്ത്രിയായിരിക്കുമ്പോൾ 12.5 കോടി രൂപ കിട്ടിയതല്ലാതെ ഈ സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ശ്രീമാൻ കരുണാകരനോ ആന്റണിയോ ആർ മുഖ്യമന്ത്രിയായിരുന്നപ്പോഴും ഒരു പൈസയും കിട്ടിയിട്ടില്ലെന്ന് പറഞ്ഞു. ശ്രീ. കെ. കരുണാകരൻ മുഖ്യമന്ത്രിയായിരുന്ന, ശ്രീ. പി.ജെ. ജോസഫ് റവന്യൂ വകുപ്പു മന്ത്രിയായിരുന്ന കാലഘട്ടത്തിൽ 150 കോടി രൂപയുടെ സഹായം കേന്ദ്രത്തിൽനിന്ന് ലഭിച്ചുവെന്നുമാത്രമല്ല, അത് ദുരിതാശ്വാസത്തിനുവേണ്ടി ചെലവുചെയ്ത് മിച്ചംവന്നിട്ട് വില്ലേജാഫീസ് കെട്ടിടങ്ങൾ വരെ ഉണ്ടാക്കിയ സംസ്ഥാനമാണ് ഈ കേരളമെന്ന് അങ്ങ് ഓർക്കണം.

റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. കെ.ഇ. ഇസ്മയിൽ)</u> : കഴിഞ്ഞ അഞ്ചുകൊല്ലക്കാലം ശ്രീ. കരുണാകരനും, ആന്റണിയും ഇവിടെ ഉണ്ടായിരുന്നപ്പോഴും ഇതൊക്കെ സംഭവിച്ചുവെന്നാണ് ഞാൻ പറഞ്ഞത്. 1982-ലെ അനുഭവങ്ങളാണ് പറഞ്ഞത്. ഇതിലേറെ നാശനഷ്ടങ്ങളുണ്ടായിട്ടും കഴിഞ്ഞ പത്തുപതിനഞ്ചുവർഷക്കാലം നമുക്ക് ഒരു നയാപൈസയും കിട്ടിയിട്ടില്ലെന്നാണ് ഞാൻ പറഞ്ഞത്.

<u>ശ്രീ. കെ.എം. മാണി</u> : ഞങ്ങളുടെ കാലത്ത് സമയാസമയങ്ങളിൽ മെമ്മോറാണ്ടം കൊടുക്കുകയും പണം കിട്ടുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ ഇത് കേന്ദ്രഗവൺമെന്റിനെ അറിയിക്കുന്നില്ല.

റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. കെ.ഇ. ഇസ്മയിൽ)</u> : വെറുതെ പാഴ്വാക്കുകൾ പറയരുത്. നമ്മൾ തമ്മിൽ വേണമോ ഇത്? അത് ആവശ്യമില്ല. നിങ്ങൾ പറയുന്നതെല്ലാം അങ്ങനെയാണെന്ന് ജനങ്ങൾ ധരിക്കാൻ ഇടവരും. അതുകൊണ്ട് അങ്ങനെ പറയരുത്.

ഇടുക്കി ജില്ലയിൽ വീടുകൾ പോയതിന് പൈസ കൊടുത്തിട്ടില്ല എന്ന് ഇവിടെ ശ്രീ. പി.പി. സുലൈമാൻ റാവുത്തർ പറഞ്ഞു. എനിക്ക് മൊത്തത്തിൽ ഒരു കാര്യം പറയാനുള്ളത് വർഷാവർഷം ഓരോ ജില്ലയ്ക്കും ഞങ്ങൾ മുൻകൂറായിട്ടാണ് പൈസ കൊടുക്കുന്നത് എന്നാണ്. കാലവർഷക്കെടുതി ആരംഭിക്കുന്നതിനുമുമ്പുതന്നെ ഞങ്ങൾ എല്ലാ ജില്ലയ്ക്കും പൈസ കൊടുത്തു. കാലവർഷക്കെടുതി ആരംഭിച്ചതിനുശേഷം ഓരോ ജില്ലയുടെയും സാഹചര്യങ്ങൾ കണക്കാക്കി ആവശ്യമായ ഫണ്ടും കൊടുത്തു. അങ്ങനെ അഞ്ചു ജില്ലകളിൽ അമ്പതുലക്ഷം രൂപവച്ച് വീണ്ടും കൊടുത്തു. ഒന്നാം തീയതി കാലവർഷക്കെടുതി ഉണ്ടായിട്ട് പതിമൂന്നാം തീയതിയാണ് തഹസീൽദാർക്ക് പണം കിട്ടിയത് എന്ന് ശ്രീ. വേണുഗോപാൽ ഇവിടെ പറഞ്ഞു. അതൊക്കെ അന്വേഷിക്കേണ്ട കാര്യമാണ്. പണം ഗവൺമെന്റ് കൊടുക്കുന്നതിൽ വന്ന കാലതാമസം കൊണ്ടല്ല, പ്രദേശികമായ ഏതെങ്കിലും കാരണങ്ങളും കാലതാമസത്തിനു കാരണമാകും, മനസ്സിലാക്കാൻവേണ്ടി ഞാൻ പറഞ്ഞതാണ്. നമ്മൾ മുൻകൂറായി എല്ലാ ജില്ലകൾക്കും പണം കൊടുത്തിട്ടുണ്ട്. കാലവർഷക്കെടുതി ഉണ്ടായാലും വരൾച്ച ഉണ്ടായാലും നമ്മൾ കൈക്കൊള്ളേണ്ട നടപടിക്രമം ഈ ഗവൺമെന്റ് വന്നതിനുശേഷവും അങ്ങനെ തന്നെയാണ്. നമ്മുടെ ഫണ്ടിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ലഭ്യതയനുസരിച്ച് പണം അനുവദിക്കാറുണ്ട്. കഴിഞ്ഞ കൊല്ലവും അതിനു മുമ്പത്തെ കൊല്ലവും ഫണ്ട് കൊടുത്തിട്ടുണ്ട്. നമ്മുടെ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മുൻകൂട്ടി ഫണ്ട് അനുവദിക്കുകയാണ് ചെയ്യാറ്. ഈ പണം അനുവദിക്കുന്നത് ജില്ലാകളക്ടർക്കാണ്. ഒരു പ്രദേശത്ത് എത്ര വീടുകൾ നഷ്ടപ്പെട്ടു എത്ര ആളുകൾ മരിച്ചു ആർക്കൊക്കെ എത്ര നഷ്ടമുണ്ടായി; എത്ര പണം കൊടുക്കണം എന്നൊക്കെ പരിശോധിക്കുന്നത് റവന്യൂ വകുപ്പാണ്. ആ റവന്യൂ സംവിധാനം ജനപ്രതിനിധികളുമായി ബന്ധപ്പെടുത്തിയിട്ടുള്ളതാണ്. സമയാസമയങ്ങളിൽ അതാതു പ്രദേശങ്ങളിലെ സംവിധാനത്തോടൊപ്പം നിന്നുകൊണ്ട് പണം വാങ്ങി നാശനഷ്ടമുണ്ടാകുന്നവർക്ക് കൊടുക്കുന്ന പ്രവർത്തനം നടത്തുകയാണ് ജനപ്രതിനിധികളുടെ മുഖ്യമായ ജോലി. ആ ജോലി ചെയ്യാതെ ഇവിടെ വന്ന് ആക്ഷേപം പറയുന്നതിൽ ഒരു അർത്ഥവുമില്ല. അങ്ങനെ എവിടെയെങ്കിലും കുടിശ്ശിക ഉണ്ടെങ്കിൽ യഥാസമയം മനസ്സിലാക്കാൻ അത് ഉടൻ കൊടുക്കും. കഴിഞ്ഞ പീരിയഡിലേക്ക് പൈസ കിട്ടാനുണ്ടെന്നു പറഞ്ഞു. 30.6.1999-ൽ 40 ലക്ഷം രൂപ ഇടുക്കിയിൽ കൊടുത്തു. പണം ആവശ്യപ്പെടുന്ന മുറയ്ക്കുതന്നെ ഓരോ ജില്ലയ്ക്കും കൊടുക്കുന്നുണ്ട്. പൈസ ഇല്ലാത്തതുകൊണ്ട് ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാകാൻ പാടില്ല എന്ന് കർശനമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്. എന്നാലും ഏതെങ്കിലും പ്രദേശങ്ങളിൽ വീഴ്ചയുണ്ടാകാം. ഇതൊക്കെ മനുഷ്യൻ നിർവ്വഹിക്കുന്ന കാര്യങ്ങളാണ്. ഈ രീതിയിൽ ശ്രദ്ധയിൽപ്പെടുത്തിയാൽ അത് പരിശോധിക്കാം; പരിഹാരമുണ്ടാക്കാനും ശ്രമിക്കാം. മൂന്നു കോടി ജനങ്ങൾ ജീവിക്കുന്ന ഈ സംസ്ഥാനത്ത് ഏതെങ്കിലും ഒരു പ്രദേശത്ത് വീട് നഷ്ടപ്പെട്ടതിന് നഷ്ടപരിഹാരം കിട്ടിയില്ല എന്നുള്ള കാര്യം മൂന്നു നാലുമാസം മനസ്സിൽ വച്ചതിനുശേഷം ഈ നിയമസഭയിൽവന്ന് പറയുന്നതുകൊണ്ട് പരിഹാരമുണ്ടാവുകയില്ല. പരിഹാരമുണ്ടാകാനുള്ള മാർഗ്ഗങ്ങൾ സ്വീകരിച്ചുകഴിഞ്ഞാൽ അതാതു അവസരങ്ങളിൽത്തന്നെ അതിനു പരിഹാരമുണ്ടാകും. പൊതുവേ ആക്ഷേപമില്ലാത്ത രീതിയിൽ ജനപ്രതിനിധികളുമായി ബന്ധപ്പെട്ടുകൊണ്ട് ഈ കാര്യങ്ങൾ ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥന്മാർ അതാതു ജില്ലകളിൽ നിർവ്വഹിക്കുന്നു എന്നാണ് ഞങ്ങളുടെ ധാരണ. അല്ലാതെ എന്തെങ്കിലും സംഭവിക്കുന്നെങ്കിൽ അതു ശ്രദ്ധയിൽപ്പെടുത്താനുള്ള ബാദ്ധ്യത ജനപ്രതിനിധികൾക്കുണ്ട്. ജനപ്രതിനിധികളുടെ ഉത്തരവാദിത്വം നിങ്ങൾ നിർവ്വഹിക്കാതെ മറ്റാരുടെയെങ്കിലും തലയിൽ ആ വീഴ്ചകൾ കെട്ടിവയ്ക്കാൻ ശ്രമിക്കരുത്.

<u>ശ്രീ. കെ.സി. വേണുഗോപാൽ</u> : സർ, ഈ കാര്യങ്ങൾ ജനപ്രതിനിധികൾ ശ്രദ്ധയിൽപ്പെടുത്തണമെന്ന് അങ്ങ് ഇവിടെ സൂചിപ്പിച്ചു. ബഹുമാനപ്പെട്ട മന്ത്രിക്ക് ഞാൻ എഴുതിത്തന്നു എന്ന് ഞാൻ പറഞ്ഞു. ആലപ്പുഴ ജില്ലയിൽ കഴിഞ്ഞ വർഷം വീട് നഷ്ടപ്പെട്ടവർക്കുപോലും പണം കൊടുത്തിട്ടില്ല. ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ അടക്കം കൊടുത്തിട്ടില്ല. ഈ വർഷം വീടുകൾ നഷ്ടപ്പെട്ടവരുടെ കണക്കെടുത്തു തീർന്നിട്ടില്ല, കഴിഞ്ഞ ഒരു മാസമായിട്ട്. കണക്കെടുത്തു തീരാൻ ഇനിയും ഒന്നുരണ്ട് ആഴ്ചകൾ കഴിയുമെന്നാണ് ഞാൻ ഇന്ന് രാവിലെ തഹസീൽദാരുമായി ബന്ധപ്പെട്ടപ്പോൾ പറഞ്ഞത്. താലൂക്ക് സഭ കൂടി ഈ കാര്യങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്.

<u>ശ്രീ. കെ.ഇ. ഇസ്മയിൽ</u> : ഞാൻ പറഞ്ഞത് അവിടത്തെ മാത്രം പ്രശ്നമല്ല. പൊതുവെയാണ്. ഇതുപോലെ ഏതെങ്കിലും പ്രദേശങ്ങളിൽ പഴയ കുടിശ്ശിക കൊടുക്കാൻ ബാക്കിയുണ്ടെങ്കിൽ തീർച്ചയായും ശ്രദ്ധയിൽപ്പെടുത്തിയാൽ ഉടൻതന്നെ അന്വേഷണം നടത്തും; ആവശ്യമായ നടപടിയെടുക്കും;

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കാനുള്ള കാശ് ഉടൻ കൊടുക്കുന്നതാണ്. പിന്നെ ഇവിടെ പറഞ്ഞ റേഷന്റെ കാര്യം. കഴിഞ്ഞ നിയമസഭയിൽ ഈ പ്രശ്നം വന്നതാണ്. ഞാൻ നിയമസഭയിൽ പ്രഖ്യാപിച്ചതാണ് ആലപ്പുഴ ജില്ലയിൽ, വിശേഷിച്ചും ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക്, ഒരാഴ്ചത്തെ സൗജന്യ റേഷൻ കൊടുക്കു മെന്ന് നിയമസഭയിൽ അനൗൺസ് ചെയ്തതാണ്. ഒരു ശനിയാഴ്ച സൗജന്യ റേഷൻ വിതരണം ആരംഭിച്ചാൽ, അത് ആർക്കും കിട്ടിയില്ല എന്ന ആക്ഷേപം വരാൻ ഇടയാകും. ഒരാഴ്ചയും റേഷൻ കൊടുക്കാനുള്ള നടപടിയെടുക്കണ മെന്നു പറഞ്ഞിരുന്നു. ആളുകളെ ഐഡന്റിഫൈ ചെയ്ത് അടിയന്തിരമായി സൗജന്യറേഷൻ കൊടുക്കാൻ നടപടിയെടുക്കണമെന്ന് പറഞ്ഞ് പ്രത്യേകം നിർദ്ദേശം കൊടുക്കുകയും അതിന് ആവശ്യമായ ഫണ്ട് കൊടുക്കാൻ ഏർപ്പാട് ചെയ്യുകയും ചെയ്തതാണ്. അത് കൊടുക്കാത്തതിന്റെ വീഴ്ച എന്താണെന്ന് തീർച്ചയായും അന്വേഷിക്കും. ഇതുവരെ കൊടുത്തിട്ടില്ലെങ്കിൽ ഒരുദിവസംപോലും വൈകാതെ സൗജന്യറേഷൻ കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

<u>ശ്രീ. എ.കെ. ആന്റണി</u> : സർ, ഇവിടെ ജനപ്രതിനിധികൾ അന്വേഷിച്ച് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തണമെന്നു പറഞ്ഞു. ഞാനും ഒരു ജനപ്രതി നിധിയാണ്. ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയാണ് കാരണം. ജനപ്രതിനിധികൾ തക്ക സമയത്ത് കാര്യങ്ങൾ ഗവൺമെന്റിനെ അറിയിക്കാ ത്തതുകൊണ്ടാണ് സൗജന്യ റേഷൻ കൊടുക്കാൻ വീഴ്ച വന്നത് എന്നാണ് അങ്ങ് പറഞ്ഞതിന്റെ സൂചന. ആലപ്പുഴ, ചേർത്തല പ്രദേശങ്ങൾ ഉൾപ്പെടെ യുള്ള തീരപ്രദേശങ്ങളിൽ വെള്ളപ്പൊക്കമുണ്ടായി. സമീപകാലത്തൊന്നും ഞാൻ കാണാത്ത രീതിയിലുള്ള കൊടുംപട്ടിണിയിലായി ആ പ്രദേശങ്ങളിലെ ജനങ്ങൾ. ജനങ്ങൾ കൊടുംപട്ടിണിയിലായശേഷം ഞാൻതന്നെ കളക്ടറോടു സംസാരിച്ചു. കളക്ടർ പറഞ്ഞു, മന്ത്രിയുടെ അനുവാദമില്ലാത്തതുകൊണ്ടാണ് കൊടുക്കാത്തത് എന്ന്. ജൂൺ 15-ാം തീയതി രാവിലെ ഞാൻതന്നെ അങ്ങയെ ഫോണിൽ വിളിച്ച് പറഞ്ഞു - എന്റെ അനുഭവത്തിൽ സമീപകാലത്തൊന്നും ആ പ്രദേശത്ത് ഇത്രയും വ്യാപകമായ കൊടുംപട്ടിണി ഉണ്ടായിട്ടില്ല; അതു കൊണ്ട് രണ്ടാഴ്ചത്തെ സൗജന്യറേഷൻ കൊടുക്കണമെന്നു പറഞ്ഞു. നട ന്നില്ല. 22-ാം തീയതി ഇവിടെ ജനറൽ അഡ്മിനിസ്ട്രേഷൻ ചർച്ചയ്ക്കിടയിൽ സൂചിപ്പിച്ചു. കാളിംഗ് അറ്റൻഷനു മറുപടിയായി പറഞ്ഞു, കളക്ടർമാരുടെ മീറ്റിംഗ് 20-ാം തീയതി വിളിച്ചിരുന്നു; അതുകൊണ്ട് അർഹതപ്പെട്ട എല്ലായി ടത്തും സൗജന്യ റേഷൻ ഉടൻ കിട്ടുമെന്നു പറഞ്ഞു. അതുകഴിഞ്ഞ് പിന്നെയും ഒരാഴ്ച കഴിഞ്ഞു. അങ്ങ് ഈ നിയമസഭയിൽ ഇല്ലാതിരുന്ന അവ സരത്തിൽ അങ്ങയുടെ ചാർജ്ജ് വഹിച്ചുകൊണ്ട് അങ്ങേക്കുവേണ്ടി മറുപടി പറഞ്ഞ ശ്രീ. ചന്ദ്രശേഖരൻ നായരോടു പറഞ്ഞു. ആ ദിവസംവരെ റേഷൻ കൊടുത്തിട്ടില്ല എന്നു പറഞ്ഞു. അദ്ദേഹം അന്വേഷിച്ചു; അതു സത്യമാണ്; വെള്ളപ്പൊക്കമുണ്ടായി മുപ്പത്തഞ്ചു ദിവസത്തോളം കഴിഞ്ഞു എന്ന് പറഞ്ഞു. സൗജന്യ റേഷൻ കൊടുക്കുക എന്നു പറഞ്ഞാൽ അതിനൊരു സമയമുണ്ട്. ആളുകൾ പട്ടിണികൊണ്ട് വിഷമിക്കുന്ന അവസരത്തിലല്ലാതെ രണ്ടുമാസം കഴിഞ്ഞിട്ട് കൊടുത്തിട്ടു കാര്യമില്ല. ഇത്തവണ എന്തോ കാരണത്താൽ, കാരണം എനിക്കറിഞ്ഞുകൂടാ. സൗജന്യ റേഷൻ കൊടുക്കുന്നതിൽ വീഴ്ച വന്നു. സെലക്ഷനിൽ ശ്രീ. വേണുഗോപാൽ പറഞ്ഞതുപോലെ രാഷ്ട്രീയം കടന്നുവന്നിരിക്കുന്നു. അത് അന്വേഷിക്കണം. എല്ലാ വർഷവും സൗജന്യ റേഷൻ കൊടുക്കുന്നതിൽ ഇത്ര വീഴ്ച വന്നിട്ടില്ല. ഓരോ ഘട്ടത്തിലും ഞാൻ മോണിറ്റർ ചെയ്തതാണ്. ഗുരുതരമായ വീഴ്ച എവിടെയോ സംഭവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അത് അന്വേഷിക്കണം. സൗജന്യ റേഷൻ പോലുള്ള അപ്പോഴപ്പോൾ കൊടുക്കേണ്ട ആശ്വാസ നടപടികൾ വൈകാതിരിക്കാൻ മേലിൽ നടപടി സ്വീകരിക്കണം. സൗജന്യ റേഷൻ പോലുള്ള ആശ്വാസ നടപടികൾ എടുക്കുന്നതിൽ വീഴ്ച വരുത്തിയവരുടെ പേരിൽ നടപടി എടുക്കേണ്ടത് ആവശ്യമാണ്.

ശ്രീ. കെ.ഇ. ഇസ്മയിൽ : ഗവൺമെന്റ് ഈ പ്രശ്നം ഗൗരവമായി എടുക്കും. ആവശ്യമാണെങ്കിൽ തീർച്ചയായും നടപടി എടുക്കുകയും ചെയ്യും. ഈ ഗവൺമെന്റിന് അങ്ങനെയൊരു ധാരണ ഉണ്ടായിട്ടില്ല. 20-ാം തീയതി ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾത്തന്നെ കളക്ടർമാരുടെ യോഗം വിളിച്ചുകൂട്ടി. പല സ്ഥലങ്ങളിലും ഇതുപോലെ സൗജന്യ റേഷൻ കൊടുക്കണമെന്ന ആവശ്യം ഉയർന്നുവന്നതുകൊണ്ട് ഒരു പൊതു ചർച്ചയിലൂടെ എവിടെയൊക്കെ സൗജന്യ റേഷൻ കൊടുക്കണമെന്ന് തീരുമാനിച്ച് അനൗൺസ് ചെയ്താൽ മതി എന്ന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് പറയാതിരുന്നത്. പിറ്റെ ദിവസംതന്നെ കളക്ടർമാരുടെ കോൺഫറൻസിന്റെ അടിസ്ഥാനത്തിൽ രണ്ടുമൂന്നു ജില്ലകളിലും തൃശ്ശൂർ-തിരുവനന്തപുരം ജില്ലകളിലെ ചില ആദിവാസി കേന്ദ്രങ്ങളിലും കോട്ടയം, പത്തനംതിട്ട, ആലപ്പുഴ തുടങ്ങിയ ജില്ലകളിലും ജില്ലാകളക്ടർമാർ റിപ്പോർട്ടു ചെയ്ത കേന്ദ്രങ്ങളിൽ സൗജന്യറേഷൻ കൊടുക്കണമെന്ന് നിർദ്ദേശിച്ചതനുസരിച്ച് സാമ്പത്തികമായി വളരെയേറെ ദുരിതമനുഭവിക്കുന്ന മേഖലകളിൽ അത് കൊടുക്കണമെന്ന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ സൗജന്യ റേഷൻ കൊടുക്കാൻ ഗവൺമെന്റ് അന്നുതന്നെ തീരുമാനിച്ചു. അതനുസരിച്ച് നിർദ്ദേശം നൽകി. അതിൽ വീഴ്ച വന്നോ, ആരുടെ ഭാഗത്തുനിന്ന് വീഴ്ച വന്നു എന്നു പരിശോധിക്കും. ഒരു കാര്യം ഞാൻ ഉറപ്പിച്ചു പറയാം. ഇതിലൊന്നും രാഷ്ട്രീയമില്ല. കോൺഗ്രസ്സോ സി.പി.ഐ.-യോ സി.പി.എം.-മോ എന്നു നോക്കിയല്ല. രാഷ്ട്രീയം നോക്കി റേഷൻ കൊടുക്കുന്ന പ്രശ്നമില്ല. അങ്ങനെ ആരെങ്കിലും ശ്രമിച്ചിട്ടുണ്ടെങ്കിൽ അനുവദിക്കാൻ പോകുന്നില്ല; ഞാൻ ഉറപ്പു പറയാം.

ശ്രീ. എ.കെ. ആന്റണി : സൗജന്യ റേഷൻ കൊടുക്കാൻ ഉത്തരവിറക്കി എന്നു പറഞ്ഞു. ആലപ്പുഴ കളക്ടറേറ്റിൽ ഉത്തരവ് കിട്ടിയത് 29-ാം തീയതിയാണ്. 20-ാം തീയതി തീരുമാനമെടുത്തെന്നു പറഞ്ഞു. ഇത്രയും പ്രധാനപ്പെട്ട കാര്യത്തെക്കുറിച്ചുള്ള ഉത്തരവ് അവിടെ എത്തിയപ്പോൾ ഒമ്പതു ദിവസം കഴിഞ്ഞു. നേരത്തേ ജനപ്രതിനിധികൾ അങ്ങയെ പരാതികൾ അറിയിച്ചുകഴിഞ്ഞ് പത്തു ദിവസം കഴിഞ്ഞാണ് കളക്ടർമാരുടെ മീറ്റിംഗ് വിളിച്ചുകൂട്ടിയത്. 20-ാം തീയതി തീരുമാനമെടുത്തിട്ട് പിന്നെ ആ തീരുമാനം പണ്ടത്തെപ്പോലെ കത്തയയ്ക്കലല്ല ഇപ്പോൾ, ഫാക്സ് ഉള്ള സമയമല്ലേ, ടെലഫോണില്ലേ? എന്നിട്ട് 29-ാം തീയതിയാണ് ആ ഉത്തരവ് ആലപ്പുഴ കളക്ടറേറ്റിൽ എത്തിയത്. എന്തു കാര്യക്ഷമതയാണ്!

ശ്രീ. കെ.ഇ. ഇസ്മയിൽ : അതു പരിശോധിക്കാം. സൗജന്യ റേഷൻ കൊടുക്കുന്നതിന് കാലതാമസത്തിന്റെ പ്രശ്നമില്ല. കാരണം കളക്ടർമാരുടെ സാന്നിദ്ധ്യത്തിൽ ഇരുന്ന് ചർച്ച ചെയ്ത് തീരുമാനിച്ച അന്നുതന്നെ ഇവിടെനിന്നും ഫാക്സ് ചെയ്തു. ടെലിഫോണിൽ വിളിച്ചുപറഞ്ഞിട്ടുണ്ട്. ആ കാരണമൊന്നും ഞാൻ അംഗീകരിക്കുന്നില്ല. അതടക്കം നമുക്ക് പരിശോധിക്കാം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : പത്തനംതിട്ട ജില്ലാ കളക്ടർ ശ്രീ. കുമാരൻ, അദ്ദേഹം പറഞ്ഞു സൗജന്യ റേഷൻ കൊടുക്കാനുള്ള ലിസ്റ്റുണ്ട്; പക്ഷെ മുകളിൽനിന്നും പെർമിഷൻ കിട്ടാത്തതുകൊണ്ട് ഞങ്ങൾക്ക് കൊടുക്കാൻ നിവൃത്തിയില്ല എന്ന്. ശ്രീ. കുമാരൻ സാക്ഷിയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.ഇ. ഇസ്മയിൽ : 20-ാം തീയതി കളക്ടർമാരുടെ യോഗം വിളിച്ചുകൂട്ടിയതിന് ശേഷമാണ് തീരുമാനിച്ചത്. ഗവൺമെന്റ് തീരുമാനിച്ചാലേ സൗജന്യ റേഷൻ കൊടുക്കാൻ പറ്റുകയുള്ളൂ. അല്ലാതെ കളക്ടർമാർക്ക് എന്തും ചെയ്യാൻ പറ്റില്ല. ലക്ഷക്കണക്കിന് രൂപയുടെ ബാദ്ധ്യത വരുന്നതല്ലേ? അതുകൊണ്ട് ഇവിടെ നിന്നും തീരുമാനം പത്തനംതിട്ട കളക്ടറെ അറിയിച്ചു. അതിന്റെ പിറ്റേ ദിവസം ആ നടപടി നടപ്പിലാക്കുകയാണ് അവരുടെ ജോലി. അത് അവർ ചെയ്യും. അതിൽ വീഴ്ച വന്നിട്ടുണ്ടെങ്കിൽ പരിശോധിക്കാം, അന്വേഷിക്കാം. അതാണ് എനിക്ക് സൗജന്യ റേഷൻ സംബന്ധിച്ച കാര്യത്തിൽ പറയാനുള്ളത്.. ഗവൺമെന്റ് ആ കാര്യത്തിൽ വീഴ്ച വരുത്തി എന്ന അഭിപ്രായത്തിൽ അല്ല; ഗവൺമെന്റ് തീരുമാനം നടപ്പിലാക്കുന്ന കാര്യത്തിൽ വീഴ്ച വന്നിട്ടുണ്ടെങ്കിൽ പരിശോധിക്കാം. അതുകൊണ്ട് ഗവൺമെന്റ് ഒരു കാര്യത്തിലും വീഴ്ചവരുത്തിയെന്ന് ഒരു അഭിപ്രായത്തിലല്ല ഉത്തരവ് നടപ്പിലാക്കുന്ന കാര്യത്തിൽ വീഴ്ചവന്നിട്ടുണ്ടെങ്കിൽ ഞാൻ അത് പരിശോധിക്കും. അതുപോലെതന്നെ ബഹുമാനപ്പെട്ട കെ.കെ. നായർ സംസാരിച്ചപ്പോൾ വളരെ നല്ല നിർദ്ദേശങ്ങളാണ് സമർപ്പിച്ചത്. നമ്മൾ സ്വീകരിക്കേണ്ടതും നടപ്പിലാക്കേണ്ടതുമായ ഒരുപാട് കാര്യങ്ങളുണ്ട്. ഞാൻ അദ്ദേഹത്തിന്റെ അഭിപ്രായങ്ങളെ വളരെയേറെ അപ്രീഷിയേറ്റു ചെയ്യുകയാണ്. അതിൽ പൊന്നുംവില നടപടികളെക്കുറിച്ച് ഒരു പ്രശ്നം പറഞ്ഞു. അത് നാളുകളായി നമ്മൾ നേരിടുന്ന ഗൗരവതരമായ പ്രശ്നമാണ്. അതിനൊരു പരിഹാരമുണ്ടാക്കണമെന്നുള്ള നിലയിൽത്തന്നെ ഞങ്ങൾ കുറച്ചുനാളായി ആലോചിക്കുന്നുണ്ട്. അതുപോലെ കളക്ടറുടെ വണ്ടിയും ഡിപ്പാർട്ടുമെന്റിന്റെ ഏത് വണ്ടിയും ജപ്തി ചെയ്ത് പോകുക. വാട്ടർ അതോറിറ്റിക്ക് ഭൂമി എടുക്കുകയാണെങ്കിൽ, ഇറിഗേഷന് ഭൂമിയെടുക്കുകയാണെങ്കിൽ, ഇലക്ട്രിസിറ്റി ബോർഡിന് ഭൂമിയെടുക്കുകയാണെങ്കിൽ ഭൂമിയുടെ അക്വിസിഷൻ നടപടി മുഴുവൻ നടപ്പിലാക്കുന്നത് റവന്യൂ വകുപ്പാണ്. അതിന്റെ പണം കെട്ടിവച്ച് നമ്മൾ ആ നടപടി പൂർത്തിയാക്കി പത്തുവർഷത്തിനുശേഷം ആ ഭൂമിക്ക് വില പോരായെന്നുപറഞ്ഞ് കോടതിതന്നെ 200 ഇരട്ടിയും 300 ഇരട്ടിയും വില നിശ്ചയിക്കും. വില നിശ്ചയിച്ചാൽ പിന്നെ കൊടുക്കാനുള്ള ബാദ്ധ്യത റവന്യൂ വകുപ്പിനാണ്. അപ്പോഴത്തേക്ക് സ്ഥലത്തിന്റെ ഉടമസ്ഥന്മാർ സ്ഥലവും വാങ്ങിച്ച് അവരുടെ സ്ഥാപനങ്ങളും പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകും. അവരുടെ കൈയിൽനിന്ന് പൈസ തിരിച്ചുകിട്ടാൻ വഴിയില്ല. അതുകൊണ്ട് റവന്യൂ വകുപ്പിനെ ജപ്തി ചെയ്യുന്ന ഒരു സിസ്റ്റമാണ് കഴിഞ്ഞകാലങ്ങളിലൊക്കെ നടന്നത്. അതിൽ ഒരു മാറ്റം ആവശ്യമാണെന്നുള്ള രീതിയിൽ നമ്മൾ ആ പ്രശ്നം ഗൗരവമായി പരിശോധിച്ചിട്ടുണ്ട്. കാലാകാലങ്ങളിൽ ലാന്റ് അക്വിസിഷൻ നടപടികൾ പൂർത്തിയാക്കുന്ന വകുപ്പിന് വീണ്ടും ഒരു ബാദ്ധ്യത വരാത്തരീതിയിൽ ഇത് എങ്ങനെ പരിഹരിക്കാൻ കഴിയുമെന്ന് ഞങ്ങൾ ആലോചിക്കുന്നുണ്ട്. ഇതിൽ തീരുമാനമെടുക്കുന്നതിനിടയിൽ മേല്പറഞ്ഞ തരത്തിലുള്ള സംഭവങ്ങളുണ്ടാകാതിരിക്കുന്നതിന് ഇപ്പോൾ പത്തു കോടി രൂപ ബഡ്ജറ്റിൽ നീക്കിവച്ചിട്ടുണ്ട്. ഇത് ഇങ്ങനെ ഏതെങ്കിലും സംഭവങ്ങളുണ്ടായാൽ ആ പൈസ കൊടുക്കുന്നതിനു വേണ്ടിയുള്ളതാണ്. അതുകൊണ്ട് ഇപ്പോൾ അത്തരമൊരു ജപ്തി നടപടി കുറച്ചുനാളായിട്ടില്ല. അതുകൊണ്ട് കളക്ടറുടെ വണ്ടിക്കു മാത്രമല്ല, മറ്റ് വണ്ടികൾക്കും അതിന്റെ ഭാഗമായി കുറച്ച് രക്ഷയുണ്ട്. അതിന് ഒരു ശാശ്വതപരിഹാരമുണ്ടാക്കാൻ ഞങ്ങൾ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഇങ്ങനെയൊരു കേസ് വന്നാൽ കൊടുക്കാൻ ബഡ്ജറ്റിൽ പത്തു കോടി രൂപ മാറ്റിവച്ചു. അപ്പോൾ ബാക്കി

യുള്ള ആളുകൾക്ക് പൈസ കിട്ടാതെ വരുമ്പോൾ എല്ലാവരും ഉടൻ കോടതിയിൽ പോകുകയില്ലേ? കോടതിയിൽ പോയാൽ പൈസ കിട്ടാൻ അവിടെ പ്രൊവിഷനുണ്ട്. മറ്റേതിന് പ്രൊവിഷനില്ല. അപ്പോൾ എല്ലാവരും കോടതിയിൽ പോകണമെന്നാണോ ഗവൺമെന്റിന്റെ നിലപാട്?

<u>ശ്രീ. കെ.ഇ. ഇസ്മയിൽ</u> : സർ, ഇതല്ല പ്രശ്നം. ഇത് കോടതി തീരുമാനിച്ചാൽ പിറ്റേദിവസം ജപ്തി നടപടികളുമായി വന്നുകഴിഞ്ഞാൽ അതിൽനിന്ന് രക്ഷ നേടാനാണ്. കൺസേൺഡ് ഡിപ്പാർട്ടുമെന്റ് ഏതാണോ ആ ഡിപ്പാർട്ടുമെന്റിൽനിന്ന് നമ്മൾ ഉടൻ പണം വസൂലാക്കിയെടുക്കുകയും ചെയ്യും. അതുകൊണ്ട് പത്തുകോടി രൂപ മിക്കവാറും സ്ഥായിയായി നമുക്ക് അതിൽ നില നിർത്താൻ കഴിയും. ഇത് ഒരു താൽക്കാലിക അഡ്ജസ്റ്റുമെന്റാണ്.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : സർ, ഗവൺമെന്റ് വക്കീലന്മാരെ മാറ്റണം.

<u>ശ്രീ. കെ.ഇ. ഇസ്മയിൽ</u> : സർ, കാര്യക്ഷമമായി പ്രവർത്തിക്കാത്ത വക്കീലന്മാരെ ശ്രദ്ധിക്കുന്നുണ്ട്. അവരെ മാറ്റാനും ശ്രമിക്കുന്നുണ്ട്; മാറ്റിയിട്ടുമുണ്ട്. അതുപോലെ ബഹുമാനപ്പെട്ട ജോൺ ഫെർണാണ്ടസും മറ്റു ചില സുഹൃത്തുക്കളും ലീസ് ഭൂമിയുടെ കാര്യത്തെപ്പറ്റി പറഞ്ഞു. ഞങ്ങൾ വളരെ ഗൗരവമായി എടുത്ത ഒരു പ്രശ്നമാണ്. വളരെ നിസ്സാരമായ തുകയ്ക്കുള്ള ലീസിന് ധാരാളം ഏക്കർ ഭൂമി സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിൽ പലരും കൈവശം വച്ചിട്ടുണ്ട്. ന്യായമായ ആവശ്യക്കാരായ, ഇനി ഒഴിഞ്ഞുകൊടുക്കാൻ കഴിയാത്ത രീതിയിലുള്ള, കൈവശഭൂമിക്കാരുണ്ട്. അവരെ നമുക്ക് സംരക്ഷിക്കേണ്ടിവരും. അവർക്ക് ഒരുപക്ഷേ ആ ഭൂമി വില നിശ്ചയിച്ച് സർക്കാർ അവർക്ക് പതിച്ചുകൊടുക്കേണ്ടിവരും. എന്നാൽ ക്ലബ്ബുകളുടെ പേരിലും മറ്റ് പല സ്ഥാപനങ്ങളുടെ പേരിലും കൈവശംവച്ചിട്ടുള്ള സ്ഥലങ്ങളുണ്ട്. തിരുവനന്തപുരം ജില്ലയിൽ വിശേഷിച്ചും ഇങ്ങനെ ധാരാളം സ്ഥലങ്ങളുണ്ട്. അതിന്റെ എല്ലാ വിശദാംശങ്ങളും ഞങ്ങൾ ശേഖരിച്ചുകൊണ്ടിരിക്കുകയാണ്. മിക്കവാറുമൊക്കെ ശേഖരിച്ചുകഴിഞ്ഞു. അതിൽ ഒഴിപ്പിക്കേണ്ടത് ഏതൊക്കെയാണെന്നുള്ളത് നിർണ്ണയിച്ച് ഒഴിപ്പിക്കാനാവശ്യമായ നടപടിയെടുക്കാൻ പോകുകയാണ്. അപ്പോഴൊന്നും ദയവുചെയ്ത് അതിന്റെ പുറകേ ബഹുമാനപ്പെട്ട മെമ്പർമാർ വരാതിരുന്നാൽ ചില ധീരമായ നടപടികളെടുക്കാൻ കഴിയും. ഗോൾഫ് ക്ലബ് ഗവൺമെന്റ് ഏറ്റെടുക്കണമെന്ന് ക്യാബിനറ്റിൽ ചർച്ച ചെയ്ത് തീരുമാനിച്ചുകഴിഞ്ഞ ഒരു വിഷയമാണ്. അതിന്റെ നടപടികൾ പൂർത്തിയാക്കി ഞങ്ങൾ എടുക്കാൻ പോകുകയാണ്. അതുപോലെ ഒരുപാട് സ്ഥാപനങ്ങൾ അത്തരം അടിസ്ഥാനത്തിൽ എടുക്കേണ്ടതുണ്ട്. ഒരുസെന്റ് ഭൂമിക്ക് 50 ലക്ഷം രൂപവരെ വിലവരുന്ന സ്ഥലങ്ങളാണ് 5 രൂപയ്ക്കും 3 രൂപയ്ക്കും പാട്ടത്തിന് അവർ കൈവശംവച്ചിട്ടുള്ളത്. ആ അവസ്ഥ നിലവിലുണ്ട്. അതുകൊണ്ട് അത്തരം സ്ഥലങ്ങൾ തിരിച്ചെടുക്കുന്നതിന് ഗവൺമെന്റ് നടപടിയെടുത്തുകൊണ്ടിരിക്കുകയാണ്. അതുപോലെതന്നെ കണ്ണൻദേവൻ ഭൂമിയുടെ അളവിനെ സംബന്ധിച്ച് ചില ബഹുമാനപ്പെട്ട മെമ്പർമാർ പറഞ്ഞു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ് വളരെ ശുഷ്കാന്തിയോടുകൂടി കണ്ണൻദേവൻ ഭൂമി അളക്കണമെന്ന് തീരുമാനിച്ച് അതിന് ഒരു സ്പെഷ്യൽ ടീമിനെ നിയോഗിച്ചത്. മൂന്നാർ പഞ്ചായത്ത് പല പ്രാവശ്യം ഗവൺമെന്റിന്റെ മുമ്പിൽ മെമ്മോറാണ്ടവുമായി വന്നതാണ്. അവർക്ക് അനുവദിക്കപ്പെടുന്ന ഫണ്ട് വിനിയോഗിക്കാൻ കഴിയുന്നില്ല, ഒരു പഞ്ചായത്തിന് ഒരു ബസ് സ്റ്റോപ്പ് പണിയാൻപോലും കഴിയാത്ത അവസ്ഥ, കണ്ണൻ ദേവൻ കമ്പനി പ്രശ്നങ്ങളിൽ ഇടപെടുന്നു, കോടതിയിൽനിന്ന് സ്റ്റേ

LIBRARY ARCHIVES Kerala Legislative Assembly

വാങ്ങുന്നു, ബ്ലോക്ക് പഞ്ചായത്ത് ഒരു കെട്ടിടം കെട്ടി പകുതിവച്ച് നിറുത്തിയിരിക്കുകയാണ്. കണ്ണൻദേവൻ കമ്പനി സ്റ്റേ വാങ്ങിയതിനെത്തുടർന്ന് പ്രവർത്തിക്കാൻ കഴിയുന്നില്ല. പാവപ്പെട്ട ആളുകൾക്ക് വീട്വച്ച് കൊടുക്കാനുള്ള സാമ്പത്തികസഹായം കൊടുക്കാൻ പഞ്ചായത്തിന്റെ കൈയിൽ ഫണ്ടുണ്ട്. വീടുവച്ചു കൊടുക്കാൻ സ്ഥലമില്ല. മുഴുവൻ കണ്ണൻദേവൻ കമ്പനിയുടെയാണ്. തോട്-പുഴ പുറംപോക്ക് മുഴുവൻ അവരുടേതാണെന്നാണ് അവർ അവകാശപ്പെടുന്നത്. അതുകൊണ്ട് അവർക്കുള്ള ലീസ് ഭൂമി എത്രയാണെന്ന് നിർണ്ണയിച്ച് ബാക്കി ഭൂമി ഗവൺമെന്റിന്റെയാണെന്ന് നിർണ്ണയിക്കപ്പെടേണ്ടതുണ്ട്. അതുകൊണ്ട് ഒരു വാശിയോടുകൂടിത്തന്നെ അത് തീർക്കാൻ ശ്രമിക്കുകയാണ്. അതിന്റെ പ്രവർത്തനങ്ങൾ ഒരു ഘട്ടംവരെ മുന്നോട്ടുപോയി. ഇപ്പോൾ ആധുനിക സൗകര്യങ്ങളോടുകൂടി, കമ്പ്യൂട്ടർ സംവിധാനത്തോടുകൂടിയാണ് അവിടെ സർവേ നടത്തുന്നത്. മഴക്കാലത്ത് ആ ജോലി നടത്താൻ കഴിയുകയില്ല. ഒരുപാട് സർവേക്കാരെ അവിടെ നിയോഗിച്ചപ്പോൾ പ്രായോഗികമായി കുറേയേറെ ബുദ്ധിമുട്ടുണ്ടായി. അവർക്ക് താമസിക്കണം, താമസിക്കാനുള്ള സൗകര്യങ്ങളുണ്ടാക്കിക്കൊടുത്തു. അതിന് പണം അനുവദിച്ചു. വാഹനം ആവശ്യമാണ്. വാഹനത്തിനുള്ള സൗകര്യങ്ങളുണ്ടാക്കി. ചെറിയ കൂലിക്ക് ആളുകളെ കിട്ടുന്നില്ലെന്നുള്ളതുകൊണ്ട് കൂലി വർദ്ധിപ്പിച്ചുകൊടുത്തു. ഇങ്ങനെ എല്ലാ ഒരുക്കങ്ങളും നടത്തി ഇതിന്റെ പ്രവൃത്തി നടക്കുമ്പോഴാണ് ഇപ്പോൾ വർഷകാലമാരംഭിച്ചത്. ഈ വർഷകാലം കഴിഞ്ഞാലുടൻ സർവ്വേ ആരംഭിക്കുകയും അടുത്ത വർഷകാലം അവസാനിക്കുന്നതിനു മുമ്പ് കണ്ണൻദേവൻ ഭൂമിയുടെ പൂർണ്ണമായ സർവ്വേ പൂർത്തിയായിരിക്കുകയും ചെയ്യുമെന്ന് ഞാൻ ഈ സഭയ്ക്ക് ഉറപ്പ് തരുന്നു.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : സർ, കണ്ണൻദേവൻ കമ്പനിക്ക് ലാന്റ് ബോർഡ് അവിടത്തെ തോട്, പുഴവരെ പതിച്ചുകൊടുത്തുവെന്നുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് ഒരിക്കലും പാടില്ലാത്തതാണ്, അത് ഒഴിവാക്കാനുള്ള നടപടികൾ കൈക്കൊള്ളാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. കെ.ഇ. ഇസ്മയിൽ</u> : സർ, തീർച്ചയായിട്ടും അത് പരിശോധിക്കും. അങ്ങനെയുണ്ടെങ്കിൽ ഇന്നത്തെ സാഹചര്യത്തിൽ എന്ത് തീരുമാനമാണെടുക്കേണ്ടതെന്ന് പറഞ്ഞാൽ ആ കാര്യത്തിൽ തടസ്സമൊന്നുമില്ല. അതുപോലെതന്നെ ബഹുമാനപ്പെട്ട ജോണി നെല്ലൂർ പറഞ്ഞ ഒരു കാര്യമുണ്ട്. നെയ്യാറ്റിൻകരയിലെ ഒരു പ്രശ്നം, അതിന്റെ വിഷയം എനിക്കറിയില്ല. എന്തോ ആക്ഷേപമാണ് അദ്ദേഹം ഇവിടെ അവതരിപ്പിച്ചത്. അതിന്റെ വിഷയം അന്വേഷിച്ചു. അവിടെ മൂക്കുന്നിമലയിലെ സർക്കാർ പുറംപോക്ക് പതിച്ചു നൽകിയെന്നാണ് പറഞ്ഞത്. ഇത് പതിച്ചു നൽകാൻ പറ്റിയ ഒരു ഭൂമിയല്ല. അതുകൊണ്ട് ഗവൺമെന്റ് അത് പതിച്ചു നൽകിയിട്ടില്ല. ഇതിൽ രാഷ്ട്രീയമായ ഇടപെടലുണ്ടായി, അനധികൃതമായി പതിച്ചുനൽകിയെന്നൊക്കെയാണ് അദ്ദേഹം ഉന്നയിച്ചത്. അങ്ങനെ പതിച്ചു നൽകിയിട്ടില്ല. ഇതിൽ രാഷ്ട്രീയമായ ഒരു ഇടപെടലുമുണ്ടായിട്ടില്ല. സർക്കാർ പുറംപോക്കിൽ പാറപൊട്ടിക്കുന്നതിന് അനുമതി നൽകുന്നത് മൈനിംഗ് ആന്റ് ജിയോളജി ഡിപ്പാർട്ടുമെന്റാണ്. അവർ താൽക്കാലിക പെർമിറ്റു കൊടുത്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഒരു ഇന്ദിരയുടെ പേരിൽ പെർമിറ്റ് കൊടുത്തിട്ടുണ്ടെന്നാണ് ഞാൻ അന്വേഷിച്ചപ്പോൾ മനസ്സിലായത്. കൂടുതൽ എന്തെങ്കിലും സംഭവങ്ങൾ നടന്നിട്ടുണ്ടോയെന്നുള്ളത് തീർച്ചയായിട്ടും അന്വേഷിക്കും.

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. ജോണി നെല്ലൂർ</u> : സർ, അവിടെ പാറ പൊട്ടിക്കുന്നത് നിരോധിച്ചുകൊണ്ട് കോടതി ഉത്തരവുണ്ടെന്നും ആ ഉത്തരവ് ലംഘിച്ചുകൊണ്ട് പാറ പൊട്ടിക്കുന്നുവെന്നുമാണ് ഞാൻ പറഞ്ഞത്. അതിനെക്കുറിച്ച് അങ്ങേക്ക് എന്തെങ്കിലും പറയാനുണ്ടോ?

<u>ശ്രീ. കെ.ഇ. ഇസ്മയിൽ</u> : സർ, അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടാൽ തീർച്ചയായിട്ടും അന്വേഷിക്കും. അതിന് വല്ല സംശയവുമുണ്ടോ? ഇപ്പോൾ ഞാൻ പറഞ്ഞത് ഇവിടെ ഒരു ആക്ഷേപമായി പറഞ്ഞ ഒരു പ്രശ്നമാണ്, ഞങ്ങൾ പട്ടയം കൊടുത്തിട്ടുണ്ടെന്ന്. പട്ടയം കൊടുത്തിട്ടില്ല. പട്ടയം കൊടുക്കാൻ പറ്റുന്ന ഒരു ഭൂമിയല്ല. മൈനിംഗ് ആന്റ് ജിയോളജി വകുപ്പാണ് പാറ പൊട്ടിക്കുന്നതിന് അനുമതി കൊടുക്കുന്നത്. അവരാണ് അത് കൊടുത്തിട്ടുള്ളത്. കോടതിയുടെ തടസ്സങ്ങളൊക്കെ നിലനിൽക്കെ പാറപൊട്ടിക്കുകയാണോയെന്നൊക്കെ പിന്നീട് വിശദമായി പരിശോധിക്കുന്നതാണ്. ഞാൻ ഈ വിഷയം പരിശോധിക്കാം. പിന്നെ ബഹുമാനപ്പെട്ട ജോർജ്ജ് പറഞ്ഞ ഒരു പ്രശ്നമുണ്ട്, അത് ബഹുമാനപ്പെട്ട മാണി പറഞ്ഞല്ലോ. ഏതായാലും ആ പ്രശ്നം ഈ രീതിയിൽ പോകേണ്ട കാര്യമില്ല. അതിൽ റവന്യൂ വകുപ്പെന്നുള്ള നിലയിൽ എന്തെങ്കിലും ചെയ്തിട്ടുണ്ടോയെന്നുള്ളത് ഞാൻ തീർച്ചയായിട്ടും അന്വേഷിക്കാം.

ഇവിടെ പൊതുവിൽ വന്ന ചില കാര്യങ്ങളെ സംബന്ധിച്ച് റവന്യൂ വകുപ്പ് നടപ്പിലാക്കേണ്ട ചില പ്രശ്നങ്ങളെക്കുറിച്ച് പറയാം. രണ്ടു മൂന്നു കൊല്ലക്കാലം നടത്തിയ ഒരുപാട് പ്രവർത്തനങ്ങളുണ്ട്. ഞാൻ ആ കാര്യം വിശദീകരിക്കുന്നില്ല. പരക്കെ ഒരു പരാതിയായിട്ട് പറഞ്ഞത് റീസർവ്വേയെ സംബന്ധിച്ചാണ്. റീസർവ്വേ പരാതി പരിഹരിക്കുന്നതിന് നിലവിലുള്ള നടപടിക്രമങ്ങളിൽ ചില മാറ്റങ്ങൾ വരുത്തേണ്ടതുണ്ടെന്ന് ഗവൺമെന്റിന് ബോധ്യമാണ്. മാറ്റംവരുത്തി നടപടികൾ സ്വീകരിക്കണമെന്ന് ഞങ്ങൾ ഇപ്പോൾ തീരുമാനിച്ചിട്ടുണ്ട്. ഇപ്പോൾ വസ്തുവിന്റെ റീസർവ്വേ പൂർത്തിയായാൽ അതിരടയാളപ്പെടുത്തിയ പടം സൗജന്യമായി ഉടമകൾക്ക് കൊടുക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്. ലാമിനേറ്റ് ചെയ്ത പടം ആളുകൾക്കു കൊടുക്കും. അതിരുകളിൽ സർവ്വേക്കല്ല് സ്ഥാപിക്കുന്ന വിവരം വസ്തു ഉടമസ്ഥനേയും സമീപ വസ്തു ഉടമസ്ഥരേയും രേഖാമൂലം അറിയിക്കും. പരാതി പരിഹരിച്ചശേഷം മാത്രമേ കല്ല് സ്ഥാപിക്കുകയും സ്കെച്ച് ഫൈനൽ ആക്കുകയും ചെയ്യാൻ പാടുള്ളുവെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഇപ്പോൾ ഇവിടെയുള്ള പരാതികൾ മുഴുവൻ ഈ ഗവൺമെന്റ് വന്നശേഷം ഉണ്ടായതല്ല. അത് മെമ്പർമാർ മനസ്സിലാക്കാൻവേണ്ടി ഞാൻ പറയുകയാണ്. ഞങ്ങൾ വന്നപ്പോൾ ആദ്യം ചെയ്തത് റീസർവേ നിർത്തൽ ചെയ്യുകയാണ്. ഈ മൂന്നു വർഷവും റീസർവേ നടത്തിയിട്ടില്ല. റീസർവേ 1966-ൽ തുടങ്ങി 250 കോടിയോളം രൂപ ചെലവഴിച്ചു. ഞങ്ങൾ വന്നതിനുശേഷം ഈ മൂന്നു കൊല്ലത്തിനുള്ളിൽ എട്ടരലക്ഷം പരാതികൾ കിട്ടി. ഇതിന് അദാലത്തുകൾ സംഘടിപ്പിച്ചു. ഏകദിന അദാലത്തുകളും മാസംതോറുമുള്ള അദാലത്തുകളും സംഘടിപ്പിച്ചു. ആ അദാലത്തുകളൊക്കെത്തന്നെ പരമാവധി പബ്ലിസിറ്റി കൊടുത്ത് ജനപ്രതിനിധികളെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് ആക്ഷേപങ്ങൾ വാങ്ങി, അവ പരിഹരിച്ചുകൊടുക്കുന്നതിന് ഒരു കാമ്പയിനായിട്ട് സംഘടിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ എട്ടര ലക്ഷത്തോളം ആക്ഷേപങ്ങൾ കിട്ടി. 8 ലക്ഷം പരാതികൾക്കു തീർപ്പു കൽപ്പിച്ചു. തീർപ്പ് കൽപ്പിച്ചതൊക്കെത്തന്നെ പൂർണ്ണമായി പരിഹരിച്ചിട്ടുണ്ടെന്നു പറയാൻ കഴിയുകയില്ല. എന്നാലും ഡിപ്പാർട്ടുമെന്റലായി തീർപ്പു കൽപ്പിച്ചുവെന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

പറയപ്പെടുന്നത്. അപ്പോൾ ഇനിയും കുറച്ച് അവശേഷിക്കുകയാണ്. ഇപ്പോഴും അപൂർവം പരാതികൾ പല സ്ഥലത്തുനിന്നും വരുന്നുണ്ട്. അതുകൊണ്ട് ഇപ്പോൾ വീണ്ടും റീസർവേ പുനരാരംഭിച്ചിട്ടുണ്ട്. പഴയ സിസ്റ്റം അനുസരിച്ചല്ല, കമ്പിയും ചങ്ങലയും വച്ചുകൊണ്ടുള്ള റീസർവേ അല്ല, കമ്പ്യൂട്ടർ സിസ്റ്റം ഉപയോഗിച്ചുകൊണ്ടുള്ള റീസർവേയാണ് നമ്മൾ ഉദ്ദേശിക്കുന്നത്. ഇപ്പോൾ 15 മെഷീനുകൾ അതിനുവേണ്ടി വാങ്ങിച്ചിട്ടുണ്ട്. തൃശ്ശൂരിൽ അത് പ്രാഥമികമായിട്ട് ആരംഭിച്ചിട്ടുണ്ട്. മലബാർ മേഖലയിലാണ് നമ്മൾ ആദ്യം ഉദ്ദേശിക്കുന്നത്. മലബാർ മേഖലയിൽ ഒരു വർഷംകൊണ്ട് തീർക്കാൻ കഴിയും. അതിനാവശ്യമായ സ്റ്റാഫിനെ നമുക്ക് കൊടുക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. നമുക്ക് അവശേഷിക്കുന്ന റീസർവേ ഇപ്പോൾ രാമേശ്വരത്തെ ക്ഷൗരംപോലെയാണ്. എല്ലാ സ്ഥലത്തും കുറേശ്ശെ നടത്തിവച്ചിരിക്കുകയാണ്. അതുകൊണ്ട് അവശേഷിക്കുന്ന വില്ലേജുകളിൽ റീസർവേ രണ്ട് കൊല്ലംകൊണ്ട് പൂർത്തിയാക്കുന്ന രീതിയിൽ, അതിനാവശ്യമായ കൂടുതൽ ഉപകരണങ്ങൾ വാങ്ങേണ്ടതുണ്ട്. അതു വാങ്ങിക്കഴിഞ്ഞാൽ അതുകൂടി ഉപയോഗപ്പെടുത്തി രണ്ട്കൊല്ലംകൊണ്ട് റീസർവേ പൂർത്തിയാക്കാൻ കഴിയും. ആ റീസർവേ പൂർത്തിയാക്കുമ്പോൾ ഞങ്ങൾ ഈ പറഞ്ഞതുപോലെ എല്ലാവർക്കും ഈ റീസർവേയുടെ കരട് പടം കൊടുക്കും. കല്ല് സ്ഥാപിക്കുന്നത് തർക്കം തീർത്തുകൊണ്ടായിരിക്കും. അങ്ങനെ ഒരു തർക്കവുമില്ലാതെ പ്രശ്നം പരിഹരിച്ചുകൊണ്ടുള്ള റീസർവേ സിസ്റ്റമായിരിക്കും ഇനി നമ്മൾ ഈ മേഖലയിൽ നടപ്പിലാക്കാൻ പോകുന്നത്. അതുകൊണ്ട് ആ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കാൻ സാധിക്കുമെന്നാണ് ഞങ്ങൾ വിചാരിക്കുന്നത്. പിന്നെ ഇവിടെ ചില മെമ്പർമാർ കൊച്ചി മലബാർ പ്രദേശത്തെ ആളുകൾക്ക് കൈവശരേഖകൾ കിട്ടുന്നില്ലയെന്ന പ്രശ്നം പറഞ്ഞു. ശ്രീ. മുഹമ്മദാലി ഇവിടെ പറയുകയുണ്ടായി, ഇപ്പോഴും ഭൂമിയുടെ രേഖയിൽ ജന്മിയുടെ പേരും രാജാവിന്റെ പേരുമാണ് എന്ന്. ഞങ്ങൾ പരിശോധിച്ചതാണ്. അതിനൊരു മാറ്റം വേണം. അതുകൊണ്ട് കൊച്ചി-മലബാർ പ്രദേശങ്ങളിൽ ഭൂപരിഷ്കരണ നിയമപ്രകാരം അവകാശം കിട്ടിയ വസ്തുവിന് ക്രയ സർട്ടിഫിക്കറ്റുകൾ നൽകി രേഖകളിൽ അവരുടെ പേര് ഉൾപ്പെടുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കും. റവന്യൂ രേഖകളിൽ ഇപ്പോഴും പഴയ ജന്മിമാരുടെ പേരുകളാണ് നിലനിൽക്കുന്നത്. ഈയിടെ മാതൃഭൂമി ദിനപത്രത്തിൽ ഇതുസംബന്ധിച്ച് ഒരു എഡിറ്റോറിയൽ ഉണ്ടായിരുന്നു. ഇത് വളരെ ഗൗരവമായി പരിശോധിക്കാൻ അതുകൂടി ഇടവരുത്തി. നമുക്കുതന്നെ ആ കാര്യം ബോദ്ധ്യമായി. ഭൂപരിഷ്കരണ നിയമത്തിലെ 72-ാം വകുപ്പനുസരിച്ച് ജന്മിയുടെ അവകാശം ഗവൺമെന്റിൽ നിക്ഷിപ്തമായിരിക്കുകയാണ്. അതുകൊണ്ട് കൊച്ചി മലബാർ പ്രദേശങ്ങളിലെ കുടിയാൻമാർക്കെല്ലാം ക്രയ സർട്ടിഫിക്കറ്റുകൾ ഉടനേ നൽകും. തിരുവിതാംകൂർ പ്രദേശത്ത് അങ്ങനെ ഒരു പ്രശ്നമില്ല. അതുകൊണ്ട് ആ മേഖലയിലെ പ്രശ്നങ്ങളെല്ലാം ഈ വർഷംകൊണ്ട് തീർക്കാമെന്ന രീതിയിൽ ഞങ്ങൾ പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്. പിന്നെ ഞങ്ങൾ നേരത്തേ ചർച്ച ചെയ്ത് തീരുമാനിക്കുകയും വേണ്ടവിധത്തിൽ നടപ്പിലാക്കാൻ കഴിയാത്തതുമായ പ്രശ്നങ്ങളുണ്ട്. അത് നമ്മൾ കുറച്ചുകൂടി പരിഷ്കരിച്ച് നടപ്പിലാക്കാൻ തീരുമാനിക്കുകയാണ്. ഭൂപരിഷ്കരണ നിയമം നടപ്പിലാക്കിയതിനെത്തുടർന്ന് പീഡിതരായ ജന്മിമാരെ സഹായിക്കുന്നതിനു ഒരു ഫണ്ട് അതിൽത്തന്നെ വ്യവസ്ഥ ചെയ്തിരുന്നു. ഈ കാലമത്രയും അത് എന്ത് ചെയ്യണമെന്ന് തീരുമാനിച്ചിരുന്നില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലംവരെ ആ ഫണ്ട് അതേപടി സഞ്ചിത നിധിയായി സൂക്ഷിക്കുകയായി

LIBRARY ARCHIVES Kerala Legislative Assembly

രുന്നു. മലബാർ മേഖലയിലാണ് വിശേഷിച്ചും ദരിദ്ര ജന്മിമാരാണുള്ളത്. അവർ ഇന്ന് ആധുനിക രീതിയിൽ പറഞ്ഞാൽ ഭിക്ഷാടനം തന്നെയാണ് നടത്തുന്നത്. ജീവിക്കാൻ മാർഗ്ഗമില്ലാത്ത ജന്മിമാരാണ്. നമുക്ക് പണ്ട്മുതൽക്കേ അറിയാം. വളരെ പ്രമാണിമാരായിട്ട് ജീവിച്ചവരാണ്. ഭൂമി മുഴുവൻ നഷ്ടപ്പെട്ട് സ്വന്തമായിട്ട് ഭൂമി കൈവശം വയ്ക്കാത്തവരാണ്. വളരെ ദയനീയമാണ് സ്ഥിതി. ഇത്തരം ആളുകളുടെ കാര്യത്തിൽ 500 രൂപ വച്ച് പെൻഷൻ നൽകുന്നതിന് ഞങ്ങൾ അതിന്റെ മുഴുവൻ ലിസ്റ്റും പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ഒരു മാസത്തിനുള്ളിൽത്തന്നെ അതിന്റെ നടപടികൾ ആരംഭിക്കുന്ന നിലയിലാണ്. 12,000 രൂപയിൽ താഴെ വരുമാനമുള്ളവരും 60 വയസ് പൂർത്തിയായവരും വളരെ പ്രയാസം അനുഭവിക്കുന്നവരുമായ ഈ ജന്മിമാർക്ക് 500 രൂപവീതം പെൻഷൻ നൽകാനുള്ള തീരുമാനം ഞങ്ങൾ എടുത്തു. അടുത്ത മാസം മുതൽ അത് നടപ്പിലാക്കാൻ പോകുകയാണ്. അതുപോലെതന്നെ കുടികിടപ്പുകാർക്കും കുടിയിരുപ്പുകാർക്കും ഒരു ക്ഷേമപദ്ധതി നടപ്പിലാക്കണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. അതും ഭൂപരിഷ്കരണ നിയമത്തിലെ ഒരു വ്യവസ്ഥയാണ്. അതിനൊരു ഫണ്ട് നീക്കിവച്ചിട്ടുണ്ട്. ആ ഫണ്ട് എന്താണ് ചെയ്യേണ്ടതെന്നുള്ളതിനെക്കുറിച്ച് ഒരു വ്യക്തതയും ഇല്ലാതെ കഴിഞ്ഞ കാലത്തൊക്കെ ഇതുപോലെതന്നെ ഒരു സഞ്ചിതനിധിയായി നമ്മൾ സൂക്ഷിക്കുകയായിരുന്നു. ആ സംഖ്യയുടെ പലിശയാണ് അത്യാവശ്യം കക്കൂസുകളും, കുളിമുറികളും നിർമ്മിക്കുന്നതിനും വീട് റിപ്പയറിംഗിനും മറ്റും ഇതുവരെ കൊടുത്തുകൊണ്ടിരുന്നത്. ഒരു കോടി രൂപയെന്നുള്ളത് 5 കോടി രൂപയായിട്ട് ആ സംഖ്യ ഉയർത്തണം. ഇത്രയും തുകതന്നെ ഗ്രാമീണ വികസന വകുപ്പിൽനിന്നും ഗ്രാന്റായിട്ട് ലഭിക്കാൻ നമുക്ക് സാദ്ധ്യതയുണ്ട്. അതുകൂടി ചേർത്ത് 10 കോടി രൂപ ഉപയോഗിച്ച് സമഗ്രമായ ഒരു ക്ഷേമപദ്ധതി ഈ കുടികിടപ്പുകാർക്കും കുടിയിരുപ്പുകാർക്കുംവേണ്ടി നടപ്പാക്കും. മലബാർ മേഖലയിൽ കുടികിടപ്പുകാരെയാണ് കുടിയിരിപ്പുകാർ എന്നുപറയുന്നത്. ഈ രണ്ട് വിഭാഗത്തിനും പ്രയോജനം ചെയ്യുന്ന ഒരു ക്ഷേമപദ്ധതി നടപ്പിലാക്കാൻ അതിന്റെ വിശദാംശങ്ങൾ ഉടനെതന്നെ തീരുമാനിക്കും. അവർക്ക് വീട് വയ്ക്കുന്നതിനും സ്ഥലം വാങ്ങുന്നതിനും കക്കൂസ്, കുളിമുറി അതുപോലുള്ള സൗകര്യങ്ങൾ ഉണ്ടാക്കുന്നതിനുമൊക്കെ പ്രയോജനപ്പെടുത്താൻ കഴിയുന്ന തരത്തിൽ ഒരു സ്കീം നമ്മൾ വിഭാവനം ചെയ്യുന്നുണ്ട്.

എല്ലാവരും ചർച്ചയിൽ പറഞ്ഞ ഒരു കാര്യം പട്ടയത്തിന്റെ പ്രശ്നമാണ്. പട്ടയത്തിന്റെ കാര്യത്തിൽ കുറെയേറെ നമുക്ക് മുന്നോട്ടുപോകാൻ സാധിച്ചിട്ടുണ്ട്. പട്ടയത്തിന്റെ കാര്യത്തിൽ ഒരു വിട്ടുവീഴ്ചയുമില്ലാതെ ഈ ഗവൺമെന്റ് എടുത്ത ഒരു തീരുമാനം പട്ടയം കിട്ടാൻ അർഹതയുള്ള മുഴുവൻ ആളുകൾക്കും പട്ടയം നൽകിയിരിക്കണം എന്നതാണ്. ആ നിഷ്കർഷയോടുകൂടി പ്രവർത്തിച്ചതുകൊണ്ടാണ് ഒന്നരലക്ഷം ആളുകൾക്ക് ഇതിനകം പട്ടയം കൊടുക്കാൻ കഴിഞ്ഞത്, കൈവശരേഖ കൊടുക്കാൻ കഴിഞ്ഞത്. ഇതിനൊക്കെ അറച്ചറച്ചുള്ള സമീപനമാണ് രാജാവിനെക്കാൾ രാജഭക്തി കാണിക്കുന്ന ചില ഉദ്യോഗസ്ഥന്മാർ സ്വീകരിച്ചത്. അതൊക്കെ നമുക്ക് ബോദ്ധ്യമാണ്. ആ എതിർപ്പുകളെയൊക്കെ മറികടന്നുകൊണ്ട് കൊടുക്കാനുള്ള ഇച്ഛാശക്തിയോടുകൂടിയുള്ള പ്രവർത്തനംകൊണ്ടാണ് നമുക്ക് ഇത് കൊടുക്കാൻ സാധിച്ചത്. അങ്ങനെ കുറെയേറെ കൈവശരേഖ കൊടുത്തു, പട്ടയം കൊടുത്തു; ഇനി ധാരാളം പട്ടയം കൊടുക്കാനുണ്ട്. ഇപ്പോൾ തിരുവനന്തപുരം പോലുള്ള സ്ഥലങ്ങളിൽ, കഴിഞ്ഞ കൊല്ലങ്ങളിലൊന്നും നടപടി സ്വീകരിക്കാൻ കഴിയുകയില്ലയെന്ന് ഉത്തമബോദ്ധ്യമുണ്ടായിരുന്ന കുറെ സ്ഥലങ്ങ

LIBRARY ARCHIVES Kerala Legislative Assembly

ളിൽവരെ നമ്മൾ പട്ടയം കൊടുത്തു. ശ്രീ. ആന്റണി രാജു ഒക്കെ സ്ഥിരമായിട്ട് ഉന്നയിക്കുന്ന പ്രശ്നമാണിത്. തിരുവനന്തപുരത്തെ സെക്രട്ടേറിയറ്റിനു മുൻവശമുള്ള മേഖലകളിലൊക്കെത്തന്നെ പട്ടയം കൊടുത്തു. അതുപോലെ ധാരാളം മത്സ്യത്തൊഴിലാളികൾക്ക് തിരുവനന്തപുരത്തും കോഴിക്കോട്ടുമുള്ള മേഖലകളിലൊക്കെ പട്ടയം കൊടുത്തു. എന്നാലും ഇനി ധാരാളം പേർക്ക് പട്ടയം കൊടുക്കാനുണ്ട്. അതുകൊണ്ട് അവർക്കും പട്ടയം കൊടുക്കുകയെന്നത് ഒരു പ്രധാന ദൗത്യമായി ഏറ്റെടുത്ത് നിർവഹിക്കുക എന്ന നിലയിൽ ഞങ്ങൾ ഈ വരുന്ന ഒരു വർഷം ഒന്നരലക്ഷം പേർക്ക് പട്ടയം കൊടുക്കുമെന്ന് തീരുമാനിച്ചു, ആ ടാർജറ്റിട്ട് മുന്നോട്ടുപോകുകയാണ്. അതുപോലെ തിരുവനന്തപുരത്ത് സ്ഥിരമായിട്ട് സമരവും പ്രക്ഷോഭവും നടക്കുകയാണ്. തിരുവനന്തപുരം വിമാനത്താവളത്തിന്റെ പരിസരപ്രദേശങ്ങളിലുള്ള സുലൈമാൻ തെരുവ്, വയർലസ് കോളനി, ശ്രീ ചിത്തിര നഗർ തുടങ്ങിയ കോളനികളിലെ താമസക്കാർക്ക് പലവിധ തടസ്സങ്ങൾ കാരണം പട്ടയം കിട്ടാതെ ഉണ്ട്. നാൽപ്പതും അമ്പതും കൊല്ലങ്ങളായിട്ട് താമസിക്കുന്നവരാണ്. രേഖയൊന്നുമില്ല, വളരെയേറെ പ്രയാസത്തോടുകൂടി ജീവിക്കുന്നവരാണ്. അവർക്കു മുഴുവൻ പട്ടയം കൊടുക്കാനുള്ള നടപടികൾ ഞങ്ങൾ ആരംഭിച്ചുകഴിഞ്ഞു. കഴിയുന്നതുംവേഗം അവർക്ക് ഞങ്ങൾ പട്ടയം കൊടുക്കും. പിന്നെ തിരുവനന്തപുരത്ത് ശ്രീപണ്ടാരവക ഭൂമി കൈവശക്കാർ 31,546 പേരുണ്ട്. മാസ് കാമ്പയിൻ ആയി സമയബന്ധിതമായി അവർക്ക് പട്ടയം കൊടുക്കാനാണ് ഞങ്ങൾ തീരുമാനിച്ചിരിക്കുന്നത്. കോർപ്പറേഷൻ മേയറും കൗൺസിലർമാരും മറ്റ് ജനപ്രതിനിധികളും ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥന്മാരും എല്ലാം ചേർന്നുകൊണ്ട് അവരിൽനിന്നും ഒന്നിച്ച് ആപ്ലിക്കേഷൻ കളക്ട് ചെയ്ത്, ഒരു പ്രത്യേക ദിവസം പട്ടയം കൊടുക്കാൻ കഴിയുന്ന രീതിയിൽ, സമയബന്ധിതമായി ഇതിന് നടപടി സ്വീകരിക്കും.

[4 Pm] സർ, കോട്ടയം ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ സർവ്വീസ് ഇനാം ഭൂമികളുണ്ട്. ഇതും ഏറെക്കാലമായി പട്ടയംകിട്ടാത്ത പ്രശ്നമാണ്. പല പ്രദേശങ്ങളിലായി ഇത്തരത്തിൽ ഒരു ലക്ഷത്തോളംപേർ വരുമെന്നാണ് പറയുന്നത്. അവർക്കും ഇതുപോലെ പട്ടയം കൊടുക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്. അതിന്റെ നടപടികളും ഞങ്ങൾ ആരംഭിച്ചിട്ടുണ്ട്. അതുകൊണ്ട് ഇതൊരു പ്രധാന പ്രശ്നമായി എടുത്ത് ഇനി അവശേഷിക്കുന്ന എല്ലാവർക്കും പട്ടയം കൊടുക്കാനുള്ള നടപടികളുമായി ഞങ്ങൾ മുന്നോട്ടുപോവുകയാണ്.

മിച്ചഭൂമിയുടെ പ്രശ്നമാണ് ഇതുപോലെ ചർച്ച ചെയ്യപ്പെട്ട മറ്റൊരു കാര്യം. ഒരുപാട് തർക്കങ്ങൾ ഈ കാര്യത്തിൽ വരുന്നുണ്ട്. പത്തുമുപ്പതിനായിരം ഏക്കർ മിച്ചഭൂമി ഏറ്റെടുക്കാൻ കഴിയാതെ കേസുകളിൽ കുടുങ്ങിക്കിടക്കുകയാണ്. അതുകൊണ്ട് അടിയന്തിരമായി അത് ഏറ്റെടുക്കാനാവശ്യമായ നടപടിയുണ്ടാകണമെന്നുതന്നെയാണ് ഞങ്ങൾ തീരുമാനിച്ചിട്ടുള്ളത്. രണ്ടു സ്പെഷ്യൽ പ്രോസിക്യൂട്ടർമാരെ ഈ കേസുകൾ മാത്രം കൈകാര്യം ചെയ്യുന്നതിനുവേണ്ടി ചുമതലപ്പെടുത്തി. കഴിയുന്നതുംവേഗം ഈ കേസുകളിൽ ഒരു തീരുമാനമുണ്ടാക്കി ഈ വർഷം ഒരു പതിനായിരം ഏക്കറെങ്കിലും മിച്ചഭൂമി ഏറ്റെടുത്ത് വിതരണം ചെയ്യാൻ കഴിയണമെന്നുള്ള രീതിയിൽത്തന്നെ അതിന്റെ പരിപാടികൾ ഞങ്ങൾ തയ്യാറാക്കുന്നുണ്ട്. അതുകൊണ്ട് ഈ വർഷം മിച്ചഭൂമി പതിനായിരം ഏക്കർ .....

<u>ശ്രീ. കെ.സി. ജോസഫ്</u> : പട്ടയം കൊടുക്കുന്ന കാര്യം പറഞ്ഞു. കണ്ണൂർ ജില്ലയിൽ തളിപ്പറമ്പ് താലൂക്കിൽ പട്ടയം കൊടുത്ത് വർഷങ്ങളായി ഭൂമി കൈവശമുള്ള കൃഷിക്കാരെ, ഇപ്പോൾ പട്ടയം റദ്ദാക്കി ആ ഭൂമി വനഭൂമി

LIBRARY ARCHIVES Kerala Legislative Assembly

യാണെന്നു പറഞ്ഞ് ഒഴിപ്പിക്കാൻ നോക്കുന്നു. അതന്വേഷിക്കുമോ? ഞാൻ നേരത്തേ ഉന്നയിച്ച വടക്കേക്കളം ഭൂമിയുടെ കാര്യത്തിൽ ആ നിയമത്തിന്റെ കാലാവധി കഴിഞ്ഞു. എന്താണ് ചെയ്യാനുദ്ദേശിക്കുന്നത്?

<u>ശ്രീ. കെ.ഇ. ഇസ്മയിൽ</u> : റവന്യൂ വകുപ്പും വനം വകുപ്പുമായി തർക്കമുള്ള പല കേസുകളും പല ജില്ലകളിലുമുണ്ട്. അത്തരം കേസുകൾ വരുമ്പോൾ രണ്ടു കൂട്ടരും സംയുക്തമായി സ്ഥലം പരിശോധിച്ച് അതിലൊരു തീരുമാനമെടുക്കുന്നതിന് ഒരു സംവിധാനമുണ്ട്. ജില്ലാതലത്തിൽ ജില്ലാകളക്ടറും ഡി.എഫ്.ഒ.യും ചേർന്ന കമ്മിറ്റിയുണ്ട്. സംസ്ഥാനതലത്തിൽ ചീഫ് സെക്രട്ടറി കൺവീനറായി റവന്യൂ വകുപ്പിന്റേയും ഫോറസ്റ്റ് വകുപ്പിന്റേയും ഉദ്യോഗസ്ഥന്മാരടങ്ങിയ കമ്മിറ്റിയുമുണ്ട്. അവർ അത് പ്രോസസ് ചെയ്ത് തീരുമാനമെടുത്തുകൊണ്ടിരിക്കുന്നുണ്ട്. അവരുമായി ബന്ധപ്പെടേണ്ടതാണ്. അങ്ങനെയുള്ള കേസുകൾ ശ്രദ്ധയിൽപ്പെട്ടാൽ തീർച്ചയായും ആ അടിസ്ഥാനത്തിൽ അവ പരിഹരിക്കും. വടക്കേക്കളം പ്രശ്നത്തിനും അതുപോലെ ഒരു നിയമനിർമ്മാണം കൊണ്ടുവരണമെന്ന് ഗവൺമെന്റ് ആലോചിച്ചിട്ടുണ്ട്. കഴിയുന്നതും അടിയന്തിരമായി അതിനൊരു പരിഹാരമുണ്ടാക്കുന്നതിനാവശ്യമായ നിയമനിർമ്മാണത്തിന് ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഒറ്റ കാര്യം കൂടി മാത്രമേ ഇനി പറയുന്നുള്ളൂ. ഈ സാഹചര്യങ്ങൾക്കനുസരിച്ച് നമ്മളാഗ്രഹിക്കുന്ന രീതിയിൽ കാലോചിതമായി ഭൂമിസംബന്ധമായ നിയമത്തിൽ ഭേദഗതി കൊണ്ടുവരണം. ജനങ്ങൾ ആഗ്രഹിക്കുന്ന രീതിയിൽ കാര്യക്ഷമതയോടുകൂടി പ്രവർത്തനങ്ങൾ നിർവ്വഹിക്കണം. കാലതാമസമുണ്ടാകാൻ പാടില്ല. അങ്ങനെയുള്ള ഒരുപാട് പ്രശ്നങ്ങളുണ്ട്. ഇപ്പോൾത്തന്നെ വിവിധ സർട്ടിഫിക്കറ്റുകൾക്കുവേണ്ടി പോകുമ്പോൾ ഉണ്ടാകുന്ന കാലതാമസം, അതിനെത്തുടർന്നുണ്ടാകുന്ന അഴിമതി, ഇവയൊക്കെ ഇവിടെ പരാമർശനവിധേയമായി. ഏതായാലും ഒരു കാര്യം ഉറപ്പായി പറയാൻ കഴിയും. നമ്മൾ കാലതാമസം പരമാവധി കുറയ്ക്കാൻ ശ്രമിക്കുന്നുണ്ട്. ഇതൊക്കെ പരിഹരിക്കണമെന്ന ഒരു വികാരത്തിൽ നിന്നാണ് റവന്യൂ കാർഡെന്ന ആശയത്തിലേക്ക് നമ്മൾ മുന്നോട്ടുപോയത്. റവന്യൂ കാർഡ് മാണിസാറിന്റെ കുട്ടിയാണെന്നൊക്കെ പരാമർശിച്ചു. കുട്ടി ആരുടേതോ ആകട്ടെ. അതിലൊന്നും നമ്മൾ വലിയ തർക്കത്തിന് പോകേണ്ട കാര്യമില്ല. ഞാൻ പറയുന്നത് അതിലൊന്നും തർക്കിക്കേണ്ട. ജനങ്ങൾക്ക് ഉത്തമ ബോദ്ധ്യമാണ്.

<u>ശ്രീ. കെ.എം. മാണി</u> : നമ്മൾ രണ്ടുപേരുടേയും കുട്ടിയാണ്.

<u>ശ്രീ. ടി.എം. ജേക്കബ്</u> : രണ്ടുപേർക്കും കൂടി ഒരു കുട്ടി എങ്ങനെ ഉണ്ടാകും?

<u>ശ്രീ. കെ.ഇ. ഇസ്മയിൽ</u> : കൊച്ചിനെ കണ്ടാൽ അറിയാം തന്ത ആരാണെന്ന്. അതൊക്കെ ജനങ്ങൾക്ക് ഉത്തമബോദ്ധ്യമുണ്ട്. 60 ലക്ഷം കുടുംബങ്ങൾക്ക് റവന്യൂ കാർഡ് ഈ വർഷം കൊടുത്തിരിക്കും. അതിന്റെ റൂളുകളൊക്കെ തയ്യാറായിക്കഴിഞ്ഞു. കഴിയുന്നതുംവേഗം അതിന്റെ നടപടികളുമായി മുന്നോട്ടുപോകാൻ പോവുകയാണ്. റവന്യൂകാർഡ് വന്നാൽ സമഗ്രമായ ആവശ്യങ്ങൾ നിർവ്വഹിക്കാൻ കഴിയുന്ന ഒരു കാർഡായി നമുക്ക് അതിനെ ഉപയോഗിക്കാൻ സാധിക്കും. സർട്ടിഫിക്കറ്റുകൾ ലഭിക്കാൻ കാലതാമസമുണ്ടാകുന്നു എന്ന ആക്ഷേപങ്ങൾക്ക് ഒരു പരിധിവരെ പരിഹാരമുണ്ടാക്കാൻ ഇതുവഴി സാധിക്കും. വിവിധങ്ങളായ പുതിയ കുറെയേറെ കാര്യങ്ങൾ നിർവ്വഹിക്കുന്നതിന് നമ്മുടെ ജീവനക്കാരേയും പ്രാപ്തരാക്കേണ്ടതുണ്ട്. അതിനുള്ള ജോലികളും ഏറ്റെടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞ 40 വർഷത്തിൽ ആദ്യമായി റവന്യൂ വകുപ്പിൽ സമഗ്രമായ ഒരു പുനഃസംഘടന നടത്താൻ നമുക്ക് സാധിച്ചു. അതിന്റെ പ്രയോജനം ചെറിയ തോതിലാണെങ്കിലും ജനങ്ങൾക്ക് ഇപ്പോൾ ലഭിച്ചുതുടങ്ങിയിട്ടേയുള്ളൂ. കമ്പ്യൂട്ടർവൽക്കരണം താലൂക്ക്-ജില്ലകളിൽ പൂർത്തിയായി. വില്ലേജുകളിൽ നമ്മൾ അതിന് തുടക്കമിടാൻപോവുകയാണ്. വില്ലേജുകളിലും അത് പൂർത്തിയാകും. റവന്യൂ കാർഡ് വരുമ്പോൾ കുറച്ചുകൂടി അതിന്റെ പ്രയോജനം ജനങ്ങൾക്ക് ലഭിക്കും. അതിനനുസരിച്ച് ജീവനക്കാരന്റെ കാര്യക്ഷമതയുടെ നിലവാരമുയർത്തേണ്ടതുണ്ട്. അതിനായി ഞങ്ങൾ ഇപ്പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് മാനേജ്മെന്റിൽ ഒരു സ്ഥിരം സംവിധാനമെന്ന നിലയിൽ വില്ലേജ് ജീവനക്കാർ മുതൽ കളക്ടർമാർവരെ ഉള്ളവർക്ക് പരിശീലനം സ്ഥിരമായി കൊടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു; കോഴ്സുകൾ തുടങ്ങി. അതൊരു സ്ഥിരം സംവിധാനമായി മുന്നോട്ടു പോവുകയാണ്. ജനപ്രതിനിധികളോടും ജനങ്ങളോടും എങ്ങനെ ബന്ധപ്പെടണം, പ്രവർത്തിക്കണം, പെരുമാറണം എന്നൊക്കെ ഞങ്ങൾ പഠിപ്പിക്കാൻ പോവുകയാണ്. അതിനോടൊപ്പം പ്രധാനപ്പെട്ട രണ്ടു വിഭാഗങ്ങൾ ഇതിനോട് ബന്ധപ്പെട്ട് ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അഞ്ചാറു കോടി രൂപ മുടക്കി ഇതിന്റെ കെട്ടിടം പണിയൊക്കെ പൂർത്തിയാക്കിക്കഴിഞ്ഞു. അവിടെ താമസിക്കാനുള്ള സൗകര്യവും സംവിധാനവുമെല്ലാം ഉണ്ട്. ആ പ്രവർത്തനങ്ങൾ ആരംഭിച്ചു. ഇൻഫർമേഷൻ ടെക്നോളജി വില്ലേജ് തലത്തിൽ എത്തിക്കുകയെന്ന ലക്ഷ്യത്തോടുകൂടി ഇൻഫർമേഷൻ ടെക്നോളജി വിഭാഗം ശക്തിപ്പെടുത്താനും അതുപോലെ പ്രകൃതിക്ഷോഭ ദുരിതാശ്വാസ പ്രവർത്തനങ്ങൾ അതിന്റെ അടിസ്ഥാനത്തിൽ നടത്താനും പരിശീലനം നൽകണം. അതുകൊണ്ട് ഡിസ്ട്രസ് മാനേജുമെന്റിന്റെ സെല്ലും ഇവിടെ സ്ഥിരമായി പ്രവർത്തിക്കണം. അതോടൊപ്പം റവന്യൂരേഖകൾ ക്രോഡീകരിച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ ഒരു ആർക്കൈവ്സ് വിഭാഗം തുടങ്ങാനും അതിന്റെ ഭാഗമായി തീരുമാനിച്ചിട്ടുണ്ട്. അതുകൂടി വന്നുകഴിഞ്ഞാൽ കാലഘട്ടത്തിന് അനുസരിച്ച് റവന്യൂ സംവിധാനത്തേയും ജീവനക്കാരേയും നമുക്ക് മാറ്റിയെടുക്കാൻ കഴിയും. ആ നടപടികളും ഞങ്ങൾ ഇതിന്റെ ഭാഗമായി ആരംഭിച്ചിട്ടുണ്ട്.

ലീഗൽമെട്രോളജി വകുപ്പിന്റെ കാര്യം ചില സുഹൃത്തുക്കൾ പറഞ്ഞു. അത് കാര്യക്ഷമമായി പ്രവർത്തിപ്പിക്കാൻ ശ്രമിക്കുകയാണ്. വർഷംതോറുമുള്ള പരിശോധന, അതുപോലെ മിന്നൽ പരിശോധന ഇതെല്ലാം വരുമ്പോൾ ഈ വകുപ്പിന്റെ പ്രവർത്തനം കുറച്ചുകൂടി മെച്ചപ്പെടുത്താൻ കഴിയും. ഉപഭോക്താക്കളെ പരമാവധി സഹായിക്കാൻ എങ്ങനെ ഈ വകുപ്പിനെ പ്രയോജനപ്പെടുത്താമെന്ന രീതിയിൽ നമ്മൾ മാറാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഈ ശ്രമം ഫലപ്രദമായി മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കണമെങ്കിൽ സജീവമായ കൂട്ടായ്മയും സഹകരണവും ആവശ്യമാണ്. കഴിഞ്ഞ കാലങ്ങളിൽ എല്ലാവരുടേയും സഹകരണം കിട്ടിയിരുന്നു. തുടർന്നും അത് കിട്ടുമെന്ന പ്രതീക്ഷയാണ് എനിക്കുള്ളത്. അതുകൊണ്ട് ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു. ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിക്കണം എന്നും അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. പി.പി. തങ്കച്ചൻ</u> : പുതിയ ജില്ല/താലൂക്ക്/വില്ലേജ് പുനർവിഭജനം സർക്കാരിന്റെ അജണ്ടയിലുണ്ടോ? അത് എന്നത്തേക്കാകും?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.ഇ. ഇസ്മയിൽ : ഞാനത് പലവട്ടം ഇവിടെ പറഞ്ഞതാണ്. അതുകൊണ്ടാണ് ആവർത്തിക്കാത്തത്. ഉചിതമായ സമയത്ത് ഉചിതമായ തീരുമാനം ആ കാര്യത്തിൽ ഗവൺമെന്റ് കൈക്കൊള്ളുന്നതാണ്.

മി. സ്പീക്കർ : ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് ഡോ. എം.എ. കുട്ടപ്പൻ, ശ്രീമതി ശോഭനാ ജോർജ്ജ്, ശ്രീ. എം. മുരളി, ശ്രീ. കെ.പി. വിശ്വനാഥൻ, ശ്രീ. കെ. മുഹമ്മദാലി, ശ്രീ. മാമ്മൻ മത്തായി, ശ്രീ. കെ.എം. മാണി, ശ്രീ. ജോണി നെല്ലൂർ, ശ്രീ. കെ. ബാബു, ശ്രീ. കെ.എ. ചന്ദ്രൻ, ശ്രീ. കെ.സി. വേണുഗോപാൽ, ശ്രീ. ഡൊമിനിക് പ്രസന്റേഷൻ, ശ്രീ. ജി. കാർത്തികേയൻ, ശ്രീ. വി. ബാലറാം. ശ്രീ. പി.ജെ ജോയി, ശ്രീ. ആര്യാടൻ മുഹമ്മദ്, ശ്രീ. കെ.കെ. നായർ, ശ്രീമതി രാധാ രാഘവൻ, ശ്രീ. ജോർജ്ജ് ജെ. മാത്യു, ശ്രീ. വി.ജെ. പൗലോസ്, ശ്രീ. എഴുകോൺ നാരായണൻ, പ്രൊഫസർ സാവിത്രി ലക്ഷ്മണൻ, ശ്രീമതി റോസമ്മ ചാക്കോ, ശ്രീ. കെ.പി.എ. മജീദ്, ശ്രീ. സി. മൊയീൻകുട്ടി, ശ്രീ. പി.കെ.കെ. ബാവ, ശ്രീ. ഇസ്ഹാക് കുരിക്കൾ, ശ്രീ. സി.ടി. അഹമ്മദ് അലി, ശ്രീ. ചെർക്കളം അബ്ദുള്ള എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിക്കപ്പെട്ടിരിക്കുന്നു.

ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യ വിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനക്കു നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 1999-2000 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്നുള്ള പ്രമേയത്തെ അനുകൂലിക്കുന്നവർ .....

ശ്രീ. ടി.എം. ജേക്കബ് : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി:

അനുകൂലിക്കുന്നവർ 64

1. ശ്രീ. എ. അലി ഹസ്സൻ
2. ശ്രീ. ആനത്തലവട്ടം ആനന്ദൻ
3. ശ്രീ. എൻ. അനിരുദ്ധൻ
4. ശ്രീ. ആന്റണി രാജു
5. ശ്രീ. എൻ.ആർ. ബാലൻ
6. ശ്രീ. ടി.കെ. ബാലൻ
7. ശ്രീ. സി.പി. ബാലൻ വൈദ്യർ
8. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
9. ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ
10. ശ്രീ. വി.കെ. ചന്ദ്രൻ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ
12. ശ്രീ. എം. ദാസൻ

13. ശ്രീ. പി.സി. ജോർജ്ജ്
14. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
15. ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ
16. ശ്രീ. കെ.ഇ. ഇസ്മയിൽ
17. ശ്രീ. സി.എൻ. ജയദേവൻ
18. ശ്രീ. എം.വി. ജയരാജൻ
19. ശ്രീ. ടി.എസ്. ജോൺ
20. ശ്രീ. ജോൺ ഫെർണാണ്ടസ്
21. ശ്രീ. ജോസ് ബേബി
22. ശ്രീ. വി.സി. കബീർ
23. ശ്രീ. എ. കണാരൻ
24. ശ്രീ. എൻ. കണ്ണൻ
25. ശ്രീ. എളമരം കരീം
26. ശ്രീ. പി.കെ. കുമാരൻ
27. ശ്രീ. കെ.ടി. കുഞ്ഞഹമ്മദ്
28. ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ്
29. ശ്രീ. സി.എ. കുര്യൻ
30. ശ്രീ. ലോനപ്പൻ നമ്പാടൻ
31. ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ
32. ശ്രീ. പാലോളി മുഹമ്മദ് കുട്ടി
33. ശ്രീ. മോൻസ് ജോസഫ്
34. ശ്രീ. പിരപ്പൻകോട് മുരളി
35. ശ്രീ. ടി. നാണു മാസ്റ്റർ
36. ശ്രീ. സി.കെ. നാണു
37. ശ്രീ. എം. നാരായണൻ (കുഴൽമന്ദം)
38. ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്)
39. ശ്രീ. പി. നാരായണൻ
40. ഡോ. എ. നീലലോഹിതദാസൻ നാടാർ
41. ശ്രീ. ടി.കെ. നൗഷാദ്
42. ശ്രീ. കെ. പ്രകാശ് ബാബു
43. ശ്രീ. കെ. രാധാകൃഷ്ണൻ
44. ശ്രീ. പി. രാഘവൻ
45. ശ്രീ. സി.കെ. രാജേന്ദ്രൻ
46. ശ്രീ. കെ.പി. രാജേന്ദ്രൻ
47. ശ്രീ. രാജു എബ്രഹാം

LIBRARY ARCHIVES Kerala Legislative Assembly

48. ശ്രീ. വിപി. രാമകൃഷ്ണപിള്ള
49. ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ
50. ശ്രീ. ടി.കെ. രാമകൃഷ്ണൻ
51. ശ്രീ. എസ്. ശർമ്മ
52. ശ്രീ. യു.എസ്. ശശി
53. ശ്രീ. കെ.പി. സതീശ് ചന്ദ്രൻ
54. ശ്രീ. എ.സി. ഷൺമുഖദാസ്
55. ശ്രീമതി കെ.കെ. ശൈലജ ടീച്ചർ
56. ശ്രീ. ടി. ശിവദാസമേനോൻ
57. ശ്രീ. ജി. സുധാകരൻ
58. ശ്രീ. പി.പി. സുലൈമാൻ റാവുത്തർ
59. ശ്രീ. പി.എസ്. സുപാൽ
60. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
61. ശ്രീമതി സുശീലാ ഗോപാലൻ
62. ശ്രീ. എം.എ. തോമസ്
63. ശ്രീ. എം.പി. വർഗ്ഗീസ്
64. ശ്രീ. വർഗ്ഗീസ് വൈദ്യർ

പ്രതികൂലിക്കുന്നവർ 45

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. ശ്രീ. കെ.പി.എ. മജീദ്
3. ശ്രീ. കെ. അച്ചുതൻ
4. ശ്രീ. സി.ടി. അഹമ്മദ് അലി
5. ശ്രീ. എ.കെ. ആന്റണി
6. ശ്രീ. ഇ.എം. അഗസ്തി
7. ശ്രീ. കെ. ബാബു
8. ശ്രീ. വി. ബാലറാം
9. ശ്രീ. പി.കെ.കെ. ബാവ
10 ശ്രീ. കെ.എ. ചന്ദ്രൻ
11. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
12. ശ്രീ. പി.ജെ. ഫ്രാൻസിസ്
13. ശ്രീ. ജോർജ്ജ് ജെ. മാത്യു
14. ശ്രീ. ഇസ്ഹാക് കുരിക്കൾ
15. ശ്രീ. ടി.എം. ജേക്കബ്
16. ശ്രീ. ജോണി നെല്ലൂർ
17. ശ്രീ. കെ.സി. ജോസഫ്
18. ശ്രീ. പി.ജെ. ജോയി

LIBRARY ARCHIVES Kerala Legislative Assembly

19. ശ്രീ. ജി. കാർത്തികേയൻ
20. ശ്രീ. കെ.കെ. നായർ
21. ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
22. ഡോ. എം.എ കുട്ടപ്പൻ
23. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
24. ശ്രീ. മാമ്മൻ മത്തായി
25. ശ്രീ. കെ.എം. മാണി
26. ശ്രീ. കെ. മുഹമ്മദാലി
27. ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ
28. ശ്രീ. സി. മൊയീൻകുട്ടി
29. ശ്രീ. ആര്യാടൻ മുഹമ്മദ്
30. ശ്രീ. എം.കെ. മുനീർ
31. ശ്രീ. എം. മുരളി
32. ശ്രീ. എഴുകോൺ നാരായണൻ
33. ശ്രീ. ഉമ്മൻ ചാണ്ടി
34. ശ്രീ. വി.ജെ. പൗലോസ്
35. ശ്രീ. അടൂർ പ്രകാശ്
36. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
37. ശ്രീമതി രാധാ രാഘവൻ
38. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
39. ശ്രീ. പാലോട് രവി
40. ശ്രീമതി റോസമ്മ ചാക്കോ
41. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
42. ശ്രീമതി ശോഭനാ ജോർജ്ജ്
43. ശ്രീ. നാലകത്ത് സൂപ്പി
44. ശ്രീ. പി.പി. തങ്കച്ചൻ
45. ശ്രീ. കെ.സി. വേണുഗോപാൽ

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

മി. സ്പീക്കർ :

അനുകൂലിക്കുന്നവർ - 64

പ്രതികൂലിക്കുന്നവർ - 45

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

പ്രമേയം പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് ശ്രീമതി ശോഭനാ ജോർജ്ജ്, ശ്രീ. ചെർക്കളം അബ്ദുള്ള, ശ്രീ. സി.ടി. അഹമ്മദ് അലി, ശ്രീ. സി. മൊയീൻകുട്ടി, ശ്രീ. പി.കെ.കെ. ബാവ, ശ്രീ. ഇസ്ഹാക്

LIBRARY ARCHIVES Kerala Legislative Assembly

കുരിക്കൾ, ശ്രീ. കെ.പി.എ. മജീദ്, പ്രൊഫസർ സാവിത്രി ലക്ഷ്മണൻ, ശ്രീമതി റോസമ്മ ചാക്കോ, ശ്രീ. കെ.ബാബു, ശ്രീ. എഴുകോൺ നാരായണൻ, ശ്രീ. കെ.എ. ചന്ദ്രൻ, ശ്രീ. ജി. കാർത്തികേയൻ, ശ്രീ. വി. ബാലറാം, ഡോ. എം.എ. കുട്ടപ്പൻ ശ്രീ. കെ.പി. വിശ്വനാഥൻ, ശ്രീ. ആര്യാടൻ മുഹമ്മദ്, ശ്രീ. വി.ജെ. പൗലോസ്, ശ്രീ. ഡൊമിനിക് പ്രസന്റേഷൻ, ശ്രീമതി രാധാ രാഘവൻ, ശ്രീ. ജോർജ്ജ് ജെ. മാത്യു. ശ്രീ. കെ.സി. വേണുഗോപാൽ, ശ്രീ. ജോണി നെല്ലൂർ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിക്കണം എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിക്കപ്പെട്ടിരിക്കുന്നു.

ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 1999-2000 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി:

അനുകൂലിക്കുന്നവർ 64

1. ശ്രീ. എ. അലി ഹസ്സൻ
2. ശ്രീ. ആനത്തലവട്ടം ആനന്ദൻ
3. ശ്രീ. എൻ. അനിരുദ്ധൻ
4. ശ്രീ. ആന്റണി രാജു
5. ശ്രീ. എൻ.ആർ. ബാലൻ
6. ശ്രീ. ടി.കെ. ബാലൻ
7. ശ്രീ. സി.പി. ബാലൻ വൈദ്യർ
8. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
9. ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ
10. ശ്രീ. വി.കെ. ചന്ദ്രൻ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ
12. ശ്രീ. എം. ദാസൻ
13. ശ്രീ. പി.സി. ജോർജ്ജ്
14. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
15. ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ
16. ശ്രീ. കെ.ഇ. ഇസ്മയിൽ
17. ശ്രീ. സി.എൻ. ജയദേവൻ
18. ശ്രീ. എം.വി. ജയരാജൻ
19. ശ്രീ. ടി.എസ്. ജോൺ

LIBRARY ARCHIVES Kerala Legislative Assembly

20. ശ്രീ. ജോൺ ഫെർണാണ്ടസ്
21. ശ്രീ. ജോസ് ബേബി
22. ശ്രീ. വി.സി. കബീർ
23. ശ്രീ. എ. കണാരൻ
24. ശ്രീ. എൻ. കണ്ണൻ
25. ശ്രീ. എളമരം കരീം
26. ശ്രീ. പി.കെ. കുമാരൻ
27. ശ്രീ. കെ.ടി. കുഞ്ഞഹമ്മദ്
28. ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ്
29. ശ്രീ. സി.എ. കുര്യൻ
30. ശ്രീ. ലോനപ്പൻ നമ്പാടൻ
31. ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ
32. ശ്രീ. പാലൊളി മുഹമ്മദ് കുട്ടി
33. ശ്രീ. മോൻസ് ജോസഫ്
34. ശ്രീ. പിരപ്പൻകോട് മുരളി
35. ശ്രീ. ടി. നാണു മാസ്റ്റർ
36. ശ്രീ. സി.കെ. നാണു
37. ശ്രീ. എം. നാരായണൻ (കുഴൽമന്ദം)
38. ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്)
39. ശ്രീ. പി. നാരായണൻ
40. ഡോ. എ. നീലലോഹിതദാസൻ നാടാർ
41. ശ്രീ. ടി.കെ. നൗഷാദ്
42. ശ്രീ. കെ. പ്രകാശ് ബാബു
43. ശ്രീ. കെ. രാധാകൃഷ്ണൻ
44. ശ്രീ. പി. രാഘവൻ
45. ശ്രീ. സി.കെ. രാജേന്ദ്രൻ
46. ശ്രീ. കെ.പി. രാജേന്ദ്രൻ
47. ശ്രീ. രാജു എബ്രഹാം
48. ശ്രീ. വിപി. രാമകൃഷ്ണപിള്ള
49. ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ
50. ശ്രീ. ടി.കെ. രാമകൃഷ്ണൻ
51. ശ്രീ. എസ്. ശർമ്മ
52. ശ്രീ. യു.എസ്. ശശി
53. ശ്രീ. കെ.പി. സതീശ് ചന്ദ്രൻ
54. ശ്രീ. എ.സി. ഷൺമുഖദാസ്
55. ശ്രീമതി കെ.കെ. ശൈലജ ടീച്ചർ
56. ശ്രീ. ടി. ശിവദാസമേനോൻ
57. ശ്രീ. ജി. സുധാകരൻ
58. ശ്രീ. പി.പി. സുലൈമാൻ റാവുത്തർ
59. ശ്രീ. പി.എസ്. സുപാൽ
60. ശ്രീ. കടകംപള്ളി സുരേന്ദ്രൻ

LIBRARY ARCHIVES Kerala Legislative Assembly

61. ശ്രീമതി സുശീലാ ഗോപാലൻ
62. ശ്രീ. എം.എ. തോമസ്
63. ശ്രീ. എം.പി. വർഗ്ഗീസ്
64. ശ്രീ. വർഗ്ഗീസ് വൈദ്യർ

പ്രതികൂലിക്കുന്നവർ 45

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. ശ്രീ. കെ.പി.എ. മജീദ്
3. ശ്രീ. കെ. അച്ചുതൻ
4. ശ്രീ. സി.ടി. അഹമ്മദ് അലി
5. ശ്രീ. എ.കെ. ആന്റണി
6. ശ്രീ. ഇ.എം. അഗസ്തി
7. ശ്രീ. കെ. ബാബു
8. ശ്രീ. ബാലറാം
9. ശ്രീ. പി.കെ.കെ. ബാവ
10 ശ്രീ. കെ.എ. ചന്ദ്രൻ
11. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
12. ശ്രീ. പി.ജെ. ഫ്രാൻസിസ്
13. ശ്രീ. ജോർജ്ജ് ജെ. മാത്യു
14. ശ്രീ. ഇസ്ഹാക് കുരിക്കൾ
15. ശ്രീ. ടി.എം. ജേക്കബ്
16. ശ്രീ. ജോണി നെല്ലൂർ
17. ശ്രീ. കെ.സി. ജോസഫ്
18. ശ്രീ. പി.ജെ. ജോയി
19. ശ്രീ. ജി. കാർത്തികേയൻ
20. ശ്രീ. കെ.കെ. നായർ
21. ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
22. ഡോ. എം.എ കുട്ടപ്പൻ
23. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
24. ശ്രീ. മാമ്മൻ മത്തായി
25. ശ്രീ. കെ.എം. മാണി
26. ശ്രീ. കെ. മുഹമ്മദാലി
27. ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ
28. ശ്രീ. സി. മൊയീൻകുട്ടി
29. ശ്രീ. ആര്യാടൻ മുഹമ്മദ്
30. ശ്രീ. എം.കെ. മുനീർ
31. ശ്രീ. എം. മുരളി
32. ശ്രീ. എഴുകോൺ നാരായണൻ
33. ശ്രീ. ഉമ്മൻ ചാണ്ടി
34. ശ്രീ. വി.ജെ. പൗലോസ്
35. ശ്രീ. അടൂർ പ്രകാശ്
36. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

LIBRARY ARCHIVES Kerala Legislative Assembly

37. ശ്രീമതി രാധാ രാഘവൻ
38. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
39. ശ്രീ. പാലോട് രവി
40. ശ്രീമതി റോസമ്മ ചാക്കോ
41. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
42. ശ്രീമതി ശോഭനാ ജോർജ്ജ്
43. ശ്രീ. നാലകത്ത് സൂപ്പി
44. ശ്രീ. പി.പി. തങ്കച്ചൻ
45. ശ്രീ. കെ.സി. വേണുഗോപാൽ

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

മി. സ്പീക്കർ :

അനുകൂലിക്കുന്നവർ - 64

പ്രതികൂലിക്കുന്നവർ - 45

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

പ്രമേയം പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനക്ക് ഡോ. എം.എ. കുട്ടപ്പൻ, സർവ്വശ്രീ. കെ.എ. ചന്ദ്രൻ, ആര്യാടൻ മുഹമ്മദ്, കെ.കെ. നായർ, ജി. കാർത്തികേയൻ, ഡൊമിനിക് പ്രസന്റേഷൻ, തേറമ്പിൽ രാമകൃഷ്ണൻ, കെ.സി. വേണുഗോപാൽ, കെ. ബാബു, ശ്രീമതി റോസമ്മ ചാക്കോ, ശ്രീ. പി.ജെ. ഫ്രാൻസിസ്, പ്രൊഫസർ സാവിത്രി ലക്ഷ്മണൻ, ശ്രീ. എഴുകോൺ നാരായണൻ, ശ്രീ. ജോർജ്ജ് ജെ. മാത്യു, ശ്രീമതി രാധാ രാഘവൻ, ശ്രീ. വി.ജെ. പൗലോസ്, ശ്രീമതി ശോഭനാ ജോർജ്ജ്, ശ്രീ. കെ.പി. വിശ്വനാഥൻ, ശ്രീ. കെ.പി.എ. മജീദ്, ശ്രീ. സി. മൊയീൻകുട്ടി, ശ്രീ. പി.കെ.കെ. ബാവ, ശ്രീ. സി.ടി. അഹമ്മദ് അലി, ശ്രീ. ഇസ്ഹാക് കുരിക്കൾ, ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി, ശ്രീ. ചെർക്കളം അബ്ദുള്ള എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിക്കണം എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിക്കപ്പെട്ടിരിക്കുന്നു.

പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 1999-2000 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ,

പ്രതികൂലിക്കുന്നവർ .....

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

സഭാംഗങ്ങൾ താഴെപറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി.

LIBRARY ARCHIVES Kerala Legislative Assembly

അനുകൂലിക്കുന്നവർ 64

1. ശ്രീ. എ. അലി ഹസ്സൻ
2. ശ്രീ. ആനത്തലവട്ടം ആനന്ദൻ
3. ശ്രീ. എൻ. അനിരുദ്ധൻ
4. ശ്രീ. ആന്റണി രാജു
5. ശ്രീ. എൻ.ആർ. ബാലൻ
6. ശ്രീ. ടി.കെ. ബാലൻ
7. ശ്രീ. സി.പി. ബാലൻ വൈദ്യർ
8. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
9. ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ
10. ശ്രീ. വി.കെ. ചന്ദ്രൻ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ
12. ശ്രീ. എം. ദാസൻ
13. ശ്രീ. പി.സി. ജോർജ്ജ്
14. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
15. ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ
16. ശ്രീ. കെ.ഇ. ഇസ്മയിൽ
17. ശ്രീ. സി.എൻ. ജയദേവൻ
18. ശ്രീ. എം.വി. ജയരാജൻ
19. ശ്രീ. ടി.എസ്. ജോൺ
20. ശ്രീ. ജോൺ ഫെർണാണ്ടസ്
21. ശ്രീ. ജോസ് ബേബി
22. ശ്രീ. വി.സി. കബീർ
23. ശ്രീ. എ. കണാരൻ
24. ശ്രീ. എൻ. കണ്ണൻ
25. ശ്രീ. എളമരം കരീം
26. ശ്രീ. പി.കെ. കുമാരൻ
27. ശ്രീ. കെ.ടി. കുഞ്ഞഹമ്മദ്
28. ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ്
29. ശ്രീ. സി.എ. കുര്യൻ
30. ശ്രീ. ലോനപ്പൻ നമ്പാടൻ
31. ശ്രീ. ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ
32. ശ്രീ. പാലൊളി മുഹമ്മദ് കുട്ടി
33. ശ്രീ. മോൻസ് ജോസഫ്
34. ശ്രീ. പിരപ്പൻകോട് മുരളി
35. ശ്രീ. ടി. നാണു മാസ്റ്റർ
36. ശ്രീ. സി.കെ. നാണു
37. ശ്രീ. എം. നാരായണൻ (കുഴൽമന്ദം)
38. ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്)
39. ശ്രീ. പി. നാരായണൻ
40. ഡോ. എ. നീലലോഹിതദാസൻ നാടാർ

LIBRARY ARCHIVES Kerala Legislative Assembly

41. ശ്രീ. ടി.കെ. നൗഷാദ്
42. ശ്രീ. കെ. പ്രകാശ് ബാബു
43. ശ്രീ. കെ. രാധാകൃഷ്ണൻ
44. ശ്രീ. പി. രാഘവൻ
45. ശ്രീ. സി.കെ. രാജേന്ദ്രൻ
46. ശ്രീ. കെ.പി. രാജേന്ദ്രൻ
47. ശ്രീ. രാജു എബ്രഹാം
48. ശ്രീ. വിപി. രാമകൃഷ്ണപിള്ള
49. ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ
50. ശ്രീ. ടി.കെ. രാമകൃഷ്ണൻ
51. ശ്രീ. എസ്. ശർമ്മ
52. ശ്രീ. യു.എസ്. ശശി
53. ശ്രീ. കെ.പി. സതീശ് ചന്ദ്രൻ
54. ശ്രീ. എ.സി. ഷൺമുഖദാസ്
55. ശ്രീമതി കെ.കെ. ശൈലജ ടീച്ചർ
56. ശ്രീ. ടി. ശിവദാസമേനോൻ
57. ശ്രീ. ജി. സുധാകരൻ
58. ശ്രീ. പി.പി. സുലൈമാൻ റാവുത്തർ
59. ശ്രീ. പി.എസ്. സുപാൽ
60. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
61. ശ്രീമതി സുശീലാ ഗോപാലൻ
62. ശ്രീ. എം.എ. തോമസ്
63. ശ്രീ. എം.പി. വർഗ്ഗീസ്
64. ശ്രീ. വർഗ്ഗീസ് വൈദ്യർ

പ്രതികൂലിക്കുന്നവർ 45

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. ശ്രീ. കെ.പി.എ. മജീദ്
3. ശ്രീ. കെ. അച്ചുതൻ
4. ശ്രീ. സി.ടി. അഹമ്മദ് അലി
5. ശ്രീ. എ.കെ. ആന്റണി
6. ശ്രീ. ഇ.എം. അഗസ്തി
7. ശ്രീ. കെ. ബാബു
8. ശ്രീ. വി. ബാലറാം
9. ശ്രീ. പി.കെ.കെ. ബാവ
10 ശ്രീ. കെ.എ. ചന്ദ്രൻ
11. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
12. ശ്രീ. പി.ജെ. ഫ്രാൻസിസ്
13. ശ്രീ. ജോർജ്ജ് ജെ. മാത്യു
14. ശ്രീ. ഇസ്ഹാക് കുരിക്കൾ
15. ശ്രീ. ടി.എം. ജേക്കബ്
16. ശ്രീ. ജോണി നെല്ലൂർ

LIBRARY ARCHIVES Kerala Legislative Assembly

17. ശ്രീ. കെ.സി. ജോസഫ്
18. ശ്രീ. പി.ജെ. ജോയി
19. ശ്രീ. ജി. കാർത്തികേയൻ
20. ശ്രീ. കെ.കെ. നായർ
21. ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
22. ഡോ. എം.എ കുട്ടപ്പൻ
23. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
24. ശ്രീ. മാമ്മൻ മത്തായി
25. ശ്രീ. കെ.എം. മാണി
26. ശ്രീ. കെ. മുഹമ്മദാലി
27. ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ
28. ശ്രീ. സി. മൊയീൻകുട്ടി
29. ശ്രീ. ആര്യാടൻ മുഹമ്മദ്
30. ശ്രീ. എം.കെ. മുനീർ
31. ശ്രീ. എം. മുരളി
32. ശ്രീ. എഴുകോൺ നാരായണൻ
33. ശ്രീ. ഉമ്മൻ ചാണ്ടി
34. ശ്രീ. വി.ജെ. പൗലോസ്
35. ശ്രീ. അടൂർ പ്രകാശ്
36. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
37. ശ്രീമതി രാധാ രാഘവൻ
38. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
39. ശ്രീ. പാലോട് രവി
40. ശ്രീമതി റോസമ്മ ചാക്കോ
41. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
42. ശ്രീമതി ശോഭനാ ജോർജ്ജ്
43. ശ്രീ. നാലകത്ത് സൂപ്പി
44. ശ്രീ. പി.പി. തങ്കച്ചൻ
45. ശ്രീ. കെ.സി. വേണുഗോപാൽ

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

മി. സ്പീക്കർ :

അനുകൂലിക്കുന്നവർ - 64

പ്രതികൂലിക്കുന്നവർ - 45

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

പ്രമേയം പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1999 ജൂലൈ മാസം 7-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 4.11-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly